

# കേരളീയ നവോത്ഥാനം

**Course Code: SGB24ML 201ME**

Major Discipline Specific Elective

Malayalam Language and Literature (Honours)

Self Learning Material

SGOU

SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

SGOU

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# കേരളീയ നവോത്ഥാനം

Course Code: SGB24ML201ME

Semester - IV

## Four Year Undergraduate Programme
## Malayalam Language and Literature
## (Honours)
## Major Discipline Elective Course
**(With Model Question Paper Sets)**

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# കേരളീയ നവോത്ഥാനം

Course Code: SGB24ML201ME
Semester - IV
Major Discipline Elective Course
Four Year Undergraduate Programme
Malayalam Language and Literature
(Honours)

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

SGOU

### Academic Committee

Prof. (Dr) Thomas Thamarasseri
Dr Asha Latha
Dr. Aju K. Narayanan
Dr. Indusree S.R.
Dr. Sini V.
Dr. Girish Kumar .S
Rakhi R.G.
Dr. R.S. Jaya
Jesny J.

### Development of the Content

Dr. Lathika A.C.
Dr. Krishnamoorthy M.V.
Dr. Athira A.R.
Dr. Siju K.D.
Dr. Terasa Thomas

### Review and Edit

Dr. C.R. Prasad

### Linguistics

Dr. Jaya R.S.

### Scrutiny

Dr. Lathika A.C.
Dr. Thara S.S.,
Dr. Deepam S.
Aswani A.P.
Dr. Deepthi V.S

### Cover Design

Jobin J.

### Co-ordination

**Director, MDDC :**
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.

Scan this QR Code for reading the SLM on a digital device.

**Edition**
January 2025

**Reprint**
December 2025

**Copyright:**
© Sreenarayanaguru Open University

ISBN 978-81-995975-1-8

9 788199 597518

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

YouTube

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear learner,

It is with great pleasure that I welcome you to the Four Year UG History Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The Four Year UG History Programme covers all relevant areas aligned with historical studies and research methodologies. We have incorporated the latest trends in historical analysis to ensure a comprehensive and up-to-date curriculum. Moreover, the programme encompasses flexible options for learners to choose from a range of Ability Enhancement Courses, Multi-disciplinary Courses, Value Added Courses, and Skill Enhancement Courses, complemented by discipline-oriented Advanced and Additional Advanced Courses.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, overcoming the limitations often associated with distance education. We are confident that this programme will enhance your understanding of historical studies, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme. We wish you success in your academic journey with Sreenarayanaguru Open University.

Warm regards.
Dr. Jagathy Raj V. P. 01-12-2025

SGOU

# Contents


| | | |
|---|---|---|
| **BLOCK 1** | **നവോത്ഥാനം – അർഥവും വ്യാപ്തിയും** | **1** |
| | യൂണിറ്റ് 1: നവോത്ഥാനം – അർഥവും വ്യാപ്തിയും | 2 |
| **BLOCK 2** | **പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയാവസ്ഥ** | **11** |
| | യൂണിറ്റ് 1 പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയാവസ്ഥ | 12 |
| **BLOCK 3** | **നവോത്ഥാനവും സമൂഹവും** | **24** |
| | യൂണിറ്റ് 1 നവോത്ഥാനവും സമൂഹവും | 25 |
| **BLOCK 4** | **കേരളത്തിലെനവോത്ഥാന മുന്നേറ്റങ്ങൾ** | **37** |
| | യൂണിറ്റ് 1 കേരളത്തിലെ നവോത്ഥാന മുന്നേറ്റങ്ങൾ | 38 |
| **BLOCK 5** | **ശ്രീനാരായണഗുരു ജീവിതവും ദർശനവും** | **52** |
| | യൂണിറ്റ് 1 ശ്രീനാരായണഗുരുജീവിതവും ദർശനവും | 53 |
| **BLOCK 6** | **ആത്മീയാചാര്യന്മാരും സമുദായ പരിഷ്കർത്താക്കളും** | **82** |
| | യൂണിറ്റ് 1 ആത്മീയാചാര്യന്മാരും സമുദായ പരിഷ്കർത്താക്കളും | 83 |
| | **Model Question Paper Sets** | **97** |


SGOU

# 1

# BLOCK

SGOU

## നവോത്ഥാനം - അർത്ഥവും വ്യാപ്തിയും

# യൂണിറ്റ് 1

# നവോത്ഥാനം - അർഥവും വ്യാപ്തിയും

## Learning Outcomes

- കേരളത്തിന്റെ സാമൂഹികജീവിതത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് ധാരണ ലഭിക്കുന്നു
- ഏതേതെല്ലാം മേഖലയിലാണ് നവോത്ഥാനം സംഭവിച്ചത് എന്ന് തിരിച്ചറിയുന്നു.
- ഭാരതത്തിന്റെ ഇതര ദേശങ്ങളിൽ സംഭവിച്ച നവോത്ഥാന പ്രക്രിയയിൽ നിന്നും കേരള നവോത്ഥാനത്തിനുള്ള വ്യത്യാസം കണ്ടെത്തുന്നു.
- ആധ്യാത്മിക ഗുരുക്കന്മാർക്ക് നവോത്ഥാനത്തിലുള്ള സ്ഥാനം എന്തെന്ന് തിരിച്ചറിയുന്നു.

## Prerequisite

നവോത്ഥാനം എന്നത് മാനവരാശി കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മഹത്തായ വിപ്ലവമായിന്നു. മാനവികത, സാഹോദര്യം, ജനാധിപത്യം, മതനിരപേക്ഷത, യുക്തിചിന്ത, ശാസ്ത്രബോധം, സാമൂഹ്യനീതി, സമത്വം എന്നിവയാണ് നവോത്ഥാനമൂല്യങ്ങൾ. സമൂഹത്തിൽ നിലനിന്നിരുന്ന ജാതിസമ്പ്രദായം, അനാചാരങ്ങൾ എന്നിവ മാറി മാനവികതയ്ക്ക് ഊന്നൽ നൽകുന്ന സാമൂഹ്യാവസ്ഥ രൂപപ്പെടാൻ കാരണമായി. നവോത്ഥാന സംഘടനകളുടെയും നവോത്ഥാന നായകരുടെയും ശ്രമഫലമായി ഒട്ടേറെ മാറ്റങ്ങൾ സാമൂഹ്യപരമായി ഉണ്ടാവുകയും ചെയ്തു. സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളോടനുബന്ധിച്ച് നടന്ന പ്രക്ഷോഭണങ്ങളിൽ പ്രധാനമാണ് അയിത്തോച്ചാടനം. അയിത്തനിവാരണം, ജാതിനശീകരണം, മരുമക്കത്തായ പരിഷ്കരണം,താലികെട്ട്കല്യാണം, തിരണ്ടുകുളി തുടങ്ങിയ പാഴ് ചെലവുവരുത്തിവയ്ക്കുന്ന ആചാരങ്ങളുടെ നിഷ്കാസനമായായിരുന്നു നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ. പൗരോഹിത്യത്തിനും അന്ധവിശ്വാസങ്ങൾക്കും ധൂർത്തിനും അയിത്തത്തിനും ചൂഷണത്തിനുമെതിരെയുള്ള പരിശ്രമങ്ങൾ കേരളത്തിലെ സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കമിട്ടു. കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ സാംസ്കാരിക ചലനങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടുകിടക്കുന്ന പ്രക്രിയയാണ് നവോത്ഥാനം. ജാതി - ജന്മി - നാടുവാഴിത്ത മേധാവിത്വത്തിന്റെ സങ്കീർണ്ണവും വിവേചനപരവുമായിരുന്ന സാമൂഹ്യക്രമത്തിൽ മാനവികമായ പരിവർത്തനമാണ് നവോത്ഥാനം സൃഷ്ടിച്ചത്.

SGOU

## Keywords

നവോത്ഥാനം - അർഥവും വ്യാപ്തിയും -പാശ്ചാത്യനവോത്ഥാനം - ഇന്ത്യൻ നവോത്ഥാനം -കേരളീയ നവോത്ഥാനം

## Discussion

### നവോത്ഥാനം അർഥവും വ്യാപ്തിയും

'നവം', 'ഉത്ഥാനം' എന്നീ രണ്ടു ഘടകങ്ങളുടെ ചേരുവയാണ് നവോത്ഥാനം എന്ന പദസഞ്ചയം 'നവം' എന്നതിന് 'പുതിയത്' എന്നും 'ഉത്ഥാനം' എന്നതിന് 'എഴുന്നേൽക്കൽ' അഥവാ 'ഉണർത്തൽ എന്നുമാണ് അർഥമുള്ളത്. സമൂഹജീവിതത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെയാണ് ഈ പദസഞ്ചയംകൊണ്ട് അർഥമാക്കുന്നത്. സമൂഹത്തിൽ മാറ്റങ്ങൾ പലരീതിയിൽ കടന്നുവരാം. ചിലകാര്യങ്ങൾ പാടേമാറാം. പ്രത്യേക സാഹചര്യമുണ്ടാകുമ്പോൾ, പ്രത്യേക പ്രത്യയശാസ്ത്രമുണ്ടാകുമ്പോൾ, മുമ്പുണ്ടായിരുന്നതും ചെയ്തിരുന്നതുമായ കാര്യങ്ങൾ മൊത്തത്തിൽ ഉപേക്ഷിച്ച് പുതിയതിൽ എത്തിച്ചേരും. അത് ഭരണസമ്പ്രദായത്തിലാകാം അനുഷ്ഠാനകർമ്മങ്ങളിലാകാം, ക്രയവിക്രയങ്ങളിലാകാം, ഭക്ഷണകാര്യങ്ങളിലാകാം. വസ്ത്രധാരണത്തിലാകാം, ഗൃഹനിർമ്മാണരീതിയിലാകാം, കാവ്യരചനാസമ്പ്രദായങ്ങളിലാകാം ഇങ്ങനെ ഏതിലും പാടേ മാറ്റങ്ങൾ സംഭവിക്കാം. രാജാവിന്റെ അനിഷേധ്യതയെ തകർത്തുകൊണ്ടാണ് റഷ്യയിൽ അധികാരക്കൈമാറ്റം നടന്നത്. ഭരണരംഗത്തുണ്ടായ വിപ്ലവത്തിന്റെ ഒരുദാഹരണമാണിത്. റഷ്യയിൽ അത് പെട്ടെന്നുണ്ടായ ഒരു രാഷ്ട്രീയ മാറ്റമായിരുന്നു. ഇന്ത്യ സ്വതന്ത്രമായതോടെ രാജാക്കന്മാർ അപ്രത്യക്ഷരായി. ജനാധിപത്യം വന്നുചേർന്നു. പഴയ രാജാക്കന്മാർ മുഴുവനായും പോയ് മറഞ്ഞു. ഇത്തരത്തിൽ രാജ്യാധിപത്യത്തിൽ നിന്നും ജനാധിപത്യത്തിലേക്കുള്ള മാറ്റം പൂർണമായ മാറ്റത്തിനുദാഹരണമാണ്. വിപ്ലവത്തിലൂടെയല്ലാതെയും ഭരണമാറ്റം സംഭവിക്കാം എന്നതിനുദാഹരണമാണ് ഇന്ത്യൻ ജനാധിപത്യം.

ഒരുപക്ഷേ കാലമേറെക്കഴിഞ്ഞ് ജനാധിപത്യം ജനജീവിതത്തിന് ഗുണകരമല്ലെന്ന് വന്നാൽ അന്നത്തെ ജനത രാജാക്കന്മാരെ തിരിച്ചുകൊണ്ടുവരാമെന്ന് ആശിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാം. പണ്ടത്തെ രാജാക്കന്മാരുടെ ഭരണവും പൗരോഹിത്യസമ്പ്രദായങ്ങളും ശ്രേഷ്ഠമായിരുന്നു, അതിനെ തിരിച്ചുകൊണ്ടുവരണം എന്നതരത്തിൽ പഴയതെല്ലാം നല്ലത് അതിലേക്ക് പോകാം എന്ന് വാദിക്കുന്നവരുമുണ്ട്. 'വേദത്തിലേക്ക് മടങ്ങുക''മതപരമായ ആചാരങ്ങളിലേക്ക് മടങ്ങുക'എന്നിങ്ങനെയുള്ള ആഹ്വാനങ്ങൾ ഇപ്പോഴും നാം കണ്ടുംകേട്ടും പോരുന്നു. ലോകത്തിന്റെ പലകോണുകളിലായി ഇപ്പോൾ കാണുന്നതും നടപ്പിലായിവരുന്നതുമായ മതപരമായ ഇടപെടലുകൾ ഇത്തരത്തിലുണ്ടാകുന്ന തിരികെപ്പോകലാണ്. ക്രയവിക്രയത്തിനായി പണ്ട് സ്വീകരിച്ചിരുന്ന കൈമാറ്റക്കച്ചവടം (Barter System) ഇന്ന് എവിടെയും ഇല്ല. പകരം നാണയസമ്പ്രദായം വന്നു. ഇനിയൊരു തിരിച്ചുപോക്ക് ക്രയവിക്രയ മേഖലയിൽ ഉണ്ടാവില്ല. പഴയകാല ഭക്ഷണശീലങ്ങളിലേക്ക് ഇനിയൊരു തിരിച്ചുപോക്കില്ല. അതുപോലെ പഴയകാല വസ്ത്രധാരണ സമ്പ്രദായത്തിലേക്കും, ഗുരുകുല വിദ്യാഭ്യാസത്തിലേക്കുമൊന്നും, പഴയതിനെത്തേടി സമൂഹം പോകുകയില്ല. എന്നാൽ ഈ മാറ്റങ്ങൾക്കെല്ലാം കാരണമായി സമൂഹത്തിൽ ചില പുതുചിന്തകൾ ഓരോരോ കാലഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെയാണ് നവോത്ഥാനമെന്നു പറയുന്നത്.

പല കൈവഴികളായാണ് ലോകത്തെവിടെയും നവോത്ഥാനം സംഭവിച്ചിട്ടുള്ളത്. ശാസ്ത്രത്തിന്റെ സംഭാവനകൊണ്ടും, ഉന്നതരായ ചിന്തകരെക്കൊണ്ടും, ആധ്യാത്മിക പരിഷ്ക്കർ

SGOU

ത്താക്കളെക്കൊണ്ടും, സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളെക്കൊണ്ടും, ഇങ്ങനെ പലതരത്തിലുള്ള ഇടപെടലുകളാലാണ് മാറ്റങ്ങൾ സാമൂഹിക ജീവിതത്തിൽ സംഭവിക്കുന്നത്. 'നവോത്ഥാനം' എന്ന സംജ്ഞക്കുള്ളിൽ പരിഷ്ക്കരണ പ്രവർത്തനങ്ങളെ ഒന്നായി ഉൾപ്പെടുത്തുന്നു. കാലം, ദേശം,എന്നിവയുടെ സ്വാധീനംകൂടി ഈ പ്രക്രിയയിൽ അന്തർഭവിച്ചിരിക്കും. അതിനാൽ ഒരു നാട്ടിൽ സംഭവിക്കുന്ന പരിഷ്ക്കരണത്തിന് മറ്റൊരുനാട്ടിൽ അതേകാലത്തു തന്നെ പരിഷ്കരണമുണ്ടാവുകയില്ല. യൂറോപ്പിൽ നടന്ന നവോത്ഥാനം (Renaissance) അതേ കാലത്തല്ല ഭാരതത്തിൽ നടന്നത് രണ്ടുമൂന്ന് നൂറ്റാണ്ടുകൾ കഴിയേണ്ടിവന്നു. ഭാരതത്തിൽത്തന്നെ ബംഗാളിൽ നടന്ന പരിഷ്ക്കരണശ്രമങ്ങൾ ഏകദേശം നൂറുകൊല്ലം വൈകിയാണ് കേരളത്തിൽ എത്തിയത്. ഒരേ രീതിശാസ്ത്രത്തിലല്ല ഓരോ നാട്ടിലും പരിഷ്ക്കരണശ്രമങ്ങൾ നടന്നിട്ടുള്ളത്. ബംഗാളിൽ സവർണ വിഭാഗത്തിലെ ഉല്പതിഷ്ണുക്കളായിരുന്നു പരിഷ്ക്കരണശ്രമങ്ങൾക്ക് നേതൃത്വം കൊടുത്തത്. തമിഴ്നാട്ടിലും കേരളത്തിലുമാകട്ടെ അധഃസ്ഥിത വിഭാഗത്തിൽപ്പെട്ടവരായിരുന്നു സാമൂഹിക പരിഷ്ക്കരണത്തിന് ചുക്കാൻ പിടിച്ചിരുന്നത്. ബംഗാളിലെ ആവശ്യങ്ങളല്ല കേരളത്തിൽ ഉണ്ടായിരുന്നത്. സമൂഹത്തിന്റെ ഉപരിതലസ്പർശിയായ വിഷയമായി ബംഗാളിൽ നവോത്ഥാനം സ്ഥാനം പിടിച്ചു. കേരളത്തിലാകട്ടെ സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നുമാണ് നവോത്ഥാനം തുടങ്ങിയത്.

## പാശ്ചാത്യ നവോത്ഥാനം

'റിനൈസൻസ്' എന്ന ഇംഗ്ലീഷ് പദത്തിന് സമാനമായാണ് മലയാളത്തിൽ നവോത്ഥാനം എന്ന് പ്രയോഗിച്ചു വരുന്നത്. പുനരുജ്ജീവനം, പുനരുത്ഥാനം എന്നീ അർഥങ്ങളിലാണ് ഇംഗ്ലീഷിൽ റിനൈസൻസ് എന്ന പദം ഉപയോഗിച്ചുപോന്നത്. ആദ്യകാലത്തെ പ്രയോഗത്തിന്റെ അർഥതലത്തിനു മാറ്റമുണ്ടായി. നിലവിലുള്ള മൂല്യങ്ങളെ പരിഷ്കരിക്കലെന്നോ, നവീകരിക്കലെന്നോ ഉള്ള അർഥത്തിലേക്ക് പിന്നീട് നവോത്ഥാനം മാറി. റിനൈസൻസ് എന്ന ഇറ്റാലിയൻ പദത്തിന് പുനർജന്മം എന്നാണർഥം. ഇറ്റാലിയൻ ചരിത്രകാരനായ ജോർജിയോ വാസരി (Giorgio Vasari) 1550-ൽ പ്രസിദ്ധീകരിച്ച 'Lives of the Most Excellent Painters, Sculptures And Architects' എന്നുവീകരിക്കലെന്നോ ഉള്ള അർഥത്തിലേക്ക് പുസ്തകത്തിലാണ് ആദ്യമായി റിനൈസൻസ് എന്ന പദം കടന്നുവരുന്നത്. 'നവോത്ഥാനം മാനവരാശി കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും മഹത്തായ വിപ്ലവമായിരുന്നു' എന്ന് ഏംഗൽസ് നിരീക്ഷിക്കുന്നുണ്ട്. നവോത്ഥാനമെന്നാൽ വ്യക്തിയുടെ മഹത്വവും സ്വാതന്ത്ര്യവും സ്ഥാപിക്കുന്നതാണെന്നും, മറിച്ച് പ്രകൃതിയെയും സമൂഹത്തെയും സംബന്ധിക്കുന്ന ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ വിലയിരുത്തലുകൾക്ക് തുടക്കം കുറിക്കുന്ന ഒന്നാണെന്നുമുള്ള ധാരണകൾ നൂറ്റാണ്ടുകളായി നിലവിലുണ്ട്. രണ്ടിനും പ്രസക്തിയുണ്ട്.

ഇറ്റലിക്കാരനായ ദാന്തെ രചിച്ച 'ഡിവൈൻ കോമഡി' എന്ന മഹാകാവ്യമാണ് ലോകനവോത്ഥാനത്തിന് തുടക്കം കുറിച്ചതെന്ന് പൊതുവേ അംഗീകരിക്കപ്പെടുന്നു. ലാറ്റിൻഭാഷയിൽ എഴുതപ്പെടുന്ന കൃതികൾ മാത്രം ക്ലാസിക് ആയി പരിഗണിക്കപ്പെടുന്ന കാലത്താണ് ദാന്തെ ജനങ്ങളുടെ വ്യവഹാരഭാഷയായ ഇറ്റാലിയൻ ഭാഷയിൽ ഡിവൈൻ കോമഡി രചിച്ചത്. നവോത്ഥാനത്തെ മാനവികതയുടെ കാലമായി രേഖപ്പെടുത്താറുള്ളത് പെട്രാർക്കിന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇരുണ്ട യുഗത്തിനു ശേഷം മാനവിക മൂല്യങ്ങൾ ശക്തമായ കാലയളവാണ് നവോത്ഥാനത്തിന്റേതെന്ന് അദ്ദേഹം പറയുന്നു. ചരിത്രമെന്നത് സാമൂഹ്യവും കലാപരവും സാഹിത്യപരവുമായ മുന്നേറ്റങ്ങളുടേതാണെന്നും അത് മതപരമായ സംഭങ്ങളുടെ പരിണതഫലമല്ലെന്നും പെട്രാർക്ക് പറയുന്നു. മതത്തിനും ദൈവത്തിനും വിധേയരായി പ്രവർത്തിക്കുന്ന മനുഷ്യരിൽ നിന്ന് വ്യത്യസ്തമായി സ്വതന്ത്രചിന്തയും ക്രിയാത്മക ഭാവനയുമുള്ള മനുഷ്യരെ സൃഷ്ടിച്ച മാനവികതാവാദത്തിന്റെ ഘട്ടമായി നവോത്ഥാനത്തെ കാണാറുണ്ട്. മതത്തിന്റെ മൗലികമായ മൂല്യങ്ങൾ സംരക്ഷിച്ചു കൊണ്ട് അതിനെ നവീകരിക്കുക എന്നതും നവോത്ഥാനത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നുണ്ട്. മാനവിത, സാഹോദര്യം, ജനാധിപത്യം, മതനിരപേക്ഷത, യുക്തിചിന്ത, ശാസ്ത്രബോധം, സാമൂഹ്യനീതി, സമത്വം എന്നിവയാണ് നവോത്ഥാനമൂല്യങ്ങളായി അടയാളപ്പെടുത്തുന്നത്.

SGOU

യൂറോപ്പിൽ പതിനഞ്ചാം നൂറ്റാണ്ടിൽ സംഭവിച്ച മാറ്റങ്ങളെ Renaissance എന്ന് ചരിത്രത്തിൽ രേഖപ്പെടുത്തി. മറ്റൊരു രാജ്യത്ത് മറ്റൊരു കാലത്തുണ്ടായ അതേ കാര്യങ്ങളോ കാരണങ്ങളോ ആകണമെന്നില്ല വേറൊരു ദേശത്ത് വേറൊരു കാലത്ത് സംഭവിക്കുന്നത്. അതായത് യൂറോപ്യൻ നവോത്ഥാനവിഷയങ്ങളാകണമെന്നില്ല, പൂർവദേശങ്ങളിലെ നവോത്ഥാനവിഷയങ്ങൾ. ഭാരതത്തിൽ ചിലയിടങ്ങളിൽ സംഭവിച്ച സാമൂഹിക പരിഷ്ക്കരണങ്ങളാകണമെന്നില്ല കേരളത്തിൽ സംഭവിക്കുന്നത്. ബംഗാളിൽ സതി നിരോധനത്തത്തിനാവശ്യപ്പെട്ടതു കൊണ്ട് കേരളത്തിലും അത് നിരോധക്കണമെന്നു മുറവിളി കൂട്ടിയിരുന്നുവെന്നു കരുതേണ്ടതില്ല. കാരണം കേരളീയ ദായക്രമവും, വൈവാഹിക സമ്പ്രദായവുമല്ല, ബംഗാളിലുണ്ടായിരുന്നത്. ഇതുദാഹരണമായി പറഞ്ഞത് ഓരോ ദേശത്തിന്റെയും പരിഷ്കരണാവശ്യങ്ങൾ ഭിന്നമായിരിക്കുമെന്ന് സൂചിപ്പിക്കാനാണ്. എങ്കിലും പൊതുവായ പല ഘടകങ്ങളും നവോത്ഥാനപ്രക്രിയയിൽ ഒത്തുചേരാറുണ്ട്.

## ഇന്ത്യൻ നവോത്ഥാനം

ബ്രിട്ടീഷ് ആധിപത്യം ഇന്ത്യൻ ഭരണത്തിൽ അടിയുറച്ചതോടെ ഇന്ത്യയൊന്നാകെ പ്രാബല്യത്തിൽ വന്ന പീനൽകോഡ് രൂപീകൃതമാകുന്നുണ്ട്. അതോടുകൂടി ശിക്ഷാവിധികളിൽ ഏകോപനം സംഭവിക്കുന്നു. ഭാരതീയമായ പല ആചാരങ്ങളും ശിക്ഷാനിയമങ്ങളുടെ കണ്ണിൽ അനാചാരങ്ങളോ അനാവശ്യങ്ങളോ ആയിമാറി. ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമായി ഭാരതത്തിന്റെ പല കോണുകളിലും മതപരമായി വച്ചുപുലർത്തിപ്പോന്ന കീഴ്‌വഴക്കങ്ങളെ സമൂഹം ചോദ്യം ചെയ്തു തുടങ്ങി. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച യുവാക്കൾ കീഴ്‌വഴക്കങ്ങളുടെ ലംഘകരായിമാറി. പുതിയതു പലതും കടന്നുവന്നു. പഴയതു പലതും കടന്നുപോയി. കടൽ കടന്നു പോകുന്നത് ഭ്രഷ്ടിന് കാരണമായി കരുതിയിരുന്ന പൗരോഹിത്യവർഗത്തിൽ നിന്നുതന്നെ കടൽകടന്ന് ബിലാത്തിയിൽ പോയി ഉന്നതവിദ്യാഭ്യാസം നേടിയവർ ബംഗാളിൽ ധാരാളമായി ഉണ്ടായി. ബംഗാളിൽ മാത്രമല്ല ഇന്ത്യയുടെ പല ഭാഗങ്ങളിലും അത്തരക്കാർ രംഗപ്രവേശം ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ഇന്ത്യൻ ഉപരിവർഗങ്ങളാണ് മതത്തിന്റെ പേരിൽ നിലനിന്നിരുന്ന പല ആചാരങ്ങളെയും പരിഷ്കരിച്ചത്. സ്വാതന്ത്ര്യസമരത്തിലെ ഉന്നത നേതാക്കളിൽ മിക്കവരും പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ചവരായിരുന്നു. അവരിൽ പലരും പാശ്ചാത്യനാട്ടിൽ പോയി വിദ്യ അഭ്യസിച്ചവരുമായിരുന്നു. അതിന്റെ തുടർച്ചയായിട്ടായിരുന്നു ഇന്ത്യയിൽ നവോത്ഥാനം അങ്കുരിച്ചത്. മതത്തിന്റെ പേരിൽ നിലനിന്നിരുന്ന പല കാര്യങ്ങൾക്കുമെതിരായാണ് ഇന്ത്യയിൽ നവോത്ഥാനമുണ്ടായത്. കാരണം ഇന്ത്യയിലെ സാമൂഹികജീവിതം മതബദ്ധമായിരുന്നു. അന്നും ഇന്നും മതബദ്ധമാണ് ഇന്ത്യൻ സാമൂഹികജീവിതം.

എങ്ങനെ വസ്ത്രമണിയണം, ഏതുതരം വസ്ത്രമണിയണം, എന്തെല്ലാം ഭക്ഷിക്കാവുന്നവയാണ്. എന്തെല്ലാം നിഷിദ്ധങ്ങളാണ്. വാസഗൃഹങ്ങൾ ഏതുരീതിയിൽ നിർമ്മിക്കണം, ഏതുതരം ഉപകരണങ്ങൾ കൊണ്ടുവേണം വീടുവയ്ക്കേണ്ടത്, മുടിവളർത്തേണ്ടതെങ്ങനെ എന്നുതുടങ്ങി നിത്യജീവിതം എങ്ങനെ ഒരു വ്യക്തി നയിക്കണം എന്ന് നിശ്ചയിച്ചിരുന്നത് മതപരമോ ജാതീയമോ ആയ നിഷ്ക്കർഷയ്ക്ക് അനുസരിച്ചായിരുന്നു. ആർക്കൊക്കെ വിദ്യ അഭ്യസിക്കാം, ആരൊക്കെ വിദ്യ അഭ്യസിക്കരുത് തുടങ്ങിയ അധികാരീഭേദങ്ങൾ മതത്തിന്റെ പേരിൽ ഉച്ചാവചങ്ങളായ നിയമങ്ങളാൽ അടയാളപ്പെടുത്തിയിരുന്നു. ഒരു വ്യക്തിക്ക് ഏതു തൊഴിൽ ചെയ്യാമെന്ന് തീരുമാനിച്ചിരുന്നത് അവൻ ജനിച്ച ജാതിയുടെ അടിസ്ഥാനത്തിലായിരുന്നു. അവന്റെ ജീവിതത്തിന്റെ പ്രധാന മുഹൂർത്തങ്ങളെല്ലാം നിയന്ത്രിച്ചിരുന്നതും മതത്തിന്റെ വക്താക്കളായിരുന്നു. ഏറെക്കുറെ ഇപ്പോഴും ഇങ്ങനൊക്കെതന്നെയാണ് ഭാരതീയരായ നമ്മുടെ ജീവിതം കടന്നു പോകുന്നത്. കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. എങ്കിലും കേരളീയ ജനജീവിതത്തിൽ ഇന്ന് നിർബന്ധിതമല്ല ഒട്ടുമിക്ക ആചാരങ്ങളും. ആചാരനൂലുകൾ പലതും പഴകിപ്പോയതിനാലും പരിഷ്ക്കരണങ്ങൾ വന്നതിനാലും ഇന്ത്യയുടെ മറ്റു പല പ്രദേശങ്ങളെക്കാൾ സ്ഥിതിവ്യത്യസ്തമാണ്, കേരളത്തിൽ. എന്നാൽ ചിലകാര്യങ്ങളിൽ ഇപ്പോഴും മാറ്റത്തിന് അനുവദിക്കാത്തവരുമാണ് കേരളീയ സമൂഹം. ഈയൊരു വസ്തുതയിൽ നിന്നുകൊണ്ട്

SGOU

വേണം കേരളീയ നവോത്ഥാനത്തിലേക്ക് ശ്രദ്ധ പതിപ്പിക്കേണ്ടത്.

കേരള സമൂഹത്തിൽ പോർട്ടുഗീസുകാർ ആഴത്തിലുള്ള സ്വാധീനമുണ്ടാക്കിയെന്നു പറയാനാവില്ല. മലബാറിലെ വാണിജ്യം കയ്യടക്കാൻ പോർട്ടുഗീസുകാർ മുസ്ലീം വണിക്കുകളുമായി ഒരു നൂറ്റാണ്ടു കാലത്തെ പോരാട്ടം നടത്തിയെങ്കിലും മേൽക്കോയ്മ നേടാൻ സാധിച്ചില്ല. എന്നാൽ കൊച്ചിയിലും തിരുവിതാംകൂറിലും അവർ തങ്ങളുടെ മേൽക്കോയ്മ നേടി. പോർട്ടുഗീസുകാർ പപ്പായ, കുരുമുളക്, കശുമാവ് തുടങ്ങിയ സസ്യജനുസുകൾ കേരളത്തിൽ പ്രചരിപ്പിച്ചു. ഉദയംപേരൂർ സുന്നഹദോസിലൂടെ കേരളത്തിലെ ക്രിസ്ത്യാനികളെ ഔദ്യോഗിക ക്രിസ്ത്യൻ വിശ്വാസസംഹിതകളിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. കേരളത്തിലെ ക്രിസ്ത്യാനികളുടെ മേലുള്ള ഇടപെടൽ അവർക്കിടയിൽ പലവിധത്തിലുള്ള ധ്രുവീകരണത്തിനു കാരണമായി. പോട്ടുഗീസ് കാലത്തായിരുന്നു ആദ്യമായി ഒരു അച്ചുകൂടം കൊച്ചിയിൽ സ്ഥാപിക്കപ്പെട്ടത്. ഡച്ചുകാരുടെ വരവ് കൊളോണിയലിസത്തിലേക്കുള്ള അടുത്ത പടവായിരുന്നു. പോർട്ടുഗീസുകാരുമായി താരതമ്യപ്പെടുത്തുമ്പോൾ ഡച്ചുകാർ കേരളത്തിൽ വ്യാപാര കേന്ദ്രീകരണം നടത്തിയില്ല. എങ്കിലും കൊച്ചി രാജ്യത്തിലെ അഭ്യന്തരപ്രശ്നങ്ങളിൽ ഇടപെട്ട് അതിനെ സ്വന്തം വിധേയരാജ്യമാക്കി. കേരളത്തിലെ അഭ്യന്തര സമൂഹത്തെയും സമ്പദ്ഘടനയെയും കുറിച്ച് കൂടുതൽ വിശദമായി പരിശോധിച്ചതും ഡച്ചുകാരാണ്. ഡച്ചുകാരുടെ കാലത്തു വന്ന പാതിരിമാർ സംസ്കൃതം പഠിക്കാനും മലയാള ഭാഷയിൽ സംവദിക്കാനും കൂടുതൽ ശ്രമങ്ങൾ നടത്തി. വാരാപ്പുഴ കേന്ദ്രീകരിച്ച മിഷണറിമാർ ആദ്യകാല വ്യാകരണങ്ങൾ രചിച്ചു. മിഷനറി ഗദ്യമാതൃകയായ സംക്ഷേപവേദാർത്ഥവും ഇക്കാലത്തെ സൃഷ്ടിയാണ്. എങ്കിലും ഡച്ചുകാർക്കും കേരളത്തിൽ വേരുറപ്പിക്കാൻ കഴിഞ്ഞില്ല.

ഫ്രഞ്ചുകാരുടെ പരിശ്രമങ്ങൾ തിരുവിതാംകൂറുമായി ബന്ധം സ്ഥാപിക്കുന്ന ശ്രമത്തിലും മയ്യഴിയിലെ കേന്ദ്രത്തിലുമായി ഒതുങ്ങി. കോളനികൾക്കുവേണ്ടിയുള്ള യൂറോപ്യൻമാരുടെ മത്സരത്തിൽ ജയിച്ചത് ഇംഗ്ലീഷുകാരായിരുന്നു. 1723 – ൽ തിരുവിതാംകൂറിലെ യുവരാജാവായിരുന്ന മാർത്താണ്ഡവർമ്മയുമായി ചെയ്ത സന്ധി ഇംഗ്ലീഷ് ഇടപെടലുകളുടെ തുടക്കമായി. മലബാറിൽ ടിപ്പുവിന്റെ ആക്രമണകാലത്ത് ബ്രിട്ടീഷുകാർ നേരിട്ടിടപെടുകയും ബോംബെ പ്രസിഡൻസി അയച്ചുകൊടുത്ത സൈന്യം ടിപ്പുവിന്റെ സൈന്യവുമായി യുദ്ധം ചെയ്യുകയുമുണ്ടായി. ശ്രീരംഗപട്ടണം സന്ധിക്കുശേഷം ബ്രിട്ടീഷുകാർ മലബാറിന്റെ ആധിപത്യം ഏറ്റെടുക്കാൻ സാഹചര്യമൊരുക്കിയത് ഈ ഇടപെടലാണ്. തുടർന്ന് കൊച്ചിയെയും തിരുവിതാംകൂറിനെയും സബ്സിഡയറി സമ്പ്രദായമനുസരിയച്ചുള്ള സന്ധികളിൽ ഒപ്പിടുവിക്കാനും ബ്രിട്ടീഷുകാർക്കു കഴിഞ്ഞു.

കേരളത്തിലെ ജാതി – ജന്മി – നാടുവാഴി വ്യവസ്ഥയിലെ മാറ്റങ്ങൾ തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മയുടെ കാലത്തു തന്നെ ആരംഭിച്ചിരുന്നു. എങ്കിലും അതിന്റെ ഘടനയിൽ പൂർണമായ മാറ്റങ്ങൾ ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ കീഴിലാണ് ഉണ്ടായത്. കീഴ്മര്യാദയുടെ അടിസ്ഥാനത്തിലുള്ള ബന്ധങ്ങൾ ബ്രിട്ടീഷുകാർ നിർണയിച്ച ഭൂവുടമസമ്പ്രദായത്തിന് കീഴിൽ ജന്മിമാർക്ക് സ്വത്തിന്റെ മേൽ ക്രയവിക്രയമുൾപ്പെടെയുള്ള അവകാശങ്ങൾ നഷ്ടപ്പെട്ടു. കുടിയാന്മാരെ നിയമിച്ചതിനാൽ നാട്ടുനടപ്പുകൾ ഇല്ലാതായി. സ്വത്തു തർക്കമുൾപ്പെടെ എല്ലാ വ്യവഹാരങ്ങളും ബ്രിട്ടീഷ് കോടതികളിലെത്തി. നായർ പട്ടാളങ്ങളെ പിരിച്ചു വിട്ടു. ഭരണം ബ്രിട്ടീഷ് പോലീസിന്റെയും ഉദ്യോഗസ്ഥരുടെയും കയ്യിലായി. വാണിജ്യം ഏതാണ്ട് പൂർണമായി ബ്രിട്ടീഷുകാരുടെ കയ്യിലൊതുങ്ങി. തിരുവിതാംകൂറിലും കൊച്ചിയിലും വണിക്കുകൾക്ക് ആപേക്ഷികസ്വാതന്ത്ര്യം ഉണ്ടായിരുന്നുവെങ്കിലും അവരും ബ്രിട്ടീഷുകാർക്ക് വിധേയരായിരുന്നു. അവർക്കനുകൂലമായി ബ്രിട്ടീഷ് റസിഡണ്ട് ഇടപെട്ടതാണ് വേലുത്തമ്പിയുടെ കലാപത്തിലേക്ക് നയിച്ചത്. ബ്രിട്ടീഷുകാർ പ്രാദേശിക നാടുവാഴികളുമായി ഉണ്ടാക്കിയ കരാറുകളിൽ അപാകതകളും ജന്മ-കാണ മര്യാദയിൽ വരുത്തിയ മാറ്റങ്ങളും പഴശ്ശി കലാപത്തിലേക്കും നയിച്ചു.

ബ്രിട്ടീഷ് ഭരണംകേരളത്തിലുണ്ടാക്കിയ സ്വാധീനം വൈവിധ്യമാർന്നതായിരുന്നു. കേരളത്തിന്റെ പ്രധാനവാണിജ്യ വിഭവമായിരുന്ന വനസമ്പത്ത്

SGOU

അനുക്രമമായി ഇല്ലാതാവുകയും പശ്ചിമഘട്ട പ്രദേശങ്ങൾ വ്യാപകമായ തോട്ടവൽക്കരണത്തിന് വിധേയമാവുകയും ചെയ്തു. മലഞ്ചരക്ക് വാണിജ്യത്തെ ആധാരമാക്കി നിലനിന്ന ജനവിഭാഗങ്ങൾ മറ്റ് മേഖലകളിക്ക് തിരിഞ്ഞു തുടങ്ങി. അവർ വെറും പട്ടാളക്കാരും ബ്രിട്ടീഷുകാരുടെ ഇടത്തട്ടുകാരുമായി മാറി. പരമ്പരാഗത ജന്മിമാരിൽ നല്ലൊരു വിഭാഗം നിലനിന്നുവെങ്കിലും ബ്രിട്ടീഷുകാരുടെ നികുതി സമ്പ്രദായം കൂടിയാന്മാരെയും ബാധിച്ചു. തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷുകാർ നികുതിവരുമാനത്തിന്റെ ഒരു ഭാഗം ആവശ്യപ്പെട്ടത് ആ രാജ്യങ്ങളിലെ സമ്പദ്ഘടനയെ ബാധിച്ചു. കൂടുതൽ നികുതി ലഭിക്കാനായി പശ്ചിമഘട്ടം യൂറോപ്യൻമാർക്കും നാട്ടുകാർക്കും കുത്തകപ്പാട്ടത്തിനു കൊടുത്തു. മലബാറിലും ഇത്തരത്തിലുള്ള കുത്തകപ്പാട്ടങ്ങൾ വ്യാപകമായി. മധ്യതിരുവിതാംകൂറിൽ കർഷകർക്ക് നൽകിയ നടുവക്കൂർ ആനുകൂല്യങ്ങൾ അവിടത്തെ വാണിജ്യകൃഷിയെ വ്യാപിപ്പിച്ചു. വാണിജ്യകൃഷിയെ ആധാരമാക്കി കാഷികാനുബന്ധ വ്യവസായങ്ങൾ വളർന്നു വന്നു. അതിന്റെ നിയന്ത്രണവും ബ്രിട്ടീഷുകാർക്കോ അവരുടെ വാണിജ്യസ്ഥാപനങ്ങൾക്കോ ആയിരുന്നു. ഈ വിധത്തിൽ ഉല്പാദനവ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ നിത്യജീവിതത്തെ ബാധിച്ചു. കൊളോണിയലിസത്തിന് സാംസ്കാരികമായ ലക്ഷ്യം കൂടിയുണ്ടായിരുന്നു. യൂറോപ്യൻ സംസ്കാരത്തിന്റെ തനി പകർപ്പും, ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവരുമായ ഒരു മധ്യവർഗത്തെ സൃഷ്ടിക്കുന്നതിന് കൊളോണിയൽ ഭരണകൂടത്തിന്റെ നിലനില്പ് ആവശ്യമായിരുന്നു. ആധുനികവിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും മൂല്യങ്ങൾ വ്യത്യസ്ത സർക്കാരുകളും മധ്യവർഗവും ഏറ്റെടുത്തത് കൊളോണിയൽ സംസ്കാര രൂപങ്ങളുടെ വളർച്ചയെ വൻതോതിൽ സഹായിച്ചു.

## കേരളീയ നവോത്ഥാനം

കൊളോണിയൽ അധീശരൂപങ്ങൾക്ക് വിധേയമായാണ് കേരളത്തിൽ നവോത്ഥാന പ്രക്രിയ ആരംഭിച്ചത്. അതോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റ ഭാഗമായി മധ്യവർഗത്തിൽ പ്രചരിച്ച ജ്ഞാനോദയ സങ്കല്പങ്ങളും നവോത്ഥാനത്തെ സഹായിച്ചു. നാടുവാഴി ആവിഷ്കാര രൂപങ്ങളിൽ നിന്നു മാറി പാശ്ചാത്യ മുതലാളിത്ത ആവിഷ്കാര രൂപങ്ങളുപയോഗിച്ചത് ഈ മാറ്റത്തിന്റെ ഭാഗമായായിരുന്നു. അതേസമയം എഴുത്തച്ഛൻ മുതൽ കുഞ്ചനും ഉണ്ണായി വാര്യരും ഉൾപ്പെട്ട മലയാളികളുടെ സാഹിത്യസഞ്ചയം അച്ചടി മാധ്യമത്തിലൂടെ പുറത്തു വന്നു. പത്രമാസികളുടെ ആവിർഭാവം വിവരവിനിമയത്തിന് പുതിയ സാധ്യതകൾ കണ്ടെത്തി.

നവോത്ഥാനം പലപല മണ്ഡലങ്ങളിലായിട്ടാണ് കേരള സമൂഹത്തിൽ രൂപപ്പെട്ടു തുടങ്ങിയത്. പലപ്പോഴും ഭരണകൂടങ്ങൾ അല്ലായിരുന്നു പുരോഗമനത്തിന് എതിരായിരുന്നത് എന്ന കാര്യം ശ്രദ്ധാർഹമാണ്. ഭരണത്തിന്റെ പാർശ്വവർത്തികളായിരുന്ന പുരോഹിതവർഗവും ജന്മി-നാടുവാഴി മേധാവിത്വവുമായിരുന്നു മാറ്റങ്ങളോട് മുഖം തിരിച്ചിരുന്നത്. അവരെയാണ് കുമാരനാശാൻ ദുരവസ്ഥയിൽ, 'മുമ്പോട്ടുകാലം കടന്നു പോയീടാതെമുമ്പേ സ്മൃതികളാൽ കോട്ടകെട്ടി വമ്പാർന്നനാചാര മണ്ഡലച്ഛത്രരായ് വാണിരുന്നവർ എന്ന് വിശേഷിപ്പിച്ചത്. നവോത്ഥാനത്തിന് എതിരായിരുന്നു മണ്ഡലച്ഛത്രർ. കാലത്തെ മുമ്പോട്ട് കടത്തിവിടാത്ത അവർക്കെതിരെയായിരുന്നു മണ്ണറിയാതെ നടന്നവർ നവോത്ഥാനത്തിന് നാന്ദി കുറിച്ചത്.

ക്രിസ്തീയസഭയുടെ ആചാരങ്ങൾക്കെതിരെയായിരുന്നു യൂറോപ്യൻ നവോത്ഥാനം. ഭാരതത്തിലാകട്ടെ ഹിന്ദുമതത്തിന്റെ ആചാരങ്ങൾക്കെതിരെയും. മതങ്ങളോ സംഘടിത സമുദായക്രമങ്ങളോ കൊണ്ടുവരുന്ന ആചാരങ്ങൾ യുക്തിരഹിതമായ അനുഷ്ഠാനങ്ങളായി മാറാം. കുമാരനാശാൻ പാടിയതുപോലെ,

'ഇന്നലെച്ചെയ്തോരബദ്ധം മൂഢർ-
ക്കിന്നത്തെയാചാരമാവാം.
നാളത്തെ ശാസ്ത്രമതാവാം."

ഇങ്ങനെയാണ് ചില ആചാരങ്ങൾ ഉറച്ചുപോകുന്നത്. അപ്പോഴാണ് സമൂഹം നിശ്ചലമാകുന്നത്. നിശ്ചലമാകുമ്പോൾ കാലത്തിന്റെ മുമ്പോട്ടുള്ള ഒഴുക്ക് തടയുകയും, മാലിന്യങ്ങൾ സമൂഹത്തിൽ അടിഞ്ഞുകൂടുകയും, അടിഞ്ഞുകൂടിയ മാലിന്യങ്ങൾ ഉറച്ചുപോവുകയും ചെയ്യും. അത്തരം സന്ദർഭങ്ങളെയാണ് ചരിത്രത്തിൽ ഇരുളടഞ്ഞകാലം എന്നു വിളിക്കുന്നത്. വിഡ്ഢിത്തം നിറഞ്ഞ ആചാരങ്ങൾ ശാസ്ത്രങ്ങളാണെന്ന് ആ ആചാരങ്ങൾകൊണ്ട് ഗുണം



SGOU

അനുഭവിക്കുന്നവർ ശഠിക്കും. അതിന്റെ ദുരിതം അനുഭവിക്കുന്നവർ അതിനെ ചോദ്യം ചെയ്തു തുടങ്ങും. അപ്പോഴാണ് കുമാരനാശാൻ തുടർന്നതുപോലെ 'അതിൽ മൂളായ്ക സമ്മതം' എന്ന് ഒരു വിഭാഗം തീരുമാനിക്കുന്നതും. തങ്ങൾ തുടർന്നുപോന്ന സമ്പ്രദായങ്ങൾ തെറ്റെന്നറിഞ്ഞാൽ അതിനെല്ലാം സമ്മതംമൂളിയിരുന്ന ജനത തിരുത്തലിനു തയ്യാറാകും. മാറ്റങ്ങളും, തിരുത്തലുകളും, പരിഷ്ക്കരണങ്ങളും തുടങ്ങി പലവിധ ഘടകങ്ങൾ ചേർന്ന ഒരു പ്രക്രിയയാണ് നവോത്ഥാനം. അതൊരു നൈരന്തര്യ പ്രക്രിയകൂടിയാണ്.

നവോത്ഥാനംകൊണ്ട് പ്രാകൃതരീതികളെല്ലാം മാറിയെന്നു കരുതരുത്. മാറിയെന്നു കരുതിയവ തീരെ മാറിയിട്ടില്ല. ചിലപ്പോൾ തിരിച്ചുവരാം. പലപ്പോഴും മാറ്റിയ ശീലങ്ങൾ തലപൊക്കുന്നത് നമ്മൾ കാണാറുണ്ട്. അതിനാൽ നവോത്ഥാനം സമൂഹത്തിന്റെ പൂർണമായ മാറ്റമല്ല. പഴയതിന്റെ അവശേഷിപ്പിനുമേൽ പടുത്തുയർത്തിയ നവീകരണത്തെയും നവോത്ഥാനം എന്ന് വിളിക്കാറുണ്ട്. ഏതൊരുകാര്യത്തിലുമെന്നപോലെ നിർവചനത്തിന് പൂർണമായി വഴങ്ങാത്ത ഒന്നാണ് നവോത്ഥാനം എന്ന് മനസ്സിലാക്കേണ്ടതുണ്ട്. കേരളീയ നവോത്ഥാനം എന്നുമുതൽ തുടങ്ങിയെന്നു കൃത്യമായി പറയുക അസാധ്യമാണ്. എന്തിനുവേണ്ടി തുടങ്ങി എന്നും പറയുകവയ്യ. ആരിൽ തുടങ്ങി എന്നും ഖണ്ഡിതമായി പറയാൻ കഴിയില്ല. വഴിനടക്കാനുള്ള അവകാശത്തിൽ തുടങ്ങിയോ, മാറുമറയ്ക്കാനുള്ള അവകാശത്തിൽ തുടങ്ങിയോ. ക്ഷേത്രത്തിൽ കയറാനുള്ള അവകാശത്തിൽ തുടങ്ങിയോ എന്നിങ്ങനെ ഓരോ സന്ദർഭങ്ങളെ മുൻനിർത്തി നവോത്ഥാനത്തിന്റെ പ്രാരംഭത്തെക്കുറിച്ച് വാദഗതികൾ ഉണ്ടാകാം. മേൽപ്പറഞ്ഞ അവകാശങ്ങൾക്കെല്ലാം വേണ്ടി ഓരോരോ ദേശങ്ങളിലും ഓരോരോ കാലങ്ങളിലുമായി പോരാട്ടങ്ങളുണ്ടായിട്ടുണ്ട്. വൈക്കം സത്യഗ്രഹത്തിന് ഒരു നൂറ്റാണ്ടുമുമ്പ് സംഘടിതരായി അവർണവിഭാഗം വൈക്കം ക്ഷേത്രത്തിൽ പ്രവേശിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചാന്നാർ ലഹളയ്ക്കും വൈകുണ്ഠസ്വാമികൾക്കും മുമ്പ് പശുവിനെ വളർത്തുവാൻ മാത്രം അവകാശമുണ്ടായിരുന്ന ഈഴവർ പ്രസവിച്ചുകഴിഞ്ഞ പശുവിനെ തമ്പ്രാക്കന്മാരെ ഏൽപ്പിക്കുന്നതിനു പകരം സ്വന്തമായി പാൽ കറന്നെടുത്ത സമരമുറകളും പതിനെട്ടാം നൂറ്റാണ്ടിൽത്തന്നെ നടന്നിട്ടുണ്ട്. മുലക്കരം ചോദിച്ചുവന്നവർക്ക് മുലയറുത്ത് തൂശനിലയിൽ കാഴ്ചവച്ച ചരിത്രവും പൊതുബോധത്തിൽ മറയാതെ നിൽക്കുന്നു. ഇങ്ങനെ സമരങ്ങളുടെയും, പോരാട്ടങ്ങളുടെയും ചരിത്രം പുറകോട്ടു നീണ്ടു നീണ്ടു പോകുകയാണ്. അത് പത്തൊമ്പതാം നൂറ്റാണ്ടിൽ നിന്ന് പതിനെട്ടാം നൂറ്റാണ്ടിലേക്കും പതിനേഴാം നൂറ്റാണ്ടിലേക്കുമായി നീണ്ടുപോകുന്നുണ്ട്. എങ്കിലും കേരളീയ നവോത്ഥാനത്തിന്റെ ബഹുലചരിത്രം തുടങ്ങിയത് പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭം മുതലാണ് എന്ന് സാമാന്യമായിപ്പറയാം.

## Recap

- സമൂഹജീവിതത്തിലുണ്ടാക്കുന്ന മാറ്റങ്ങളെ അടയാളപ്പെടുത്തുന്നു
- ഇന്ത്യ സ്വതന്ത്രമായതോടെ രാജാക്കന്മാർ അപ്രത്യക്ഷരായി
- വിപ്ലവത്തിലൂടെ അല്ലാതെയും ഭരണമാറ്റം സംഭവിക്കാം
- വേദത്തിലേക്ക് മടങ്ങുക
- മതപതമായ ആചാരങ്ങളിലേക്കുമടങ്ങുക
- നവോത്ഥാനത്തിലൂടെ നേടിയെടുത്തതിനെല്ലാം വിരുദ്ധമായ ചിന്താരീതിയാണ്
- ഒരേ രീതിശാസ്ത്രത്തിലല്ല ഓരോ നാട്ടിലും പരിഷ്കരണം നടന്നിട്ടുള്ളത്
- കേരളത്തിൽ സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നാണ് നവോത്ഥാനം തുടങ്ങിയത്
- യൂറോപ്പിൽ പതിനഞ്ചാം നൂറ്റാണ്ടിൽ സംഭവിച്ച മാറ്റങ്ങളെ Renaissance എന്നു പറയാം
- ഇന്ത്യയൊന്നാകെ പീനൽ കോഡ് രൂപീകൃതമായി
- റിനൈസൻസ് എന്ന ഇറ്റാലിയൻ പദത്തിന് പുനർജന്മം എന്നാണർഥം

SGOU

- ഡിവൈൻ കോമഡി എന്ന മഹാകാവ്യമാണ് ലോകനവോത്ഥാനത്തിന് തുടക്കം കുറിച്ചത്
- നവോത്ഥാനം പല ഘട്ടങ്ങളിലായാണ് കേരളത്തിൽ പ്രത്യക്ഷപ്പെട്ടത്

## Objective Type Questions

1. സമൂഹജീവിതത്തിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെ സൂചിപ്പിക്കുന്ന പദസഞ്ചയത്തിന് പറയുന്ന പേരെന്ത്?
2. ഉത്ഥാനം എന്ന വാക്കിന്റെ അർഥം എന്ത്?
3. ക്രയവിക്രയത്തിനായി പണ്ട് സ്വീകരിച്ചിരുന്ന കൈമാറ്റ കച്ചവടത്തിനു പറയുന്ന പേര്?
4. ഓരോ കാലഘട്ടത്തിലും സമൂഹത്തിൽ ഉണ്ടായിട്ടുള്ള പുതുചിന്തകൾക്കു പറയുന്നപേരെന്ത്?
5. "നവോത്ഥാനം മാനവരാശി കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ വിപ്ളവമായിരുന്നു" അഭിപ്രായം ആരുടേത്?
6. ലോകനവോത്ഥാനത്തിന് തുടക്കം കുറിച്ചത് എന്ന് പൊതുവേ അംഗീകരിക്കപ്പെടുന്ന കൃതി ഏത്?
7. ഡിവൈൻ കോമഡി രചിച്ചതാര്?
8. നവോത്ഥാനത്തെ മാനവികതയുടെ കാലമായി രേഖപ്പെടുത്തിയത് ആരുടെ നിരീക്ഷണത്തിലാണ്?
9. കേരളത്തിൽ ആദ്യമായി അച്ചുകൂടം സ്ഥാപിച്ചത് ആരുടെ കാലത്താണ്?
10. ദുരവസ്ഥ എന്ന കൃതി എഴുതിയതാര്?
11. പോർച്ചുഗീസുകാരുടെ ആഗമനകാലത്ത് ഇന്ത്യയുടെ വിദേശവ്യാപാരം ആരുടെ കീഴിലായിരുന്നു?
12. കേരളത്തിൽ അച്ചടിയുടെ ആരംഭം ആരുടെ വരവോടെയാണ് ആരംഭിച്ചത്
13. കേരളത്തിൽ ജാതി - ജന്മിനാടുവാഴിവ്യവസ്ഥയിലെ മാറ്റങ്ങൾ തിരുവിതാംകൂറിൽ നടന്നത് ആരുടെ ഭരണകാലത്താണ്?
14. ബ്രിട്ടീഷുകാർക്ക് മലബാറിന്റെ ആധിപത്യം ഏറ്റെടുക്കാൻ സാഹചര്യം ഒരുക്കിയ സന്ധി ഏത്?
15. കേരളത്തിലെ ക്രിസ്ത്യാനികളെ ഔദ്യോഗിക ക്രിസ്ത്യൻ,വിശ്വാസ സംഹിതയിലേക്ക് കൊണ്ടുവരാൻ നടത്തിയപ്രവർത്തനം ഏത്?

SGOU

## Answers

1. നവോത്ഥാനം
2. ഉണർത്തൽ അഥവാ എഴുന്നേൽക്കൽ
3. Barter System
4. നവോത്ഥാനം
5. ഏംഗൽസ്
6. ഡിവൈൻ കോമഡി
7. ദാന്തെ
8. പെട്രാർക്ക്

9. പോർട്ടുഗീസുകാരുടെ
10. കുമാരനാശാൻ
11. അറബികളുടെ
12. പോർട്ടുഗീസുകാരുടെ
13. മാർത്താണ്ഡവർമ്മ
14. ശ്രീരംഗപട്ടണം സന്ധി
15. ഉദയം പേരൂർ സുനഹദോസ്

## Assignment

1. നവോത്ഥാനത്തിന്റെ അർഥവും വ്യാപ്തിയും -വിശകലനം ചെയ്യുക.
2. പാശ്ചാത്യ നവോത്ഥാനത്തെക്കുറിച്ച് അപഗ്രഥിക്കുക.
3. ഇന്ത്യൻ നവോത്ഥാനത്തെക്കറിച്ച് വിശകലനം ചെയ്യുക.
4. കേരളീയ നവോത്ഥാനത്തെക്കുറിച്ച് അപഗ്രഥനാത്മകമായി വിലയിരുത്തുക.

## References


1. ടി.കെ.ഗംഗാധരൻ, കേരളം ചരിത്രവും സംസ്കാരവും, കാലിക്കട്ട് യൂണിവേഴ്സിറ്റി, കാലിക്കട്ട്
2. എ.ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം
3. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കേരളചരിത്രം ഭാഗം, എസ്.പി. സി.എസ്, കോട്ടയം
5. കെ.എൻ.ഗണേശ്, കേരള പഠനങ്ങൾ, പ്രസക്തി ബുക്ക് ഹൗസ്, പത്തനംതിട്ട
6. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി.ബുക്സ്, കോട്ടയം
7. ഡോ. എസ്. കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ


## Suggested Readings


1. കെ.ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം,ഡി.സി.ബുക്ക്സ്, കോട്ടയം.
2. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
3. ഡോ. കെ.എൻ ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. സ്കറിയ സക്കറിയ (എ ഡി) 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്, കോട്ടയം.




SGOU

# 2

# BLOCK

SGOU

## പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയാവസ്ഥ

# യൂണിറ്റ് 1

# പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയാവസ്ഥ

## Learning Outcomes

- സാമൂഹിക സാംസ്കാരിക രംഗത്തുണ്ടായ മാറ്റങ്ങളെക്കുറിച്ച് ധാരണ തേടുന്നു
- ജന്മി-നാടുവാഴിത്തത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു.
- കൊളോണിയൽ ആധിപത്യത്തെക്കുറിച്ച് അറിവ് നേടുന്നു
- കേരളത്തിലെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു

SGOU

## Prerequisite

കേരള നവോത്ഥാന പ്രസ്ഥാനം പത്തൊൻമ്പത്, ഇരുപത് നൂറ്റാണ്ടിൽ ആരംഭിച്ച ഒരു സാമൂഹ്യ - സാംസ്കാരിക മുന്നേറ്റമായിരുന്നു. അത് അന്നത്തെ കേളത്തിലെ സാമൂഹ്യ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ടു. കേരളത്തിലെ സാമൂഹ്യമാറ്റം ഏതാണ്ട് എഴുത്തച്ഛന്റെ കാലഘട്ടത്തോടുകൂടി ആരംഭിച്ചു എന്നു വേണമെങ്കിൽ പറയാം. ആധുനിക മലയാള ഭാഷയുടെ ഉത്ഭവവും ഭക്തി പ്രസ്ഥാനത്തിന്റെ വളർച്ചയും സാഹിത്യത്തിനും അറിവിനും മേൽ ബ്രാഹ്മണർക്ക് ഉണ്ടായിരുന്ന കുത്തക തകർക്കാൻ സഹായിച്ചു. മിഷണറിമാരുടെ വരവോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും വിവിധ ജാതി സമൂഹങ്ങൾക്കിടയിൽ വിദ്യാഭ്യാസം നേടിയ ഒരു വിഭാഗം ഉണ്ടാവുകയും ചെയ്തു. നാട്ടുവാഴിത്തത്തിന് അന്ത്യം കുറിച്ചു കൊണ്ട് തിരുവിതാംകൂറിലും കൊച്ചിയിലും കേന്ദ്രീകൃത രാജവംശങ്ങൾ നിലവിൽ വന്നതും നാടുവാഴിത്തത്തെ ദുർബലപ്പെടുത്തിയതും മാറ്റങ്ങൾക്ക് പശ്ചാത്തലമൊരുക്കി. കേരളത്തിൽ നവോത്ഥാനം കീഴാള വർഗങ്ങളുടെ നേതൃത്വത്തിലായിരുന്നു നടന്നത്.

നൂറ്റമ്പതു വർഷത്തിനുള്ളിൽ കേരളത്തിന്റെ സാമൂഹിക, രാഷ്ട്രീയ മണ്ഡലങ്ങളിലുണ്ടായ പരിഷ്കരണങ്ങളെക്കുറിച്ചു മനസിലാക്കുന്നതോടൊപ്പം, കേരളത്തിന്റെ ജനജീവിതത്തിൽ അവരുടെ വസ്ത്രധാരണം, പാർപ്പിടരീതി, ഭക്ഷണരീതി, ആചാരങ്ങളുടെ പരിവർത്തനം. രാജാധിപത്യത്തിൽനിന്ന് ജനാധിപത്യത്തിലേയ്ക്കുള്ള മാറ്റം, ദായക്രമത്തിലുണ്ടായ മാറ്റം, വിദ്യാഭ്യാസപുരോഗതി, അതുവഴി ലഭിച്ച സാമൂഹികോന്നമനം തുടങ്ങിയവയെല്ലാം ഈ വിഷയത്തിൽ പ്രതിഫലിക്കുന്നുണ്ട്. കേരളീയ നവോത്ഥാനത്തെക്കുറിച്ച് വിദ്യാർഥികൾക്ക് സംക്ഷിപ്തമായ മുൻധാരണ ഇതിലൂടെ ലഭിക്കുന്നു.

## Keywords

നവോത്ഥാനം - പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളീയാവസ്ഥ - ജാതി, ജന്മിനാടുവാഴിത്തം - കൊളോണിയൽആധിപത്യം - മിഷണറിമാരുടെ പ്രവർത്തനങ്ങൾ

## Discussion

### പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയാവസ്ഥ

നിയതമായ ഒരു കാലഗണനയ്ക്കുള്ളിൽ നിൽക്കുന്ന ഒന്നല്ല നവോത്ഥാനം.ഒരു ചെറിയ തീപ്പൊരി നീറി നീറി എങ്ങനെ ഒരു ജ്വാലയായി പ്രശോഭിക്കുന്നുവോ അങ്ങനെ വൃദ്ധി പ്രാപിക്കുന്ന ഒരു പ്രക്രിയയാണ് നവോത്ഥാനം. അതുകൊണ്ടുതന്നെ കേരളീയ നവോത്ഥാനത്തിന് കൃത്യമായ ഒരു വർഷഗണന കല്പിക്കുന്നതിൽ പ്രസക്തിയില്ല. എങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കം മുതലാണ് സ്പഷ്ടമായ രീതിയിലുള്ള സാമൂഹിക ചലനങ്ങൾ പൊതുജീവിതത്തിൽ സംഭവിച്ചത്. അത് പലതും അവകാശങ്ങളിൽ അധിഷ്ഠിതമായിരുന്നു. ഒന്നുകിൽ വഴി നടക്കാൻ അല്ലെങ്കിൽ വസ്ത്രധാരണത്തിന്. ഇതു രണ്ടും ലഭ്യമല്ലാതിരുന്നവരിൽ നിന്നുമാണ് അതിനായുള്ള പോരാട്ടങ്ങൾ ഉണ്ടായത്. കേരളീയ ജനജീവിതം ക്ഷേത്രസങ്കേതങ്ങളുടെ അടിസ്ഥാനത്തിലാണ് ചിട്ടപ്പെടുത്തിയിരുന്നത്. ഓരോരോ ദേശങ്ങളിലുമുള്ള പ്രധാന ക്ഷേത്രങ്ങളുടെ ഭരണസംവിധാനത്തെയാണ് സങ്കേതങ്ങൾ എന്നതുകൊണ്ട് അർഥമാക്കിയിരുന്നത്. ആ സങ്കേതത്തിന്റെ തീരുമാനങ്ങളായിരുന്നു സമൂഹജീവിതത്തിന്റെ അടിസ്ഥാനം. ക്ഷേത്രങ്ങളുമായി ബന്ധമില്ലാത്ത ഒരടിമണ്ണുപോലും കേരളത്തിൽ ഇല്ലായിരുന്നു. പൊതുഇടം (public sphere) എന്നത് ക്ഷേത്രസങ്കേതങ്ങളായിരുന്നു. പക്ഷെ ഈ പൊതുഇടത്തിൽ ഇടം കിട്ടാതിരുന്നവരായിരുന്നു പൊതുനിരത്തിൽകൂടി നടക്കാൻ അനുവാദമില്ലാതിരുന്നവർ. ഒട്ടുമിക്ക പൊതുനിരത്തുകളുമാകട്ടെ ക്ഷേത്രത്തിലേക്ക് ചെന്നുചേരാനുള്ളതുമായിരുന്നു. ക്ഷേത്രസ്പർശിയായി കടന്നുപോകുന്ന നിരത്തുകളിൽ നിന്നും അകന്നു നില്ക്കാൻ സ്വാഭാവികമായും അവർണ വിഭാഗം വിധിക്കപ്പെട്ടവരായിമാറി.

ഭാരതത്തിൽ മറ്റെങ്ങുമില്ലാതിരുന്ന വഴിവിലക്ക് കേരളത്തിൽ മാത്രം നിലനിന്നിരുന്നത് ജനജീവിതം ക്ഷേത്രവുമായി കൃത്യമായി ബന്ധപ്പെട്ടിരുന്നതുകൊണ്ടാണ്. ജാതിസ്പർധയും ഉച്ചനീചത്വവുമൊക്കെ ബംഗാളിൽ ഉണ്ടായിരുന്നിട്ടും കേരളീയർക്ക് ഭ്രാന്താണെന്ന് പറയാൻ വിവേകാനന്ദനെ പ്രേരിപ്പിച്ചത് ഈ 'വഴിയാട്ടും' 'വഴിവിലക്കുകളു- മായിരിക്കണം. മറ്റെല്ലാത്തരം ജാതിഭേദങ്ങളും ഉണ്ടായിരുന്ന നാട്ടിൽ നിന്നാണല്ലോ സ്വാമി വിവേകാനന്ദനും ഇവിടെ വന്നത്. ഇന്ത്യയിലെ മറ്റേതൊരു ദേശത്തേക്കാളും പൊതുനിരത്തിലെ അപ്രാപ്യത അവർണവിഭാഗം അനുഭവിച്ചത് കേരളത്തിൽ തന്നെയായിരിക്കണം. പൊതുമണ്ഡലത്തിൽ നിന്നും അയിത്തം കല്പിച്ച് ഒരു വിഭാഗം ജനതയെ മാറ്റി നിർത്തുന്നത് കണ്ടിട്ടാണ് സ്വാമി വിവേകാനന്ദൻ കേരളം ഒരു ഭ്രാന്താലയമാണെന്ന് വിശേഷിപ്പിച്ചത്. പൊതുമണ്ഡലത്തിലേക്ക് തങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യമാണ് വഴിനടക്കാനുള്ള അവകാശത്തിലൂടെ അവർണർ ഉന്നയിച്ചത്. പൊതുമണ്ഡലത്തിന്റെ വൃത്തപരിധി വർധിപ്പിക്കുന്ന സമരമുറകളാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളം കണ്ടത്. എല്ലാം ദേവനും, ദേവസ്വവുമായി ബന്ധപ്പെട്ടിരുന്നതുകൊണ്ട് ഭൂദേവന്മാർക്ക് സമൂഹത്തിൽ പ്രാഥമ്യം സിദ്ധിച്ചു. അതുകൊണ്ട് അവർ കല്പിച്ച ആചാരങ്ങൾ അനുഷ്ഠിക്കുവാൻ ഹിന്ദു സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും നിർബന്ധിതരായി. ഭൂദേവൻ ദേവന്റെ പ്രതിപുരുഷനാകയാൽ അവൻ നൽകുന്ന വിധിനിഷേധങ്ങൾ കണ്ണുമടച്ചു സ്വീകരിക്കാൻ വർണഭേദമില്ലാതെ എല്ലാവരും നിർബന്ധിതരായി. ക്രമേണ മതം എന്നത് ആചാരമായി മാറി. അത് ചോദ്യം ചെയ്യാതെ അനുഷ്ഠിക്കേണ്ടതാണെന്നും വന്നുകൂടി. യുക്തിക്ക് അനുഷ്ഠാനകർമ്മങ്ങളിൽ

SGOU

സ്ഥാനമില്ലാതായി. യുക്തിപരമായി ചിന്തിച്ച വർ ആചാരങ്ങളേക്കാൾ മൂല്യത്തിന്, ധർമ്മത്തിന് പ്രാധാന്യം നൽകി. മതം എന്നത് കേവലം ആചാരമല്ല മൂല്യമാണ് എന്ന് അവർ സ്ഥാപിച്ചെടുത്തു. അങ്ങനെയുണ്ടായ, മൂല്യനവീകരണ പ്രസ്ഥാനങ്ങളാണ് നവോത്ഥാനം' എന്ന പ്രക്രിയയ്ക്ക് ബീജാവാപം ചെയ്തത്. മറ്റുദേശങ്ങളെയപേക്ഷിച്ച് കേരളത്തിൽ നവോത്ഥാനശ്രമങ്ങൾക്ക് രണ്ടുനൂറ്റാണ്ടിന്റെയെങ്കിലും കാലവിളംബം ഉണ്ടായിരുന്നുവെന്ന് നാം ഓർക്കേണ്ടതുണ്ട്.

ആധുനിക കാലത്തു പൊതുമണ്ഡലം രൂപപ്പെട്ട ഇടങ്ങളാണ് വിദ്യാലയങ്ങൾ, ജനപ്രതിനിധി സഭകൾ തുടങ്ങിയവ. പത്തൊമ്പതാം നൂറ്റാണ്ടിനുമുമ്പ് ഇവ രണ്ടും പൊതുമണ്ഡലങ്ങളേ അല്ലായിരുന്നു. കുറച്ചാളുകൾക്ക് മാത്രം അനുവാദം കിട്ടിയിരുന്ന ഇടങ്ങളായിരുന്നു. ഗുരുക്കന്മാരുടെ വീടുകൾ കേന്ദ്രീകരിച്ച് മാത്രം വിദ്യാർത്ഥികൾ എത്തിച്ചേർന്ന ഗുരുകുലങ്ങളായിരുന്നു ഉണ്ടായിരുന്നത്. ദൂരത്തേക്ക് പരിവർജ്ജിപ്പിക്കേണ്ടവനെ അകത്തേയ്ക്കാനയിക്കാൻ ഗുരുക്കന്മാർ സന്നദ്ധരായിരുന്നില്ല. പൊതുവിദ്യാലയങ്ങൾ കടന്നുവന്നതോടെയാണ് വിദ്യയുടെ ഇടം പൊതുഇടമായി മാറിയത്. ഇതു തന്നെയായിരുന്നു ജനപ്രതിനിധി സഭയുടെയും കാര്യം. സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ളവരുടെ കൂട്ടങ്ങളാണ് ഭരണനിർവഹണത്തിൽ രാജാക്കന്മാർക്ക് നിർദ്ദേശം നൽകിയിരുന്നത്. ഒത്താശ എന്ന പ്രയോഗമാണ് കുറേക്കൂടി ഉചിതം. മുന്നൂറ്റവർ, അറുനൂറ്റവർ, സഭകൾ, സങ്കേതങ്ങൾ, എന്നെല്ലാം അറിയപ്പെട്ട അത്തരം സമിതികൾ നമ്മുടെ ജനപ്രാതിനിധ്യത്തിന്റെ പൂർവരൂപങ്ങളായിരുന്നു. ശ്രീമൂലം പ്രജാസഭ (1888) രൂപം കൊണ്ടതോടെയാണ് ജനപ്രാതിനിധ്യത്തിന്റെ ഏകദേശരൂപമെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടവസാനത്തോടെ നമ്മുടെ നാട് ദർശിച്ചു തുടങ്ങിയത്.

## നവോത്ഥാനം ചാന്നാർലഹളയ്ക്ക് മുമ്പ്

### ദളവാക്കുളം സംഭവം

ചാന്നാർ ലഹളയിൽ നിന്നും തുടങ്ങുന്ന ഒന്നായാണ് കേരളീയ നവോത്ഥാനത്തെ വിലയിരുന്നത്തിപ്പോരുന്നത്. അതിശക്തമായതും വിജയപര്യവസാനിയായതുമായ ഒരു സമരമായതുകൊണ്ടാണ് ചാന്നാർ കലാപത്തിന് പ്രാധാന്യം ലഭിച്ചത്. തന്നെയുമല്ല എല്ലാ നവോത്ഥാനങ്ങളും സ്ത്രീകളുടെ അവകാശപ്പോരാട്ടവുമായി ബന്ധപ്പെട്ടാണ് തുടങ്ങുന്നത് എന്ന ചിന്തയും ഒരു കാരണമാകാം. എന്നാൽ ചാന്നാർ കലാപത്തിനു മുമ്പുതന്നെ അതിപ്രധാനമായ ഒരു സംഭവം തിരുവിതാംകൂറിന്റെ വടക്കേയറ്റത്ത് പതിനെട്ടാം നൂറ്റാണ്ടൊടുവിൽ (1798ൽ) നടന്നിരുന്നുഅതിനെക്കുറിച്ച് നിശ്ചയമായും ചരിത്രപഠിതാക്കൾ അറിഞ്ഞിരിക്കേണ്ടതാണ്. ഇന്ന് ആ സംഭവം ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ദളവാക്കുളംസംഭവം എന്നപേരിലാണ്. ബാലരാമവർമ്മ തിരുവിതാംകൂർ ഭരിച്ചിരുന്നത് 1798 മുതൽ 1810 വരെയായിരുന്നു. അതായത് പത്തൊമ്പ താം നൂറ്റാണ്ടിലേക്ക് എത്തിനോക്കുന്ന സമയത്താണ് ബാലരാമവർമ്മ ഭരണഭാരം ഏറ്റെടുത്തത്. അന്ന് വൈക്കത്തെ അധഃകൃതർ (ഈഴവർ) വൈക്കം മഹാദേവ ക്ഷേത്രത്തിൽ പ്രവേശിച്ച് പ്രാർത്ഥന നടത്തിയതായി രേഖപ്പെടുത്തിക്കാണുന്നു. ഏകദേശം ഇരുനൂറിലധികം ഈഴവർ, കരിപ്പണിക്കർ, കുന്നേൽചേന്നി, ഒട്ടായി, മുണ്ടത്തേലിങ്കൽ, മാലുത്തണ്ടാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ബലമായി ക്ഷേത്രത്തിനുള്ളിൽ കയറി പ്രാർത്ഥിച്ചു. ക്ഷേത്രപ്രവേശനത്തിനും നൂറ്റിമുപ്പത്തെട്ട് കൊല്ലം മുമ്പ് വൈക്കം ക്ഷേത്രത്തിൽ കയറുവാൻ തീരുമാനിച്ച ആ ധീരയോദ്ധാക്കളെ ഭരണകൂടം വെറുതെവിട്ടില്ല. ബാലരാമവർമ്മയുടെ സർവ്വാധികാര്യക്കാരനായിരുന്ന കുഞ്ചിക്കുട്ടിയും, പടനായകനായിരുന്ന കുതിരപ്പക്കിയും പടയാളികളും ചേർന്ന് അവരെ മുഴുവനും വെട്ടിക്കൊന്നു. ക്ഷേത്രക്കുളത്തിൽത്തന്നെ മൃതദേഹങ്ങൾ മണ്ണിട്ടുമൂടി. അന്നുമുതൽ ഈ കുളത്തിന്റെ പേർ ദളവാക്കുളം എന്നറിയപ്പെടുന്നു.

ഇന്നത്തെ വൈക്കം ബസ്റ്റാൻഡ് സ്ഥിതിചെയ്യുന്നത് ഈ യോദ്ധാക്കളുടെ അസ്ഥിപഞ്ജരങ്ങൾക്ക് മുകളിലാണ്. അവർണ്ണർ ക്ഷേത്രത്തിൽ പ്രവേശിക്കരുത് എന്ന ആചാരത്തെ ലംഘിച്ചതുകൊണ്ടാണ് ദളവാക്കുളം സംഭവവും നവോത്ഥാനചരിത്രത്തിൽ ഇടം നേടിയത്. ആചാരങ്ങളുടെ ലംഘനം തന്നെയാണ് ഏതുകാലത്തും നവോത്ഥാനത്തിനു നിദാനമാകുന്നത്. ആ ധീരന്മാർ ക്ഷേത്രപ്രവേശനം നടത്തിയ അതേ സ്ഥലത്താ

SGOU

ണ് അതിനേക്കാൾ വീര്യം കുറഞ്ഞ സമരം നൂറ്റി ഇരുപത്താറു കൊല്ലത്തിനുശേഷം നടന്നതെന്ന് അത്ഭുതത്തോടെ മാത്രമേ ഓർക്കാൻ കഴിയൂ. ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനായിരുന്നില്ല. വൈക്കത്തമ്പലത്തിന്റെ പുറവഴിയേ നടക്കാനുള്ള അവകാശത്തിനു വേണ്ടിയായിരുന്നു വൈക്കം സത്യഗ്രഹം. പുരോഗമനേച്ഛക്കളെ നൂറുകൊല്ലത്തേയെങ്കിലും പുറകോട്ടടിപ്പിക്കുവാൻ ഭരണകൂടഭീകരതയ്ക്ക് കഴിയുമെന്നതിന്റെ തെളിവാണ് ദളവാക്കുളം സംഭവം.

## ജാതി-ജന്മിനാടുവാഴിത്തം

ബുദ്ധമതത്തിന്റെ പ്രഭവകാലം അവസാനിക്കുന്നതുവരെ കേരളത്തിൽ ജാതി ഉണ്ടായിരുന്നില്ല. പറയർ, പാണർ, ചാന്റോൻ എന്നിങ്ങനെയുള്ള പേരുകൾ തൊഴിലിന്റെ അടിസ്ഥാനത്തിൽ ജനസമൂഹങ്ങളെ സൂചിപ്പിക്കുക മാത്രമായിരുന്നു. ഇവർ തമ്മിൽ അയിത്തമോ വിവേചനമോ ഉണ്ടായിരുന്നില്ല. വിദ്യാനായ പാണനുള്ള സ്ഥാനം മാത്രമേ മിദ്യാനായ ബ്രാഹ്മണനും രാജസഭയിൽ ഉണ്ടായിരുന്നുള്ളൂ. ഏഴും എട്ടും നൂറ്റാണ്ടുകളിലെ ശൈവ - വൈഷ്ണവഭക്തി പ്രസ്ഥാനങ്ങളുടെ കാലത്തും ജാതി സമ്പ്രദായത്തിന് വേരുറയ്ക്കാൻ കഴിഞ്ഞില്ല. ബ്രാഹ്മണരായ ചില ശിവഭക്തന്മാർ സ്വയം ജാതിമേന്മ നടിച്ചിരുന്നെങ്കിലും ജാതിസമ്പ്രദായത്തെ പൊതുവേ സമൂഹം അംഗീകരിച്ചില്ല. എന്നാൽ ബ്രാഹ്മണർക്കുണ്ടായ ആധിപത്യം ഇവിടെ ജാതി വ്യവസ്ഥ വേരുറയ്ക്കാൻ സഹായകമായി. എട്ടാം നൂറ്റാണ്ട് കഴിയുന്നതോടെ സാമൂഹികമായും സാംസ്കാരികമായും രാഷ്ട്രീയമായും ബ്രാഹ്മണർ മേൽക്കൈ നേടി. അതോടെ ജാതിവ്യവസ്ഥ ആരംഭിച്ചു. ബ്രാഹ്മണരും അവരോടടുത്തവരും, ബ്രാഹ്മണമതത്തെ എതിർക്കുന്നവർ എന്നിങ്ങനെ കേരളീയ സമൂഹം രണ്ടായി വിഭജിക്കപ്പെട്ടു. ശൈവ - വൈഷ്ണവ മതാനുയായികൾ ബ്രാഹ്മണരെ അനുകൂലിച്ചവരും . ബുദ്ധ ജൈനമതാനുയായികൾഇവരെ പ്രതികൂലിച്ചവരുമാണ്. അങ്ങനെ ആദ്യത്തെ കൂട്ടർ ഹിന്ദു മതക്കാരും മറ്റുള്ളവർ ഹിന്ദു മതത്തിനു പുറത്തുള്ളവരുമായി. ക്രമേണ ഹിന്ദു മതം സ്വീകരിച്ചവരെ വർണങ്ങളായി വിഭജിച്ചു. ബ്രാഹ്മണർക്കുതാഴെ രാജാക്കന്മാരെല്ലാം ക്ഷത്രിയന്മാർ എന്നറിയപ്പെട്ടു. അന്ന് കച്ചവടം വിദേശികളും ക്രിസ്ത്യാനികളും ജൂതന്മാരുമടങ്ങുന്നവരുടെ കൈയ്യിലായിരുന്നതുകൊണ്ട് വൈശ്യർ എന്നൊരു വിഭാഗം ഇവിടെ ശക്തമായില്ല. പിന്നീട് ബ്രാഹ്മണമതം പിന്തുടർന്ന നായന്മാർ അടക്കമുള്ളവർ സവർണ വിഭാഗമായിമാറുകയും ബ്രാഹ്മണമതത്തെ എതിർത്ത ബൗദ്ധന്മാരടക്കമുള്ളവർ വർണവ്യവസ്ഥയക്കു പുറത്താകുകയും ചെയ്തു. ജാതിവ്യവസ്ഥയും അയിത്താചാരങ്ങളും രൂപപ്പെടുത്തിയെടുത്തതിൽ പന്തീരാണ്ടു സഭകൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. പന്തീരാണ്ടു സഭയുടെ പ്രവർത്തന ഫലമായാകാം തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങൾ നിലവിൽ വന്നതും തീണ്ടലും തൊടീലും രൂക്ഷമായി തീർന്നതും.

## നായന്മാർ

കേരളത്തിലെ ഏറ്റവും വലിയ സമുദായങ്ങളായ നായരും ഈഴവരും കേരളത്തിലെത്തന്നെ ജനവിഭാഗങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നവരാണ്. നാകത്താന്മാരാണ് നായന്മാരായി തീർന്നതെന്ന് ചട്ടമ്പിസ്വാമികൾ രേഖപ്പെടുത്തുന്നു. ശൈവഭക്തി പ്രസ്ഥാനത്തിന്റെ അനുയായികളായിരുന്ന നാകത്താന്മാർ ശിവഭക്തരായിന്നു. പിന്നീട് അവർ ബ്രാഹ്ണ മതാനുയായികളായിത്തീർന്ന ജനവിഭാഗമാണ് നായന്മാർ. ബ്രാഹ്മണാധിപത്യം സ്വീകരിച്ചതു കൊണ്ടാണ് നായന്മാർ സവർണരായി കണക്കാക്കപ്പെട്ടത്. കേരളത്തിലെ വിവിധ സമുദായങ്ങളിൽപ്പെട്ടവർ നായർ സമുദായത്തിൽ ലയിച്ചിട്ടുണ്ട്. അയർ, ഇടയർ, മേളാളർ എന്നിവരാണ് ഈ സമുദായങ്ങൾ. ഇതു കൂടാതെ ചക്കാൻ (എണ്ണയാട്ടുകാരൻ), വാണിയൻ (കച്ചവടക്കാരൻ), എരുമ (ആട്ടിടയൻ), കണിശൻ, പണിക്കർ, വള്ളിച്ചൻ, ഊരാളി അവസാനമായി വെള്ളാളർ എന്നിവരെല്ലാം ചേർന്നു വിപുലപ്പെട്ടതാണ് ഇന്നത്തെ നായർ സമുദായം. ഇവരും മരുമക്കത്തായികളായിരുന്നു എന്നതാണ് ജാതിവ്യവസ്ഥയിൽ സവർണ പദവി ലഭിക്കാനുള്ള മറ്റൊരു കാരണം.

## ഈഴവർ

ഈഴവർ സിലോണിൽ നിന്നു വന്നവരാണെന്നാണ് ഐതീഹ്യം.'ഈഴം' ശബ്ദത്തിന് സിലോൺ എന്നർഥമുള്ളതുകൊണ്ടും ഈഴത്തുനാട്ടിൽ നിന്നയയ്ക്കപ്പെട്ടവരുടെ സന്തതിപരമ്പരകളാണ് ഈഴവർ എന്ന വടക്കൻ പാട്ടിലെ പരാമർശം കൊണ്ടുമാണ് ഈഴവരുടെ ഉല്പ

ത്തി ചരിത്രത്തെ സിലോണുമായി ബന്ധിപ്പിക്കുന്നത്. എന്നാൽ നായന്മാരെപ്പോലെ ഈഴവരും പ്രാചീന തമിഴകത്തെ ഗോത്രങ്ങളിൽ നിന്ന് പരിണമിച്ചതാണെന്ന വാദത്തിനാണ് ചരിത്രത്തിന്റെ പിൻബലം. എ.ഡി. ആറാം നൂറ്റാണ്ടു വരെ കേരള ജനസംഖ്യയിൽ നല്ലൊരു വിഭാഗം ബുദ്ധമതക്കാരായിരുന്നു. ബ്രാഹ്മണാധിപത്യത്തോട് അകന്നു നിന്ന ബുദ്ധമതാനുയായികൾ പിൽക്കാലത്ത് ഹിന്ദുമതം സ്വീകരിച്ചപ്പോൾ അവരെ അവർണരായിട്ടാണ് കണക്കാക്കിയത്. ബ്രാഹ്മണ മതത്തെ എതിർത്ത ഇക്കൂട്ടരാണ് ഈഴവർ എന്ന പേരിലറിയപ്പെട്ടത്. ഈഴവരടക്കമുള്ള അവർണ സമുദായങ്ങളെ താഴ്ത്തിക്കെട്ടുവാനാണ് ബ്രാഹ്മണമതം ശ്രമിച്ചത്. സാമ്പത്തികമായി ഭൂമിയുടെ മേലുള്ള അവകാശം തട്ടിയെടുത്തും ആചാരപരമായി അയിത്തത്തിന്റെ പേരിൽ മാറ്റി നിർത്തിയും ബുദ്ധിപരമായി വിജ്ഞാന സമ്പാദന മാർഗങ്ങളെല്ലാം അടച്ചു കൊണ്ടുമാണ് ബ്രാഹ്മണാധിപത്യം ഈഴവരെ താഴ്ന്ന നിലയിലാക്കിയത്. ഈഴവ സമുദായത്തിലും ധാരാളം ഗണങ്ങൾ ലയിച്ചു ചേർന്നിട്ടുണ്ട്. കൃഷി ചെയ്തു ജീവിക്കുന്ന ഉഴവർ മദ്യാഹാരകന്മാരായ ചാന്റോർ(ചാത്തൻ), യോദ്ധാക്കളായി ജീവിച്ച വില്ലോർ എന്നിവർ സംഘകാലത്തും, പിന്നീട് ബൗദ്ധപ്രഭവകാലത്ത് അവർ ബുദ്ധമതക്കാരായും ബ്രാഹ്മണ മേധാവിത്വ കാലത്ത് ഈഴവരായ അയിത്തജാതിക്കാരായും പരിണമിക്കുകയും ചെയ്തു.

## അവർണർ

നായരും ഈഴവരുമല്ലാത്ത മറ്റ് പല ജാതികളുടേയും ഉത്ഭവം ഗണത്തിന്റെയും തൊഴിലിന്റേയും അടിസ്ഥാനത്തിലായിരുന്നു. പുലങ്ങളിൽ (വയൽ) ജോലി ചെയ്തിരുന്നവർ പുലയരായി ത്തീർന്നു. പൊറൈയെ (കുന്നിന്മേടുകളിൽ താമസിക്കുന്നവൻ)നാണ് പറയനായിത്തീർന്നത്. വേട്ടുവൻ വേടന്മാരായിരുന്നു. വലവീശി മീൻ പിടിച്ചിരുന്നവർ വാലന്മാരായി. ആശാരിപ്പണി ചെയ്യുന്നവർ തച്ചന്മാരും ഇരുമ്പായുധങ്ങൾ നിർമ്മിക്കുന്നവർ കൊല്ലന്മാരും എന്ന് സംഘം കൃതികളിൽ പോലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ബ്രാഹ്മണാധിപത്യത്തിന് കൂട്ടുനിൽക്കാത്ത ഇവരെല്ലാം അവർണ്ണരായി. ഓരോ വിഭാഗത്തിന്റെയും സാമ്പത്തിക നിലയനുസരിച്ച് ഇവർ തമ്മിൽ ഉച്ചനീചത്വങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

## ജാതിപരമായ അസമത്വം

ജാതിവ്യവസ്ഥ ദൃഢപ്പെടുകയും ജാതിശ്രേണിയിൽ മേൽത്തട്ടുകാരായി വിഭജിക്കുകയും ചെയ്ത ബ്രാഹ്മണർ കീഴ്ത്തട്ടിലുള്ള ജനവിഭാഗങ്ങളെ എല്ലാ വിധത്തിലും അടിച്ചമർത്തി. കുറ്റാന്വേഷണത്തിലും ശിക്ഷാവിധിയിലും വരെ ജാതിവിവേചനം വന്നു. ബ്രാഹ്മണർക്ക് തൂക്കുപരീക്ഷ, ക്ഷത്രിയർക്ക് അഗ്നിപരീക്ഷ, വൈശ്യർക്ക് ജലപരീക്ഷ, ശൂദ്രർക്ക് വിഷപരീക്ഷ എന്നതായിരുന്നു രീതി. ബ്രാഹ്മണർക്ക് തടവു ശിക്ഷയോ വധശിക്ഷയോ ഉണ്ടായിരുന്നില്ല. അവർണർക്ക് എല്ലാവിധ സാമൂഹിക നീതികളും പൊതുമര്യാദകളും വിലക്കപ്പെട്ടു. പൊതുവഴി നടക്കാനോ ക്ഷേത്രങ്ങളിൽ പ്രവേശിക്കാനോ അനുവാദമുണ്ടായിരുന്നില്ല. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അക്കാലത്ത് നിലനിന്നു. അവർണ്ണർ നമ്പൂതിരിയെ കാണാനിടയായാൽ പ്പോലും അയിത്തം കല്പിച്ചിരുന്നു. ഭരണാധികാരികളുടെ മൗനാനുവാദത്തോടെ താണജാതിക്കാരെ വധിക്കുക പോലും ചെയ്തിരുന്നു. പുലയർ, പറയർ, ചെറുമർ, തുടങ്ങിയ സമുദായക്കാരെ കാർഷിക അടിമകളായി കരുതി വില്ക്കുകയും വാങ്ങുകയും ചെയ്യുന്ന ഏർപ്പാടും ആദ്യകാലങ്ങളിൽ നിലവിലിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടു വരെ ജാതി വിവേചനവും ജാതീയമായഅസമത്വവും അതിശക്തമായി നിന്നു. പാശ്ചാത്യമിഷനറിമാരുടെയും, ശ്രീനാരായണഗുരു, അയ്യൻകാളി, ചട്ടമ്പിസ്വാമികൾ തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കളുടെയും അശ്രാന്ത പരിശ്രമമാണ് കേരളത്തെ ജാതി ഭ്രാന്തിൽ നിന്നും മോചിപ്പിച്ചത്. 1936 - ലെ ക്ഷേത്ര പ്രവേശന വിളംബരത്തോടെ (ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ) എല്ലാ അവർണർക്കും ക്ഷേത്രപ്രവേശനം സാധ്യമാക്കിയത് കേരള ചരിത്രത്തിലെ നാഴികക്കല്ലാണ്.

## കൊളോണിയൽ ആധിപത്യം

കച്ചവടത്തിലൂടെയും പിടിച്ചടക്കലിലൂടെയും യൂറോപ്യൻ കൊളോണിയൽ ശക്തികളുടെ കീഴിലുണ്ടായിരുന്ന പ്രദേശമാണ് ഇന്ത്യ. ഇന്ത്യയും അവിടെയുള്ള സുഗന്ധദ്രവ്യങ്ങളും തേടിയുള്ള യൂറോപ്യൻ നാവികരുടെ പര്യവേ

SGOU

ഷണങ്ങൾ ഒട്ടേറെ പ്രദേശങ്ങളിൽ അവരുടെ നിയന്ത്രണം സ്ഥാപിക്കുവാൻ സഹായകമായി. 1498 മെയ് 12ന് വാസ്കോ ഡ ഗാമയുടെ നേതൃത്വത്തിൽ പോർച്ചുഗീസ് വ്യാപാരികൾ കോഴിക്കോട് കാപ്പാട് എന്ന സ്ഥലത്ത് കാലുകുത്തി. ഭാരതചരിത്രത്തിലെ ശ്രദ്ധേയമായ ഒരധ്യായത്തിന്റെ തുടക്കമായിരുന്നു. ഇന്ത്യയിലേക്ക് ഒരു വാണിജ്യ മാർഗം കണ്ടുപിടിക്കുക, പൗരസ്ത്യ ദേശങ്ങളുമായുള്ള വ്യാപാരബന്ധം വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പോർച്ചുഗൽ രാജാവായ മാനുവൽ, വാസ്കോ ഡ ഗാമയെ ഇന്ത്യയിലേക്ക് അയച്ചത്. സാമൂതിരി നേരിട്ട് എത്തിയാണ് ഗാമയെ സ്വീകരിച്ചത്. ചരക്കുകൾ സൂക്ഷിക്കുന്നതിന് പണ്ടകശാലകളും ചരക്കുകളുടെ ക്രയവിക്രയത്തിന് തരകന്മാരുടെ സഹായവും സാമൂതിരി ഏർപ്പെടുത്തിക്കൊടുത്തു. ഇന്ത്യയിലേക്ക് ഒരു വഴി കണ്ടു പിടിക്കുക, കുരുമുളകു വ്യാപാരത്തിന്റെ കുത്തക കയ്യടക്കുക എന്നീ ഉദേശ്യങ്ങളായിരുന്നു പോർച്ചുഗീസുകാർക്ക് ഉണ്ടായിരുന്നത്. എന്നാൽ ഇവിടെ അവർക്ക് ആധിപത്യം സ്ഥാപിക്കാനുള്ള രാഷ്ട്രീയ സ്ഥിതിഗതികൾ ധാരാളം ഉണ്ടായിരുന്നു.

## കേരളത്തിലെ രാഷ്ട്രീയ സാഹചര്യം

കുലശേഖര സാമ്രാജ്യത്തിന്റെ തിരോധാനത്തോടെ കേരളത്തിൽ ഏകീകൃതമായ ഒരു ഭരണകൂടം ഇല്ലാതായി. നാട്ടുരാജാക്കന്മാരും പ്രഭുക്കന്മാരും തങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങളുടെ മേൽ പരമാധികാരം പ്രഖ്യാപിച്ചു. അധികാരാതിർത്തി വർധിപ്പിക്കാനായി നിരന്തരമേറ്റുമുട്ടി. ഈ നാട്ടു രാജ്യങ്ങളിൽ എല്ലാം കൊണ്ടും മികച്ചു നിന്നത് കോഴിക്കോടാണ്. തൊട്ടടുത്ത സ്ഥാനം കൊച്ചിക്കും കോലത്തുനാട്ടിനുമായിരുന്നു.മറ്റുനാടുകൾ ഈ മൂന്ന് നാട്ടു രാജ്യങ്ങളോട് ഏതെങ്കിലും തരത്തിൽ കൂറുപുലർത്തുക മാത്രമാണ് ചെയ്തിരുന്നത്. കോഴിക്കോട് സാമൂതിരിയുടെ ഔന്നത്യത്തിൽ അസഹിഷ്ണുതയുള്ളവരായിരുന്നു കൊച്ചിയും കോലത്തുനാടും. ആധിപത്യത്തിനു വേണ്ടി നാട്ടുരാജ്യങ്ങൾ തമ്മിൽ നിലനിന്ന കിടമത്സരങ്ങളും യുദ്ധങ്ങളും കേരളത്തിൽ രാഷ്ട്രീയാധിപത്യത്തിനുള്ള ആശയും പ്രതീക്ഷയും അവരിലുണർത്തി. പോർച്ചുഗീസുകാർ കൊച്ചീരാജാവുമായി ചേർന്നുകൊണ്ട് കൊച്ചിയിലെ സാമൂതിരിപ്പടയെ ആക്രമിച്ച് ഓടിച്ചു വിട്ടു. കൊച്ചി രാജാവിനു രാജ്യം തിരിച്ചു നൽകി. തിരിച്ച് പോർച്ചുഗീസുകാർക്ക് എന്തും നൽകാൻ രാജാവ് തയ്യാറായി. അങ്ങനെ പോർച്ചുഗീസുകാർ കൊച്ചിയിൽ 'ഫോർട്ടുമാനുവൽ' കോട്ടകെട്ടി. ഇന്ത്യയിൽ യൂറോപ്യൻമാർ കെട്ടിയ ആദ്യ കോട്ടയായിരുന്നു അത്.

പോർച്ചുഗീസുകാരുടെ ആഗമനകാലത്ത് കേരളത്തിന്റെ വിദേശവ്യാപാരം അറബികളുടെ നിയന്ത്രണത്തിലായിരുന്നു. പറങ്കികൾക്കു പ്രിയങ്കരമായ പ്രകൃതി വിഭവങ്ങൾ പ്രത്യേകിച്ച് കുരുമുളക് അവർക്കു ലഭ്യമാകാതിരിക്കാൻ അറബി വ്യാപാരികൾ ശ്രമിച്ചു. അതേസമയം കൊച്ചിയിൽനിന്നും ആദ്യമായി ശേഖരിച്ച വ്യാപാര സാധനങ്ങൾ നേടിക്കൊടുത്ത വൻലാഭം കേരളത്തിന്റെ വിദേശവ്യാപാരക്കുത്തക ഏതുവിധേനയും നേടിയെടുക്കാനുള്ള അമിതാവേശം അവരിലുളവാക്കി. കൊച്ചിയെ കൂട്ടുപിടിച്ച് പലനാട്ടുരാജ്യങ്ങളുമായി കരാറുണ്ടാക്കി. വ്യാപാരാധിപത്യത്തിനുവേണ്ടി ഏതാണ്ടൊരു നൂറ്റാണ്ടുകാലത്തെ നിരന്തരസമരം അറബി വ്യാപാരികളെ തളർത്തി. അതോടുകൂടി പോർച്ചുഗീസുകാരുടെ ആഗമനോദ്ദേശം ഏതാണ്ട് സഫലമായി.

പോർച്ചുഗീസ്ബന്ധം കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക - സാംസ്കാരിക രംഗങ്ങളിൽ വലിയ പ്രതിഫലനങ്ങൾ ഉണ്ടാക്കി. പോർച്ചുഗീസുകാരുടെ വരവിനു മുമ്പ് ഇവിടെ ഉണ്ടായിരുന്ന രാഷ്ട്രീയ അസ്ഥിരതയും അരാജകത്വവും കൂടുതൽ രൂക്ഷമായി എന്നു മാത്രമല്ല, കേരളത്തിലെ നാട്ടുരാജ്യങ്ങളുടെ മേൽ പ്രാമാണികത ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിന്റെ സ്വതന്ത്രസംരക്ഷകനെന്ന നിലയിൽ രംഗപ്രവേശം ചെയ്ത സാമൂതിരിക്കുണ്ടായ ശക്തിക്ഷയമാണ് മറ്റൊരു കാരണം. കേരളീയരുടെ വ്യാപാരക്കുത്തക പോർച്ചുഗീസുകാരുടെ കൈപ്പിടിയിലായത് കേരളത്തിന്റെ സാമ്പത്തിക മാന്ദ്യത്തിന് കാരണമായി. കേരളത്തിലെ കാർഷികോല്പന്നങ്ങൾ പുറംനാടുകളിൽ പ്രചരിപ്പിക്കുകയും യൂറോപ്യൻ കമ്പോളങ്ങളിൽ അവയ്ക്ക് പുതിയ വിപണി കണ്ടെത്തുകയും ചെയ്തു. തങ്ങൾക്ക് താല്പര്യമുള്ള കുരുമുളക്, ഇഞ്ചി ഏലം, നാളികേരം തുട

SGOU

ങ്ങിയ കൂടുതൽ ആദായകരമാം വിധം ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിൽ അവർ മാർഗദർശികളായിരുന്നു. കപ്പൽ നിർമ്മാണത്തിന് കയറുപയോഗിക്കാമെന്നും കണ്ടതോടെ കയർ നിർമ്മാണവും അതിന്റെ കയറ്റുമതിയും ആരംഭിച്ചു. ഇന്ന് കയറും കയറുല്പന്നങ്ങളും കേരളത്തിന്റെ ഒരു പ്രധാന കയറ്റുമതി ചരക്കായി മാറിയിരിക്കുകയാണ്. തുടർന്ന് പുതിയ പല കാർഷിക വിഭവങ്ങളും പോർച്ചുഗീസു കേരളത്തിൽ കൊണ്ടുവന്നു. കശുവണ്ടി കേരളത്തിൽ കൊണ്ടു വന്നത് പോർച്ചുഗീസുകാരാണ്. 'പറങ്കിയണ്ടി ' എന്ന പേരു തന്നെ ഇതുസൂചിപ്പിക്കുന്നു. ഇന്ന് കേരളത്തിന് വിദേശ നാണ്യം നേടിത്തരുന്ന നാണ്യവിളകളിൽ പ്രമുഖസ്ഥാനം ഇതിനുണ്ട്. അതുവരെ ലാറ്റിനമേരിക്കയിൽ മാത്രമുണ്ടായിരുന്ന മുളക് പോർച്ചുഗീസുകാരാണ് ഇവിടെ എത്തിച്ചത്. ഇന്നത് നമ്മുടെ അടുക്കളയിലെ ഒരു നിത്യോപയോഗ സാധനമായി. പുകയില, പാപ്പായ, പേരയ്ക്ക എന്നിവ കേരളത്തിൽ കൊണ്ടുവന്നത് പോർച്ചുഗീസുകാരാണ്.

പഴയ തുറമുഖങ്ങളായ കൊല്ലവും കൊടുങ്ങല്ലൂരും നിശ്ചലമായപ്പോൾ കൊച്ചിയും കോഴിക്കോടും പ്രാധാന്യം നേടി. മത്സ്യബന്ധന കേന്ദ്രത്തിന്റെ പദവി മാത്രമായിരുന്ന കൊച്ചി ഒരു തുറമുഖനഗരമെന്ന നിലയിലേക്കു വളർന്നു. പാശ്ചാത്യ യുദ്ധമുറകളും ആധുനിക യുദ്ധസാമഗ്രികളും ആദ്യമായി കേരളത്തിൽ കൊണ്ടുവന്നതും പോർച്ചുഗീസുകാരാണ്. പാശ്ചാത്യ വാസ്തുശില്പ ശൈലി ഇവിടെ പ്രചരിച്ചത് ഈ കാലഘട്ടത്തിലാണ്. പള്ളികളുടെയും സെമിനാരികളുടെയും നിർമ്മാണത്തിൽ അത് പ്രതിഫലിച്ചു കാണാം. ആലയ നിർമ്മാണത്തിലും പോർച്ചുഗീസ് സ്വാധീനം കാണുന്നുണ്ട്. പ്രധാന കെട്ടിടത്തിൽ നിന്നും വേർപെട്ടുള്ള കുശിനികൾ (അടുക്കള), പുതിയ രീതിയിലുള്ള പോർട്ടിക്കോയും വരാന്തയും കിളിവാതിലുകളുടെ സ്ഥാനത്ത് വിജാഗിരി പിടിപ്പിച്ച വാതിലുകളും ജനലുകളും ഇവയെല്ലാം പോർച്ചുഗീസ് മാതൃകയിലുള്ളതായിരുന്നു. പോർച്ചുഗീസുകൾ ഇവിടെ ധാരാളം കോട്ടകളും പണ്ടകശാലകളും നിർമ്മിച്ചു. അവയുടെ നിർമ്മാണത്തിന് മേൽനോട്ടം വഹിച്ചിരുന്ന നാട്ടുകാരെ അവർ മേസ്തിരിമാർ എന്നു വിളിച്ചു ആ വാക്ക് ഇന്നും കേരളത്തിൽ സർവസാധാരണമായിന്നു കൂടാതെ ഇസ്തിരി, റാന്തൽ, പാതിരി, വികാരി, കൊന്ത, വെന്തിങ്ങ, ചിന്തേര് തുടങ്ങി അനേകം പദങ്ങൾ പേർച്ചുഗീസ് ബന്ധത്തെ അനുസ്മരിപ്പിക്കുന്നവയാണ്

കേരളത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയിലും പോർച്ചുഗീസ് ബന്ധം അനുകൂല ഫലങ്ങളുളവാക്കി. ക്രിസ്ത്യൻ പുരോഹിതന്മാർക്കു പരിശീലനം നൽകാനായി കൊച്ചി, കൊടുങ്ങല്ലൂർ, അങ്കമാലി എന്നിവിടങ്ങളിൽ സെമിനാരികൾ സ്ഥാപിച്ചു. കേരളത്തിൽ കുറേപേർക്ക് ലത്തീൻ ഭാഷ പഠിക്കുന്നതിനുള്ള അവസരം അതു കൊണ്ടുണ്ടായി. പാശ്ചാത്യഭാഷയുടെയും സാഹിത്യത്തിന്റെയും കവാടമാണ് അതിലൂടെ തുറന്നു കിട്ടിയത്. രാഷ്ട്രീയകാര്യങ്ങൾക്കും വാണിജ്യാവശ്യങ്ങൾക്കുമായി പോർച്ചുഗീസുകാർ നാട്ടുഭാഷയും പഠിച്ചു തുടങ്ങി. കൊച്ചി, കൊടുങ്ങല്ലൂർ ഭാഗങ്ങളിൽ ഇന്നും അവശേഷിച്ചിട്ടുള്ള ചവിട്ടു നാടകം എന്ന ദൃശ്യകലാരൂപം പോർച്ചുഗീസ് ബന്ധത്തിന്റെ ഫലമായി ഉണ്ടായതാണ്. ക്രിസ്തുമത പ്രചാരണമായിരുന്നു അവരുടെ പ്രധാന ദൗത്യം. ക്രിസ്തുവിന്റെ സുവിശേഷ സന്ദേശങ്ങളിലാകൃഷ്ടരായി വരുന്നവരെ അതിലേക്ക് സ്വാഗതം ചെയ്യുക എന്ന ഉദാരതയും അവർ കൈക്കൊണ്ടു. ബലപ്രയോഗത്തിലൂടെയും നിർബന്ധിച്ചും അവർ ജനങ്ങളെ കിസ്തുമതത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. അതിനവർ സ്വീകരിച്ച മാർഗം ക്രൂരവും പൈശാചികവുമായിരുന്നു. എന്നാൽ പോർച്ചുഗീസുകാരുടെ മനുഷ്യത്വമില്ലായ്മ കൂടുതലനുഭവിക്കേണ്ടി വന്നത് അവിശ്വാസികളേക്കാൾ നാട്ടുകാരായ സെന്റ് തോമസ് ക്രിസ്ത്യാനികളായിരുന്നു. പോർച്ചുഗീസുകാർ അവരെ ശരിയായ ക്രിസ്ത്യാനികളായി അംഗീകരിച്ചില്ല. ഇന്ത്യയിലെ ക്രിസ്ത്യാനികളെ തിരുസഭയുടെ അധികാരത്തിൻ കീഴിൽ കൊണ്ടുവരാനായി പോപ്പ് ക്ലമെന്റ് എട്ടാമൻ, അലക്സിസ് - ഡി - മെനസിസിനെ ഗോവയിലെ ആർച്ചുബിഷപ്പായി നിയോഗിച്ചു. അവിശ്വാസികള വിശ്വാസികളാകുന്നതിനേക്കാൾ മാർഗഭ്രംശം വന്ന ക്രിസ്ത്യാനികളെ നേർവഴിക്ക് കൊണ്ടുവരുന്നതിനാണ് അവർ മുൻഗണന കൊടുത്തത്. അതിനു വേണ്ടിയുള്ളതായിരുന്നു 1599 ലെ ഉദയംപേരൂർ സുന്നഹദോസ്. സാമൂതിരിയുടെ ചെറുത്തു നിൽപ്പും

SGOU

ഡച്ചുകാരുടെ രംഗപ്രവേശവും മാത്രമല്ല മാറി മാറി വന്ന ഗവർണർമാരും നയവൈകല്യവും പോർച്ചുഗീസുകാരുടെ പരാജയകാരണങ്ങളായി.

## ഡച്ചുകാർ

1592-ൽ പ്രമുഖ ഡച്ചു വ്യാപാരികൾ ആംസ്റ്റർഡാമിൽ യോഗം ചേർന്ന് ഇന്ത്യയുമായി വ്യാപാര ബന്ധം സ്ഥാപിക്കുവാനുള്ള പദ്ധതി തയ്യാറാക്കി. 1604-ൽ ഒരു ഡച്ചു വ്യാപാരസംഘം കോഴിക്കോട്ടെത്തുകയും സാമൂതിരിയുമായി ഉടമ്പടിയിലേർപ്പെടുകയും ചെയ്തു. ഇത് പോർച്ചുഗീസുകാരുടെ വാണിജ്യത്തെ അവസാനിപ്പിച്ച് അവരെ അവിടെ നിന്നും തുരത്തുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള ആദ്യ കാൽവയ്പായിരുന്നു. അതനുസരിച്ച് കോഴിക്കോട് വ്യാപാരം നടത്തുന്നതിനും ഒരു കോട്ട കെട്ടുന്നതിനുമുള്ള അനുമതിലഭിച്ചു. കേരളത്തിലെ രാഷ്ട്രീയ സാഹചര്യം ഡച്ചുകാരുടെ അഭിലാഷ പൂർത്തിക്കുവിളനിലമായിരുന്നു. അക്കാലത്ത് തിരുവിതാംകൂർ, കൊച്ചി, കോഴിക്കോട്, കോലത്തുനാട് എന്നീ നാലു ഭരണകൂടങ്ങളായിരുന്നു ഇവിടെ പ്രബലരായിരുന്നത്. കൂടാതെ, ഇവയോടു വിധേയത്വമുള്ള ഏതാനും ചെറുകിട നാട്ടുരാജ്യങ്ങളും കൊച്ചി രാജവംശത്തിൽ ഒരു പിന്തുടർച്ചാവകാശ തർക്കമുണ്ടായപ്പോൾ പോർച്ചുഗീസുകാർ ആ ഭാഗം പിടിച്ചു. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട കിരീടാവകാശി പാലിയത്തച്ഛന്റെ ഉപദേശപ്രകാരം ഡച്ചുകാരുടെ സഹായം തേടി. പോർച്ചുഗീസുകാരെ ഇവിടെ നിന്നും തുരത്താനുള്ള അവസരമായി ഡച്ചുകാർ ഇതിനെ കണ്ടു. സാമൂതിരിയും തെക്കുംകൂറും വടക്കുംകൂറും ഇവരോടൊപ്പം ചേർന്നു. അതോടെ ബലാബലം ഏതാണ്ട് തുല്യമായി. ഒരു വശത്തു കൊച്ചിയും പോർച്ചുഗീസുകാരും മറുവശത്തു സാമൂതിരിയും ഡച്ചുകാരും , 1960-ൽ രണ്ടു വിഭാഗങ്ങളും തമ്മിൽ ഏറ്റുമുട്ടി. പോർച്ചുഗീസുകാരുടെ പരാജയവും കൊച്ചിയുടെ പതനവും ആയിരുന്നു ഫലം. പോർച്ചുഗീസുകാർ വന്ന കാലത്ത് അവർക്കിവിടെ നേരിടേണ്ടി വന്ന പ്രശ്നങ്ങളൊന്നും ഡച്ചുകാർക്കുണ്ടായില്ല. അറബി വ്യാപാരികളുടെ ശക്തി കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ അസ്തമിച്ചിരുന്നതുകൊണ്ട് അഭ്യന്തര വ്യാപാരത്തിലും അവരോട് മത്സരിക്കാൻ ആരുമുണ്ടായില്ല. പോർച്ചുഗീസുകാർ പരാജിതരായതോടെ അവരുമായി നാടുവാഴികളേർപ്പെട്ടിരുന്ന എല്ലാ ഉടമ്പടികളും ഡച്ചുകാർക്കവകാശപ്പെട്ടതായി. കൊച്ചിയും കോഴിക്കോടും വടക്കുംകൂറും തെക്കുംകൂറും പാട്ടിലായതോടെ ആ പ്രദേശങ്ങളിലെ കുരുമുളകു വ്യാപാരത്തിള്ള അവകാശം ഡച്ചുകാർക്കു മാത്രമായി. കോലത്തിരിയുമായി ഒരുടമ്പടി ഉണ്ടാക്കി പോർച്ചുഗീസുകാരെ അവിടെ നിന്നും പുറന്തള്ളി. കുറഞ്ഞ നാളുകൾക്കുള്ളിൽ തെക്കൻ നാടുകളായ പുറക്കാടും കായംകുളവുമായും വ്യാപാര കരാറുകളുണ്ടാക്കി. ഇത്രയുമായപ്പോഴേക്കും സിലോണിലെ ഡച്ചു സേനയുടെ സഹായത്തോടെ ഒരു സൈനികമുന്നേറ്റം നടത്തി കൊല്ലം, കൊച്ചി, കൊടുങ്ങല്ലൂർ, കണ്ണൂർ എന്നിവിടങ്ങളിലെ പോർച്ചുഗീസ് കോട്ടകളും സൈനിക താവളങ്ങളും പിടിച്ചെടുത്തു. അതോടെ കേരളത്തിൽ ഡച്ചുകാരുടെ അടിത്തറയുറച്ചു.

## ബ്രിട്ടീഷ് ആധിപത്യം

പോർച്ചുഗീസുകാരെ പോലെ ഇംഗ്ലീഷുകാരും വാണിജ്യകാര്യങ്ങൾക്ക് വേണ്ടിയാണ് കേരളത്തിൽ വന്നത്. 1583 ൽ കൊച്ചിയിലെത്തിയ റാൽഫിച്ച് ആണ് കേരളത്തിൽ വന്ന ആദ്യ ഇംഗ്ലീഷുകാരൻ. തുടർന്ന് 1615-ൽ ക്യാപ്റ്റൻ കീലിംഗ് മൂന്നു കപ്പലുകളുമായി കോഴിക്കോടിനു സമീപമെത്തുകയും സാമൂതിരിയുമായി ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു. കൊടുങ്ങല്ലൂരിൽ നിന്നും കൊച്ചിയിൽ നിന്നും പോർച്ചുഗീസുകാരെ ബഹിഷ്ക്കരിക്കാൻ സഹായിക്കണമെന്നതായിരുന്നു ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരുന്നത്. സാമൂതിരി തന്റെ രാജ്യത്ത് വാണിജ്യം നടത്താനുള്ള സ്വാതന്ത്ര്യം ബ്രിട്ടീഷുകാർക്ക് നൽകി. അങ്ങനെ ബ്രിട്ടീഷ് കച്ചവടക്കാർ 1636 – ൽ കൊച്ചിയിൽ നിന്ന് ഇംഗ്ലണ്ടിലേക്ക് ആദ്യമായി കുരുമുളക് കയറ്റുമതി ചെയ്തു. 1644 – ൽ വിഴിഞ്ഞത്ത് ഒരു പണ്ടകശാല സ്ഥാപിക്കുന്നതിന് വേണാട്ട് രാജാവ് അധികാരം കൊടുത്തു. കോഴിക്കോട് പല ബുദ്ധിമുട്ടുകളും നേരിട്ട ഇംഗ്ലീഷുകാർ കേരളത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് തങ്ങളുടെ ശ്രദ്ധ തിരിച്ചുവിട്ടു. 1668 ൽ അഞ്ചുതെങ്ങ് എന്ന സ്ഥലത്ത് ഒരു ചെറിയ പ്രദേശം വ്യവസായശാല സ്ഥാപിക്കുന്നതിനു വേണ്ടി ആറ്റിങ്ങൽ റാണിയിൽ നിന്നും ലഭിച്ചു. തുടർന്ന് 1684 -ൽ ഒരു കോട്ടകെട്ടുന്നതിനുള്ള അനുവാദവും ലഭിച്ചു. 1695 ൽ ആണ് കോട്ടയുടെ പണിപൂർത്തി

SGOU

യായത്. അഞ്ചുതെങ്ങ് കിട്ടിയത് ഇംഗ്ലീഷുകാർക്ക് നേട്ടമായി.വടക്കോട്ടുള്ള ജലഗതാഗതത്തിന് ആ സ്ഥലം സൗകര്യപ്രദമായിരുന്നു. അതുകൊണ്ടു തന്നെ വാണിജ്യം അഭിവൃദ്ധിപ്പെടാൻ അത് സഹായകമായി. സൈനിക സാമഗ്രികൾ സംഭരിക്കുന്ന ഒരു കേന്ദ്രവും അവർ അവിടെ തുറന്നു. എന്നാൽ ഈ നീക്കത്തിൽ പ്രതിഷേധിച്ച നാട്ടുകാർ 1697-ൽ അഞ്ചുതെങ്ങ് കോട്ട ആക്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. 1721-ൽ ആറ്റിങ്ങൽ റാണിക്ക് സമ്മാനങ്ങളുമായി പോകുകയായിരുന്ന നൂറ്റിനാൽപ്പതോളം വരുന്ന ഇംഗ്ലീഷുകാരെ നാട്ടുകാർ ആക്രമിച്ച് വധിച്ചു. ശേഷം കോട്ടവളഞ്ഞെങ്കിലും പരാജയപ്പെട്ടു. കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യ പ്രക്ഷോഭം എന്ന നിലയിൽ ആറ്റിങ്ങൽകലാപത്തിന് ഏറെ പ്രാധാന്യം ഉണ്ട്. ഈ കലാപത്തെ നേരിടുന്നതിൽ കമ്പനിക്കു വന്ന നഷ്ടങ്ങൾ നികത്തുവാൻ റാണി സമ്മതിച്ചു,. മാത്രമല്ല, തന്റെ അധീന പ്രദേശങ്ങളിൽ എവിടെയും പണ്ടകശാലകൾ നിർമ്മിക്കാൻ റാണി ഈസ്റ്റിന്ത്യാ കമ്പനിക്ക് അനുമതി നല്കി കൂടാതെ കുരുമുളക് വ്യാപാരത്തിന്റെ കുത്തകയും ഇംഗ്ലീഷുകാർക്കു ലഭിച്ചു. 1723-ൽ തിരുവിതാംകൂർ രാജാവുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരം കുളച്ചലിൽ ഒരു കോട്ട പണിയിച്ചു കൊടുക്കാമെന്ന് സമ്മതിച്ചു. എന്നാൽ കോലത്തു രാജാവിന്റെ പ്രതിനിധി തലശ്ശേരിയിലുള്ള ഇംഗ്ലീഷുകാരുടെ പണ്ടകശാല ആക്രമിച്ചു.ഈ ആക്രമണത്തിൽ ഇംഗ്ലീഷുകാർക്ക് വൻ നഷ്ടങ്ങൾ ഉണ്ടായി. ഇതിന് പരിഹാരമായി തലശ്ശേരിയിൽ ഒരു കോട്ട പണിയാൻ കോലത്തിരി അനുവദിച്ചു. ഇതോടെ മലബാറിലും ഇംഗ്ലീഷുകാർ ഒരു സൈനിക ശക്തിയായി തീർന്നു.

## മിഷണറി പ്രവർത്തനങ്ങൾ

ബ്രിട്ടീഷുകാരുടെ കാലത്താണ് കേരളത്തിൽ പാശ്ചാത്യവിദ്യാഭ്യാസം ആരംഭിക്കുന്നത്. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തങ്ങൾ ഇതിനെ വേഗത്തിലാക്കി. പാശ്ചാത്യ വിദ്യാഭ്യാസം കേരളത്തിന്റെ സാമൂഹ്യ പ്രവർത്തനത്തെ ഏറെ സ്വാധീനിച്ചു. ബ്രിട്ടീഷ് ഭരണാധികാരികൾ ജാതിയുടെ അടിസ്ഥാനത്തിലല്ലാതെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ നാട്ടുകാർക്ക് ജോലി നല്കിയപ്പോൾ ക്രിസ്ത്യാനികളും, നായന്മാരുമായുള്ള സവർണഹിന്ദുക്കളും സർക്കാർ ജോലി ലഭിക്കാൻ വേണ്ടി പാശ്ചാത്യവിദ്യാഭ്യാസം നേടാൻ തയ്യാറായി രംഗത്തു വന്നു. മിഷണറിമാർ ജാതി മത ചിന്തകൾക്കതീതമായി പാശ്ചാത്യ വിദ്യാഭ്യാസം ജനങ്ങളിൽ എത്തിക്കാൻ വേണ്ടി സ്തുത്യർഹമായ സേവനമാണ് ചെയ്തത്. ലത്തീൻ മിഷൻ സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി എന്നിവയിലെ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ തിരുവിതാംകൂറിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നു. വൈജ്ഞാനികരംഗത്തും ഭാഷാസാഹിത്യരംഗത്തും വേഗത്തിൽ ചലനമുണ്ടാക്കിയ ഒരു സംഭവമാണ് അച്ചടിവിദ്യയുടെ ആവിർഭാവം, പത്രമാസികകളുടെ പ്രസാധനം, ഗദ്യഭാഷയുടെ വികാസം തുടങ്ങിയവ.

കേരളത്തിൽ മിഷണറി പ്രവർത്തനങ്ങളിൽ ശ്രദ്ധവെച്ചത് 1805-ൽ പ്രവർത്തനമാരംഭിച്ച ലത്തീൻമിഷനിലെ റവ.മീഡ് ആയിരുന്നു. 1813-ൽ ചർച്ച് മിഷൻ കോട്ടയത്ത് ഒരു കോളേജും ഒരു സെമിനാരിയും സ്ഥാപിച്ചു. മതപ്രചാരണം ലക്ഷ്യമാക്കിയ മിഷണറിമാർ അത് തുടരാൻ കണ്ടെത്തിയ വഴി വിദ്യാഭ്യാസപ്രവർത്തനമായിരുന്നു. ഗവൺമെന്റും അതിനെ പ്രോത്സാഹിപ്പിച്ചു. ജാതിമതഭേദമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം നല്കാൻ മിഷണറിമാർ തയ്യാറായതോടെ താഴ്ന്ന ജാതിക്കാരും സർക്കാർ ജോലിയിൽ പ്രവേശിക്കാൻ തുടങ്ങി. പൊതുവിദ്യാഭ്യാസം വളർത്തുന്നതിനായി സർക്കാരും വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം തൃശൂർ എന്നിവിടങ്ങളിൽ സർക്കാർവിദ്യാലയങ്ങൾ തുടങ്ങി. തിരുവനന്തപുരം മഹാരാജാസ് കോളേജ് എറണാകുളം മഹാരാജാസ് കോളേജ് എന്നിവ നിലവിൽ വന്നതുമൂലം ഉന്നത വിദ്യാഭ്യാസത്തിന് വഴിതെളിച്ചു. കൊളോണിയൽ ആധുനികതയിൽ വിദ്യാഭ്യാസരംഗത്തും സാമൂഹ്യ സാംസ്കാരിക രംഗത്തും നവോത്ഥാനം ഉണ്ടായി.

പോർച്ചുഗീസുകാരുടെ വരവോടെയാണ് അച്ചടി തുടങ്ങുന്നത് 'വൈദിക വിഷയങ്ങൾ നാട്ടുഭാഷയിൽ പഠിപ്പിക്കുവാൻ വേണ്ടിയാണ് ജെസ്യൂട്ട് പുരോഹിതൻമാർ ഭാഷാലിപികളിൽ മുദ്രണം നടപ്പിലാക്കുന്നതിനു വേണ്ടി ശ്രമി

ച്ചത്. ജോനാസ് ഗോൺസാൽവസ് എന്ന സ്പാനിഷ് മിഷണറിയാണ് ആദ്യമായി കേരളത്തിൽ മലയാള ലിപികൾ അച്ചടിച്ചത് എന്നാണ് വിശ്വസിക്കുന്നത്. പോർച്ചുഗീസുകാർ കൊച്ചിയിലും വൈപ്പിൻ കോട്ടയിലും അച്ചടിശാലകൾ സ്ഥാപിച്ചു. ഡച്ചുകാരുടെ കാലത്ത് പ്രസിദ്ധീകരിച്ച കേരളത്തിലെ സസ്യങ്ങളെക്കുറിച്ചുള്ള ഹോർത്തൂസ് മലബാറിക്കസ് എന്ന പുസ്തകത്തിൽ സസ്യനാമങ്ങൾ ലത്തീൻ അറബിക്, സംസ്കൃതം എന്നീ ഭാഷകൾക്കുപുറമേ മലയാള അക്ഷരത്തിലും കൊടുത്തിരുന്നു. മലയാള ഭാഷയിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുവും തയ്യാറാക്കുന്നതിന് താല്പര്യം കാണിച്ചത് ജെസ്യൂട്ട് മിഷണറിമാരായിരുന്നു. മലയാളത്തിലെ ആദ്യ വ്യാകരണ ഗ്രന്ഥം തയ്യാറാക്കിയത് പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വാരാപ്പുഴ മെത്രാപൊലീത്ത ആയിരുന്ന ഡോ. അഞ്ചലോസ് ഫ്രാൻസിസ് ആണ്. മലയാള ഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ ഗ്രന്ഥം ഫാദർ ക്ലെമന്റ് രചിച്ച 'സംക്ഷേപവേദാർത്ഥം' ആണ്. ക്രിസ്തുമത തത്വങ്ങൾ പൂർണമായും വിവരിക്കുന്ന ഈ പുസ്തകം റോമിലാണ് മുദ്രണം ചെയ്തതെന്ന് വിശ്വസിക്കുന്നു. വിദേശമിഷണറിമാരെ പിന്തുടർന്ന് നാട്ടുകാരായ പാതിരിമാരും മലയാള ഭാഷയിൽ കൃതികൾ രചിക്കുകയുണ്ടായി. കരിയാറ്റിൽ ഔസേപ്പ് മെത്രാന്റെ വേദതർക്കം, മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമായ പാറേമ്മാക്കൽ തോമാകത്തനാരുടെ വർത്തമാനപുസ്തകം എന്നിവ ഇതിനുദാഹരണമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ബെഞ്ചമിൻ ബെയ്‌ലിയും ഹെർമ്മൻ ഗുണ്ടർട്ടും മലയാളം കൃതികളുടെ അച്ചടിയിൽ സജീവമായി ഇടപെട്ടവരാണ്. 1846-ൽ ബെയ്‌ലി ഇംഗ്ലീഷ് മലയാളം നിഘണ്ടു പ്രസിദ്ധപ്പെടുത്തി., ബാസൽ മിഷൻ പ്രവർത്തകനായ ഹെർമൻ ഗുണ്ടർട്ട് മലയാളം ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധപ്പെടുത്തി. വ്യാകരണം, ചരിത്രം, വേദശാസ്ത്രം എന്നീ വിഷയങ്ങളിലും അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട് ഇത്തരത്തിൽ കേരളീയ നവോത്ഥാനത്തിൽ മിഷണറിമാർ വഹിച്ച പങ്ക് നിസ്തുലമാണ്.

## Recap

- സാമൂഹിക ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങളെ അടയാളപ്പെടുത്തുന്നു.
- അധ:സ്ഥിതവിഭാഗം സാമൂഹിക പരിഷ്കരണത്തിന് ചുക്കാൻ പിടിച്ചു.
- നവോത്ഥാന പ്രക്രിയയിൽ പൊതുവായ പല ഘടകങ്ങളും ഒന്നു ചേർന്നു.
- മതത്തിന്റെ പേരിൽ നിലനിന്നിരുന്ന പല ആചാരങ്ങളെയും പരിഷ്കരിച്ചു.
- ജനജീവിതം ക്ഷേത്രസങ്കേതങ്ങളുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തി
- മതം എന്നത് ആചാരമായി മാറി
- സ്ത്രീകളുടെ അവകാശ പോരാട്ടം
- ജാതിവ്യവസ്ഥയുടെ ആരംഭം
- അവർണർക്ക് എല്ലാ വിധ സാമൂഹിക നീതികളും പൊതുമര്യാദകളും വിലക്കപ്പെട്ടു
- കേരളത്തിലെ രാഷ്ട്രീയ സാഹചര്യം വഴിയൊരുക്കി
- മിഷണറി പ്രവർത്തനം സ്ത്രീവിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകി.

SGOU

## Objective Type Questions

1. കേരളത്തെ ഭ്രാന്താലയം എന്നു വിളിച്ചതാര്?
2. അവർണർ ക്ഷേത്രത്തിൽ പ്രവേശിക്കരുത് എന്ന ആചാരത്തെ ലംഘിച്ചതിന്റെ ഫലമായി ഉണ്ടായ സംഭവം ഏത്
3. ക്ഷേത്ര പ്രവേശന വിളംബരം നടത്തിയതാര്?
4. ഈഴവർ ഏതു രാജ്യത്ത് നിന്ന് വന്നവരാണ്?
5. ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യ കലാപം?
6. ഇന്ത്യയിലെ ആദ്യ യൂറോപ്യൻ കോട്ട ഏതാണ്?
7. ലാറ്റിനമേരിക്കയിൽ മാത്രം ഉണ്ടായിരുന്ന മുളക് കേരളത്തിൽ കൊണ്ടു വന്നതാര്?
8. മലയാള പത്രപ്രവർത്തനത്തിന്റെ തുടക്കക്കാരനായ വിദേശമിഷണറി ആര്?
9. വടക്കൻകേരളത്തിൽ വിദ്യ ആഭ്യസിപ്പിച്ചിരുന്ന കേന്ദ്രങ്ങൾ ഏതു പേരിൽ അറിയപ്പെടുന്നു?
10. പുല്ലേലികുഞ്ചു എന്ന നോവൽ പ്രസിദ്ധീകരിച്ച മാസിക ഏത് ?
11. വീണപൂവ് പ്രസിദ്ധീകരിച്ച മാസിക ?
12. പോർച്ചുഗീസുകാരുടെ ആഗമനകാലത്ത് ഇന്ത്യയുടെ വിദേശവ്യാപാരം ആരുടെ കീഴിലായിരുന്നു?
13. കേരളത്തിൽ അച്ചടിയുടെ ആരംഭം ആരുടെ വരവോടെയാണ് ആരംഭിച്ചത്
14. വാസ്കോ ഡ ഗാമ കോഴിക്കോട് എത്തിയ വർഷം?
15. വാസ്കോ ഡ ഗാമയെ ഇന്ത്യയിലേക്ക്അയച്ചതാര്?
16. ബ്രാഹ്മണർക്ക് നൽകിയിരുന്ന ശിക്ഷാരീതി ഏതു പേരിൽ അറിയപ്പെടുന്നു ?

## Answers

1. സ്വാമിവിവേകാനന്ദൻ
2. ദളവാക്കുളം
3. ചിത്തിരതിരുനാൾ ബാലരാമവർമ്മ
4. സിലോൺ
5. ആറ്റിങ്ങൽ കലാപം
6. ഫോർട്ടുമാനുവൽ കോട്ട
7. പോർച്ചുഗീസുകാർ
8. ഡോ. ഹെർമൻ ഗുണ്ടർട്ട്
9. സഭാമഠങ്ങൾ
10. ജ്ഞാനനിക്ഷേപം
11. മിതവാദി
12. അറബികളുടെ
13. പോർച്ചുഗീസുകാരുടെ
14. 1498 മെയ് 12
15. പോർച്ചുഗൽ രാജാവായ മാനുവൽ
16. തൂക്കു പരീക്ഷ

SGOU

## Assignment

1. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിലെ സാമൂഹ്യരാഷ്ട്രീയാവസ്ഥകളെ വിലയിരുത്തുക.
2. കൊളോണിയൽ ആധിപത്യത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് അപഗ്രഥിക്കുക.
3. മിഷണറി പ്രവർത്തനത്തിന്റെ ഫലമായി കൈവന്ന നേട്ടങ്ങളെ കുറിച്ച് ഉപന്യസിക്കുക
4. ജന്മിത്തത്തെക്കുറിച്ച് വിശദമാക്കുക.

## References


1. സ്കറിയ സക്കറിയ (എ ഡി) 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി.എസ്, കോട്ടയം.
2. എ.ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം
3. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം ഭാഗം ', എസ്.പി. സി.എസ്, കോട്ടയം
5. ഡോ. കെ.എൻ ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി.ബുക്സ്, കോട്ടയം
7. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
8. ഡോ. എസ്. കെ വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ
9. കെ.ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി.ബുക്ക്സ്, കോട്ടയം.


SGOU

## Suggested Readings


1. എം.ജി.എസ്. നാരായണൻ, കേരള ചരിത്രത്തിലെ അടിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
2. ഡോ. എസ്. കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ
3. കെ.ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി.ബുക്ക്സ്, കോട്ടയം.

# 3

# BLOCK

## നവോത്ഥാനവും സമൂഹവും

SGOU

# യൂണിറ്റ് 1

# നവോത്ഥാനവും സമൂഹവും

## Learning Outcomes

- നവോത്ഥാനത്തിന്റെ സാമൂഹിക അടിത്തറയെക്കുറിച്ച് അറിവ് ലഭിക്കുന്നു
- പൊതുവിദ്യാഭ്യാസത്തെക്കുറിച്ച് ധാരണ നേടുന്നു
- ആദ്യകാലപത്രമാസികകളെക്കുറിച്ച് അറിവ് ലഭിക്കുന്നു.
- പൊതുമണ്ഡല രൂപീകരണത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു

## Prerequisite

നവോത്ഥാനമെന്നാൽ പുതിയ ഉണർവെന്ന് അർഥമാക്കാം. കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യവും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളും കേരള സമൂഹത്തിൽ ഉണർവിന്റെ കാലഘട്ടമായിരുന്നു. കേരള സമൂഹത്തിലെ പുതിയ ഉണർവ് ആകസ്മികമായി ഉണ്ടായതല്ല. തിരുവിതാംകൂറിൽ അരുവിപ്പുറംപ്രതിഷ്ഠ മുതൽ സ്വദേശാഭിമാനിയുടെ നാടുകടത്തൽ വരെയുണ്ടായ സംഭവങ്ങൾക്കും, സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾക്കുമുള്ള സ്വാധീനം വ്യക്തമാണ്. ലോകത്തെവിടെയും നവോത്ഥാനം പല കൈവഴികളിലൂടെയാണ് സംഭവിച്ചിട്ടുള്ളത്. ശാസ്ത്രത്തിന്റെ സംഭാവന കൊണ്ടും ഉന്നതരായ ചിന്തകരെയും ആധ്യാത്മിക പരിഷ്കർത്താക്കളെക്കൊണ്ടും സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളെക്കൊണ്ടും പലതരത്തിലുള്ള ഇടപെടലുകളായാണ് നവോത്ഥാനം സാമൂഹിക ജീവിതത്തിൽ സംഭവിക്കുന്നത്. പരിഷ്കരണപ്രവർത്തനങ്ങളെയും നവോത്ഥാനം എന്ന സംജ്ഞയ്ക്കുള്ളിൽ ഉൾപ്പെടുത്താവുന്നതാണ്.

കേരളീയ നവോത്ഥാനത്തിന്റെ ഭാഗമായി മലയാളിയുടെ സ്വത്വബോധം വളർന്നുവന്നു. മലയാളി മധ്യവർഗം അഖിലേന്ത്യാതലത്തിൽ വളർന്നു വന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ കൊളോണിയൽ വിരുദ്ധ മനോഭാവം ഉൾക്കൊണ്ട് ഇന്ത്യൻദേശീയപ്രസ്ഥാനവുമായി താദാത്മ്യം പ്രാപിച്ചു. സാമൂഹ്യ പരിഷ്കരണം എല്ലാ വിഭാഗങ്ങളുടെയും പ്രധാന മുദ്രാവാക്യമായി. അടിയാള വിഭാഗങ്ങൾ അവർ പേറിവന്ന അടിയാളരുടെ ചിഹ്നങ്ങൾ തകർത്തെറിഞ്ഞു. നായൻമാരും നമ്പൂതിരിമാരും സാമൂഹ്യപരിഷ്കരണത്തോടൊപ്പം ദായക്രമം, പിന്തുടർച്ചാവകാശം, വിവാഹരീതികൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവയിലെ പരിഷ്കരണം കൂടി പ്രധാന മുദ്രാവാക്യമായെടുത്തു. അതോടെ സ്ത്രീകളുടെ സ്ഥാനം കൂടി പരിഷ്കരണത്തിന്റെ അജണ്ടയിൽ വരികയും ചെയ്തു. മരുമക്കത്തായ ആൺകോയ്മയിലേക്ക മാറ്റം ആരംഭിച്ചത് ഈ ഘട്ടത്തിലാണ്. പൊതുമണ്ഡല രൂപീകണത്തിൽ ചരിത്രത്തെ പ്രാചീന കാലം, മധ്യകാലം, ആധുനികകാലം എന്ന് വേർതിരിക്കാറുണ്ട്. ആധുനിക കാലത്തെ ബ്രിട്ടീഷ് ആധിപത്യം അതിനു ശേഷവും എന്നിങ്ങനെയും തിരിക്കാറുണ്ട്. എന്നാൽ സമകാലീന പ്രശ്നങ്ങളിൽ പലതിന്റെയും വേരുകൾ ഇത്തരത്തിലുള്ള കേവലമായ കാലഗണന വഴി മാത്രം

SGOU

കണ്ടെത്താനാവില്ല. ജാതിഘടന മധ്യകാലത്തിൽ രൂപം കൊള്ളുകയും ആധുനിക കാലത്തിൽ മാറ്റം വരുകയും ചെയ്തതാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## Keywords

നവോത്ഥാനത്തിന്റെ സാമൂഹിക അടിത്തറ – പൊതുവിദ്യാഭ്യാസം, പത്രമാസികകൾ, പൊതുമണ്ഡല രൂപീകരണം

## Discussion

### നവോത്ഥാനത്തിന്റെ സാമൂഹ്യ അടിത്തറ

കേരളത്തിലെ സാമൂഹ്യജീവിതത്തിൽ വലിയമാറ്റങ്ങൾക്ക് തുടക്കമിട്ട ഒരു പ്രസ്ഥാനമായിരുന്നു നവോത്ഥാനം. കേരളത്തിൽ സാമൂഹ്യമാറ്റങ്ങളുടെ തുടക്കത്തിന് പതിനാറാം നൂറ്റാണ്ടോളം പഴക്കമുണ്ട്. എഴുത്തച്ഛന്റെ സ്വാധീനത്താൽ മലയാളഭാഷ രൂപം കൊണ്ടതും ഭക്തി പ്രസ്ഥാനത്തിന്റെ വളർച്ചയും സാഹിത്യത്തിനും അറിവിനും മേൽ ബ്രാഹ്മണർക്ക് ഉണ്ടായിരുന്ന കുത്തക തകർക്കാൻ സഹായിച്ചു. ആദ്യം പോർച്ചുഗീസുകാരും പിന്നീട് ഡച്ചുകാരും ഒടുവിൽ ഇംഗ്ലീഷുകാരും എത്തിയത് ഈ മാറ്റങ്ങൾക്ക് വഴിത്തിരിവായി. യൂറോപ്യൻ മിഷണറിമാരുടെ വരവോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിത്തുടങ്ങുകയും ജാതി സമുദായങ്ങൾക്കിടയിൽ വിദ്യാഭ്യാസം നേടിയ ഒരു വിഭാഗം ആളുകൾ ഉണ്ടായി വരികയും ചെയ്തു. നാടുവാഴിത്തത്തിന് അന്ത്യം കുറിച്ചുകൊണ്ട് തിരുവിതാംകൂറിലും കൊച്ചിയിലും കേന്ദ്രീകൃത രാജവംശങ്ങൾ നിലവിൽ വന്നതും നാടുവാഴിത്തത്തെ ദുർബലപ്പെടുത്തിയതും ഈ മാറ്റങ്ങൾക്ക് പശ്ചാത്തലമൊരുക്കി. കേരളത്തിലേക്ക് മൈസൂരിന്റെ കടന്നുകയറ്റം നമ്പൂതിരി, നായർ തുടങ്ങിയ വരേണ്യവിഭാഗങ്ങൾക്ക് അധികാരത്തിന്മേലുള്ള സ്വാധീനം ദുർബലപ്പെടുത്തി. മൈസൂരുകാർ ജാതിവ്യവസ്ഥയെ വകവച്ചിരുന്നില്ല. ഉത്തരകേരളത്തിലെ പല നമ്പൂതിരി നായർ കുടുംബങ്ങൾ വേട്ടയാടലിൽ നിന്ന് രക്ഷപ്പെടാനായി തെക്കൻ കേരളത്തിലേക്ക് പലായനം ചെയ്യേണ്ടി വന്നു. ഉത്തരേന്ത്യയിൽ നിന്ന് വിഭിന്നമായി കേരളത്തിലെ നവോത്ഥാനം കീഴാളവർഗങ്ങളുടെ നേതൃത്വത്തിലായിരുന്നു നടന്നത്. ശ്രീനാരായണഗുരു, അയ്യൻകാളി തുടങ്ങിയവർ പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യ സാഹചര്യങ്ങളിൽ പിന്നാക്ക ജാതികളായി കണക്കാക്കപ്പെട്ടിരുന്ന വിഭാഗങ്ങളായിരുന്നു. അതുകൊണ്ടു തന്നെ ജാതി നവീകരിക്കുന്നതിനേക്കാൾ അവർ ഊന്നൽ കൊടുത്തത് ജാതിസമ്പ്രദായത്തിന്റെ അന്ത്യം കുറിക്കലിനായിരുന്നു.

### പൊതുവിദ്യാഭ്യാസം

തെക്കൻ കേരളത്തിൽ ശാലകൾ, സഭാമഠങ്ങൾ, എഴുത്തുപള്ളികൾ എന്നിവയായിരുന്നു വിദ്യാഭ്യാസ സംബന്ധിയായ പഠനകേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്നത്. വടക്കൻ കേരളത്തിലാകട്ടെ സഭാമഠങ്ങളിലാണ് വിദ്യ അഭ്യസിപ്പിച്ചിരുന്നത്. ഗുരുകുലരീതിയിൽ നമ്പൂതിരിമാർ ഇവിടങ്ങളിൽ വേദം, ഉപനിഷത്ത് എന്നിവ പഠിപ്പിച്ചിരുന്നു. ഇത്തരം സ്ഥലങ്ങൾ കൂടാതെ ഗ്രാമങ്ങളിൽ മുഖ്യവീടുകളോടനുബന്ധിച്ച് പള്ളിക്കൂടങ്ങളും നിലനിന്നിരുന്നു. കായിക-ആയോധനമുറകൾ കൂടാതെ വൈദ്യം, ജ്യോതിഷം എന്നിവയും ഇവിടെ ആഭ്യസിപ്പിച്ചിരുന്നു. അധ്യാപകർ എഴുത്തച്ഛൻമാർ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നു. പനയോലയിൽ നാരായം കൊണ്ടുള്ള എഴുത്തു രീതിയായിരുന്നു നിലവിലുണ്ടായിരുന്നത് ബ്രാഹ്മണർ മാത്രമല്ല, നായൻമാർ, ഈഴവർ എന്നിവർക്ക് വിദ്യാഭ്യാസം നൽകണമെന്ന ലക്ഷ്യം നിലനിന്നിരുന്നു. പതിനാറാംനൂറ്റാണ്ടിൽ തിരൂരിലെ തുഞ്ചൻ പറമ്പ് ഇത്തരത്തിൽ ഒരു വിദ്യാകേന്ദ്രമായി രൂപപ്പെട്ടു. ഗ്രാമകേന്ദ്രങ്ങളിലെ കളരികൾ ആയോധനാഭ്യാസത്തിനു വേണ്ടി രൂപപ്പെട്ടവയായിരുന്നു. എഴുത്തുപള്ളിയിലെ പഠനശേഷം

SGOU

യുവാക്കളെ കളരിയിലേക്ക് നയിക്കപ്പെട്ടിരുന്നു.പതിനാലാം നൂറ്റാണ്ടിൽ തെക്ക് വേണാട് എന്ന പേരിൽ വിദ്യാഭ്യാസ പുരോഗതി കൈവരിച്ച പ്രദേശത്തിന്റെ തലസ്ഥാനം കൊല്ലം പട്ടണമായിരുന്നു. വടക്ക് തളിപ്പറമ്പും കോട്ടയവും സാമൂതിരിമാരുടെ നേതൃത്വത്തിലും ഉന്നതി നേടി.ഇത്തരം പ്രദേശങ്ങളെല്ലാം വരേണ്യവർഗ വിദ്യാഭ്യാസത്തിനു മാത്രം വേണ്ടി നിർമ്മിക്കപ്പെട്ടവയായിരുന്നു. പശ്ചാത്യവിദ്യാഭ്യാസമാണ് കേരളത്തിൽ വ്യാപകമായ വിദ്യാഭ്യാസത്തിന് തുടക്കമിട്ടത്. പതിനാലാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ പോർച്ചുഗീസുകാർ കൊടുങ്ങല്ലൂർ, കൊച്ചി, വൈപ്പിൻകോട്ട എന്നീ സ്ഥലങ്ങളിൽ സെമിനാരികൾ സ്ഥാപിച്ചു. 1805-ൽ റവ.മീഡിന്റെ നേതൃത്വത്തിൽ നാഗർകോവിലിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സ്ത്രീ വിദ്യാഭ്യാസത്തിനും പ്രോത്സാഹനം നൽകി. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാഭ്യാസ പുരോഗതിയിൽ വളരെയധികം സ്ഥാധീനം ചെലുത്തിയിട്ടുണ്ട്. കാലോചിതമായ പല മാറ്റങ്ങൾ ഇവയുടെ ഘടനയിലും രീതിയിലും വരുത്തി. പ്രീ-പ്രൈമറിക്കുശേഷം ഒന്നു മുതൽ നാലുവരെ ലോവർപ്രൈമറി, നാലു മുതൽ ഏഴുവരെ അപ്പർ പ്രൈമറി,എട്ടു മുതൽ പത്തുവരെ ഹൈസ്കൂൾ,+1,+2 ഹയർ സെക്കന്ററി എന്ന രീതിയിലുമാണ് നിലവിൽ വന്നത്. ഒന്നു മുതൽ എട്ടുവരെ സൗജന്യഭക്ഷണം, വസ്ത്രം, പാഠപുസ്തകങ്ങൾഎന്നിവ നൽകപ്പെട്ടിരുന്നു.

1933-ലെ സ്റ്റാഥാം കമ്മിറ്റി റിപ്പോർട്ടിന്റെ ഫലമായി കേരളത്തിലെ വിദ്യാഭ്യാസരീതിയിൽ വിപുലമായ മാറ്റം വരുത്തി. ക്ലാസുകളുടെ പേരുകൾ മാറ്റി. പഠനമാധ്യമത്തിൽ മാറ്റം വരുത്തി, സിലബസ് നവീകരിച്ചു, ഇംഗ്ലീഷ് സ്കൂളിനൊപ്പം വെർണാകുലർസ്കൂളുകളും പ്രവർത്തനം ആരംഭിച്ചു. പ്രൈമറി വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവും സാർവത്രികവുമാക്കികൊണ്ട് തിരുവിതാംകൂർ സർക്കാർ 1944 - 45 ഒരു ഉത്തരവിറക്കി. 1945 ൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠനമാധ്യമം മാതൃഭാഷയാക്കി. 1949-ൽ തിരുവിതാംകൂർ കൊച്ചി സംയോജനത്തോടെ ഏകീകൃത പഠനസമ്പ്രദായം നിലവിൽ വന്നു. ആദ്യത്തെ എസ്.എസ്.എൽ.സി പരീക്ഷ 1952 മാർച്ചിൽ നടത്തി. ഹൈസ്കൂളുകളിൽ ഹിന്ദി ഒരു പഠന ഭാഷയായി സ്വീകരിച്ചു. 1953 - 54 വിദ്യാഭ്യാസ വർഷം ഹിന്ദി എല്ലാം മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലും നിർബന്ധിത വിഷയമാക്കി. ലോവർ സെക്കന്ററിതലം വരെയുള്ള വിദ്യാഭ്യാസം സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും സൗജന്യമാക്കി.

## നവോത്ഥാനവും പത്രമാസികകളും

ആശയങ്ങളാണല്ലോ നവോത്ഥാനത്തിന് വിത്തുപാകുന്നത്. അങ്ങനെയെങ്കിൽ നവോത്ഥാനമെന്നത് അത്ര നവമല്ല. അത് പുറകോട്ടു പുറകോട്ടു പുച്ഛം നീണ്ടുപോകുന്ന ഒരു പ്രക്രിയയാണെന്ന് പറയേണ്ടിവരും. ആശയവിനിമയത്തിന് ജീവികൾ ശബ്ദം പുറപ്പെടുവിച്ചു. ശബ്ദം ദിഗന്തങ്ങളിൽ ലയിച്ചു കഴിഞ്ഞാൽ അതിന് തെളിവെന്ത്? അതുകൊണ്ട് ശബ്ദം രേഖയിലാക്കുന്നു. അതെഴുത്തായി, വരയായി, ലിപിയായി, ഘടനയോടുകൂടിയ ഭാഷയായി, ഭാഷണമായി വീണ്ടും തിരികെയെത്തുന്നു. ശബ്ദം ദൃശ്യാവിഷ്കരണമായി മാറിയപ്പോൾ വരകൾ, ചിത്രങ്ങൾ, ലിപികൾ, പുസ്തകങ്ങൾ, പത്രങ്ങൾ, മാസികകൾ ഇങ്ങനെ ഒന്നൊന്നായി ആശയവിനിമയത്തിന് പരിഷ്കരണം വന്നുചേർന്നു. പിന്നീടെന്തെല്ലാം മാധ്യമങ്ങൾ കടന്നുവന്നു. ഇവിടെ കേരളീയ നവോത്ഥാനവുമായി ബന്ധപ്പെട്ടു ചിന്തിക്കുമ്പോൾ നാം പ്രവേശിക്കുന്നത് പത്രപ്രവർത്തന ചരിത്രത്തിലേക്കാണ്. മറ്റുകാര്യങ്ങളിലെന്നതുപോലെ പത്രപ്രവർത്തന ചരിത്രത്തിലും നാം കടപ്പെട്ടിരിക്കുന്നത് വിദേശികളായ മിഷണറി പ്രവർത്തകരോടാണ്. യേശുവിന്റെ സ്നേഹസന്ദേശം പ്രചരിപ്പിക്കുകയെന്ന മിഷൻ ഏറ്റെടുത്തു വന്നവരായിരുന്നു മിഷണറിമാർ. ദൗത്യം വിജയിപ്പിക്കാൻ അവർക്ക് മാധ്യമങ്ങൾ വേണമായിരുന്നു. ഡോ: ഹെർമ്മൻ ഗുണ്ടർട്ടിൽ നിന്നാണ് മലയാള പത്രപ്രവർത്തനത്തിന്റെ ചരിത്രം തുടങ്ങുന്നത്. 'രാജ്യസമാചാരം' എന്ന പത്രം 1847-ലാണ് ആദ്യമായി ഇറങ്ങിയത്. തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ നിന്നുള്ള പ്രസിലാണ് പത്രം കല്ലച്ചിൽ അടിച്ചത്. 'ജർമ്മൻ ബാസൽ സൊസൈറ്റി'യുടെ മിഷണറിയായിരുന്നു ഗുണ്ടർട്ട് രാജ്യസമാചാരത്തിന്റെ ലക്ഷ്യം അദ്ദേഹം വ്യക്തമാക്കിയത് ഇങ്ങനെയാണ്- 'ദൈവരാജ്യം എന്നും സ്വർഗ്ഗരാജ്യം എന്നുംപേ

SGOU

രുള്ളത് ഞങ്ങളുടെ രാജ്യം.... യേശുക്രിസ്തു എന്ന രാജാവ് തന്റെ ശത്രുക്കളുടെ നടുവിൽ വാഴുന്നു.... ഈ വർത്തമാനങ്ങൾ ചിലത് രാജാവിന്റെ സ്തുതിക്കും പ്രജകളുടെ സന്തോഷത്തിനും ആയി അറിയിക്കുന്നത് നന്നെന്നു ഞങ്ങൾക്ക് തോന്നിയിരിക്കുന്നു'. നമ്മുടെ ആദ്യകാല മിഷണറിമാരുടെ പത്രങ്ങളുടെ പൊതുലക്ഷ്യം ഇതിലടങ്ങിയിട്ടുണ്ട്. തുടർന്ന് 'പശ്ചിമോദയം' മാസിക 1847-ൽ പുറത്തിറങ്ങുന്നു. ഇത് പുതുവിജ്ഞാനങ്ങൾ ജനങ്ങളിലെത്തിക്കാൻ ഇറക്കിയതാണ്. 'വെളിച്ചം പൂർവ്വദിക്കിൽനിന്നു മാത്രമല്ല പശ്ചിമദിക്കിൽനിന്നും വരുന്നു.' എന്ന അർഥത്തിലാണ് മാസികയെ അവർ പ്രകീർത്തിച്ചത്. മലയാളത്തിലെ ആദ്യ ശാസ്ത്രമാസികയെന്നാണ് പുതുപ്പള്ളി രാഘവൻ പശ്ചിമോദയത്തെ വിശേഷിപ്പിക്കുന്നത്.

1848-ൽ ജ്ഞാനനിക്ഷേപം' കോട്ടയത്തുനിന്നും സി.എം.എസു.കാർ പുറത്തുവിട്ടു. ശാസ്ത്രവിഷയങ്ങൾ. ജീവിതചര്യകൾ, വിഷചികിത്സ തുടങ്ങിയ കാര്യങ്ങൾക്കൊപ്പം സാഹിത്യസംബന്ധിയായ കാര്യങ്ങളും മാസികയിൽ ഉണ്ടായിരുന്നു. 'പുല്ലേലിക്കുഞ്ചു' എന്ന നോവൽ പ്രസിദ്ധീകരിച്ചത് ജ്ഞാനനിക്ഷേപത്തിലായിരുന്നു. മാസികകളുടെ സ്ഥാനത്ത് പത്രങ്ങൾ വന്നു. അതിൽ പ്രധാനം 'വെസ്റ്റേൺ സ്റ്റാർ' തന്നെയാണ്. 1860-ൽ ചാൾസ് ലാസൻ എന്ന ഇംഗ്ലീഷുകാരനായിരുന്നു ഇതിന്റെ പത്രാധിപർ. ഇതിന്റെ മലയാളപ്രസിദ്ധീകരണമായിരുന്നു 'പശ്ചിമതാരക'(1864). ഇതിന്റെ നടത്തിപ്പുകാർ മിഷണറിമാർ ആയിരുന്നില്ല. തുടർന്ന് അതേ വർഷംതന്നെ സി.എം.എസ്. കോളേജിൽ നിന്നും 'വിദ്യാസംഗ്രഹം' എന്ന പ്രസിദ്ധീകരണം 1864-ൽ പുറത്തുവരുന്നുണ്ട്. 'സന്ദിഷ്ടവാദി' എന്ന പത്രം പിന്നീട് കോട്ടയത്തുനിന്നും പ്രസിദ്ധീകരിക്കുന്നുണ്ട്. ഭരണാധികാരികളുടെ അനിഷ്ടം നേരിട്ടതിനാൽ ആദ്യമായി നിരോധിക്കപ്പെട്ട പത്രവും 'സന്ദിഷ്ടവാദി'യാണ്. 'കേരളപതാക', 'കേരളചരിത്രം' തുടങ്ങി സാമാന്യം പ്രചാരമുള്ള പത്രങ്ങൾ തുടർച്ചയായി പുറത്തിറങ്ങി. പിന്നീടിറങ്ങിയ പല പത്രങ്ങളും സാഹിത്യസംബന്ധിയായിരുന്നു.

പല പത്രങ്ങളും ഭരണകൂടത്തിന്റെ വിമർശകരായി രംഗത്ത് വന്നു. അതിൽ പ്രധാനമാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'സ്വദേശാഭിമാനി' എന്ന പത്രം. പത്രപ്രവർത്തന ചരിത്രത്തിൽ ഇതിന് അവിസ്മരണീയമായ സ്ഥാനമാണുള്ളത്. അധികാരത്തിനും അനീതികൾക്കും രാഷ്ട്രീയപ്രശ്നങ്ങൾക്കുമെതിരെ ആഞ്ഞടിച്ച പത്രാധിപരായിരുന്നു രാമകൃഷ്ണപിള്ള. വക്കം അബ്ദുൽ ഖാദർ മൗലവിയായിരുന്നു പത്രംതുടങ്ങിയത്. ദിവാന്റെ ദുർഭരണത്തിനെതിരെയായിരുന്നു അദ്ദേഹം രൂക്ഷവിമർശനങ്ങൾ നടത്തിയത്. പത്രവും പ്രസും കണ്ടുകെട്ടി. പത്രാധിപരെ നാടുകടത്തി. 'ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരുനാടിനെ' എന്നതായിരുന്നു പത്രത്തിന്റെ മുഖക്കുറിപ്പ്. 'ഗർഹ്യമായനടത്തം' എന്ന ലേഖനത്തിൽ ദിവാന്റെ സ്ത്രീസേവയെക്കുറിച്ചാണ് സ്വദേശാഭിമാനി രോഷാകുലനായത്. രാമകൃഷ്ണപിള്ളയുടെ നാടുകടത്തലിന് കാരണമായത് ആ മുഖക്കുറിപ്പായിരുന്നു.

രാഷ്ട്രീയമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പത്രങ്ങൾക്കൊപ്പം സാഹിത്യകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മാസികകളും അന്നുണ്ടായിരുന്നു. 'ഭാഷാപോഷിണി അക്കൂട്ടത്തിൽപ്പെട്ടതാണ്. കുമാരനാശാന്റെ 'വീണപൂവ്' പ്രസിദ്ധീകരിച്ചു വന്നത് 'മിതവാദി' എന്ന വാരികയിലായിരുന്നു. ഈ വാരിക പിന്നീട് മാസികയായി മാറുന്നുണ്ട്. തീയ്യരുടെ വക മലയാളം മാസിക എന്ന രീതിയിലാണ് 'മിതവാദി'പുറത്തിറങ്ങിയത്. മുഖക്കുറിപ്പായി എഴുതിയത് ശ്രീനാരായണഗുരുവിന്റെ ആത്മോപദേശശതകത്തിലെ 'അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ് വരേണം.' എന്ന രണ്ട് വരികളായിരുന്നു. 'തീയ്യരുടെ ബൈബിൾ' എന്ന് മിതവാദിയെ പരിഹസിച്ചുപോന്നിരുന്നു.

'കൃഷിഭൂമി കൃഷിക്കാരന് എന്ന അവകാശവാദം' മിതവാദിയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സ്വാതന്ത്ര്യം അർഥപൂർണ്ണമാകുന്നത് ഭൂമി കൈവശത്തിൽ എത്തുമ്പോൾ ആണെന്ന് സി. കൃഷ്ണൻ വാദിച്ചു. ദക്ഷിണാഫ്രിക്കയിൽ കഴിഞ്ഞിരുന്ന ഗാന്ധിജിയെക്കുറിച്ചും മിതവാദിയിൽ മുഖപ്രസംഗം എഴുതിയിരുന്നു. ചന്തുമേനോന്റെ ജീവചരിത്രം ആദ്യമായി വന്നത് മിതവാദിയിലായിരുന്നു. പല പ്രമുഖരുടെയും ജീവചരിത്രങ്ങൾ ഇതിൽ പ്രസിദ്ധീകരിച്ചു. സി. വി. കുഞ്ഞിരാമന്റെ പല ലേഖനങ്ങളും പ്രത്യക്ഷപ്പെട്ടത് 'മിതവാദി'യിലായിരുന്നു. 'നസ്രാണി ദീപിക', 'മലയാള

മനോരമ' തുടങ്ങിയവ. മലയാളസാഹിത്യത്തിന്റെ വളർച്ചയിൽ മനോരമയ്ക്കുള്ള പങ്ക് നിസ്തുലമാണ്. പല കവികളും എഴുതിത്തുടങ്ങിയത് മലയാളമനോരമയിലും ഭാഷാപോഷിണി മാസികയിലുമാണ്. നീതിനിഷേധിയ്ക്കപ്പെട്ടവരുടെ അവകാശ സംരക്ഷണത്തിനായി കേരളകൗമുദി പത്രം നടത്തിയ സംഭാവനയും മറക്കാവതല്ല. ദേശാഭിമാനി പത്രം കൊല്ലത്തുനിന്ന് ടി.കെ മാധവൻ പ്രസിദ്ധീകരിച്ചു. ക്ഷേത്രപ്രവേശനസമരത്തിനും മദ്യവർജ്ജനപ്രസ്ഥാനത്തിനും പ്രാധാന്യം നൽകിയിരുന്നു. ടി.കെ മാധവന് 'ദേശാഭിമാനി ടി.കെ മാധവൻ' എന്ന പേര് ലഭിച്ചത് ദേശാഭിമാനി പത്രത്തിന്റെ സാരഥ്യം വഹിച്ചതുകൊണ്ടായിരുന്നു. അന്ന് പല പത്രാധിപന്മാരും അറിയപ്പെട്ടത് അവർ കൈകാര്യം ചെയ്ത പത്രങ്ങളുടെ പേരിലായിരുന്നു. 'സഹോദരൻ' എന്നൊരു പത്രം സഹോദര സംഘത്തിന്റെ പേരിൽ അയ്യപ്പൻ പുറത്തിറക്കിയിരുന്നു. 1956 വരെ പത്രം മുടങ്ങാതെ പ്രസിദ്ധീകരിച്ചിരുന്നു. 'വേലക്കാരൻ' എന്നൊരു പത്രം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അയ്യപ്പൻ പ്രസിദ്ധീകരിച്ചിരുന്നു. എ. ബാലകൃഷ്ണപിള്ളയുടെ 'കേസരി'പത്രം പ്രസിദ്ധമായിരുന്നു. കൂടാതെ 'സമദർശി' എന്ന ഒരു പത്രവും അദ്ദേഹത്തിന്റേതായി പുറത്തുവന്നിരുന്നു. ഏറ്റവും വലിയ ജനപ്രീതി ഇതിന് ലഭിച്ചിരുന്നു. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനെതിരെ ലേഖനങ്ങൾ എഴുതിയതുകൊണ്ടാണ് 1926-ൽ ദിവാൻ വാട്ട്സ് പത്രനിയന്ത്രണ നിയമം കൊണ്ടുവന്നത്. സമുദായത്തിന്റെയും ഭരണകൂടത്തിന്റെയും ശുദ്ധീകരണത്തിനു വേണ്ടിയായിരുന്നു പത്രങ്ങളേറെയും ശ്രമിച്ചത്. സമുദായ ശുദ്ധീകരണം ലക്ഷ്യമിട്ടു യോഗക്ഷേമസഭയുടെ നേതൃത്വത്തിൽ രണ്ട് പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരുന്നു. യോഗക്ഷേമം, ഉണ്ണിനമ്പൂതിരി എന്നിവ. വാഗ്ഭടാനന്ദന്റെ ആത്മവിദ്യാകാഹളം എന്ന പത്രം 1929-ൽ തുടങ്ങി. മൂർച്ചയേറിയ ഭാഷയിൽ അനാചാരങ്ങൾക്കെതിരെ വാഗ്ഭടാനന്ദൻ അതിൽ ലേഖനങ്ങളെഴുതി. പ്രസിദ്ധങ്ങളും അപ്രസിദ്ധങ്ങളും കുപ്രസിദ്ധങ്ങളുമായ അനേകം ആനുകാലികങ്ങൾ നമ്മുടെ നവോത്ഥാനകാല സൃഷ്ടികളായി അക്കാലത്തിറങ്ങിയിരുന്നു.

## പൊതുമണ്ഡല രൂപീകരണം

ജർമ്മൻ തത്വചിന്തകനും സാമൂഹ്യ ശാസ്ത്രജ്ഞനുമായ ജൂർഗൻ ഹേബർമാസാണ് പൊതുമണ്ഡലം എന്ന സൈദ്ധാന്തിക സിദ്ധാന്തം മുന്നോട്ടു വെച്ചത്. 1962 – ൽ പ്രസിദ്ധീകൃതമായ The Structural Transformation of the public Sphere എന്ന ഗ്രന്ഥത്തിലാണ് പ്രസ്തുത സങ്കല്പം അവതരിപ്പിക്കപ്പെട്ടത്. ആധുനികാനന്തര സാമൂഹ്യവിശകലന പദ്ധതികളിൽ ഏറെ ശ്രദ്ധേയമായ ഒന്നാണ് ഹേബർ മാസിന്റെ പൊതുമണ്ഡലചർച്ച. ആധുനിക സമൂഹത്തിന്റെ കേന്ദ്രമേഖലയായ പൊതുമണ്ഡലത്തിന്റെ മുൻഉപാധികൾ, ഘടനകൾ അവയുടെ ധർമ്മങ്ങൾ എന്നിവയെ സംബന്ധിച്ച ഒരു ധാരണ സൃഷ്ടിക്കുക എന്ന ലക്ഷത്തോടെ സാമൂഹ്യശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, നിയമം, രാഷ്ട്രമീമാംസ, സാമൂഹ്യ-സാംസ്കാരിക ചരിത്രം എന്നീ വ്യത്യസ്ത പഠനമേഖലകളിലെ അറിവുകളെയും പഠനക്രമങ്ങളെയും സംയോജിപ്പിക്കുവാൻ ഇത് ശ്രമിക്കുന്നു. പൊതുസമൂഹത്തിനും രാഷ്ട്രത്തിനുമിടയിൽ വർത്തിക്കുന്ന ഒന്നാണ് പൊതുമണ്ഡലം അഥവാ Public Sphere. പൊതുതാല്പര്യ വിഷയങ്ങളെ സംബന്ധിച്ച വിമർശനാത്മകമായ നിലപാടുകളെ വ്യവസ്ഥാപിതമായി തന്നെ ഈയിടത്തിൽ അംഗീകരിക്കപ്പെടുന്നുമുണ്ട്.ഉദാരസ്വഭാവമുള്ള പൊതുമണ്ഡലം വളർന്നുകൊണ്ടിരിക്കുന്നു. കമ്പോളവ്യവസ്ഥയുടെ ചരിത്രപരമായ പ്രത്യേക സാഹചര്യങ്ങളിലാണ് അത് രൂപപ്പെട്ടത്. 'ദ ബേസിക് ബ്ലൂപ്രിന്റ്' എന്ന ഭാഗത്ത് എന്താണ് പൊതുമണ്ഡലം എന്ന് ഹേബർമാസ് വ്യക്തമാക്കുന്നുണ്ട്. ' സ്വകാര്യവും വൈയക്തികവുമായ തലത്തിൽ നിന്ന് പൊതുവായ ഒരു തലത്തിലേക്ക് വ്യക്തികൾ ഒന്നാകെ വരുന്നത് ' എന്നതാണ് ഹേബർമാസ് പൊതുമണ്ഡലം എന്ന വാക്കിന് നൽകുന്ന വിവക്ഷ.

നവോത്ഥാനന്തര യൂറോപ്യൻ മുതലാളിത്ത വ്യവസ്ഥിതിയുടെയും, ജനാധിപത്യ രൂപീകരണത്തെക്കുറിച്ചുണ്ടായ അന്വേഷണം എന്ന നിലയിലും അച്ചടി, ആധുനികത നിർമ്മിച്ച സാമൂഹ്യാനുഭവങ്ങളുടെ രാഷ്ട്രീയ വിശകലനം എന്ന തലത്തിലും പൊതുമണ്ഡലചർച്ച പ്രസക്തമാണ്. Public Sphere എന്നത് ഭരണകൂടവിരുദ്ധവും ഭരണകൂട വിമുക്തവുമായ ഒന്നാണ്. ഇതിലെ pub-

SGOU

lic എന്ന സഞ്ജ്ഞ ഭരണകൂട ഉടമസ്ഥതയിലുള്ളത് എന്ന സാമാന്യമായ അർഥത്തെയാണ് ഉൾവഹിക്കുന്നത്. പൊതുജനാഭിപ്രായ രൂപീകരണത്തിന്റെ സാമൂഹ്യമണ്ഡലം രൂപീകൃതമായതോടെ യുക്തിസഹവും സംവാദാത്മകപരവുമായ അഭിപ്രായപ്രകടനങ്ങൾ സജീവമായി. സാഹിത്യം, നാടകം, സംഗീതം എന്നിവ പൊതുസമൂഹത്തിന് പ്രാപ്തമാവുകയും കലാനിരൂപണത്തിനുള്ള പ്രസിദ്ധീകരണങ്ങളും പംക്തികളും നിലവിൽ വരികയും സാഹിതീയമായ ഒരു പൊതുമണ്ഡലം രൂപം പ്രാപിക്കുകയും ചെയ്തു. അച്ചടി, പത്രമാസികകൾ, സാഹിത്യം, ടെലിവിഷൻ എന്നിവയെല്ലാം കേവലം ജ്ഞാനോല്പാദനം എന്ന ലക്ഷ്യത്തെക്കവിഞ്ഞ് വിമർശനാത്മകമായ സംവാദങ്ങളിലേക്ക് മാറിത്തീർന്നതിന്റെ ഫലമായാണ് സാഹിത്യപൊതുമണ്ഡലം രൂപം കൊണ്ടത്. വർത്തമാന പത്രങ്ങളുടെ ആരംഭം, രാഷ്ട്രീയ പത്രപ്രവർത്തനത്തിന്റെ ആവിഭാവം എന്നിവയും സാഹിത്യപ്രസ്ഥാനങ്ങളുടെ ആവിർഭാവവും ജനങ്ങളെ പ്രബുദ്ധരാക്കി. അഭിപ്രായപ്രകടന സ്വാതന്ത്ര്യം ഭരണകൂടവിമർശനം എന്നിവ രാഷ്ട്രീയ സമൂഹത്തിന്റെ ആധാരശിലകളായി മാറി.

അക്കാദമികമായി വ്യാപകമായ അംഗീകാരം ലഭിക്കുമ്പോൾ തന്നെ അനേകം വിമർശനങ്ങളെയും ഹേബർമാസിന്റെ പൊതുമണ്ഡലത്തിന് അഭിമുഖീകരിക്കേണ്ടതായി വന്നു. മാർക്സിയൻ രീതിശാസ്ത്രത്തെ അവലംബിച്ച് നടത്തിയ ഈ സാമൂഹ്യ ചരിത്രവിശകലനത്തിൽ മധ്യവർഗത്തെ മാത്രമേ ചർച്ചയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. കറുത്തവരും, നിരക്ഷരരും, സ്ത്രീകളും പൊതുമണ്ഡല ചർച്ചയ്ക്ക് പുറത്തായിരുന്നു. എന്നാൽ കാലക്രമേണ കൂടുതൽ വിഭാഗങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷി പൊതുമണ്ഡലം കൈവരിക്കുക തന്നെ ചെയ്തു. ഹേബർമാസിന്റെ നിരീക്ഷണ പ്രകാരം ബഹുജനാഭിപ്രായം രൂപപ്പെടുത്തുവാനുള്ള സാമൂഹിക ജീവിതത്തിലെ ഏതൊരു മേഖലയും പൊതുമണ്ഡലമാണ്. ഓരോ പൗരനും സ്വന്തം അഭിപ്രായം സ്വതന്ത്രമായി പ്രകടിപ്പിക്കുവാനുള്ള ഇടമാണ് പൊതുമണ്ഡലം. പൗരന്മാർക്ക് ഒത്തുചേരാനും സ്വാഭിപ്രായം പ്രകടിപ്പിക്കുവാനും യുക്തിഭദ്രമായ സംവാദങ്ങളിൽ ഏർപ്പെടുവാനും പൊതുസ്വീകാര്യമായ പ്രശ്നങ്ങളിന്മേൽ ജനാധിപത്യപരമായ തീരുമാനങ്ങളിൽ എത്തിച്ചേരുവാനും പൊതുമണ്ഡലം വഴിയൊരുക്കുന്നു. വർത്തമാന പത്രങ്ങൾ, ആനുകാലികങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവ ഇത്തരത്തിൽ പൊതുമണ്ഡലത്തിന്റെ മാധ്യമങ്ങളായി വർത്തിക്കുന്നു. പൊതുതാല്പര്യ വിഷയങ്ങളിൽ മുഖാമുഖങ്ങളിലൂടെയോ എഴുത്തുകളിലൂടെയോ വർത്തമാന പത്രങ്ങളിലൂടെയോ പൗരൻ പരസ്പര സംവാദത്തിലേർപ്പെടുമ്പോഴാണ് പൊതുമണ്ഡലം നിലവിൽ വരുന്നത്. സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും ജനാധിപത്യപരമായും സ്വതന്ത്രമായും അഭിപ്രായം പറയാനുള്ള സാങ്കല്പിക സ്ഥലമായാണ് പൊതുമണ്ഡലം നിലകൊള്ളുന്നത്.

ആധുനിക സംസ്കാരത്തിന്റെ വ്യവഹാരമണ്ഡലത്തിന്റെ മറ്റൊരംശം കൂടി അടുത്ത കാലത്ത് ചരിത്ര പഠനത്തിനായി ഉപയോഗപ്പെടുകയാണ്. പരമ്പരാഗത സമൂഹങ്ങളിലെ സാമൂഹ്യ അസമത്വവും സാമൂഹ്യ സംഘർഷങ്ങളും പഠന വിഷയമാണ്. ആധുനിക സമൂഹങ്ങളിലെ സാമൂഹ്യ സമത്വരൂപങ്ങളെ അതേപടി പ്രാചീന മധ്യകാല സമൂഹങ്ങളിൽ ആവിഷ്കരിക്കാനാവുകയില്ലെന്ന ബോധവും വളർന്നു വന്നിട്ടുണ്ട്. പരമ്പരാഗത സമൂഹങ്ങളിലെ ശ്രേണീബന്ധങ്ങളെ വിശദീകരിക്കാൻ ഫ്യൂഡലിസം, ജന്മിനാടുവാഴിത്തവ്യവസ്ഥ മുതലായ സങ്കല്പങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പലസങ്കല്പങ്ങളും പാശ്ചാത്യ സാമൂഹ്യശാസ്ത്രത്തിന്റെ സ്വാധീനത്താലാണ് ഉണ്ടായതെങ്കിലും കേരളത്തിൽ ദൃശ്യമായ പ്രമാണസാമഗ്രിയെ ആധാരമാക്കി ഇത്തരം ആശ്രയങ്ങളെ പുനർ നിർവചിക്കാൻ ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്. സമുദായങ്ങളെയും സാമുദായിക ഭിന്നതകളെയും ആധാരമാക്കി പൗരസ്ത്യ സമൂഹങ്ങളെ പഠിക്കാനുള്ള പാശ്ചാത്യരുടെ തുടർച്ചയായ ശ്രമങ്ങളുടെ സ്വാധീനം കേരളസമൂഹവികാസത്തിന്റെ ആധാരസങ്കല്പമായി സമുദായഭിന്നതകളെ കാണാനുള്ള പ്രവണതയ്ക്ക് ആക്കം കൂട്ടിയിരിക്കുകയാണ്.

കേരളചരിത്രപഠനങ്ങളിൽ ഭൂരിഭാഗവുമുണ്ടായത് മധ്യകാല കേരളത്തിൽ ആധിപത്യം സ്ഥാപിച്ച ബ്രാഹ്മണരുടെയും ആധുനിക കേരളത്തിന്റെ അധീശരായ പാശ്ചാത്യരുടെയും

SGOU

വ്യവഹാരമണ്ഡലങ്ങൾക്കുള്ളിൽനിന്നാണ്. കേരള സമൂഹത്തിന്റെ വികാസ പരിണാമങ്ങളുടെ പൊതുഘടനയിൽ മാത്രമല്ല മരുമക്കത്തായം ജന്മിസമ്പ്രദായംപോലുള്ള സവിശേഷതകളുടെ പഠനത്തിലും ഈ നിലപാടുകൾ സ്വാധീനിച്ചിട്ടുണ്ട്. കേരളസംസ്കാരം നദീതടങ്ങളിലെ നീർനിലങ്ങളുടെ ഉല്പന്നങ്ങളായി കാണുകയും പറമ്പുകളും മേടുകളും കാടുകളും അവഗണിക്കപ്പെടുകയും ചെയ്തു. ബ്രാഹ്മണസൃഷ്ടിയായ ജാതിയും യൂറോപ്യൻ സെൻസസിന്റെ സൃഷ്ടിയായ ജാതിയും സമൂഹബന്ധങ്ങളുടെ മുഴുവൻ അളവുകോലായി പരിഗണിക്കപ്പെട്ടു. കേരളചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ പ്രാദേശിക ചരിത്രാഖ്യാനത്തിന്റെ മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ലോകസമൂഹത്തിന്റെ പരിവർത്തന പ്രക്രിയകൾ കേരള സമൂഹരൂപീകരണത്തിൽ സ്വാധീനം ചെലുത്തുന്നുണ്ട്. കേരളസമൂഹത്തിന്റെ ചരിത്രപരമായ സവിശേഷതകൾ ആഗോളചരിത്ര പ്രക്രിയകളിൽ നിന്നുള്ള വ്യത്യസ്തതയെ സൂചിപ്പിക്കുന്നു. ഈ വ്യത്യസ്തതയാണ് മലയാളിക്ക് സ്വന്തമായ ഭാഷയും സംസ്കാരവും വ്യക്തിത്വത്തിന്റെ മറ്റു ഘടകങ്ങളും നൽകുന്നത്.

കേരളത്തിന്റെ പൊതുമണ്ഡല രൂപീകരണത്തിന്റെ വേരുകൾ തേടേണ്ടത് നീർനിലങ്ങളിലെ ബ്രാഹ്മണ കർഷക ഗ്രാമങ്ങളിൽ മാത്രമല്ല, ബ്രാഹ്മണരുടെ അധീശത്വത്തിന് പുറത്തായിരുന്ന വനവിഭവങ്ങളുടെയും പറമ്പുകൃഷിയുടെയും വ്യവസ്ഥകളിൽ കൂടിയാണ്. പെരുമാൾ കാലത്തെ നാടുകളെല്ലാം ബ്രാഹ്മണ ഗ്രാമങ്ങളെ കേന്ദ്രീകരിച്ച് വളർന്നവയല്ല. പുറകീഴാനാട്, കുറുമ്പ്രനാട്, ഏറാലനാട്, കീഴുമലനാട്, വേണാട് മുതലായ നാടുകളിൽ ബ്രാഹ്മണ ഗ്രാമങ്ങളും സഭകളുമുണ്ടായിരുന്നതായി സൂചനയുണ്ടെങ്കിലും അവയ്ക്ക് ആധിപത്യ സ്വഭാവമില്ല. നാടുവാഴികളുടെ നൂറ്റുവർ കൂട്ടങ്ങളും നിഴലും പ്രകൃതിയും ഇടവകയും പണിയുമെല്ലാം ബ്രാഹ്മണരാമങ്ങളെ കേന്ദ്രീകരിച്ചു രൂപപ്പെട്ടവയല്ല. നാടിന്റെ സമ്പദ്ഘടനയിൽ വാണിജ്യത്തിന് പ്രധാന സ്ഥാനമുണ്ടായിരുന്നു. ഭക്ഷ്യധാന്യ പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് നാടുകൾ വളർന്നു വന്നത് എന്ന ദക്ഷിണേന്ത്യയിലെ മറ്റ് ഭാഗങ്ങൾക്ക് പ്രസക്തമായ വാദം കേരളത്തിന്റെ വിഭവസമാഹരണത്തിന്റെയും ഉല്പാദന ക്രമത്തിന്റെയും പശ്ചാത്തലത്തിൽ അതേപടി അംഗീകരിക്കാനാവില്ല. പറമ്പുകൃഷിയുടെയും നെൽകൃഷിയുടെയും അവയുടെ വിതരണ രൂപങ്ങളുടെയും സന്തുലിതമായ വളർച്ചയുടെ അടിസ്ഥാനത്തിലുള്ള വിഭവകേന്ദ്രങ്ങളാണ് മധ്യകാല നാടുകളായി വളർന്നു വന്നത്.

മേൽപ്പറഞ്ഞ സവിശേഷതകളുടെ അടിസ്ഥാനത്തിലാണ് മധ്യകാല സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്ന പല സാമൂഹ്യ സ്ഥാപനങ്ങളുടെയും ഉറവിടങ്ങളെ കുറിച്ച് അന്വേഷിക്കേണ്ടത്. നാടുവാഴികളുടെ രാഷ്ട്രീയഘടനയാണ് അതിൽ ആദ്യത്തേത്. കൂറുവാഴ്ചയും മൂപ്പൻ സ്ഥാനവും എല്ലാ നാടുവാഴി സ്വരൂപങ്ങളിലുമുണ്ട്. ബ്രാഹ്മണ ഗ്രാമങ്ങളിൽ വളർന്നു വരുന്ന പിതൃമേധാവിത്വ ക്രമങ്ങളിൽ നിന്ന് ഇത് വ്യത്യസ്തമാണ്. പ്രായത്തിൽ മൂപ്പുള്ള പുരുഷാംഗത്തിന് സ്ഥാനം നൽകുന്ന സമ്പ്രദായത്തിൽ തലമുറക്രമമനുസരിച്ചാണ് അവകാശം തീരുമാനിക്കുന്നത്. കൂറുവാഴ്ചയനുസരിച്ച് തലമുറയിൽപ്പെട്ട ഏല്ലാ അംഗങ്ങൾക്കും കൂറവകാശമുണ്ട്. ചേമ്പ്രലിഖിതത്തിൽ വ്യത്യസ്ത കോവിലകങ്ങളുമായുള്ള വിഭജനം അവകാശക്രമത്തെ സൂചിപ്പിക്കുന്നു. വേണാട്ടിലും പെരുമ്പടപ്പിലും ഇതേ തരത്തിലുള്ള തലമുറക്രമങ്ങൾ കാണാം. കൂറുവാഴ്ചയും തലമുറക്രമങ്ങളും മധ്യകാല രാഷ്ട്രീയ സംവിധാനത്തിന് ഗോത്ര സാമൂഹ്യവ്യവസ്ഥയോടുള്ള അടുത്ത ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്.

കേരളത്തിലെ മരുമക്കത്തായ തറവാടുകളിലെ തലമുറ ഉറപ്പുവരുത്തുന്ന സംവിധാനമുണ്ടായിരുന്നു. തലമുറ പുരുഷൻമാർക്കും സ്ത്രീകൾക്കുമുണ്ട്. പൊതുമണ്ഡലത്തിൽ പുരുഷന്മാർക്കും പുനരുല്പാദനമുൾപ്പെടെയുള്ള ഗാർഹിക മണ്ഡലത്തിൽ സ്ത്രീകൾക്കുമാണ് തലമുറാവകാശം. കുടുംബം ഒരു സാമൂഹിക സാമ്പത്തിക ഘടകമായി മാറുന്ന എല്ലാ സമൂഹങ്ങളിലും ഈ വിഭജനം പ്രത്യക്ഷപ്പെടുന്നു. കേരളത്തിൽ തലമുറകരം സ്വത്തിന്റെ മേൽ തറവാടുകൾക്കുള്ള അവകാശം നിലനിർത്താൽ ഫലപ്രദമായ മാർഗം ഗാർഹിക സംവിധാനത്തിൽ പെൺവഴി അവകാശവും പൊതുമണ്ഡത്തിൽ മരുമക്കത്തായവുമാണ്. പൊതുമണ്ഡലം

SGOU

വലിയൊരളവുവരെ ബ്രാഹ്മണ പിതൃമേധാവി ത്വക്രമങ്ങൾ നിർണ്ണയിച്ചിരുന്നുവെന്നത് ഈ ദിത്വസ്വഭാവത്തിന് കാരണമാണ്. സ്ത്രീകൾക്കു പ്രാധാന്യമുള്ള പടുമുറി തറവാടിന്റെ നിലനില്പിനു വേണ്ടിയാണ്. 'കട്ടിലേറൽ ' അല്ലെങ്കിൽ സംബന്ധം ഒരു പദവി ചിഹ്നമായിരുന്നത് ബ്രാഹ്മണർക്കായിരുന്നു. അതുകൊണ്ടാണല്ലോ കുറ്റം ചെയ്ത ബ്രാഹ്മണരെ 'ഊരായ്മയും സംബന്ധവും നീക്കി ' പുറത്താക്കിയിരുന്നത്.

ഗോത്രവ്യവസ്ഥയിൽ നിന്നുത്ഭവിച്ച കൂട്ടായ്മകളെ തകർക്കാൻ ബ്രാഹ്മണ - പിതൃമേധാവിത്വ ശക്തികൾ അതിതീവ്രമായ ശ്രമം നടത്തുന്നുണ്ട്. കേരളീയ സമൂഹത്തെ അഖിലേന്ത്യാതലത്തിൽ വളർന്നുവന്ന ബ്രാഹ്മണ മേധാവിത്വത്തിലും ജന്മിവ്യവസ്ഥയിലും അധിഷ്ഠിമായ സമൂഹക്രമത്തിന്റെ ഭാഗമാക്കാനുള്ള ശ്രമം കൂടിയാണത്. ജാതിവ്യവസ്ഥ ഇതിന്റെ ഫലമാണ്. ബ്രാഹ്മണ ഗ്രാമങ്ങളിലും ക്ഷേത്രങ്ങളിലും വളർന്നു വന്ന തൊഴിൽ വിഭാഗങ്ങൾ ജാതികളായി മാറി. ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾ വക നേരിട്ട് നിയന്ത്രണമില്ലാത്ത വിഭവമേഖലയിലെ ജനങ്ങളെയും ജാതിയുടെ ശ്രേണീബന്ധങ്ങളിലുൾപ്പെടുത്താൻ ശ്രമം നടക്കുന്നുണ്ട്. ഭക്ഷ്യധാന്യ മേഖലകളിലെ ജാതിനിർണ്ണയം അവിടത്തെ തൊഴിൽ വിഭജന രൂപമായിരുന്നെങ്കിൽ മറ്റ് വിഭജനമേഖലകളിലെ ജനങ്ങളെ സാമൂഹ്യമായും ആശയപരമായും അടിച്ചമർത്താനുള്ള മാർഗമായി ജാതി ഉപയോഗിക്കപ്പെട്ടു. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യഘടനയിൽ അരയർ ഉന്നതരാണ്. അരയൻ, മൂത്തരയൻ മുതലായ സ്ഥാനങ്ങൾ നാടുവാഴികളാണ് നൽകുന്നത്. ഈഴവരുടെയും ചാന്നാന്മാരുടെയും സ്ഥാനവും വ്യത്യസ്തമല്ല. നായർ യജമാനൻമാർ ഉല്പാദനബന്ധങ്ങളിലും സാമൂഹ്യപദവിയിലും ഉന്നതരാണ്. ജാതീയമായി നമ്പൂതിരിമാരുടെയും അമ്പലവാസികളുടെയും താഴെയാണ് അവരുടെ സ്ഥാനം. ഈ വൈപരീത്യത്തെ മറികടക്കാനുള്ള ശ്രമമാണ് പിൽക്കാലത്തെ നമ്പൂതിരി സംബന്ധങ്ങളിലേക്ക് നയിച്ചത്. ജാതീയമായ പുരോഗമനമാണ് നമ്പൂതിരിമാരുടെ അനുഗ്രഹത്തോടെയുള്ള 'സ്വരൂപങ്ങളുടെ ' സൃഷ്ടിക്കും സാമന്തക്ഷത്രിയരുടെ രൂപീകരണത്തിനുമുള്ള ഒരു ലക്ഷ്യം. ബ്രാഹ്മണാധിപത്യത്തിനു കീഴിൽ വരാത്ത ഗോത്രസമൂഹങ്ങൾ പോലും ജാതികളായി കണക്കാക്കപ്പെട്ടത് ജാതിവ്യവസ്ഥയുടെ ഉപരിനിർണ്ണയ (Overdetermination) സ്വഭാവത്തിന് തെളിവാണ്.

പെരുമാക്കന്മാരുടെ കാലത്താരംഭിച്ച ബ്രാഹ്മണാധീശത്വം പെരുമാക്കൻമാർക്ക് ശേഷമുള്ള ഏതാനും നൂറ്റാണ്ടുകളിലും നിലനിന്നു. അറബികളും ചൈനാക്കാരുമായുള്ള വാണിജ്യത്തിന്റെ വികാസവും ആ ആന്തരികമായ വാണിജ്യ ശ്യംഖലകളുടെ വളർച്ചയും പറമ്പുല്പന്നങ്ങളുടെ വിനിമയത്തെ വർധിപ്പിച്ചു. കുരുമുളക്, നാളികേരം, ഇഞ്ചി മുതലായവ പ്രധാന തോട്ടവിളകളായി. ഇവയുടെ വാണിജ്യം പ്രധാന ധനാഗമമാർഗമായി. പറമ്പു കൃഷിയുമായി ബന്ധപ്പെട്ട കർഷകർ ഭൂവുടമകളിൽ നിന്ന് കാണവും കുഴിക്കാണവുമായി ഭൂമികൈവശപ്പെടുത്തി. പുതിയ വിഭവകേന്ദ്രങ്ങൾ നിയമിച്ചവർ സ്വന്തം നിലയിൽ ജന്മിമാരായി. ചിലർ കോവിലകങ്ങളിൽ സ്ഥാനികളായി. മറ്റ് കൂട്ടക്കാർ സ്ഥാനികളുടെ ഇണങ്ങരും ശേവുകക്കാരുമായി.

അറബികൾ, ചൈനാക്കാർ, യൂറോപ്യൻമാർ മുതലായവരുമായി പറമ്പുല്പന്നങ്ങളിലുള്ള വാണിജ്യം അനുക്രമമായി വർധിച്ചു. പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാരുമായും പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലീഷ് - ഡച്ച് കമ്പനികളുമായുള്ള കുരുമുളക് കച്ചവടത്തിന്റെ അതിഭീമമായ വർധന ഉദാഹരണമാണ്. നാളികേരം മുതലായ ഉല്പന്നങ്ങളുടെ വാണിജ്യം വർധിച്ചു. കാണാം, ഒറ്റി, കുഴിക്കാണം വ്യവസ്ഥകളിലുള്ള ഭൂമി കൈമാറ്റവും വൻതോതിൽ വർധിച്ചു. എന്നാൽ കൃഷി ചെയ്ത ഭൂമികളുടെ വ്യാപനം പരിമിതമായിരുന്നു. കാർഷിക സാങ്കേതിക വിദ്യകളിലും കാര്യമായ മാറ്റമുണ്ടായില്ല. ഇവയുടെ ഫലമായി ലഭ്യമായ ഭൂമിയുടെ മേലുള്ള സമ്മർദം വർധിച്ചു. ഭൂമിയെമേൽ പലതട്ടുകളായി കൈവശാവകാശമുള്ള നാടുവാഴികൾ, ജന്മിമാർ, കാണക്കാർ മുതലായവർ തമ്മിലുള്ള സംഘർഷം വളർന്നു വന്നു. നാടുവാഴികളുടെ പ്രദേശങ്ങൾക്ക് ഉള്ളിലും നാടുവാഴികൾ തമ്മിലും പടകൾ സാധാരണമായി. ബ്രാഹ്മണ ഗ്രാമങ്ങളുടെയും ക്ഷേത്രങ്ങളുടെയും ആധിപത്യം ചോദ്യം ചെയ്യപ്പെടുകയും നാടുവാഴികളും പ്രഭുക്കൻമാരും പ്രധാന സ്ഥാനീയരാവുകയും ചെയ്തു.

SGOU

ഈ കാലഘട്ടത്തിൽ രണ്ട് തരത്തിലുള്ള കേരള സങ്കല്പങ്ങളുണ്ടാക്കുന്നു. ഒന്ന് , ബ്രാഹ്മണരുടേതാണ്. ബ്രാഹ്മണാധിപത്യം ചോദ്യം ചെയ്യപ്പെടുന്ന കാലത്താണ് സ്വന്തമായ സങ്കല്പിത ഭൂതകാലവും ബ്രാഹ്മണാധിപത്യത്തെ ന്യായീകരിക്കുന്ന വംശാവലിക്രമങ്ങളും സൃഷ്ടിക്കപ്പെടുന്നത്. ഓരോ നാടുവാഴിക്കും അനുയോജ്യമായ കേരളോല്പത്തി വഴക്കങ്ങൾ ഉണ്ടാകുന്നു. പരശുരാമക്ഷേത്രമായ കേരളത്തിൽ ബ്രഹ്മണാധിപത്യത്തിന്റേതായ സുവർണ്ണ കാലവും തുടർന്നുണ്ടാവുന്ന പ്രതിസന്ധിയെ മറികടക്കാൻ ശക്തരായ നാടുവാഴികളുടെ വളർച്ചയുമായാണ് ഇത്തരം വഴക്കങ്ങളിലെ പ്രതിപാദ്യം. കേരളോല്പത്തിയിലെ കേരള സങ്കല്പം ബ്രാഹ്മണ കേന്ദ്രീകൃതമാണ്. ബ്രാഹ്മണാധിപത്യം നിലനിൽകുന്ന ശ്രേണീബദ്ധമായ സമൂഹമാണ് അതിലെ കേരളസമൂഹം. ഇതിൽ നിന്ന് വ്യത്യസ്തമായ മറ്റൊരു സങ്കല്പം വിഭവസമാഹരണവും ഉല്പാദനവുമായി ബന്ധപ്പെട്ട സാധാരണജനങ്ങൾ സൃഷ്ടിക്കുന്നതാണ്. പരദേശികളുമായി നിരന്തരമായ വാണിജ്യത്തിലും ആശയവിനിമയത്തിലും ഏർപ്പെടുന്ന സമൂഹമാണ് കേരളീയരുടേത്. നിരവധി സമൂഹ വിഭാഗങ്ങളുടെ കുടിയേറ്റവും നടക്കുന്നുണ്ട്. കൊങ്ങിണികൾ, ചെട്ടികൾ, പട്ടാണികൾ, തമിഴ് ബ്രാഹ്മണർ തുടങ്ങിയവർ ഇവരിൽപ്പെടും. ഇവരുമായും അറബികൾ,'ലന്തപറങ്കിയുങ്കിരിയേസ്സ്' മുൾപ്പെടെയുള്ള പരദേശത്തിന്റെയും സങ്കല്പം വളർത്താനിടയാക്കി.

മലബാർ എന്ന് വിദേശികളും, മലമണ്ടലം, മലയാളം, മലനാട് മുതലായ പേരുകളിൽ ദക്ഷിണേന്ത്യൻ ജനതയും വിളിക്കുന്ന ഭൂമിശാസ്ത്ര സങ്കല്പം പ്രാചീന കാലം മുതൽ തന്നെ,് മലയാളഭാഷ, ബോധത്തിന്റെയും ആവിഷ്കാരത്തിന്റെയും മേലുള്ള നിയന്ത്രണം മുതലായവയിൽ കൃത്യമായ മലയാളി വ്യക്തിത്വം വളർന്നുവരികയാണ്. പ്രാചീന തമിഴിൽ നിന്നും ബ്രാഹ്മണരുടെ സങ്കല്പത്തിൽ നിന്നും വ്യത്യസ്തമായ മലയാള ഭാഷയും രൂപീകരണം തന്നെയാണ് വ്യക്തിത്വത്തിന്റെയും വളർച്ചയുടെയും അദ്യഘട്ടം. ഭാഷയുടെ വളർച്ച ബോധത്തിന്റെയും ആവിഷ്കാരത്തിന്റെയും സവിശേഷരൂപങ്ങളുടെ വളർച്ചയക്ക് തുടക്കം കുറിക്കുന്നു. മലയാളലിപിയുടെ ആവിർഭാവം, ഗ്രാമങ്ങളിൽ ബോധനം നടത്തിവന്ന ആശാന്മാരുടെ എഴുത്താശാന്മാരുടെയും പ്രവർത്തനങ്ങൾ, മലയാളത്തിലുള്ള വായ്മൊഴി പാരമ്പര്യത്തിന്റെ വളർച്ച, വരമൊഴിയിലേക്കും ദൃശ്യശ്രാവ്യരൂപങ്ങളിലേക്കുമുള്ള മാറ്റങ്ങൾ, ഇതിന്റെയെല്ലാം ഫലമായി മലയാളിയുടെതായ വ്യവഹാരമണ്ഡലത്തിന്റെ ആവിർഭാവം എന്നിവയ്ക്ക് രണ്ട് തരത്തിലുള്ള സ്വാധീനമുണ്ടായതായി കാണാം. പരദേശിയുടെ ബോധം - ആവിഷ്കാരരൂപങ്ങളിൽ നിന്നുള്ള വ്യത്യസ്തത ഇതുകൊണ്ട് പൂർണ്ണമായി. മലയാളിയുടെതായ വ്യവഹാരമണ്ഡലത്തിന്റെ വളർച്ച വിഭവ കേന്ദ്രങ്ങളുടെയും ഉല്പാദനരൂപങ്ങളുടെയും നിയന്ത്രണത്തിന് ആശയപരമായ ചട്ടക്കൂട് ഉണ്ടാവുകയും സ്വത്വത്തിന് ഭൗതികമായ നിർവചനം വളർന്നുവരികയും ചെയ്തു.

സ്വത്വത്തിന്റെ ഭൗതികത ഭൂമിശാസ്ത്രമായ ഘടകങ്ങളുടെയും വിഭവ കേന്ദ്രങ്ങൾ, ഉല്പാദന വിതരണവ്യവസ്ഥ, ജനജീവിതം എന്നിവയുടെയ മാനങ്ങൾ മലയാളിക്ക് നൽകുന്നു. മലയാള ഭാഷയും അത് സൃഷ്ടിക്കുന്ന സംവേദനത്തിന്റെയും ആവിഷ്കാരത്തിന്റെയും മണ്ഡലവും മറ്റ് ജന വിഭാഗങ്ങളിൽ നിന്ന് മലയാളികളെ വ്യത്യസ്തരാക്കുന്നു. ആഗോളതലത്തിലും അഖിലേന്ത്യാതലത്തിലുമുള്ള ബന്ധം ശക്തിപ്പെടുമ്പോൾ വ്യത്യസ്തത തെളിയിക്കുന്നത് മലയാളിയുടെ വ്യക്തിത്വത്തിന്റെ ദൃഢീകരണത്തിലൂടെയാണ്. മധ്യകാല ഇന്ത്യൻ സംസ്കാരവുമായുള്ള സമന്വയത്തിന്റെ രൂപമായ ബ്രാഹ്മണ സംസ്കാരമല്ല വ്യത്യസ്തതയുടെ ചിഹ്നമാകുന്നത്. മലയാളിയുടെ ചരിത്രപരമായ സവിശേഷതകളായ പ്രാദേശിക കൂട്ടായ്മകളും ഉല്പാദന വിതരണ പ്രക്രിയുടെ പ്രത്യേകതകളും മരുമക്കത്തായവും കൂറു വാഴ്ചയും ചേർന്നാണ് വ്യത്യസ്തത സൃഷ്ടിക്കുന്നത്.

## Recap

- കേരളത്തിൽ സാമൂഹിക മാറ്റങ്ങളുടെ തുടക്കത്തിന് പതിനാറാം നൂറ്റാണ്ടോളം പഴക്കമുണ്ട്
- എഴുത്തച്ഛന്റെ സ്വാധീനത്താൽ മലയാളഭാഷ ക്രമപ്പെട്ടു
- യൂറോപ്യൻ മിഷണറിമാരുടെ വരവോടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായി
- തിരുവിതാംകൂറിലും കൊച്ചിയിലും കേന്ദ്രീകൃത രാജവംശങ്ങൾ നിലവിൽ വന്നു
- കേരളത്തിൽ നവോത്ഥാനം കീഴാളവർഗങ്ങളുടെ നേതൃത്വത്തിലായിരുന്നു
- വടക്കൻ കേരളത്തിൽ സഭാമഠങ്ങളിലാണ് വിദ്യ അഭ്യസിപ്പിച്ചിരുന്നത്
- മുഖ്യവീടുകളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ നിലനിന്നു
- അധ്യാപകർ എഴുത്തച്ഛൻ എന്ന പേരിലറിയപ്പെട്ടു
- ഗ്രാമകേന്ദ്രങ്ങളിലെ കളരികൾ ആയോധനാഭ്യാസത്തിനു വേണ്ടി രൂപപ്പെട്ടവയായിരുന്നു.
- പാശ്ചാത്യ വിദ്യാഭ്യാസമാണ് കേരളത്തിൽ വ്യാപകമായ വിദ്യാഭ്യാസത്തിനു തുടക്കമിട്ടത്.
- പോർച്ചുഗീസുകാർ കൊടുങ്ങല്ലൂർ, കൊച്ചി, വൈപ്പിൻകോട്ട എന്നിവിടങ്ങളിൽ സെമിനാരികൾ സ്ഥാപിച്ചു.
- സ്റ്റാഥം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിദ്യാഭ്യാസ രീതിയിൽ വിപുലമായ മാറ്റം വരുത്തി
- ക്രിസ്തുമത പ്രചരണമായിരുന്നു മിഷണറിമാരുടെ ലക്ഷ്യം
- ഡോ. ഹെർമ്മൻ ഗുണ്ടർട്ടിൽ നിന്നാണ് പത്രപ്രവർത്തന ചരിത്രം ആരംഭിക്കുന്നത്
- ആദ്യത്തെ പത്രം രാജ്യസമാചാരം
- ജ്ഞാനനിക്ഷേപം കോട്ടയത്തുനിന്ന് സി.എം.എസ്.പ്രസുകാർ പുറത്തിറക്കി.
- പുല്ലേലിക്കുഞ്ചു എന്ന നോവൽ ജ്ഞാന നിക്ഷേപത്തിൽ പ്രസിദ്ധീകരിച്ചു.
- ഭരണകൂടത്തിന്റെ വിമർശനവുമായി സ്വദേശാഭിമാനി പത്രം രംഗത്ത് വന്നു.
- സ്വദേശാഭിമാനി പത്രം തുടങ്ങിയത് അബ്ദുൽ ഖാദർ മൗലവി
- സാഹിത്യകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മാസിക ഭാഷാപോഷിണി.
- വീണപൂവ് മിതവാദിയിൽ പ്രസിദ്ധീകരിച്ചു.
- തൊഴിലാളികളുടെ പ്രശ്നം കൈകാര്യം ചെയ്യുന്ന പത്രം വേലക്കാരൻ.
- കൃഷിഭൂമി കർഷകന് എന്ന അവകാശവാദം മിതവാദിയിൽ
- ആധുനികാനന്തര സാമൂഹ്യവിശകലന പദ്ധതികളിൽ ഏറെ ശ്രദ്ധേയമാണ് പൊതുമണ്ഡല രൂപീകരണം.
- പൊതുസമൂഹത്തിനും രാഷ്ട്രത്തിനുമിടയിൽ വർത്തിക്കുന്ന ഒന്ന്.

## Objective Type Questions

1. ബഹുജനാഭിപ്രായം രൂപപ്പെടുത്തുവാനുള്ള സാമൂഹിക ജീവിതത്തിന്റെ മേഖല ഏതു പേരിലറിയപ്പെടുന്നു.
2. പൊതുമണ്ഡലം എന്ന സിദ്ധാന്തം മുന്നോട്ടുവച്ചതാര്?
3. മലയാള പത്രപ്രവർത്തനത്തിന്റെ തുടക്കക്കാരനായ വിദേശമിഷണറി ആര്?
4. വടക്കൻകേരളത്തിൽ വിദ്യ ആഭ്യസിപ്പിച്ചിരുന്ന കേന്ദ്രങ്ങൾ ഏത് പേരിലറിയപ്പെടുന്നു ?
5. 'പുല്ലേലികുഞ്ചു'എന്ന നോവൽ പ്രസിദ്ധീകരിച്ച വർഷം ഏത്?
6. പുല്ലേലികുഞ്ചു എന്ന നോവൽ പ്രസിദ്ധീകരിച്ച മാസികയുടെ പേരെന്ത്?
7. വീണപൂവ് പ്രസിദ്ധീകരിച്ച മാസികയേത്?

SGOU

8. കേരളത്തിൽ അച്ചടിയുടെ ആരംഭം ആരുടെ വരവോടെയാണ് ആരംഭിച്ചത്?
9. തെക്കൻ കേരളത്തിൽ അധ്യാപകർ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?
10. പതിനാലാംനൂറ്റാണ്ടിൽ തെക്ക് വേണാടിന്റെ തലസ്ഥാനം ഏതായിരുന്നു?
11. 1933-ൽ ഏത് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ വിദ്യാഭ്യാസരീതിയിൽ വിപുലമായ മാറ്റങ്ങൾ വന്നത്?
12. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാളം മാധ്യമം മാതൃഭാഷയാക്കി മാറ്റിയ വർഷം ഏത് ?
13. 'വെസ്റ്റേൺസ്റ്റാർ' എന്ന ഇംഗ്ലീഷ് പത്രത്തിന്റെ മലയാള പ്രസിദ്ധീകരണത്തിന്റെ പേരെന്ത്?
14. ഭരണാധികാരികളുടെ അനിഷ്ടം നേരിട്ടതിനാൽ നിരോധിക്കപ്പെട്ട പത്രം?
15. പത്രപ്രവർത്തനചരിത്രത്തിൽ അവിസ്മരണീയ സ്ഥാനമുള്ള പത്രമേത്?
16. ദിവാന്റെ ദുർഭരണത്തിനെതിരെ നിർത്തലാക്കപ്പെട്ട പത്രം ഏത്?
17. തീയ്യരുടെ ബൈബിൾ എന്നറിയപ്പെടുന്ന വാരിക ഏത്?.
18. തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് സഹോദരൻ അയ്യൻ പ്രസിദ്ധീകരിച്ച പത്രത്തിന്റെ പേരെന്ത്?
19. കേസരി എ.ബാലകൃഷ്ണപിള്ള പ്രസിദ്ധീകരിച്ച പത്രങ്ങൾ ഏതെല്ലാം?
20. പൊതുമണ്ഡലത്തിൽ പ്രാധാന്യമുള്ള വിഭാഗം ഏതായിരുന്നു?
21. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യഘടനയിൽ ഉന്നതരെന്നറിയപ്പെടുന്നതാര്?
22. അരയൻ, മൂത്തരയൻ മുതലായ സ്ഥാനങ്ങൾ നൽകുന്നതാര്?

## Answers

1. പൊതുമണ്ഡലം
2. ഹേബർമാസ്
3. ഡോ. ഹെർമ്മൻ ഗുണ്ടർട്ട്
4. സഭാമഠങ്ങൾ
5. 1860
6. ജ്ഞാന നിക്ഷേപം
7. മിതവാദി
8. പോർച്ചുഗീസുകാരുടെ
9. എഴുത്തച്ഛന്മാർ
10. കൊല്ലം പട്ടണം
11. സ്റ്റാഥാം കമ്മിറ്റി.
12. 1945 - ൽ
13. പശ്ചിമതാരക
14. സന്ദിഷ്ട വാദി
15. സ്വദേശാഭിമാനി
16. സ്വദേശാഭിമാനി
17. മിതവാദി
18. വേലക്കാരൻ

SGOU

19. കേസരി, സമദർശി
20. പുരുഷൻമാർക്ക്
21. അരയർ
22. നാടുവാഴികൾ

## Assignment

1. നവോത്ഥാനത്തിന്റെ സാമൂഹിക അടിത്തറയെക്കുറിച്ച് ഉപന്യസിക്കുക.
2. പൊതുവിദ്യാഭ്യാസം സമൂഹത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തുക.
3. നവോത്ഥാന ചിത്രത്തിൽ പത്രമാസികകളുടെ പങ്കിനെക്കുറിച്ച് അപഗ്രഥിക്കുക.
4. പൊതുമണ്ഡല രൂപീകരണത്തിന്റെ ചരിത്രത്തെക്കുറിച്ച് വിശദീകരിക്കുക.

## References


1. സ്കറിയ സക്കറിയ (എ ഡി) 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സി. എസ്, കോട്ടയം.
2. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം
3. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാന രേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. രാഘവവാര്യർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം ഭാഗം', എസ്.പി. സി.എസ്, കോട്ടയം
5. ഡോ.കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. കെ എൻ. ഗണേശ്, കേരളസമൂഹപഠനങ്ങൾ, പ്രസക്തി ബുക്ക് ഹൗസ്, പത്തനംതിട്ട


## Suggested Readings


1. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി.ബുക്സ്, കോട്ടയം
2. എം.ജി.എസ്. നാരായണൻ, കേരള ചരിതത്തിലെ അഭിസ്ഥാനശിലകൾ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
3. ഡോ. എസ്. കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ
4. കെ. ശിവശങ്കരൻ നായർ, പ്രാചീന കേരളത്തിന്റെ ചരിത്രം, ഡി.സി. ബുക്ക്സ്, കോട്ടയം.


SGOU

# 4

# BLOCK

SGOU

# കേരളത്തിലെ നവോത്ഥാന മുന്നേറ്റങ്ങൾ

# യൂണിറ്റ് 1
# കേരളത്തിലെ നവോത്ഥാന മുന്നേറ്റങ്ങൾ

## Learning Outcomes

- കേരളത്തിന്റെ സാമൂഹിക ജീവിതത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് ധാരണ ലഭിക്കുന്നു
- നവോത്ഥാന പ്രക്രിയയെക്കുറിച്ച് അറിവ് നേടുന്നു
- രാഷ്ട്രീയ രംഗത്തുണ്ടായ മാറ്റങ്ങളെക്കുറിച്ച് ധാരണ ലഭിക്കുന്നു
- അധഃകൃതരുടെ വിദ്യാലയ പ്രവേശനത്തെക്കുറിച്ച് അവബോധം നേടുന്നു

## Prerequisite

നമ്മൾ ഏറെ കേട്ടിട്ടുള്ള പദമാണ് നവോത്ഥാനം. എന്താണ് നവോത്ഥാനം? പൊതുവായി പറഞ്ഞാൽ അത് നൂതനമായ സാമൂഹികമുന്നേറ്റമാണ്. അതായത് പത്തൊമ്പത് ഇരുപത് നൂറ്റാണ്ടുകളിൽ കേരളീയ അന്തരീക്ഷത്തിൽ പ്രകടമായ സാമൂഹിക മുന്നേറ്റങ്ങളെയാണ് നവോത്ഥാനം എന്ന് പറയുന്നത്. ഈ നൂറ്റാണ്ടുകളിൽ സാമൂഹികവും സാമ്പത്തികവും സാംസ്ക്കരികവുമായ സ്വാധീനത്താൽ കേരളത്തിൽ പുതിയ പരിഷ്കരണ പ്രവണത പ്രകടമാകുവാൻ തുടങ്ങി. ഇവയുടെ ശക്തിയാൽ പാരമ്പര്യഘടകങ്ങളുടെ തകർച്ചയ്ക്ക് വേഗത കൂടി. അതായത്, 18-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടി തന്നെ പരമ്പരാഗതമായി നിലനിന്നിരുന്ന സാമൂഹ്യസംവിധാനത്തിൽ പ്രകടമായ ശൈഥില്യം അനുഭവപ്പെടാൻ തുടങ്ങി. കേരളത്തിന്റെ ഭരണതലത്തിൽ അരങ്ങേറിയിരുന്ന നാടുവാഴിസമ്പ്രദായ തകർച്ച മാർത്താണ്ഡവർമ്മ, ശക്തൻതമ്പുരാൻ തുടങ്ങിയ ഭരണകർത്താക്കളുടെ കേന്ദ്രീകൃത രാജകീയവാഴ്ചയുടെ ആരംഭം എന്നിവ മൂലം നാടുവാഴിത്തത്തിന് ദുർബലത അനുഭവപ്പെട്ടു. കേരളത്തിലേയ്ക്കുള്ള മൈസൂരിന്റെ കടന്നുകയറ്റവും ആക്രമണ പശ്ചാത്തലവും കേരളത്തിൽ നിലനിന്നിരുന്ന പാരമ്പര്യ സമ്പ്രദായത്തെ തകർത്തെറിയാൻ പാകമുള്ളതായിരുന്നു. ഇത്തരമൊരന്തരീക്ഷത്തിൽ നാടുവാഴി പ്രഭുത്വത്തിനും സവർണമേധാവിത്വത്തിനും പ്രഭാവം നഷ്ടപ്പെടുകയും അവ ദുർബലമാവുകയും ചെയ്തു. ഇത് സാധ്യമായത് നാടുവാഴിത്ത സ്വഭാവമുള്ള ആചാരാനുഷ്ഠാനങ്ങളുടെ അന്ത്യത്തോടെയാണ്. ഏകദേശം പത്തൊമ്പതാം നൂറ്റാണ്ടു മുതൽ ആരംഭിച്ച ഒന്നായിവേണം കേരളീയ നവോത്ഥാനത്തെ വിലയിരുത്താൻ. കേരളീയാന്തരീക്ഷത്തിൽ പ്രകടമായ സാമൂഹികമാറ്റങ്ങളെ പൊതുവിൽ നവോത്ഥാനം എന്നതുകൊണ്ട് വിവക്ഷിക്കാവുന്നതാണ്. ഫ്യൂഡലിസത്തിന്റെ തകർച്ച, രാജഭരണങ്ങളുടെ ശക്തി പ്രാപിക്കൽ. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ തുടക്കം, മൈസൂരിന്റെ കേരളാക്രമണം മൂലം അതുവരെ നിലനിന്നിരുന്ന നാടുവാഴി സമ്പ്രദായങ്ങളുടെ ശൈഥില്യം തുടങ്ങിയവ നവോത്ഥാനത്തിന് ആക്കം കൂട്ടി.

SGOU

## Keywords

നവോത്ഥാന മുന്നേറ്റങ്ങൾ - ചാന്നാർ ലഹള - പാലിയം സമരം - മലയാളി മെമ്മോറിയൽ - ഈഴവ മെമ്മോറിയൽ - വൈക്കം സത്യാഗ്രഹം - ഗുരുവായൂർ സത്യാഗ്രഹം - ക്ഷേത്ര വേശന വിളംബരം - കർഷക കലാപങ്ങൾ - തൊണ്ണൂറാമാണ്ട് ലഹള

## Discussion

### 4.1.1 പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ കേരളീയാന്തരീക്ഷം

അന്നത്തെ കേരളീയാന്തരീക്ഷം സാമൂഹിക സ്വാതന്ത്ര്യത്തിലോ സമത്വത്തിലോ പൂർണമായ ദൃഢത കൈവരിച്ചിരുന്നില്ല. അതിനു കാരണം ഇവിടെ നിലനിന്നിരുന്ന അതിരൂക്ഷമായ ജാതിവ്യവസ്ഥയും അതിനോടനുബന്ധിച്ച് നടന്ന സാമൂഹിക പ്രശ്നങ്ങളുമായിരുന്നു. ഈയൊരവസ്ഥയ്ക്കു ചെറിയ ഒരു മാറ്റം കൈവന്നത് തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജാക്കന്മാരിലേക്ക് അധികാരം എത്തിയതും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ ഭരണവുമായിരുന്നു. ബ്രിട്ടീഷുകാർ സ്വന്തം താല്പര്യങ്ങളെ സംരക്ഷിക്കുന്നതിന് മാടമ്പിമാരേയും പ്രഭുക്കന്മാരേയും പിന്തുണച്ചതും സ്ഥിതിഗതികളെ കൂടുതൽ വഷളാക്കി. തുല്യനിയമം അന്നത്തെ കേരളീയാന്തരീക്ഷത്തിൽ സാധ്യമായിരുന്നില്ല. സമൂഹത്തിലെ ഉന്നതരെന്ന് മുദ്രകുത്തപ്പെട്ടവർ ഭൂനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നു. താഴ്ന്നവർക്കു മാത്രം കഠിനശിക്ഷ നല്കുക, അക്കാലത്തെ രീതിയായിരുന്നു. അടിമസമ്പ്രദായം പത്തൊമ്പതാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന മറ്റൊരു പ്രാകൃതാചാരമായിരുന്നു. ജീവിക്കുവാനുള്ള അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുടെ ദുഃഖങ്ങളും ദുരിതങ്ങളും അക്കാലത്തെ സാധാരണ ജീവിതത്തെ കൂടുതൽ കഠിനമാക്കിത്തീർത്തു.

എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബ്രിട്ടീഷുകാരും ഭാരതീയരുമായ ഭരണകർത്താക്കളും സ്വതന്ത്രമായ ചിന്താപദ്ധതിയാൽ പ്രചോദിതരായി തീർന്നു. ഇതോടെ ഒട്ടേറെ പരിഷ്കാരങ്ങൾ അന്നത്തെ സമൂഹത്തിൽ നടപ്പിലാക്കുവാൻ തുടങ്ങി. അടിമസമ്പ്രദായം നിർത്തലാക്കിയത് ഇക്കാലത്തെ ഏറ്റവും വലിയ സാമൂഹിക പുരോഗതിയായി വിലയിരുത്താവുന്നതാണ്. ഭരണ സമ്പ്രദായത്തിന്റെ മൊത്തത്തിലുള്ള അഴിച്ചുപണി മറ്റൊരു സാമൂഹിക മുന്നേറ്റമായിരുന്നു. നീതിന്യായ സംവിധാനത്തിൽ പാശ്ചാത്യരീതി പിന്തുടർന്നതും പടിഞ്ഞാറൻ നിയമസംഹിതകളെ മാതൃകയാക്കി നിർമ്മിച്ച പുതിയ നിയമസംഹിതകൾ രൂപം കൊണ്ടതുമൊക്കെ ഇക്കാലയളവിലെ നവോത്ഥാന മുന്നേറ്റങ്ങളായിരുന്നു. കേരളത്തിൽ നവോത്ഥാനപരിഷ്കാരങ്ങൾ സംഭവിക്കുന്നതിന് മുൻപുള്ള സാമൂഹികാന്തരീക്ഷത്തെ അടയാളപ്പെടുത്തുമ്പോൾ അക്കാലത്ത് നിലനിന്നിരുന്ന അനാചാരങ്ങളും ജാതീയതയുമെല്ലാം മനുഷ്യനെ വേർതിരിക്കുന്ന തരത്തിലുള്ളതായിരുന്നു എന്നുകാണാം. അതുമൂലം ജനജീവിതം കൂടുതൽ ദുസഹമായി മാറി. ആ അവസ്ഥയിൽ നിന്ന് നവോത്ഥാന പരിഷ്കാര മുന്നേറ്റങ്ങൾക്ക് കേരളം ക്രമേണ വിധേയമാകുകയായിരുന്നു.

### 4.1.2 നവോത്ഥാന മുന്നേറ്റങ്ങൾ

#### 4.1.2.1 ചാന്നാർ ലഹള

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് നാടാർ സമുദായത്തിൽപ്പെട്ട സ്ത്രീകൾക്ക് മാറുമറയ്ക്കുന്നതുമായി ബന്ധപ്പെട്ട് തെക്കൻ തിരുവിതാംകൂറിൽ പൊട്ടിപുറപ്പെട്ട സംഘർഷമാണ് ചാന്നാർ ലഹള. ഈ ലഹള മാറുമറയ്ക്കൽ സമരം, മേൽമുണ്ടു സമരം, മേൽശീല കലാപം, ശീലവഴക്ക് എന്നിങ്ങനെ പല പേരുകളിലും അറിയപ്പെടുന്നുണ്ട്. സാമൂഹികസമത്വമെന്നോ സ്ത്രീസമത്വമെന്നോ ഒക്കെ അവകാശപ്പെടാവുന്ന രീതിയിലാണ് ആദ്യത്തെ സംഘടിതവും ശക്തവുമായ സമരം അരങ്ങേറിയത്. കീഴാളവിഭാഗങ്ങളായിരുന്നു ആ സമരത്തിന്റെ സംഘാട

കർ. ചാന്നാർ ലഹളയെന്ന് പിൽക്കാല ചരിത്രം അതിനെ രേഖപ്പെടുത്തി. ചാന്നാർ ലഹളയിലേക്ക് പോകുംമുമ്പ് പറയേണ്ട ഒരു നവോത്ഥാനപ്രക്രിയയാണ് അധഃകൃതരുടെ മതംമാറ്റം. ചാന്നാർ ലഹളയ്ക്ക് ഹേതുവായത് യഥാർഥത്തിൽ കീഴാളരുടെ ക്രിസ്തുമതപ്രവേശനം തന്നെയാണ്. ഹിന്ദുമതത്തിനുള്ളിൽ നിലനിന്നിരുന്ന ജാത്യാചാരങ്ങൾ കൊണ്ട് പൊറുതിമുട്ടിയ കീഴാളജനതയ്ക്ക് ആശ്വാസമായാണ് ക്രിസ്ത്യൻ മിഷണറിമാർ രംഗത്തുവന്നത്. 1806-ൽ ഫാദർ വില്യം ടോബിയാസ് റിങ്ങിൽടാബ് തിരുവിതാംകൂറിൽ മിഷണറി പ്രവർത്തനം തുടങ്ങി. വഴിനടക്കാൻ അവകാശമില്ലാതിരുന്നവർ മറ്റുമതത്തിൽ ചേർന്നാൽ ഏതു വഴിയിലൂടെയും നടക്കാം എന്നത് മതം മാറ്റത്തിന് ആക്കംക്കൂട്ടി. ദുരവസ്ഥയിൽ ആശാൻ പാടിയതുപോലെ;

> 'എത്രയോ ദൂരം വഴിതെറ്റിനിൽക്കേണ്ടൊ-
> രേഴച്ചെറുമൻ പോയ്തൊപ്പിയിട്ടാൽ
> ചിത്രമവനെത്തിച്ചാരത്തിരുന്നിടാം
> ചെറ്റുംപേടിക്കേണ്ടാ നമ്പൂരാരേ.'

മറ്റു മതചിഹ്നങ്ങൾ സ്വീകരിച്ചാൽ ആട്ടും തുപ്പും കൊള്ളേണ്ടെങ്കിൽ പിന്നെന്തിനു ഹിന്ദുമതത്തിൽ തന്നെ നിൽക്കണം. തെക്കൻ കേരളത്തിൽ ചാന്നാർ, നാടാർ തുടങ്ങി ചില കീഴാളവിഭാഗങ്ങൾ ക്രിസ്തുമതത്തിൽ ചേർന്നു. മതംമാറിയ ചാന്നാട്ടികൾ സവർണ സ്ത്രീകളെപ്പോലെ വസ്ത്രം ധരിക്കുവാൻ തുടങ്ങിയതാണ് ചാന്നാർ ലഹളയ്ക്ക് കാരണമായത്. ക്രിസ്ത്യൻ സ്ത്രീകളെപ്പോലെ ചട്ടയും മുണ്ടും, ധരിച്ചിരുന്നെങ്കിൽ പ്രശ്നമില്ലായിരുന്നു. കാരണം അവരെ തിരിച്ചറിയാമല്ലോ? പക്ഷേ ചാന്നാട്ടികൾ ധരിച്ചത് സവർണസ്ത്രീകളുടെ വേഷവിധാനങ്ങളായിരുന്നു. റൗക്കയ്ക്ക് മുകളിൽ മറ്റൊരു ചേലകൂടിയിട്ടത് സവർണ മേധാവികൾക്ക് സ്വീകാര്യമായില്ല. 1822-ൽ മേൽശീല ധരിച്ചതിന് ഒരു ചാന്നാട്ടിക്കെതിരെ സർക്കാർ നടപടിയെടുത്തു. ഇതിനെതിരെ തുടങ്ങിയതാണ് ചാന്നാർ ലഹള. ജാതി തിരിച്ചറിയണമെന്ന ഉദ്ദേശ്യമായിരുന്നു സവർണജാതിക്കാരുടെ നിർബന്ധത്തിനു പിന്നിൽ. ജാതി തിരിച്ചറിയണമെന്നത് ഒരു കീഴ്വഴക്കമായിരുന്നല്ലോ. സവർണപക്ഷത്തുനിന്ന് ചിന്തിക്കുമ്പോൾ അത് കീഴ്വഴക്കലംഘനമായിരുന്നു. നേരായ ഒരു ഭരണഘടനയില്ലാത്ത നാട്ടിൽ കീഴ്വഴക്കങ്ങളായാണ് നിയമം നിലനിന്നിരുന്നത്. ചാന്നാട്ടികൾ കീഴ്വഴക്കം തെറ്റിക്കുന്നു എന്നതായിരുന്നു ആക്ഷേപം. കീഴ്വഴക്കലംഘനം നിയമലംഘനം തന്നെയാണ്. നിയമലംഘനം രാജ്യദ്രോഹം തന്നെയാണ്. ഏതുകാലത്തും കാലം ഓർത്തുവെക്കുന്ന രാജ്യദ്രോഹികൾ ഉണ്ടാകുന്നത് ഇതേരീതിയിൽ തന്നെയാണ്.

1822-ൽ തന്നെ പൂതത്താൻകുട്ടിചാന്നാനും ഭാര്യ ഇശക്കിചാന്നാട്ടിയും സവർണവേഷത്തിൽ മാടൻപിള്ള എന്ന മാടമ്പിയുടെ വീട്ടിൽ ചെന്ന് സമനിലയിൽ പെരുമാറിയത് വീണ്ടും ലഹളയ്ക്ക് കാരണമായി. കേണൽ മൺറോ ക്രിസ്ത്യൻ സ്ത്രീകൾ ധരിക്കുന്ന വസ്ത്രം അണിയാൻ ചാന്നാട്ടികൾക്ക് നിർദേശം കൊടുത്തു. പക്ഷേ ആ വസ്ത്രം ധരിച്ചിട്ടും കൽക്കുളംചന്തയിൽ വെച്ച് ചാന്നാട്ടികളുടെ ജാക്കറ്റും മേൽമുണ്ടും സവർണ മാടമ്പിമാർ വലിച്ചുകീറി. ഭരണകൂടത്തിന്റെ മൗനാനുവാദം മാടമ്പിമാർക്കൊപ്പമായിരുന്നു. ചാന്നാട്ടികൾ മാറുമറയ്ക്കാൻ പാടില്ല എന്ന കല്പനയിറക്കാൻ അന്നത്തെ ദിവാനായിരുന്ന വെങ്കട്ടറാവുവിന് യാതൊരുമടിയും ഉണ്ടായില്ല. 1822-ൽ തുടങ്ങിയ ഈ പോരാട്ടം റൗക്കധരിക്കാനും, റൗക്കയ്ക്കു മുകളിൽ ശീലയിടാനും കൂടിയുള്ളതായി പരിണമിച്ചു. ഏകദേശം മൂന്ന് ദശകങ്ങളിലായി ഒട്ടേറെത്തവണ സവർണർ ചാന്നാട്ടികളെ കൈയേറ്റം ചെയ്യുകയുണ്ടായി. കൈയേറ്റത്തിനു വിധേയരായവർ ലഹളക്കാരായി ചിത്രീകരിക്കപ്പെട്ടു. 1859-ലും ചാന്നാട്ടികൾ മാടമ്പിമാരാൽ ആക്രമിക്കപ്പെട്ടു. തെക്കൻ തിരുവിതാംകൂറിന്റെ പലഭാഗങ്ങളിലും വിശേഷിച്ചു കോട്ടാറിലും, കുമാരപുരത്തും, ചാന്നാട്ടികളെ നഗ്നരാക്കി നടത്തിക്കുകയും ചെയ്തു. കളിയിക്കാവിള, ആറാലുംമൂട്, ചെമ്പൻവിള, ആണ്ടിതോപ്പ്, പാറശ്ശാല തുടങ്ങിയ ഇടങ്ങളിൽ ലഹളയും സംഘർഷവും തുടർന്നുകൊണ്ടേയിരുന്നു. ഉത്രം തിരുനാൾ ഗത്യന്തരമില്ലാതെ 1859 ജൂലൈ 26-ന് ചാന്നാട്ടികളായ ആർക്കും റൗക്ക ധരിക്കാൻ അനുവാദം നൽകി വിളംബരം പുറപ്പെടുവിച്ചു. വസ്ത്രധാരണം എങ്ങനെയാണ് നവോത്ഥാനത്തിന് ഉപകരണമായത് എന്നതിന്റെ ദൃഷ്ടാന്തമാണ് ചാന്നാർ ലഹള. പാശ്ചാത്യദേശത്ത് വസ്ത്രം ഉപേക്ഷിച്ചുകൊണ്ടായിരുന്നു

SGOU

സ്ത്രീകൾ പ്രക്ഷോഭത്തിനിറങ്ങിയതെങ്കിൽ നമ്മുടെ നാട്ടിൽ വസ്ത്രം അണിഞ്ഞുകൊണ്ടായിരുന്നു പോരാട്ടം നടത്തിയത്. രണ്ടും സ്ത്രീകളുടെ അവകാശം തന്നെയായിരുന്നുവെന്നത് ഇന്ന് രസകരമായി തോന്നാം.

#### 4.1.2.1.1 ചാന്നാർ ലഹളയുടെ സാമൂഹിക പശ്ചാത്തലം

തെക്കൻ തിരുവിതാംകൂർ ഉൾപ്പെട്ട തമിഴകത്തിൽ വസിച്ചിരുന്ന പ്രബല വർഗമായിരുന്നു ചാന്നാന്മാർ എന്ന് പൊതുവെ വിശേഷിപ്പിക്കപ്പെടുന്നവർ ഹിന്ദുമതത്തിന്റെ ഭാഗമായിരുന്നു. ആയ് രാജാക്കന്മാരുടെ ഭരണകാലത്ത് ഇവർക്ക് ഉയർന്ന സ്ഥാനമാണ് കല്പിക്കപ്പെട്ടിരുന്നത്. എന്നാൽ ആര്യവല്കരണത്തോടെ ബ്രാഹ്മണാധിപത്യം ശക്തിപ്രാപിക്കുകയും ഇവർ ജാതിശ്രേണിയുടെ അവസാനതട്ടിൽ താഴ്ത്തപ്പെടുകയും ചെയ്തു. അക്കാലത്ത് ജാതീയമായി സമൂഹത്തിൽ നിന്ന് പിന്തള്ളപ്പെട്ട സമുദായത്തിലെ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. ഈ ദുരാചാരം ക്രമേണ ചാന്നാർ സമുദായത്തിനും അനുസരിക്കേണ്ടി വന്നു. ആര്യപൗരോഹിത്യസംഭാവനയായിരുന്ന ഇത്തരം കീഴ്വഴങ്ങളും ശാസനകളും ശക്തമായതിനാൽ ഇത്തരം വസ്ത്രസ്വാതന്ത്ര്യനിഷേധത്തിൽ അസംതൃപ്തരായിരുന്നെങ്കിലും ഇവർ പ്രതിഷേധിച്ചിരുന്നില്ല. ഇത്തരത്തിൽ അസംതൃപ്തരായിരുന്നവരിലേക്കാണ് വിദേശമിഷണറിമാർ മതപരിവർത്തനം എന്ന ലക്ഷ്യവുമായി എത്തിച്ചേർന്നത്. അവർ ചാന്നന്മാർക്ക് വിദ്യാഭ്യാസം നല്കി ക്രിസ്തുമതത്തിലേക്ക് അവരെ പരിവർത്തനം നടത്തുകയാണുണ്ടായത്. സാമൂഹികമായ അഭിവൃദ്ധി പ്രാപിക്കുന്നതിന് അവരിൽ ഒരു വിഭാഗം വേഗം തന്നെ ക്രിസ്തുമതത്തിൽ ചേർന്നു. ഇവരുടെ വസ്ത്രധാരണത്തിലും ജീവിതരീതികൾക്കും പരിഷ്കാരങ്ങൾ വരുത്തുവാൻ മിഷണറിമാർ ജാഗരൂകരായിരുന്നു. വസ്ത്രധാരണത്തിൽ മാന്യമായ സ്ഥാനം ലഭിക്കുമെന്നു വന്നതോടെ ക്രിസ്തുമതത്തിലേക്കുള്ള ജനപ്രവാഹം വർധിച്ചു. മതപരിവർത്തനത്തിന് വിധേയരായ ചാന്നാർ സ്ത്രീകൾ മേൽവസ്ത്രം ധരിക്കാൻ തുടങ്ങി. ഇവരുടെ പ്രവൃത്തി ഹിന്ദുമതത്തിലെ സവർണരെ പ്രകോപിതരാക്കുകയും അവർ അക്രണം അഴിച്ചുവിടുകയും ചെയ്തു. ലഹള വ്യാപകമായതോടെ 1812-ൽ ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺറോ ക്രിസ്ത്യൻ നാടാർ സ്ത്രീകൾക്ക് മാറുമറയ്ക്കുന്ന തരത്തിലുള്ള വസ്ത്രം ധരിക്കാൻ അനുമതി നല്കുകയും ചെയ്തു. അതിൽ തൃപ്തരാകാത്ത ചാന്നാർ സ്ത്രീകൾ മേൽമുണ്ട് ധരിക്കാൻ തുടങ്ങി. സവർണർ ഇതിൽ ക്രുദ്ധരാകുകയും അവരെ ആക്രമിക്കുകയും ചെയ്തു. തുടർന്ന് ലഹള പൊട്ടിപ്പുറപ്പെട്ടു. അവസാനം 1859-ൽ ഗവൺമെന്റ് സമരക്കാർക്കനുകൂലമായി വിളംബരം ഇറക്കി. ഇങ്ങനെ ചാന്നാർ ലഹള അവസാനിക്കുകയാണുണ്ടായത്.

### 4.1.2.2 പാലിയം സത്യാഗ്രഹം

അയിത്താചാരത്തിനെതിരെ പാലിയത്ത് (ചേന്നമംഗലത്ത്) വച്ച് 1947 ഡിസംബർ മുതൽ 1948 മാർച്ച് വരെ നടന്ന സമരമാണ് പാലിയം സമരം. ചേന്ദമംഗലത്ത് പാലിയത്തച്ചന്റെ ഭവനത്തിന് മുന്നിലുള്ള പൊതുവഴിയിൽക്കൂടിനടക്കാനുള്ള സ്വാതന്ത്ര്യം അവർണർക്കും അഹിന്ദുക്കൾക്കും നൂറ്റാണ്ടുകളായി നിഷേധിക്കപ്പെട്ടിരുന്നു. ഈയവസരത്തിൽ ഇത്തരം അയിത്താചാരങ്ങൾക്കു തടയിടാൻ വേണ്ടി മിക്ക രാഷ്ട്രീയകക്ഷികളും സാമുദായിക സംഘടനകളും ഒരുമിച്ച് നടത്തിയ സമരമാണ് പാലിയം സമരം. അതിന്റെ ഔപചാരികമായ ഉദ്ഘാടനം 1947 ഡിസംബർ 4-ന് നിർവഹിച്ചത് സി. കേശവനാണ്. ഗവൺമെന്റ് ഇതിനെ പ്രതിരോധിക്കുവാനായി നിരോധനാജ്ഞ പുറപ്പെടുവിച്ചിരുന്നു. നാനാഭാഗത്തുനിന്നും ദിവസേന വന്നുചേർന്നിരുന്ന സത്യാഗ്രഹാനുകൂലികൾ നിരോധനാജ്ഞ ലംഘിക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. സർക്കാർ സമരാനുകൂലികളെ നേരിടാൻ ലാത്തിപ്രയോഗം, അറസ്റ്റ് തുടങ്ങിയ മർദ്ദനമുറകൾ സ്വീകരിച്ചു. ഈ സത്യാഗ്രഹത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നത് അതിലെ സവർണപങ്കാളിത്തമായിരുന്നു. കൊച്ചി-കൊടുങ്ങല്ലൂർ രാജകുടുംബാംഗങ്ങളും നമ്പൂതിരി കുടുംബാംഗങ്ങളും ഈ സത്യാഗ്രഹത്തിൽ പങ്കുചേർന്നു. ജാഥ നയിച്ച എ.ജി. വേലായുധൻ പോലീസ് മർദ്ദനത്തിൽ രക്തസാക്ഷിയായത് സത്യാഗ്രഹാനുകൂലികളെ ചൊടിപ്പിക്കുകയും പാലിയം സത്യാഗ്രഹം രൂക്ഷമാക്കുകയും ചെയ്തു. അക്രമസംഭവങ്ങൾക്കൊടുവിൽ സത്യാഗ്രഹം തൽക്കാലം നിർത്തിവയ്ക്കുക

SGOU

യാണുണ്ടായത്. 1948 ഏപ്രിലിൽ കൊച്ചിയിൽ ക്ഷേത്രപ്രവേശനം അനുവദിച്ചതുമൂലം പാലിയം റോഡിലൂടെ സഞ്ചരിക്കുന്നതിന് അഹിന്ദുക്കൾക്കും അവർണർക്കും അനുമതി ലഭിക്കുകയും ചെയ്തു.

### 4.1.2.3 മലയാളി മെമ്മോറിയൽ

തിരുവിതാംകൂറിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ ധാരാളമുണ്ടായിരുന്നു. എന്നിരുന്നാലും ഉയർന്ന സർക്കാരുദ്യോഗങ്ങളിലേക്ക് വെളിയിലുള്ളവരെ വിശേഷ്യാ തമിഴ് ബ്രാഹ്മണരെ തിരുകി കയറ്റുന്നതിന് സർക്കാർ ശ്രമിച്ചിരുന്നു. സർക്കാരിന്റെ പ്രസ്തുത നയങ്ങൾക്കെതിരെ നാട്ടിലെ വിദ്യാസമ്പന്നർക്ക് കഠിനമായ എതിർപ്പുണ്ടായി. രാമയ്യൻ ദളവയുടെ കാലം മുതൽ തുടങ്ങിയ ഈ പ്രവണത അഭ്യസ്തവിദ്യർക്കിടയിൽ പ്രതിഷേധം വളർത്തുവാനിടയാക്കി. ഇതിനനുബന്ധമായി ധാരാളം പ്രതിഷേധങ്ങൾ നടക്കാൻ തുടങ്ങി. തിരുവിതാംകൂർകാരല്ലാത്തവരെ സർക്കാർ സർവീസിൽ മുൻഗണന നൽകി നിയമിച്ചതിനെതിരെ ലേഖനങ്ങൾ എഴുതി എന്ന കുറ്റം ചുമത്തി മൂന്ന് വിദ്യാർഥികളെ 1882-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് പുറത്താക്കുകയും ചെയ്തു. ജി. പരമേശ്വരൻ പിള്ള, എൻ. രാമൻപിള്ള, ആർ. രംഗറാവു എന്നിവരായിരുന്നു ഇപ്രകാരം പുറത്താക്കപ്പെട്ടവർ. കോളേജിലെ പ്രിൻസിപ്പാളായിരുന്ന ജോൺ റോസ്സിന്റെ അഭിപ്രായത്തെ മറികടന്ന് മഹാരാജാവിന്റെ പ്രത്യേകാനുമതിയോടെയാണ് ദിവാൻ രാമയ്യങ്കാർ ശിക്ഷണനടപടിക്ക് ഉത്തരവിട്ടത്. ഈ സംഭവവികാസങ്ങളിൽ ജി. പരമേശ്വരൻപിള്ള വഹിച്ച പങ്കിനെ പരിഗണിച്ച് അദ്ദേഹത്തെ 'ആധുനിക തിരുവിതാംകൂറിലെ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ പിതാവ്' എന്നു വിശേഷിപ്പിക്കാറുണ്ട്.

തിരുവിതാംകൂറുകാരല്ലാത്തവരെ നിയമിക്കുന്ന പ്രവണതയ്ക്കെതിരായുള്ള ജനങ്ങളുടെ പ്രക്ഷോഭം 1891 ജനുവരിയിൽ മഹാരാജാവിന് സമർപ്പിക്കപ്പെട്ട മലയാളി മെമ്മോറിയലിൽ അതിശക്തമായി പ്രതിഫലിച്ചിരുന്നു. ബാരിസ്റ്റർ ജി.പി. പിള്ളയാണ് മലയാളി മെമ്മോറിയലിൽ പ്രധാനപങ്ക് വഹിച്ചത്. നാനാമതക്കാരായ അനേകം ആളുകൾ ഒപ്പിട്ട ആ ഹർജി അഭ്യസ്തവിദ്യരായ ചെറുപ്പക്കാരായ തൊഴിൽരഹിതരുടെ അവസ്ഥ വെളിയിൽ കൊണ്ടുവന്നു. ഉയർന്ന സർക്കാരുദ്യോഗങ്ങളിൽ നിന്ന് ഇത്തരക്കാരായ തദ്ദേശീയരെ ഒഴിച്ചുനിർത്തിയിരിക്കുന്ന വസ്തുത മഹാരാജാവിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും സർക്കാർ നിയമനങ്ങളിൽ ഉചിതമായ സ്ഥാനം അവർക്കു നൽകാൻ വേണ്ട ചട്ടങ്ങൾ നടപ്പിലാക്കാൻ തുടങ്ങുകയും ചെയ്തു.

### 4.1.2.4 ഈഴവ മെമ്മോറിയൽ

മലയാളി മെമ്മോറിയലിനുശേഷം ജനങ്ങളുടെ അവകാശബോധത്തെ മുൻനിർത്തി നടന്ന മറ്റൊരു പ്രക്ഷോഭമാണ് ഈഴവ മെമ്മോറിയൽ. ഡോ. പൽപ്പുവിന്റെ നേതൃത്വത്തിലാണ് ഈഴവ മെമ്മോറിയൽ സമർപ്പിക്കപ്പെട്ടത്. 13176 ഈഴവർ ഒപ്പിട്ട ഈ മെമ്മോറിയൽ 1896 സെപ്തംബർ 3-ാം തീയതി മഹാരാജാവിന് സമർപ്പിക്കപ്പെട്ടു. ഈ കാലയളവിൽ ഈഴവർക്കും മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും സ്കൂളുകളിലും സർക്കാർ ജോലിയിലും പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. ഡോ. പൽപ്പുവിന് തിരുവിതാംകൂർ മെഡിക്കൽ വകുപ്പിൽ ഉദ്യോഗം നിഷേധിച്ചതും അദ്ദേഹം മൈസൂർ ഗവൺമെന്റിനെ ഉദ്യോഗാർഥം സമീപിച്ചതുമെല്ലാം ഈഴവ മെമ്മോറിയലിന്റെ ആവശ്യകത വെളിപ്പെടുത്തുന്നു. ഈഴവ സമുദായത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവർക്ക് ലഭിച്ച ആനുകൂല്യം ഇവർക്കും ലഭിക്കണമെന്നതായിരുന്നു, ഈഴവ മെമ്മോറിയലിന്റെ മറ്റൊരാവശ്യം. ഗവൺമെന്റിൽ നിന്നും ലഭിച്ച നിഷേധാത്മക നിലപാട് ഈഴവ മെമ്മോറിയലിന്റെ നിറം കെടുത്തുന്നതായിരുന്നു. രണ്ടാമത്തെ ശ്രമമെന്ന നിലയിൽ ഈഴവർ 1900-ൽ തിരുവിതാംകൂർ സന്ദർശിച്ച വൈസ്രോയിയായ കഴ്സൺ പ്രഭുവിന് തങ്ങളുടെ പരാതി രേഖപ്പെടുത്തിക്കൊണ്ട് മറ്റൊരു മെമ്മോറിയൽ സമർപ്പിച്ചു. പക്ഷേ ആ ശ്രമവും പരാജയമായിരുന്നു. നാട്ടുരാജ്യങ്ങളിലെ ഭരണപരമായ കാര്യങ്ങളിൽ ഇടപെടാൻ തനിക്ക് സാധിക്കുകയില്ല എന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. പൂർണമായ ലക്ഷ്യം നേടിയില്ലെങ്കിലും തങ്ങളുടെ അവകാശത്തെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കാൻ ഈഴവ മെമ്മോറിയലിനു കഴിഞ്ഞു.

SGOU

### 4.1.2.5 ക്ഷേത്രപ്രവേശന വിളംബരം

തിരുവിതാംകൂറിലെ അവർണ, ദലിത് ആദിവാസി ജനവിഭാഗങ്ങൾക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചുകൊണ്ട് 1936 നവംബർ 12-ാം തീയതി (1112 തുലാം 27-ാം തീയതി) തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ പുറപ്പെടുവിച്ച വിളംബരമാണ് 'ക്ഷേത്രപ്രവേശനവിളംബരം'. അവർണ ജനതയ്ക്ക് ക്ഷേത്രത്തിനകത്തും സമീപത്തും പ്രവേശനം ലഭിക്കുന്നതിനുവേണ്ടി ഏറെക്കാലമായി നടന്നു കൊണ്ടിരുന്ന അനവധി പ്രക്ഷോഭങ്ങളുടെ വിജയമായിരുന്നു ക്ഷേത്രപ്രവേശന വിളംബരം. ചരിത്രപ്രമാണരേഖയായിത്തന്നെ ഇതിനെ വിശേഷിപ്പിക്കാം. ഗാന്ധിജി ഈ വിളംബരത്തെ 'ആധുനിക കാലത്തിലെ അത്ഭുതമെന്നും ജനങ്ങളുടെ അധ്യാത്മ വിമോചനത്തിന്റെ അധികാര രേഖയായ സ്മൃതി' എന്നുമാണ് വിശേഷിപ്പിച്ചത്. അധഃസ്ഥിത വിഭാഗങ്ങൾക്ക് ഈ വിളംബരം ആശ്വാസവും പ്രതീക്ഷയും നല്കുന്നതായിരുന്നു. 1948 ഏപ്രിലിൽ കൊച്ചിരാജാവ് പ്രഖ്യാപിച്ച ക്ഷേത്രപ്രവേശാവകാശദാന വിളംബരം ഇതിന്റെ ചുവടുപിടിച്ച് നടന്നതായിരുന്നു. ഇതനുസരിച്ച് കൊച്ചിയിലെ ക്ഷേത്രങ്ങളിൽ ജാതി വ്യത്യാസമില്ലാതെ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം അനുവദിച്ചു. 1947 ലെ മദിരാശി ക്ഷേത്രപ്രവേശന നിയമം ഈ സ്വാതന്ത്ര്യം മലബാർ പ്രദേശത്തേക്കും വ്യാപിപ്പിക്കുകയുണ്ടായി.

ശ്രീ.പദ്മനാഭദാസ വഞ്ചിപാല, സർ രാമവർമ്മ കുലശേഖര കിരീടപതിമന്നേ സുൽത്താൻ മഹാരാജരാജ രാമരാജ ബഹദൂർ ഷംഷെർജംഗ്, നൈറ്റ് ഗ്രാൻഡ് കമാൻഡർ ഓഫ് ദി മോസ്റ്റ് എമിനന്റ് ആർഡർ ആഫ് ദി ഇന്ത്യൻ എംപയർ, തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സുകൊണ്ട് 1936 നു നവംബർ 12-ാം തീയതിക്കു ശരിയായ 1112 തുലാം 27-ന് പ്രസിദ്ധപ്പെടുത്തുന്ന വിളംബരം:

"നമ്മുടെ മതത്തിന്റെ പരമാർഥതയും സുപ്രമാണതയും ഗാഢമായി ബോധ്യപ്പെട്ടും, ആയതു ദൈവികമായ അനുശാസനത്തിലും സർവവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളിലായി കാല പരിവർത്തനത്തിന് അനുയോജിച്ചു പോന്നുവെന്നും ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കും തന്നെ അവരുടെ ജനനമോ ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉത്ക്കണ്ഠയാലും നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നതെന്താണെന്നാൽ, സമുചിതമായ പരിതസ്ഥിതികൾ പരിരക്ഷിക്കുന്നതിനും ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചുനടത്തുന്നതിനും നാം നിശ്ചയിക്കുകയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനാലോ മതവിശ്വാസത്തിലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടെയും ഗവൺമെന്റിന്റെയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു."

ഇന്ത്യയിലാകമാനം നോക്കിയാൽ ഇത്ര പുരോഗമനപരമായ ഒരു നടപടി മറ്റൊരു നാടുവാഴിയും കൈക്കൊണ്ടതായി പറയാനില്ല. ആധുനിക ഇന്ത്യയുടെ ചരിത്രത്തിലെ അവിസ്മരണീയ സംഭവമായിട്ടാണ് ചരിത്രകാരന്മാരും ദേശീയ നേതാക്കളും ഇതിനെ കാണുന്നത്. 'ഹരിജനങ്ങൾക്കും ക്ഷേത്രപ്രവേശനമനുവദിച്ചിടത്തേക്ക് ഒരു തീർഥയാത്ര' എന്നു പറഞ്ഞു കൊണ്ടാണ് ആ പ്രാവശ്യം ഗാന്ധിജി തിരുവിതാംകൂർ സന്ദർശിച്ചത്. അദ്ദേഹം ചെയ്ത അനുമോദന പ്രസംഗത്തിൽ 'ഭാരതത്തിന്റെ തെക്കേ അറ്റത്തുള്ള ഈ പുരാതന രാജ്യത്തിന്റെ ഉത്കൃഷ്ടമാതൃക ഭാരതത്തിലെ മറ്റു ഹിന്ദു രാജാക്കന്മാർ പിൻതുടരാൻ ആഹ്വാനംചെയ്തു.' 'ഇന്ത്യയിൽ നവയുഗത്തിന്റെ, ഇന്ത്യൻ സമയത്തിന്റെ ഉദ്ഘാടനമായിരുന്നു ആ പ്രഖ്യാപനമെന്ന്' സർദാർവല്ലഭായി പട്ടേൽ അഭിപ്രായപ്പെട്ടു. രാജ്യത്തുടനീളം അനുമോദന യോഗങ്ങൾ നടന്നു. ആദരസൂചകമായി സ്മാരകങ്ങളുയർന്നു.

#### *4.1.2.5.1 സാമൂഹിക പശ്ചാത്തലം*

തിരുവിതാംകൂറിലെ അവശസമുദായക്കാർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചുകൊണ്ട് മഹാരാജാവ് പുറപ്പെടുവിച്ച വിളംബരമാണ് ക്ഷേത്രപ്രവേശന വിളംബരം. ഇതിന്റെ സാമൂഹികപശ്ചാ

SGOU

ത്തലം നമുക്ക് നോക്കാം. തിരുവിതാംകൂറിൽ നിന്നാരംഭിച്ച് കേരളമൊട്ടാകെ തന്നെ സാമൂഹികപുരോഗതിക്കു വഴി തെളിയിച്ച സുപ്രധാന ഘട്ടമായി ഇതിനെ വിശേഷിപ്പിക്കാവുന്നതാണ്. ഏറ്റവും ബൃഹത്തായ സാമൂഹിക പരിഷ്കാരമായി വിളംബരത്തെ ഒറ്റവാക്കിൽ നിർവചിക്കാവുന്നതാണ്. തിരുവിതാംകൂർ ഉൾപ്പെടെയുള്ള കേരളത്തിന്റെ നാനാദിക്കുകളിൽ നിലനിന്നിരുന്ന അയിത്തത്തിന്റെ ഭാഗമായി അധഃസ്ഥിത വിഭാഗങ്ങൾക്ക് പൊതുസ്ഥലങ്ങളിലും നിരത്തുകളിലും ക്ഷേത്രങ്ങൾക്കുള്ളിലും പ്രവേശനം നിഷേധിച്ചിരുന്നു. കാലാന്തരത്തിൽ അയിത്തമുൾപ്പെടെയുള്ള ജാതീയവിവേചനങ്ങൾക്കെതിരെ പ്രതിഷേധം ശക്തമാക്കുവാൻ തുടങ്ങി. അവർണരുടെ അവശതകൾക്കെതിരെ ശക്തമായി പ്രതിഷേധിക്കുന്ന തരത്തിലുള്ള പ്രക്ഷോഭങ്ങളും സമരങ്ങളും നടക്കാൻ തുടങ്ങി. സമത്വ സമാജം സ്ഥാപകനായ വൈകുണ്ഠസ്വാമി, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, ഡോ.പൽപ്പു, ടി.കെ.മാധവൻ, മന്നത്ത് പത്മനാഭൻ, അയ്യൻകാളി തുടങ്ങിയ നവോത്ഥാന നായകരുടെ പ്രബോധനവും പ്രവർത്തനവും ഇത്തരം അയിത്താചാരങ്ങൾക്കെതിരെ പൊരുതുവാൻ ജനങ്ങളെ ശക്തരാക്കി. അധഃകൃതജനതയുടെ ക്ഷേത്രപ്രവേശനത്തെ പറ്റി പഠിക്കുന്നതിന് 1932 -ൽ ഒരു കമ്മിറ്റി നിയമിതമായി. അതിൽ ഉള്ളൂർ എസ്.പരമേശ്വരയ്യർ, മഹാദേവ അയ്യർ, നമ്പി നീലകണ്ഠ ശർമ്മ എന്നിവരായിരുന്നു പ്രധാനികൾ. എന്നാൽ കമ്മിറ്റിയുടെ റിപ്പോർട്ട് നിരാശാജനകമായിരുന്നു. തുടർന്ന് വീണ്ടും ഒരു കമ്മറ്റിയെ മഹാരാജാവ് നിയോഗിച്ചു. എട്ടംഗ സമിതി രണ്ടുവർഷത്തിനുശേഷം സമർപ്പിച്ച റിപ്പോർട്ടിൽ അനുകൂലമായ നടപടിയുണ്ടായിരുന്നില്ല. എന്നിരുന്നാലും അയിത്താചാരണത്തിനെതിരെ സ്വീകരിക്കേണ്ട നടപടികൾ സമിതി ശുപാർശ ചെയ്തു. 1936-ൽ ഇത്തരം നടപടികൾ സർക്കാർ നടപ്പിലാക്കുകയും ചെയ്തു. ഇവയെല്ലാം തന്നെ ക്ഷേത്രപ്രവേശനവിളംബരത്തിനനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയാണുണ്ടായത്.

### 4.1.2.6 വൈക്കം സത്യാഗ്രഹം

അയിത്തോച്ചാടന പ്രസ്ഥാനത്തിലെ ആദ്യത്തെ സമരമാണ് വൈക്കം സത്യാഗ്രഹം. ഈ സത്യാഗ്രഹം നടന്നത് 1924-1925 വരെയാണ്. സമരക്കാരുടെ പ്രധാന ആവശ്യം വൈക്കം ക്ഷേത്രത്തിലേക്കുള്ള വഴികളിൽ അവർണ ഹിന്ദുക്കൾക്ക് കൂടി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കണമെന്നതായിരുന്നു. വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം നല്കിയത് ടി.കെ. മാധവൻ, കെ.പി. കേശവമേനോൻ, മന്നത്ത് പത്മനാഭൻ, ചങ്ങനാശേരി പരമേശ്വരൻപിള്ള, സി.വി. കുഞ്ഞുരാമൻ, കെ. കേളപ്പൻ തുടങ്ങിയവരാണ്. സമരത്തിന്റെ പ്രധാനമായ മറ്റൊരു ഘടകം, മന്നത്ത് പത്മനാഭൻ സമരത്തിന് നൽകിയ പിന്തുണയായിരുന്നു. സവർണ ഹിന്ദുക്കൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സവർണജാഥയായിരുന്നു അത്. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട വലിയ ഒരു സംഭവം. ജാഥാംഗങ്ങൾ തിരുവനന്തപുരത്ത് വന്ന് മഹാറാണി സേതുലക്ഷ്മിബായിയെ സന്ദർശിക്കുകയും തങ്ങളുടെ ആവശ്യം റാണിയെ ബോധ്യപ്പെടുത്തുകയും ചെയ്തു.

സമരപരിപാടിയെ തുടർന്ന് ദിവസം കഴിയുന്തോറും സത്യാഗ്രഹികളുടെയും അനുഭാവികളുടെയും എണ്ണം കൂടിക്കൂടി വന്നു. ടി.കെ. മാധവൻ, കെ.പി. കേശവമേനോൻ എന്നിവരെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. ഇതിനിടയ്ക്ക് ശ്രീമൂലം തിരുനാൾ നാടുനീങ്ങി. ശ്രീചിത്തിര തിരുനാൾ രാജാവാകുകയും അദ്ദേഹത്തിന് പ്രായപൂർത്തിയാകാത്തതുകൊണ്ട് റാണിസേതുലക്ഷ്മിഭായി റീജന്റായി അധികാരമേൽക്കുകയും ചെയ്തു. റാണി, അറസ്റ്റിലായവരെ മോചിപ്പിച്ചെങ്കിലും സമരം തുടർന്നു. ശ്രീനാരായണഗുരു വൈക്കത്തെത്തി സത്യാഗ്രഹികളെ സന്ദർശിച്ചത് സമരത്തിന് പുതുജീവൻ നൽകി. നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും വാളണ്ടിയർമാർ എത്തിച്ചേർന്നു. തമിഴ്നാട്ടിൽ നിന്നു ഇ.വി. രാമസ്വാമി നായ്ക്കരും പഞ്ചാബിൽ നിന്ന് അകാലികളും വൈക്കത്തെത്തി. മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ വൈക്കത്തു നിന്നും തിരുവനന്തപുരത്തേക്ക് ഒരു സവർണ കാൽനടപ്രചാരണ ജാഥ നടന്നു. സമരത്തിനനുകൂലമായി പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ ഇതു സഹായിച്ചു. നവംബർ 12-ന് 20000 സവർണഹിന്ദുക്കൾ ഒപ്പിട്ട ഒരു നിവേദനം മഹാറാണിക്കു നൽകി. 1925 മാർച്ചിൽ ഗാന്ധിജി വൈക്കത്തെത്തി. അദ്ദേഹം തിരുവിതാംകൂർ മഹാറാണിയെയും സന്ദർ

SGOU

ശിച്ചു. അതേത്തുടർന്ന് അധികൃതരിൽ നിന്നും ചില വിട്ടുവീഴ്ചകളുണ്ടായി. അഹിന്ദുക്കൾ സഞ്ചരിക്കുന്ന അതിർത്തിവരെയും അവർണർക്കും സഞ്ചരിക്കുവാനുള്ള അനുവാദം നൽകപ്പെട്ടു. അപ്പോഴും സവർണർക്കു മാത്രം പ്രവേശനമുള്ള ക്ഷേത്രപരിസരത്ത് അവർണർക്കും പ്രവേശന സ്വാതന്ത്ര്യമനുവദിച്ചില്ല. എങ്കിലും സമരം അവസാനിപ്പിക്കുവാൻ അയിത്തോച്ചാടന കമ്മിറ്റി തീരുമാനിച്ചു. ലക്ഷ്യം പൂർണമായി നേടാനായില്ലെങ്കിലും അയിത്തോച്ചാടനത്തെക്കുറിച്ച് സമൂഹത്തിൽ ഒരു അവബോധം വളർത്തുന്നതിന് തീർച്ചയായും ഈ സമരത്തിനു കഴിഞ്ഞു. വൈക്കം സത്യാഗ്രഹത്തിലൂടെ അയിത്തോച്ചാടനം ഇന്ത്യയിലെങ്ങും ബഹുജനശ്രദ്ധയാകർഷിച്ചു. ദേശീയ നേതാക്കൾ ഇക്കാര്യം കൂടുതൽ ഗൗരവമായെടുത്തു. ഈ ഘട്ടത്തിൽ അംബേദ്ക്കറുടെ അഭിപ്രായവും ഇതിനനുകൂലമായി. ദേശീയസ്വാതന്ത്ര്യമെന്നാൽ എല്ലാവിധ സാമൂഹ്യാവശതകളിൽ നിന്നും ചൂഷണങ്ങളിൽ നിന്നുമുള്ള മോചനമാണെന്നും നെഹ്റു പ്രഖ്യാപിച്ചു.

കാലക്രമേണ ക്ഷേത്രപ്രവേശനത്തിനനുകൂലമായ പൊതുജനങ്ങളുടെ അഭിപ്രായം സംഘടിപ്പിക്കുന്നതിന് വൈക്കം സത്യാഗ്രഹവും സവർണജാഥയും വളരെ പ്രയോജനപ്പെടുകയും ചെയ്തു. സത്യാഗ്രഹം ഇരുപതുമാസമാണ് നീണ്ടുനിന്നത്. സത്യാഗ്രഹത്തിൽ നിരവധി അറസ്റ്റുകൾ നടന്നു. അവസാനം മഹാത്മാഗാന്ധി സത്യാഗ്രഹത്തിൽ ഇടപെടൽ നടത്തി. 1925-ൽ വൈക്കം സത്യാഗ്രഹം വിജയകരമായി പര്യവസാനിച്ചു. സത്യാഗ്രഹത്തിന്റെ ഫലമായി വൈക്കം ക്ഷേത്രത്തിലേക്കുള്ള നിരത്തുകളും പൊതുവഴികളും എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കപ്പെട്ടു. അവർണ ഹിന്ദുവിഭാഗങ്ങൾക്ക് വൈക്കത്ത് ലഭിച്ച ഈ സൗജന്യം കേരളത്തിലെ മറ്റ് ക്ഷേത്രങ്ങളിൽ ഉടനെ ലഭിച്ചില്ല. തുടർന്ന് ഈ ലക്ഷ്യം നിറവേറ്റുന്നതിനായി വീണ്ടും സമരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. 1928-ൽ തിരുവിതാംകൂറിൽ എല്ലാ ക്ഷേത്രനിരത്തുകളും സമീപപ്രദേശവഴികളും ജാതിപരിഗണന നിശ്ചയിക്കാതെ സമസ്ത ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കുകയാണുണ്ടായത്.

### 4.1.2.7 ഗുരുവായൂർ സത്യാഗ്രഹം

അയിത്താചാരത്തിനെതിരായി മലബാറിൽ നടന്ന ഒരു സമരപരിപാടിയാണ് ഗുരുവായൂർ സത്യാഗ്രഹം.1931 മേയ് മാസത്തിൽ വടകരയിൽ വച്ച് നടന്ന പ്രദേശ് കോൺഗ്രസ് സമ്മേളനം ക്ഷേത്രപ്രവേശനത്തിനനുകൂലമായ പരിതസ്ഥിതി സൃഷ്ടിക്കണമെന്നു തീരുമാനിച്ചു. ഹിന്ദുജനതയുടെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാകേന്ദ്രമായ ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലുംപ്പെട്ട ഹിന്ദുക്കൾക്കു പ്രവേശന സ്വാതന്ത്ര്യം വരുത്തിക്കിട്ടാൻ ഒരു ബഹുജനപ്രസ്ഥാനം തുടങ്ങിയാൽ സാമൂഹിക സമത്വം സൃഷ്ടിക്കാൻ കഴിയുമെന്ന് മനസിലാക്കിയ കോൺഗ്രസ് നേതൃത്വം ഗുരുവായൂർ സത്യഗ്രത്തിന് അനുമതി നൽകി. കെ. കേളപ്പന്റെ നേതൃത്വത്തിൽ സത്യാഗ്രഹം നടത്താൻ ഗാന്ധിജിയുടെ അംഗീകാരം ഉണ്ടായി. മന്നത്ത് പത്മനാഭൻ അധ്യക്ഷനും കെ. കേളപ്പൻ സെക്രട്ടറിയുമായി നാനാ ഹിന്ദു സമുദായ പ്രാതിനിധ്യമുള്ള ഒരു സത്യാഗ്രഹ കമ്മിറ്റി രൂപീകരിച്ചു. പയ്യന്നൂരിൽ നിന്ന് ഗുരുവായൂരിലേക്ക് എ.കെ. ഗോപാലന്റെ നേതൃത്വത്തിൽ ഒരു കാൽനട സമരപ്രചാരണജാഥ പുറപ്പെട്ടു. യാഥാസ്ഥിതിക വിഭാഗത്തിന്റെ എതിർപ്പുണ്ടായെങ്കിലും വഴി നീളെ ലഭിച്ച സ്വീകരണങ്ങളിൽ നിന്ന് പ്രസ്ഥാനത്തോട് പൊതുജനങ്ങൾക്കുള്ള അനുഭാവം പ്രകടമായി.

സന്നദ്ധസംഘത്തിന്റെ ക്യാപ്റ്റൻ എ.കെ. ഗോപാലനായിരുന്നു. സത്യാഗ്രഹത്തിന്റെ സ്വാധീനം ഭാരതമെങ്ങും അറിയപ്പെടാൻ തുടങ്ങി. ഇതനുസരിച്ച് ഭാരതത്തിന്റെ നാനാദേശങ്ങളിൽ നിന്നും രാഷ്ട്രീയ-സമരാനുകൂലികൾ സത്യാഗ്രഹികളെ സഹായിക്കുന്നതിന് ഗുരുവായൂരിൽ എത്തിച്ചേർന്നു. സത്യാഗ്രഹത്തെ എതിർത്ത യാഥാസ്ഥിതികർ ഡിസംബർ 26-ാം തീയതി എ.കെ. ഗോപാലനെ മർദ്ദിക്കുകയും അങ്ങനെ സത്യാഗ്രഹം നിരവധി പ്രക്ഷുബ്ധ രംഗങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ കൈയേറ്റം ജനങ്ങളെ വികാരവിക്ഷുബ്ധരാക്കുകയും അവർ കൂട്ടത്തോടെ സർവശക്തിയുമെടുത്ത് ക്ഷേത്രത്തിനുള്ളിൽ കടക്കാൻ തുനിയുകയും ചെയ്തു തന്മൂലം ക്ഷേത്രം ഒരു മാസത്തിലേ

SGOU

റെക്കാലം അടച്ചിട്ടു. സത്യാഗ്രഹം പത്തുമാസത്തോളം അനിശ്ചിതമായി തുടർന്നു. കെ. കേളപ്പൻ 1932 സെപ്തംബർ 22-ാം തീയതി ക്ഷേത്രത്തിന്റെ മുന്നിൽ അനിശ്ചിതകാല നിരാഹാര വ്രതം ആരംഭിച്ചു. 1932 ഒക്ടോബർ 2-ാം തീയതി ഗാന്ധിജി സമരത്തിലിടപെടുകയും ചെയ്തു. തുടർന്ന് അദ്ദേഹത്തിന്റെ നിർദേശപ്രകാരം കെ. കേളപ്പൻ തന്റെ ഉപവാസം നിർത്തുകയും ചെയ്തു. ക്ഷേത്രപ്രവേശനത്തിനെക്കുറിച്ച് പൊതുജനാഭിപ്രായം അറിയുന്നതിന് കോൺഗ്രസ് പൊന്നാനി താലൂക്കിലെ ഹിന്ദുക്കൾക്കിടയിൽ ഒരു ജനഹിത പരിശോധന നടത്തി. ഹരിജനങ്ങൾ ക്ഷേത്രത്തിനുള്ളിൽ കടക്കുന്നതിനെ എഴുപത് ശതമാനത്തിലേറെയാളുകൾ അനുകൂലിക്കുന്നു എന്നാണ് ആ പരിശോധനയിൽ തെളിഞ്ഞത്. ഇങ്ങനെ പരിപൂർണമായ ലക്ഷ്യം നേടിയെടുക്കുന്നതിൽ സമരം പരാജയമായിരുന്നെങ്കിലും അയിത്തോച്ചാടന പ്രസ്ഥാനത്തിനെ അനുകൂലിക്കുന്ന ഒരു സാഹചര്യം രൂപപ്പെടുത്തിയെടുത്തതിൽ ഗുരുവായൂർ സത്യാഗ്രഹം വിജയിക്കുക തന്നെ ചെയ്തു.

### 4.1.3. കർഷക കലാപങ്ങൾ

കേരളീയ സമൂഹത്തിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ അന്തസുയർത്താൻ നടന്ന ബഹുജനപ്രക്ഷോഭങ്ങളുടെ കൂട്ടത്തിൽ കർഷക കലാപങ്ങൾക്ക് സവിശേഷ സ്ഥാനമാണുള്ളത്. രണ്ടാം ലോകമഹായുദ്ധകാലത്ത് ലോകത്തെ ബാധിച്ച സാമ്പത്തികമാന്ദ്യം തൊഴിലാളികളുടെ ജീവിതത്തെയും ബാധിച്ചു. കുറഞ്ഞ വേതനവും ഉയർന്ന വിലയും സാമാന്യജനത്തെ ഞെരുക്കിക്കൊണ്ടിരുന്നു. അനൗദ്യോഗിക കണക്ക് പ്രകാരം ഇരുപതിനായിരം ജനങ്ങൾ പട്ടിണിമരണത്തിനിടയായി. ഒരു വശത്ത് പട്ടിണിയും മറുവശത്തു ജന്മി മുതലാളികളുടെ ഗുണ്ടകളും പോലീസും ചേർന്ന് നടത്തിയ പീഡനവും പിടിച്ചുപറിയും തൊഴിലാളികളെ നട്ടം തിരിച്ചു. പട്ടിണി അല്ലെങ്കിൽ അവകാശങ്ങൾക്കുവേണ്ടിയുള്ള സമരം എന്ന അവസ്ഥയിലേക്ക് കർഷകതൊഴിലാളികൾ എത്തിച്ചേർന്നു. ഇതേ സമയത്തു തന്നെയാണ് കേരളത്തിലെ സ്റ്റേറ്റ് കോൺഗ്രസ് നേതൃത്വത്തിൽ ഉത്തരവാദിത്വഭരണത്തിനു വേണ്ടിയുള്ള സമരം നടക്കുന്നത്. ഇത് ആലപ്പുഴയിലെ വയലാറിലും പുന്നപ്രയിലും ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യത്തിനെതിരെ പൊതുജനവികാരം വളർത്തി.

ആലപ്പുഴ ചേർത്തല താലൂക്കുകളിലെ കയർ തൊഴിലാളികൾ, മത്സ്യബന്ധന തൊഴിലാളികൾ, വീടു നിർമ്മാണ തൊഴിലാളികൾ, കള്ളു ചെത്തുതൊഴിലാളികൾ എന്നീ വിപുലമായ തൊഴിലാളികളുടെ സാന്നിധ്യം ആലപ്പുഴയെ മറ്റു പ്രദേശങ്ങളിൽന്ന് വിഭിന്നമാക്കി. അവരെ മർദകരായ തൊഴിലുടമകളിൽ നിന്നു രക്ഷപ്പെടുത്തുവാൻ തൊഴിലാളി സംഘടനകൾ കെട്ടിപ്പടുക്കുന്നതിനു വേണ്ടി കമ്മ്യൂണിസ്റ്റു പാർട്ടിയാണ് നേതൃത്വം നല്കിയത്. സംഘടിതമായി വിലപേശുവാനും മർദനങ്ങൾക്കെതിരെ പ്രതിഷേധിക്കുവാനും തൊഴിലാളികൾ തുടങ്ങിയതോടെ അവരെ അടിച്ചമർത്തുവാൻ ജന്മിമാരും മുതലാളിമാരും തയ്യാറായി. അവർ തമ്മിലുള്ള ശക്തമായ മത്സരങ്ങൾ തൊഴിൽ മേഖലയെ നിരന്തരം അസ്വസ്ഥമാക്കി. തൊഴിലാളി സമരങ്ങൾ ശക്തമായതോടെ അവരെ അടിച്ചമർത്താൻ വിപുലമായ പോലീസ് സേന തയ്യാറായി. പോലീസുകാരുടെ ആക്രമണങ്ങളെ ചെറുത്തു നിൽക്കാൻ കഴിവുള്ള തൊഴിലാളികൾക്കു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം പരിശീലനം നൽകി. കമ്മ്യൂണിസ്റ്റ് പാർട്ടി, തൊഴിലാളികളുടെ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടുകൂടി സമരത്തിന്റെ സ്വഭാവം വ്യത്യസ്തമായി. ആർ. സുഗതൻ, വി.ടി. തോമസ്, എം.എൻ. ഗോവിന്ദൻ നായർ, വി.എസ്. അച്യുതാനന്ദൻ തുടങ്ങിയ നേതാക്കൾ മുന്നണിപ്പോരാളികളായതോടെ ആലപ്പുഴ, തൊഴിലാളി സമരങ്ങളുടെ കേന്ദ്രമായിത്തീർന്നു. 1946 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ തൊഴിലാളികൾ തുടർച്ചയായി പണിമുടക്കി. ഈ അവസരത്തിൽ ഗവൺമെന്റ് തൊഴിലാളി സംഘടനകളെയെല്ലാം നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും നേതാക്കാളെ തടവിലാക്കുകയും ചെയ്തു. ആലപ്പുഴയിലെ കടലോരഗ്രാമങ്ങളായ പുന്നപ്ര - വയലാറിലായിരുന്നു ആദ്യ സമരം തുടങ്ങിയത്. 1946 ഒക്ടോബർ 2-നാണ് സമരത്തിന് തുടക്കം കുറിച്ചത്. സമരത്തെ അടിച്ചൊതുക്കുവാൻ എത്തിയ പോലീസ്സേനയെ ശക്തമായ പൊതുജനജാഥകൾ പ്രതിരോധിക്കുകയും പിൻവലിയുവാൻ നിർബന്ധിക്കുകയും ചെയ്തു. തൊ

SGOU

ഴിലാളി യൂണിയന്റെ ആഹ്വാനത്തെ തുടർന്ന് തിരുവിതാംകൂറിലുണ്ടായ പണിമുടക്ക് വിജയിച്ചതോടുകൂടി സർക്കാരിന്റെ നിലപാടിനെ ജനങ്ങൾ എതിർക്കുന്നതായി തെളിഞ്ഞു. ജനങ്ങൾ പുന്നപ്രയിലേക്ക് ജാഥകളായി എത്തിച്ചേർന്നു. പോലീസും തൊഴിലാളി ജനങ്ങളുമായുള്ള സംഘർഷത്തെ തുടർന്നുണ്ടായ വെടിവെയ്പിൽ 200-ൽപരം ജനങ്ങൾ കൊല്ലപ്പെട്ടതായി കണക്കാക്കുന്നു.

പുന്നപ്ര സംഭവത്തെ തുടർന്ന് ആലപ്പുഴയിലെ പല ഭാഗങ്ങളിലായി പോലീസും തൊഴിലാളികളും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടായി. വയലാറിലാണ് തൊഴിലാളികളുടെയും ജനങ്ങളുടെയും ശക്തമായ പ്രതികരണങ്ങളുണ്ടായത്. പോലീസ് സേനയെ നേരിടുവാനുള്ള പരിശീലനം സിദ്ധിച്ച തൊഴിലാളികൾ വയലാറിൽ കേന്ദ്രീകരിച്ചു. ഒക്ടോബർ 26 ന് സി.പി. രാമസ്വാമി അയ്യരുടെ നിർദേശപ്രകാരം ആയുധധാരികളായ പോലീസ്സേന വയലാറിലേക്ക് മാർച്ച് ചെയ്തു. പോലീസ് സേനയെ ചെറുത്ത് തോല്പിക്കുവാർ ശ്രമിച്ച തൊഴിലാളികൾക്കു നേരെ പോലീസ് നിറയൊഴിച്ചു. ആയിരക്കണക്കിന് തൊഴിലാളികൾ അവരുടെ കൈയ്യിലുണ്ടായിരുന്ന ആയുധങ്ങളായ വാരിക്കുന്തങ്ങളും കല്ലുകളുമായിട്ടാണ് പോലീസിനെ നേരിട്ടത്. ഒക്ടോബർ 27-ന് വയലാറിൽ വച്ച് മരിച്ചു വീണ തൊഴിലാളികൾ 200 ലേറെയായിരുന്നു. ഒക്ടോബർ 28-ന് പൊതുപണിമുടക്ക് പിൻവലിച്ചു. പുന്നപ്രയിലും വയലാറിലും ഉണ്ടായ സംഭവം കേരളത്തിന്റെ ചരിത്രത്തിലെ ചോരപൊടിയുന്ന അധ്യായങ്ങളായി. ഈ സമരം വിജയം കണ്ടില്ലെങ്കിലും പിന്നീട് തിരുവിതാംകൂറിൽ ഉത്തരവാദഭരണം സ്ഥാപിക്കുന്നതിലേക്ക് വഴിതെളിച്ചു. ഒരു കൊല്ലത്തിനകം ദിവാൻ ഭരണമവസാനിച്ചു. തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കാനുള്ള തീരുമാനം ഉണ്ടായി.

### 4.1.3.1 കയ്യൂർ സമരം

1939-ലെ ഒന്നാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവന്ന തൊഴിലാളി-കർഷകസമരങ്ങളിൽ മലബാർ പ്രധാനപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്. അക്രമപ്പിരിവുകൾക്കെതിരെയുള്ള കർഷകരുടെ മുന്നേറ്റങ്ങളോടൊപ്പം കൂലിവർധനയ്ക്കും സംഘടനാ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള തൊഴിലാളി സമരങ്ങൾ മലബാറിലെ തൊഴിൽ ശാലകളിൽ അരങ്ങേറി. ദേശീയ പ്രസ്ഥാനത്തിന്റെയും തൊഴിലാളി വർഗത്തിന്റെയും സ്വാധീനത്തിൽ ഗ്രാമങ്ങൾ ഉണർന്നെണീറ്റു. നിർധനരും നിരക്ഷരരുമായ ഗ്രാമീണ ജനതയിൽ പോലും അവകാശബോധവും സ്വാതന്ത്ര്യവാഞ്ഛയും ഉണർത്താൻ തൊഴിലാളി രാഷ്ട്രീയത്തിനു കഴിഞ്ഞു. മുതലാളിത്ത ചൂഷണത്തിനെതിരായ ചെറുത്തു നിൽപ്പിനോടൊപ്പം സാമ്രാജ്യത്വ മേൽക്കോയ്മയ്ക്കെതിരായ രാഷ്ട്രീയ സമരവും ഇഴ ചേർക്കപ്പെടുകയായിരുന്നു. ആധുനിക രാഷ്ട്രീയ ബോധത്തിന്റെയും കൊളോണിയൽ ചൂഷണത്തിനെതിരെയുള്ള സംഘടനാ മുന്നേറ്റത്തിന്റെയും ഉജ്വലമായ ഉദാഹരണമാണ് മൊറാഴ സംഭവം.

1940 സെപ്തംബർ 15-ന് വടക്കേ മലബാർ ഒരു യുദ്ധക്കളം പോലെയായിരുന്നു. വിവിധ സ്ഥലങ്ങളിൽ പോലീസും കൃഷിക്കാരും തൊഴിലാളികളും ഏറ്റുമുട്ടി. വെടിവയ്പ്പും ലാത്തിച്ചാർജും മർദ്ദനങ്ങളും ഉണ്ടായി. മൊറാഴ, മട്ടന്നൂർ, തലശേരി, കൂത്തുപറമ്പ് എന്നീ പ്രധാന കേന്ദ്രങ്ങൾ പോർക്കളമായി. കണ്ണിൽ കണ്ടവരെയൊക്കെ പോലീസ് മർദ്ദിക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്തു. മൊറാഴ, മട്ടന്നൂർ തുടങ്ങി മലബാറിലെ വിവിധ സമരങ്ങളിൽ പങ്കെടുത്ത കമ്മ്യൂണിസ്റ്റ് കർഷകപ്രസ്ഥാനത്തിന്റെ നേതാക്കളെ കണ്ടെത്താനെന്ന പേരിൽ കാസർകോട് താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് റെയ്ഡ് നടത്തുകയും ഗ്രാമവാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. ഈ മർദ്ദന നടപടികൾക്കെതിരെയും യുദ്ധകാല സർക്കാർ നടപടികൾക്കെതിരെയും കയ്യൂരിലും പരിസര പ്രദേശങ്ങളിലും സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നു കൊണ്ടിരുന്നു. അത്തരത്തിൽ ഒരു പ്രധാനപ്പെട്ട ജാഥയാണ് 1941 മാർച്ച് 12-ന് കയ്യൂരിൽ നടന്നത്.

### 4.1.3.2 കരിവള്ളൂർ

രണ്ടാം ലോകമഹായുദ്ധത്തെ തുടന്നുണ്ടായ ക്ഷാമവും ദുരിതവും പട്ടിണിയും ഇന്ത്യയിലെല്ലായിടത്തുമെന്നപോലെ മലബാറിലും കൊടുമ്പിരിക്കൊള്ളുന്ന കാലമായിരുന്നു. ജീവിതദുരി

SGOU

തം നിമിത്തം കർഷകരും സാധാരണ ജനങ്ങളും പട്ടിണിയുടെയും പകർച്ചവ്യാധിയുടെയും നടുവിൽ ജനങ്ങൾക്ക് ഭക്ഷണമെത്തിക്കാനുള്ള യത്നങ്ങളിൽ വ്യാപൃതരായി. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനുമെതിരെ ശക്തമായ ബഹുജന പ്രക്ഷോഭങ്ങൾ നാടെങ്ങും വളർന്നു വന്നു. മാത്രമല്ല കൂടുതൽ ഭക്ഷ്യോല്പാദനമെന്ന മുദ്രാവാക്യവുമായി തരിശുനിലങ്ങൾ കൃഷിചെയ്യാനും ചെയ്യിക്കാനുമുള്ള ശ്രമങ്ങളിൽ കർഷസംഘം മുന്നിൽ നിന്നു പ്രവർത്തിച്ചു. കോഴിക്കോടു ചേർന്ന കർഷകസംഘം പ്രവർത്തകസമിതി യോഗം കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനുമെതിരായ പ്രതിഷേധയോഗങ്ങൾ നടത്തി, ഇതിനെ ശക്തമായി ചെറുക്കാനുള്ള തീരുമാനവുമായി മുന്നോട്ടു പോയി. മലബാറിലെ വടക്കേയറ്റത്തെ ഗ്രാമമായിരുന്നു കരിവള്ളൂർ. സാമ്രാജ്യത്വത്തിനും ഭൂപ്രഭുത്വത്തിനും എതിരായി ഇവിടത്തെ കർഷകർ വേണ്ടത്ര സംഘടിക്കപ്പെട്ടവരായിരുന്നു. ഈ പ്രദേശത്തിന്റെ ജന്മിയായ ചിറയ്ക്കൽ തമ്പുരാൻ തന്റെ കുടിയാന്മാരിൽ നിന്നും ശേഖരിച്ച ഒരു ലക്ഷത്തോളം 'സേർ' (ഒരളവ്) നെല്ല് എല്ലാ ഭക്ഷ്യധാന്യച്ചട്ടങ്ങളും ലംഘിച്ചു കൊണ്ട് കോവിലകത്തേക്ക് കൊണ്ടു പോകാൻ ശ്രമിച്ചു. എ.വി. കുഞ്ഞമ്പു, കെ. കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള കർഷകസംഘം ഈ നെല്ലു മുഴുവൻ കരിവള്ളൂരിലെ ഗ്രാമവാസികൾക്കിടയിൽ നിശ്ചിതവിലയ്ക്കു സഹകരണസംഘത്തിലൂടെ വിതരണം ചെയ്യാൻ രാജാവിനോടാവശ്യപ്പെട്ടു. കരിവള്ളൂർ, ഭക്ഷ്യവസ്തുക്കൾ കുറവുള്ള ദേശമാണെന്നും പ്രാദേശികമായ ആവശ്യം നിറവേറ്റാതെ മറ്റൊരിടത്തേക്ക് ധാന്യം കൊണ്ടു പോകാൻ പാടില്ലെന്നായിരുന്നു സംഘത്തിന്റെ വാദമുഖം. ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ നെല്ല് കടത്തി കൊണ്ടു പോകുന്നതു തടയാൻ എ.വി. കുഞ്ഞമ്പു, കെ. കൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ജനങ്ങൾ ശക്തമായി സംഘടിക്കുകയും ചെറുത്തു നിൽക്കുകയും ചെയ്തു. പോലീസിന്റെ സഹായത്തോടെ നടത്തുന്ന നെല്ലുകടത്തൽ ശ്രമം എന്തുവില കൊടുത്തും തടയുമെന്ന് അവർ അധികാരികളെ അറിയിച്ചു. 1946 ഡിസംബർ 20-ന് പോലീസ് നേതാക്കളെ അറസ്റ്റ് ചെയ്തപ്പോൾ അവരെ വിട്ടു കിട്ടണമെന്ന ആവശ്യവുമായി ജനങ്ങൾ മുന്നോട്ടു വന്നു. പോലീസ് ജനക്കൂട്ടത്തെ പിരിച്ചുവിടാൻ വിവിധ മർദ്ദനരീതികൾ സ്വീകരിക്കുകയും ഇതിൽ നിരവധി പേർ മരിക്കുകയും ധാരാളം പേർക്ക് പരിക്ക് ഏല്ക്കുകയും ചെയ്തു. തുടർന്ന് കരിവള്ളൂരിൽ ഭീകരതയുടെ നാളുകളായിരുന്നു.

### 4.1.3.3 തൊണ്ണൂറാമാണ്ട് ലഹള

കേരളചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യ തൊഴിൽ സമരങ്ങളിലൊന്നാണ് തൊണ്ണൂറാമാണ്ട് ലഹള. ഇന്ത്യയിൽ സംഘടിത തൊഴിൽ സമരങ്ങളോ ട്രേഡ് യൂണിയനുകളോ ഇല്ലാതിരുന്നകാലത്ത് 1904-ൽ കർഷക തൊഴിലാളി സംഘടിപ്പിച്ച് അയ്യൻകാളിയുടെ നേതൃത്വത്തിൽ ഒരു വർഷം നീണ്ട തൊഴിൽ സമരമാണിത്. കേരളത്തിലെ കർഷക തൊഴിലാളികളെ സംഘടിപ്പിച്ചാണ് അയ്യൻകാളി സമരം നടത്തിയത്. ശമ്പളവർധനവ്, ദലിത് കുട്ടികളുടെ സ്കൂൾ പ്രവേശനം എന്നിവയായിരുന്നു തൊണ്ണൂറാമാണ്ട് ലഹളയുടെ പ്രധാന ലക്ഷ്യങ്ങൾ. ഒരു വർഷം നീണ്ടുനിന്ന സമരത്തിന്റെ ഫലമായി 1907-ൽ തിരുവിതാംകൂർ സർക്കാർ ദളിത് കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം പ്രഖ്യാപിച്ചെങ്കിലും ജന്മിമാർ ഇതംഗീകരിക്കുവാൻ തയ്യാറായിരുന്നില്ല. അങ്ങനെ പല തരത്തിലുള്ള സംഘർഷങ്ങൾക്കു തിരുവിതാംകൂർ വേദിയായി. അവസാനം ജനത ശക്തമായ സമരനടപടികൾ ആരംഭിച്ചു. ആക്രമണങ്ങളും പ്രത്യാക്രമണങ്ങളുമായി സമരം അനിശ്ചിതകാലത്തേക്ക് നീണ്ടു. ഇതിന്റെ ഫലമായി സമരം അവസാനിപ്പിക്കുവാനുള്ള സമവായശ്രമങ്ങൾ അനേകം നടന്നുവെങ്കിലും ഒന്നും വിജയം കണ്ടില്ല. അവസാനം അന്നത്തെ ദിവാൻ രാജഗോപാലാചാരി സമരം അവസാനിപ്പിക്കുന്നതിനായി മധ്യസ്ഥനായി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റായ കണ്ടല സി. കെ. നാഗർപിള്ളയെ നിയോഗിച്ചു. ഇദ്ദേഹം ഇരുകൂട്ടരുമായി സംസാരിക്കുകയും സമരാനുകൂലികളുടെ ആവശ്യം സർക്കാരിനെ അറിയിക്കുകയും ചെയ്തു. തുടർന്ന് സർക്കാർ അവരുടെ ആവശ്യം അംഗീകരിക്കുകയും സ്കൂൾ പ്രവേശന ഉത്തരവ് ഇറക്കുകയും ചെയ്തു അങ്ങനെ 1913-ൽ തുടങ്ങിയ സമരം 1914 ലാണ് അവസാനിച്ചത്. അങ്ങനെ ഒരു വർഷം നീണ്ടുനിന്ന സമരം തൊണ്ണൂറാമാണ്ട് സമരം എന്നറിയപ്പെടുന്നു.



SGOU

## Recap

- പതിനെട്ട് - പത്തൊമ്പത് നൂറ്റാണ്ടുകളിലെ സാമൂഹ്യാന്തരീക്ഷത്തിൽ അടിമസമ്പ്ര ദായം നിലനിന്നിരുന്നു
- മേൽമുണ്ട് സമരം, മേൽശീല കലാപം, ശീലവഴക്ക് എന്നീ പേരുകളിൽ ചാന്നാർ ലഹള അറിയപ്പെട്ടിരുന്നു
- പാലിയം സത്യാഗ്രഹത്തിന്റെ പ്രാധാന്യത്തിന് കാരണം അതിലെ സവർണ പങ്കാളി ത്തം ആയിരുന്നു
- 'ആധുനിക തിരുവിതാംകൂറിലെ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ പിതാവ്' എന്ന് ജി. പരമേശ്വരൻപിള്ളയെ വിശേഷിപ്പിക്കുന്നുണ്ട്
- തങ്ങളുടെ അവകാശങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കാൻ ഈഴവമെമ്മോറിയ ലിന് കഴിഞ്ഞു
- ആധുനിക കാലത്തിലെ അത്ഭുതമെന്നും ജനങ്ങളുടെ അധ്യാത്മ വിമോചനത്തിന്റെ അധികാരരേഖയായ സ്മൃതി എന്നും ക്ഷേത്രപ്രവേശനവിളംബരം അറിയപ്പെടുന്നു
- വൈക്കം സത്യാഗ്രഹത്തിലൂടെയുള്ള അയിത്തോച്ചാടനം ഇന്ത്യയിലെങ്ങും ബഹുജന ശ്രദ്ധ ആകർഷിച്ചു
- അയിത്താചാരത്തിനെതിരായി മലബാറിൽ നടന്ന സമരപരിപാടിയാണ് ഗുരുവായൂർ സത്യഗ്രഹം
- 1904 ൽ കർഷകതൊഴിലാളികളെ ചേർത്ത് അയ്യൻകാളിയുടെ നേതൃത്വത്തിൽ സംഘടി പ്പിച്ച സമരമാണ് തൊണ്ണൂറാമാണ്ട് ലഹള

## Objective Type Questions

1. ചാന്നാർ ലഹള നടന്നവർഷം ഏത്?
2. ചാന്നാർ ലഹള കാലയളവിലെ ബ്രിട്ടീഷ് റസിഡന്റ് ആരായിരുന്നു?
3. പാലിയം സമരം ഉദ്ഘാടനം ചെയ്ത് ആര്?
4. മലയാളി മെമ്മോറിയൽ സമർപ്പിക്കപ്പെട്ട വർഷം ഏത്?
5. മലയാളി മെമ്മോറിയലിലെ പ്രധാനി ആരായിരുന്നു ?
6. ഈഴവമെമ്മോറിയലിന്റെ പിന്നിൽ പ്രവർത്തിച്ച നവോത്ഥാന നായകൻ ആര്?
7. ഈഴവ മെമ്മോറിയൽ ഏത് ബ്രിട്ടീഷ് വൈസ്രോയിക്കാണ് രണ്ടാമത് സമർപ്പിക്കപ്പെട്ടത്?
8. ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചവർഷം ഏത്?
9. ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി ആര്?
10. ആധുനിക കാലത്തെ അത്ഭുതമെന്ന് ഗാന്ധിജി വിശേഷിപ്പിച്ച സംഭവം ഏത്?
11. അയിത്തോച്ചാടന പ്രസ്ഥാനത്തിലെ ആദ്യ സമരം ഏത്?
12. വൈക്കം സത്യാഗ്രഹം നടന്ന വർഷം ഏത്?
13. ആരുടെ ഇടപെടൽ മൂലമാണ് വൈക്കം സത്യാഗ്രഹം അവസാനിച്ചത്?
14. വൈക്കം സത്യാഗ്രഹത്തെ അനുകൂലിച്ചുകൊണ്ട് സവർണജാഥ നയിച്ചതാര്?
15. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം?
16. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ക്യാപ്റ്റൻ ആരായിരുന്നു.
17. ആരുടെ നിർദേശപ്രകാരമാണ് കെ. കേളപ്പൻ നിരാഹാരം അവസാനിപ്പിച്ചത്?
18. തൊണ്ണൂറാമാണ്ട്സമരം എന്നറിയപ്പെടുന്ന സമരം ഏത്?
19. തൊണ്ണൂറാമാണ്ട് സമരത്തിന് നേതൃത്വം നല്കിയതാര്?
20. അയ്യൻകാളിയെ പുലയമഹാരാജാവ് എന്ന് വിശേഷിപ്പിച്ചത് ആര്?

SGOU

## Answers

1. 1859
2. കേണൽ മൺറോ
3. സി.കേശവൻ
4. 1891
5. ദേശാഭിമാനി ജി.പി.പിള്ള
6. ഡോ. പൽപ്പു
7. കഴ്സൺ പ്രഭു
8. 1936 നവംബർ 12
9. ശ്രീചിത്തിര തിരുനാൾ ബാലരാമ വർമ്മ
10. ക്ഷേത്ര പ്രവേശന വിളംബരം
11. വൈക്കം സത്യാഗ്രഹം
12. 1925
13. ഗാന്ധിജി
14. മന്നത്ത് പത്മനാഭൻ
15. 1932
16. കെ. കേളപ്പൻ
17. ഗാന്ധിജി
18. കർഷക സമരം
19. അയ്യൻകാളി
20. ഗാന്ധിജി

## Assignment

1. നവോത്ഥാനത്തിനു മുമ്പുള്ള കേരളീയാന്തരീക്ഷത്തെ വിലയിരുത്തുക.
2. ചാന്നാൽ ലഹളയുടെ സാമൂഹിക പശ്ചാത്തലം വിവരിക്കുക.
3. നവോത്ഥാനന്തര കേരളത്തിലെ സുപ്രധാന സമരമാണ് പാലിയം സത്യാഗ്രഹം - അപഗ്രഥിക്കുക.
4. കേരളമൊട്ടാകെ സാമൂഹിക പുരോഗതിക്ക് വഴി തെളിച്ച സംഭവമാണ് ക്ഷേത്രപ്രവേശന വിളംബരം അപഗ്രഥിക്കുക.

## References


1. ഡോ. എസ്.കെ. വസന്തൻ, കേരള സംസ്കാര ചരിത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എ. ശ്രീധരമേനോൻ, കേരള രാഷ്ട്രീയ ചരിത്രം, ഡി.സി.ബുക്സ്, കോട്ടയം.
3. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. വേലായുധൻ പണിക്കശ്ശേരി, കേരളചരിത്രപഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം.


SGOU

## Suggested Readings


1. ഡോ. കെ.എൻ. ഗണേശ്, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പുതുശ്ശേരി രാമചന്ദ്രൻ, കേരള ചരിത്രത്തിലെ അടിസ്ഥാനരേഖകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, ഡി.സി.ബുക്ക്സ്, കോട്ടയം.


SGOU

# 5

# BLOCK

# ശ്രീനാരായണഗുരു ജീവിതവും ദർശനവും

SGOU

# യൂണിറ്റ് 1
# ശ്രീനാരായണഗുരു ജീവിതവും ദർശനവും

## Learning Outcomes

- ശ്രീനാരായണഗുരുവിന്റെ ജീവിതം സാമാന്യമായി പരിചയപ്പെടുന്നു
- കേരളത്തിൽ നടന്ന സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങളെക്കുറിച്ച് സാമാന്യമായ അറിവ് നേടുന്നു
- ഗുരുവിന്റെ ജീവിതദർശനം പരിചയപ്പെടുന്നു
- കേരളീയ നവോത്ഥാനത്തിൽ ശ്രീനാരായണഗുരുവിന്റെ പങ്കിനെക്കുറിച്ച് അറിവ് നേടുന്നു
- ജാതി മതാതീതമായ മാനവികതാബോധം രൂപപ്പെടുത്തുന്നു

## Prerequisite

ഭൂതകാലത്തേക്ക് സഞ്ചരിക്കാൻ തയ്യാറുള്ളവർ വരൂ. നമുക്ക് ഒരു ഒന്നര നൂറ്റാണ്ട് പിന്നിലേക്ക് ഒരു യാത്ര പോകാം. അവിടെ; ആ വയൽക്കരയിൽ ഒരാൾക്കൂട്ടം കാണുന്നില്ലേ. ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ തയ്യാറായിക്കൊണ്ടിരിക്കുകയാണ് പണിയാളർ. എല്ലാവരുടെയും കയ്യിൽ ഓരോ കമുകിൻ പാളയുമുണ്ടല്ലോ. ഇടത്തു കൈകൊണ്ട് നിലത്ത് കുഴികുത്തി അതിൽ പാള കുമ്പിൾ പോലെ കോട്ടിവെച്ച് അവർ കുറേ ദൂരേക്ക് മാറിയത് കണ്ടോ. ഭൂവുടമയുടെ വിളമ്പുകാരൻ വന്ന് കുഴിയിലെ പാളകളിൽ കഞ്ഞിയും കപ്പപ്പുഴുക്കും വിളമ്പിയിട്ടു പോകും വരെ അവർ അതേ നിൽപ്പ് നില്ക്കും. കാക്കയും പട്ടിയും വന്ന് തങ്ങളുടെ കഞ്ഞിയിൽ തലയിടരുതേ എന്ന പ്രാർഥന ഉള്ളിലടക്കിക്കൊണ്ട് വിളമ്പുകാരൻ ദൂരെ മറയുമ്പോൾ ആർത്തിപിടിച്ച വിശപ്പോടെ പാളകളിലേക്ക് ഓടിയെത്താൻ തങ്ങളുടെ ഊഴം കാത്തിരിക്കുന്ന അവരും മനുഷ്യരാണ്. അയിത്തമുള്ള മനുഷ്യർ. നമ്മുടെ മുതുമുത്തച്ഛന്മാരുടെ കാലത്തെ സ്ഥിരം കാഴ്ചയായിരുന്നു അത്.

“തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ<br>
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ<br>
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-<br>
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ”

പത്തൊമ്പതാം നൂറ്റാണ്ടിലെയും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളുടെയും പൊടിപ്പും തൊങ്ങലുമില്ലാത്ത യഥാർഥ ചിത്രമാണ് കുമാരനാശാൻ ഈ വരികളിലൂടെ വരച്ചിടുന്നത്. അന്നത്തെ കേരളത്തെക്കണ്ടാണ് ഇത് ഭ്രാന്താലയമോ എന്ന് സ്വാമി വിവേകാനന്ദൻ ഖിന്നനായത് എന്ന് നിങ്ങൾക്കറിയാം. മനുഷ്യൻ മനുഷ്യനെ അവരുടെ ജാതിയുടെ പേരിൽ അകറ്റി നിർത്തുകയും തമ്മിൽ തൊടാനും കാണാനും പാടില്ലാത്തവരായി കണക്കാക്കുകയും ചെയ്ത കാലമായിരുന്നല്ലോ അത്. വ്യത്യസ്ത ജാതികൾക്കിടയിൽ തീണ്ടാപ്പാടകലങ്ങൾ നിശ്ചയിച്ച്

SGOU

കീഴാളനെ ദൂരെദൂരെ ആട്ടിക്കളഞ്ഞ കാലം. അന്ന് നിലനിന്നിരുന്ന ജാതിശ്രേണിയിലെ ഏറ്റവും ഉന്നതരായ ബ്രാഹ്മണർ നായരെയും, അവരിരുവരും ഈഴവരെയും, ഈഴവരും നമ്പൂതിരിയും നായരും പുലയരെയും പറയരെയും അയിത്ത (അശുദ്ധം) മുള്ളവരായിട്ടാണല്ലോ പരിഗണിച്ചുവന്നത്. അധ:കൃതരായി പിറന്നവർക്ക് നല്ല വസ്ത്രം ധരിക്കാനോ പൊതുവഴികളിലൂടെ സഞ്ചരിക്കാനോ ആരാധനാലയങ്ങളിൽ പ്രവേശിക്കാനോ അക്ഷരാഭ്യാസം നേടാനോ അവകാശമുണ്ടായിരുന്നില്ല എന്ന് നിങ്ങൾ മുൻപേ തന്നെ മനസിലാക്കിയിട്ടുണ്ടാവും. പൊക്കിളിന് താഴെ തുടങ്ങി മുട്ടിന് മീതെ അവസാനിക്കുന്ന വസ്ത്രങ്ങളായിരുന്നു കീഴാളർക്ക് അനുവദിക്കപ്പെട്ടത്. കീഴാളസ്ത്രീകൾക്ക് മാറ് മറയ്ക്കാൻ പോലും അനുമതി ഉണ്ടായിരുന്നില്ല. ഉയർന്ന ജാതിക്കാർക്ക് മാത്രമേ ഉടൽമൊത്തം മൂടുമാറുള്ള വസ്ത്രം അനുവദിച്ചുള്ളൂ. ഓട് മേഞ്ഞ വീടുകളും അവർക്കേ ഉണ്ടായിരുന്നുള്ളൂ.

പകലന്തിയോളം പണിയെടുത്തിട്ടും പട്ടിണി മാത്രം മിച്ചംവെയ്ക്കാൻ ഉണ്ടായിരുന്നവരായിരുന്നു അധ്വാനിക്കുന്ന വലിയൊരു വിഭാഗം ജനതയും. പാളയിൽ കഞ്ഞി കുടിച്ചും ചാളയിൽ ഉറങ്ങിയും ജീവിച്ചുപോന്നവർ. ഉയർന്നവരെന്ന് പരിഗണിക്കപ്പെട്ട ജാതികളിൽ ജനിച്ചവർ കീഴാളരെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നതും ചൂഷണം ചെയ്യുന്നതും തങ്ങളുടെ അവകാശമായി കണക്കാക്കിപ്പോന്നു. ജാതീയമായ വിവേചനങ്ങൾ രൂക്ഷമായപ്പോൾ മത പരിവർത്തനത്തിലൂടെ തങ്ങളുടെ കീഴാളത്തം മറികടക്കാമെന്ന് ഒട്ടേറെ ആളുകൾ പ്രതീക്ഷിച്ചു. പക്ഷേ മതം മാറിയിട്ടും പലർക്കും തങ്ങളുടെ ജീവിതനിലവാരത്തിൽ വിശേഷിച്ച് ഒരു മാറ്റവും കൈവന്നതായി കാണാൻ കഴിഞ്ഞില്ല. ആ ഭ്രാന്താലയത്തിൽ നിന്ന് ജാതിയുടെ വിവേചനപരമായ അടയാളങ്ങൾ പൊഴിച്ചുകളഞ്ഞ് നാം ഇന്നു കാണുന്ന തരത്തിലുള്ള സമഭാവനയിൽ എത്തിനിൽക്കുന്നത്.


## Keywords

ശ്രീനാരായണഗുരു - ജീവിതവും ദർശനവും - ശ്രീ നാരായണ ധർമ്മ പരിപാലന യോഗം


## Discussion

### 5.1.1 സാമൂഹ്യപരിഷ്കർത്താവായ സന്യാസി

കേരളത്തിലെ നവോത്ഥാനനായകന്മാരിൽ പ്രാതഃസ്മരണീയ വ്യക്തിത്വമാണ് നാരായണഗുരുവിന്റേത്. സാധാരണ നിലയിൽ സന്യാസിമാർ ഭൗതികലോകത്തെ വിട്ട് ആത്മീയ ജീവിതത്തിൽ മുഴുകുമ്പോൾ, അതിൽനിന്ന് വ്യത്യസ്തമായി ഭൗതികജീവിതത്തിന്റെ പരിഷ്കരണം മുഖ്യ അജണ്ടയായിക്കണ്ട സന്യാസിയായിരുന്നു ശ്രീനാരായണഗുരു. സാമൂഹിക പരിഷ്കർത്താക്കൾ ആത്മീയലോകത്തെ പൊതുവേ അവഗണിച്ചു പോകുമ്പോൾ ആത്മീയലോകത്തെ പ്രാധാന്യത്തോടെ പരിഗണിച്ച സാമൂഹികപരിഷ്കർത്താവായിരുന്നു അദ്ദേഹം. സന്യാസിയും സാമൂഹിക പരിഷ്കർത്താവും ഒരേ ആൾ തന്നെയാവുന്ന അപൂർവത ശ്രീനാരായണഗുരുവിൽ കാണാം. അദ്വൈതവിശ്വാസത്തിലധിഷ്ഠിതമായിരുന്നു ഗുരുവിന്റെ പ്രവർത്തനങ്ങൾ. സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ ഏകത്വം ഉണ്ടെന്നതാണല്ലോ അദ്വൈതത്തിന്റെ കാതൽ. ശ്രീനാരായണൻ അദ്വൈതം തേടിപ്പോയത് ജാതിഭേദത്തെ നിർമൂലം നശിപ്പിക്കുവാൻ പര്യാപ്തമായ ഒരു തത്ത്വശാസ്ത്രത്തെ അന്വേഷിച്ചിറങ്ങിയപ്പോഴാണ് എന്ന സുകുമാർ അഴീക്കോടിന്റെ നിരീക്ഷണം പ്രസക്തമാണ്. ഒരേസമയം വേദാന്തിയും സാമൂഹികപരിഷ്കർത്താവുമായി അദ്വൈതത്തിന്റെ മറ്റൊരു തലം കൂടി (ആത്മീയതയും ഭൗതികതയും അത്യന്തഭിന്നമല്ല) അദ്ദേഹം സഫലീകരിച്ചു.

### 5.1.1.1 ജനനവും ബാല്യവും

> **ശ്രീനാരായണഗുരു**
>
> 1854 ആഗസ്റ്റ് 20-ന് (കൊല്ലവർഷം 1032 ചിങ്ങമാസത്തിലെ ചതയം നക്ഷത്രത്തിൽ) മാടനാശാന്റെയും കുട്ടിയമ്മയുടെയും മകനായി ജനിച്ചു. തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തി ഗ്രാമത്തിലെ വയൽവാരം ആണ് ജന്മസ്ഥലം. കുട്ടിക്ക് അവർ നാരായണൻ എന്നു പേരിട്ടു. നാണു എന്ന് വിളിച്ചു. മൂന്ന് സഹോദരിമാരുടെ ഏക സഹോദരനായിരുന്നു നാണു. ആദ്യകാല ഗുരുക്കൾ മാടനാശാനും രാമൻപിള്ള ആശാനുമായിരുന്നു. പിൽക്കാലത്ത് ചട്ടമ്പി സ്വാമികളുമായുള്ള സൗഹൃദം അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു. തൈക്കാട്ട് അയ്യാ, അയ്യാ വൈകുണ്ഠസ്വാമികൾ എന്നിവരും ഗുരുവിനെ സ്വാധീനിച്ചവരാണ്. ഭക്തർക്കും അനുയായികൾക്കുമിടയിൽ മാത്രമല്ല സാമൂഹികപരിഷ്കർത്താക്കൾക്കിടയിലും അദ്ദേഹം ശ്രീനാരായണഗുരുവായി. സാമൂഹികപരിഷ്കർത്താവായ സന്യാസി എന്ന നിലയിൽ ഇന്ത്യക്ക് അകത്തും പുറത്തും ശ്രദ്ധേയനായി. അരുവിപ്പുറം ക്ഷേത്രയോഗം, എസ്.എൻ.ഡി.പി. യോഗം, ശ്രീനാരായണ ധർമ്മ സംഘം എന്നീ സംഘടനകൾക്ക് നേതൃത്വം നല്കി. 1928 സെപ്റ്റംബർ 20-നു ശിവഗിരിയിൽ വെച്ചു മരണം.

മറ്റ് കുട്ടികളിൽ നിന്നു വ്യത്യസ്തനായിരുന്നു ബാലനായ നാണു. അറിവ് നേടാനുള്ള അടങ്ങാത്ത ദാഹം. അസാമാന്യമായ ഓർമ്മ ശക്തി, തെളിഞ്ഞ ബുദ്ധി, സർവജീവികളോടുമുള്ള അനുകമ്പ എന്നിവയായിരുന്നു നാണുവിൽ കണ്ട സവിശേഷതകൾ. ചിലപ്പോൾ പശുക്കളെ മേയ്ക്കലോ പൂന്തോട്ട നിർമ്മാണത്തിലോ കൃഷിപ്പണിയിലോ മുഴുകും. ഏകാന്തതയെ അവൻ വല്ലാതെ ഇഷ്ടപ്പെട്ടു. വീടിനടുത്തുള്ള ചെറുകാടുകളിൽ ഒറ്റയ്ക്ക് ചെന്നിരിക്കും; അതും മണിക്കൂറുകളോളം. കുട്ടിക്കാലം തൊട്ടേ വലിയ ഭക്തനായിരുന്നു നാണു. ആരാധനാമൂർത്തിയ്ക്ക് സമർപ്പിക്കും മുൻപേ പൂജാദ്രവ്യങ്ങൾ എടുത്തുകഴിക്കുന്നത് ആ ബാലന്റെ സ്വഭാവമായിരുന്നു. ആരെങ്കിലും അത് തടയാൻ ശ്രമിച്ചാൽ 'താൻ സന്തോഷിച്ചാൽ ദൈവം സന്തോഷിക്കും' എന്നായിരുന്നു അവന്റെ മറുപടി. ഉയർന്ന ജാതിയിൽപ്പെട്ടവർ അയിത്തമുണ്ടെന്ന് കരുതി തീണ്ടാപ്പാടകലെ നിർത്തിയവരെ ദൂരത്തെങ്ങാനും കണ്ടാൽ അവൻ ഓടിച്ചെന്ന് അവരെ തൊടും, അയിത്തജാതിക്കാരെ അറിയാതെ തൊട്ടാൽ പോലും കുളിച്ച് ശുദ്ധം വരുത്തണം എന്നായിരുന്നു അന്നത്തെ വിശ്വാസം. നാണു കുളിക്കാതെ തന്നെ തന്റെ ബന്ധുക്കളെയും തൊടും. അയിത്താചരണത്തോടുള്ള പ്രതിഷേധം കുഞ്ഞുമനസിൽ അപ്പോഴേ മുളപൊട്ടിത്തുടങ്ങിയിരുന്നു! ദീനാനുകമ്പയും ആ മനസിൽ ആഴത്തിൽ വേരൂന്നിയിരുന്നു. മനുഷ്യരോട് മാത്രമല്ല മറ്റ് ജീവജാലങ്ങളോടും കരുണയോടെ മാത്രം ഇടപെട്ടു. പില്ക്കാലത്തെഴുതിയ 'അനുകമ്പാദശകം' ഈ മനസിന്റെ ലിഖിതഭാഷ്യമാണ്.

പിതാവ് മാടനാശാൻ തന്നെയായിരുന്നു ആദ്യ ഗുരു. അക്കാലത്തെ രീതി അനുസരിച്ചു സംസ്കൃതത്തിൽ പ്രാഥമിക പാഠങ്ങൾ ഹൃദിസ്ഥമാക്കാൻ കഴിഞ്ഞു. സിദ്ധരൂപം, ബാലപ്രബോധനം, അമരം മുതലായ ബാലപാഠങ്ങളെല്ലാം ആ കാലത്തുതന്നെ അദ്ദേഹം പഠിച്ചിരുന്നു. പിന്നീട് തമിഴും അദ്ദേഹം സ്വായത്തമാക്കി. എന്നാൽ ചെമ്പഴന്തി പ്രദേശത്ത് ഉന്നതപഠന സൗകര്യങ്ങൾ ഒന്നും ഇല്ലാത്തതിനാൽ വിദ്യാഭ്യാസം അവിടെ അവസാനിപ്പിക്കേണ്ടിവന്നു. ഇക്കാലത്ത് അമ്മാവൻമാരിൽ നിന്ന് വൈദ്യത്തിലും സാമാന്യം ജ്ഞാനം നേടിയിരുന്നു. പിൽക്കാലത്ത് സ്വയം പഠിച്ചാണ് സംസ്കൃതത്തിലും തമിഴിലും മലയാളത്തിലും അഗാധമായ അറിവ് അദ്ദേഹം സ്വായത്തമാക്കിയത്.

### 5.1.1.2 സഞ്ചാരിയായ നാണു

അല്പം മുതിർന്നപ്പോൾ വീടുവിട്ടുള്ള യാത്രകൾ ഒരു ശീലമാക്കി മാറ്റി. ചിലപ്പോൾ ദിവസങ്ങളോളം വീട്ടിലേക്ക് തിരിച്ചെത്താത്ത യാത്രകൾ. അക്കാലത്തൊരിക്കൽ അദ്ദേഹത്തിന് വസൂരിരോഗം പിടിപെട്ടു. രോഗം ഭേദമായശേഷം മാത്രമാണ് വീട്ടുകാർപോലും വിവരമറിയുന്നത്. 18 വയസ് പൂർത്തിയായശേഷം നിരന്തരസഞ്ചാരത്തിന്റെ കാലമാണ്. അത്തരം യാത്രകളിൽ ഒന്നാണ് തിരുവനന്തപുരത്തെ തമിഴ് പുസ്തകശാലകളുമായി അദ്ദേഹത്തെ അടുപ്പിക്കുന്നത്.

SGOU

തമിഴ് മുൻപേ പഠിച്ചിരുന്ന ഗുരുവിന് ഇടക്കാലത്ത് ഒരു പുസ്തകശാലയിൽ ജോലിക്കാരനായി പ്രവർത്തിച്ചത് തമിഴിലെ വേദാന്ത ഗ്രന്ഥങ്ങൾ ആഴത്തിൽ പഠിക്കാനുള്ള അവസരവും ഒരുക്കിക്കൊടുത്തു. അദ്ദേഹത്തിന്റെ അമ്മാവനായ കൃഷ്ണൻ വൈദ്യർക്ക് പരവൂർ കേശവനാശാൻ ഒരിക്കൽ സംസ്കൃതത്തിൽ അയച്ച ഒരെഴുത്ത് വൈദ്യർക്ക് വായിച്ചു മനസിലാക്കാനായില്ല, നാണുവാണ് അത് വായിച്ച് അർഥം പറഞ്ഞുകൊടുത്തത്. നാണുവിന്റെ സംസ്കൃതത്തിലുള്ള വ്യുൽപത്തി തിരിച്ചറിഞ്ഞതോടെ അവനെ സംസ്കൃതത്തിൽ ഉപരിപഠനത്തിന് അയക്കാൻ കൃഷ്ണൻ വൈദ്യർ തീരുമാനിച്ചു. രാമൻപിള്ള ആശാൻ വാരണപ്പള്ളി കുടുംബത്തിനോട് ചേർന്ന് നടത്തിയിരുന്ന സംസ്കൃത പാഠശാലയിൽ അങ്ങനെയാണ് നാരായണൻ വിദ്യാർഥിയായത്. അപ്പോൾ അദ്ദേഹത്തിന് ഇരുപത് വയസ് പിന്നിട്ടു കഴിഞ്ഞിരുന്നു. ജന്മംകൊണ്ട് അബ്രാഹ്മണനായതിനാൽ സംസ്കൃതത്തിൽ സാഹിത്യപഠനമല്ലാതെ തർക്ക വ്യാകരണാദിപഠനങ്ങളൊന്നും രാമൻപിള്ള ആശാന് അനുവദനീയമായിരുന്നില്ല. ശൂദ്രൻ വേദം കേട്ടാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്ന അനുശാസനങ്ങൾക്കൊന്നും അക്കാലത്തും വലിയ പോറലൊന്നും വന്നിരുന്നില്ല എന്നർഥം. അതുകൊണ്ട് തന്നെ നാരായണന്റെ സംസ്കൃത പഠനം കാവ്യപഠനമായി പരിമിതപ്പെട്ടു. എങ്കിലും രണ്ട് വർഷത്തോളം നാരായണൻ അവിടെ താമസിച്ച് സംസ്കൃതം പഠിച്ചു. അക്കാലത്ത് തികഞ്ഞ ഭക്തനായിരുന്ന നാരായണനെ സഹപാഠികൾ നാണുഭക്തൻ എന്നായിരുന്നു വിളിച്ചുപോന്നത്. (ഗുരുവിന്റെ ജീവ ചരിത്രകാരന്മാരായ കുമാരനാശാനും കെ. ദാമോദരനും കോട്ടുക്കോയിക്കൽ വേലായുധനും കൊല്ലവർഷം 1053-55 കാലത്താണ് നാരായണൻ വാരണപ്പള്ളിയിൽ സംസ്കൃതം പഠിച്ചതെന്ന് പറയുമ്പോൾ മൂർക്കോത്ത് കുമാരൻ 1057 വരെ എന്നാണ് പറയുന്നത്)

### 5.1.1.3 വിവാഹം

സംസ്കൃതപഠനകാലം തൊട്ടേ നാരായണൻ ഒരു യതിയുടെ മാനസികാവസ്ഥയിലായിരുന്നു. ബ്രഹ്മചര്യമാണ് തന്റെ മാർഗം എന്ന് ഏകദേശം ഉറപ്പിച്ചിരുന്നു. നാട്ടിൽ തിരികെയെത്തിയപ്പോഴും ദേശാന്തരഗമനം തുടർന്നു. ഇടക്കാലത്ത് ഗ്രാമത്തിലെ പാഠശാലയിൽ ആശാനായി. ഇക്കാലത്തെല്ലാം കുടുംബാംഗങ്ങൾ അദ്ദേഹത്തെ വിവാഹത്തിന് നിർബന്ധിക്കുന്നുണ്ടായിരുന്നു. നാരായണനുവേണ്ടി വീട്ടുകാർതന്നെ ഒടുവിൽ വധുവിനെ കണ്ടെത്തുകയും ചെയ്തു. മാടനാശാന്റെ ബന്ധുവായ കാളിയായിരുന്നു വധു. അന്നത്തെ വിവാഹരീതിയനുസരിച്ച് വരന്റെ സഹോദരി നല്കിയ പുടവ സ്വീകരിച്ച വധു വരന്റെ വീട്ടിലെത്തി. പക്ഷേ മാനസികമായി വിവാഹത്തിന് ഒരുക്കമല്ലാതിരുന്ന വരൻ വീട് വിട്ടുപോവുകയാണുണ്ടായത്. കുറേനാളത്തെ ദേശസഞ്ചാരത്തിന് ശേഷം വീട്ടിലേക്ക് തിരികെ വന്നപ്പോഴും വൈവാഹിക ജീവിതം സാധ്യമല്ല എന്ന നിലപാടിൽ തന്നെ നാരായണൻ ഉറച്ചുനിന്നു. ഇതിനിടയിൽ അമ്മ രോഗബാധിതയായി മരണമടഞ്ഞു. അച്ഛൻ മറ്റൊരു വിവാഹം കഴിച്ചു. ജീവിതത്തിലെ ഗാർഹികബന്ധങ്ങളെല്ലാം മുറിഞ്ഞുപോയി സ്വതന്ത്രനാവുകയാണ് എന്ന് നാരായണന് ബോധ്യമായി. പിന്നാലെ വീണ്ടും ദേശാടനങ്ങളുടെ കാലമാണ്. സമീപഗ്രാമങ്ങളിലും വനസ്ഥലികളിലും ഒന്നും അത് അവസാനിച്ചില്ല. അഞ്ചുതെങ്ങ്, കോട്ടാർ, കരുനാഗപ്പള്ളി പോലുള്ള നാടുകളിലൂടെ പശ്ചിമഘട്ടത്തിനപ്പുറത്തേക്ക് പോലും നീണ്ട സഞ്ചാരങ്ങൾ. ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കിക്കൊണ്ടായിരുന്നു പലപ്പോഴും യാത്ര. മലമുകളിലും കൊടുംകാടുകളിലും ഏകാന്തധ്യാനങ്ങൾ. എത്തിയേടത്ത് തന്നെ വിശ്രമിച്ചു. ദാനം കിട്ടിയതെന്തും കഴിച്ചു. ചിലപ്പോൾ കടലോരങ്ങളിലെ മീൻവലയിലാവും അന്തിയുറക്കം. ആ ദിവസങ്ങളിൽ മുക്കുവർ നല്കിയ മത്സ്യമാവും ഭക്ഷണം. വാരണപ്പള്ളിയിലെ പഠനകാലത്ത് പരിപൂർണസസ്യാഹാരിയായിരുന്നു അദ്ദേഹം എന്നോർക്കുക. ഭക്ഷണത്തോടൊപ്പം മത്സ്യം വിളമ്പിയപ്പോൾ പട്ടിണി കിടക്കാനാണ് അന്ന് നാരായണൻ തയ്യാറായത്. നാരായണന്റെ ഇത്തരം രീതികൾ കണ്ട പലരും മനോനില തെറ്റിയവനെന്ന് ശങ്കിച്ചു. പൂജനീയനായ സന്യാസിയെന്ന് മെല്ലെ മെല്ലെ ജനം തിരിച്ചറിഞ്ഞു. അതോടെ ഏറെ ആരാധകരും ഭക്തരും അദ്ദേഹത്തെ തേടിവന്നുകൊണ്ടിരുന്നു.

### 5.1.1.4 ചട്ടമ്പിസ്വാമികളുമായുള്ള ആത്മ ബന്ധം

നാണു ആശാൻ പരിവ്രാജകനായി ചാല, ശംഖുമുഖം, വേളിമല, പേട്ട, ഒരുവാതിൽക്കോട്ട തുടങ്ങിയ സ്ഥലങ്ങളിൽ സഞ്ചരിക്കുകയായിരുന്നു. ഒരു ദിവസം നാണു സ്നേഹിതനായ പെരുനെല്ലി കൃഷ്ണൻ വൈദ്യരെ കണ്ടുമുട്ടി. കൃഷ്ണൻ വൈദ്യൻ ഒരു സംസ്കൃത പണ്ഡിതനും കവിയും മലയാള നാടകപ്രസ്ഥാനത്തിന് തുടക്കം ഇട്ടവരിൽ ഒരാളുമായിരുന്നു. അക്കാലത്തു വൈദ്യരെക്കാണാൻ ധാരാളം സാഹിത്യപ്രേമികൾ എത്താറുണ്ടായിരുന്നു. അവിടെ വെച്ചാണ് ചട്ടമ്പിസ്വാമികൾ നാണുവാശാനെ പരിചയപ്പെടുന്നത്.

ചട്ടമ്പിസ്വാമികൾ തിരുവനന്തപുരത്ത് കണ്ണമ്മൂലയിൽ ഉള്ളൂർകോട് എന്ന തറവാട്ടിലാണ് (1853 ഓഗസ്റ്റ് 23) ജനിച്ചത്. അയ്യപ്പൻ എന്നാണ് മാതാപിതാക്കൾ ഇട്ട പേരെങ്കിലും കുഞ്ഞൻ പിള്ള എന്ന പേരിലാണ് അറിയപ്പെട്ടത്. അദ്ദേഹത്തിന്റെ ജീവിതസാഹചര്യം ദയനീയവും ദരിദ്രവും ആയിരുന്നു. എങ്കിലും വിദ്യാഭ്യാസം ചെയ്ത് ഹജ്ജൂർ കച്ചേരിയിൽ ഗുമസ്തനായി. തൈക്കാട് അയ്യാസ്വാമി എന്ന യോഗീശ്വരനുമായുണ്ടായ കൂടിക്കാഴ്ച ചട്ടമ്പിസ്വാമികളുടെ ജീവിതത്തെ മാറ്റിമറിച്ചു. ചട്ടമ്പിസ്വാമിയും നാണുആശാനും പരിചയപ്പെട്ടപ്പോൾത്തന്നെ സൗഹാർദത്തിലായി. രണ്ടുപേരുടെയും ആശയങ്ങളും അഭിരുചിയും ഒന്നായിരുന്നു. ജീവിതത്തിന്റെ നിലനില്പിന്റെ കാരണം തേടിയുള്ള യാത്രയിലായിരുന്നു രണ്ടുപേരും. തൈക്കാട് അയ്യാ സ്വാമികളുടെ മഹത്വത്തെയും കഴിവുകളെയും പറ്റി ചട്ടമ്പിസ്വാമി വാചാലനായി. അയ്യാസ്വാമിയെ കണ്ട് ഹഠയോഗവും രാജയോഗവും പഠിക്കണമെന്ന് നാണുആശാൻ ആഗ്രഹം പ്രകടിപ്പിച്ചു. ചട്ടമ്പിസ്വാമികൾ അയ്യാ സ്വാമികളെ പരിചയപ്പെടുത്തിക്കൊടുത്തു. അയ്യാ സ്വാമിയ്ക്ക് നാണു ആശാനെ ഇഷ്ടമായി. അദ്ദേഹം എല്ലാ സിദ്ധികളും നാണു ആശാനു പഠിപ്പിച്ചുകൊടുത്തു. സിദ്ധികളിൽ പ്രാവീണ്യം നേടിയ നാണു ആശാനോട് അയ്യാ സ്വാമികൾ ചോദിച്ചു

'ഇഹത്തിന് വേണ്ടിയാണോ പരത്തിന് വേണ്ടിയാണോ പ്രയത്നിക്കുന്നത്?' നാണു ആശാൻ –'പരത്തിനു വേണ്ടി'.

എന്നാൽ ഇനിമേൽ സിദ്ധികൾ കാണിക്കരുത്. സിദ്ധിയിലൂടെ നേടുന്ന ധനവും മറ്റും സത്യത്തിലേക്കുള്ള യാത്രയിൽ തടസമായി നിൽക്കും. നിന്റെ ഉള്ളിൽ വളരുന്ന ദീപ്തിയെ നീ തന്നെ ഊതി പെരുപ്പിക്കണം. ജീവനും പ്രകാശവും നീ തന്നെ നൽകണം. നീ തന്നെ അതിന്റെ വഴി തുറക്കണം. അപ്പോഴേ ഉള്ളിലെ ദീപ്തി നിനക്ക് അനുഭവമാകൂ, പുറമേ പ്രകാശിക്കും, അതിന് സാധന വേണം. അതിനു വേണ്ട സന്നദ്ധത നിന്റെ മനസിനുണ്ട്; ഏകാഗ്രതയുമുണ്ട്. ചുറ്റുപാടുകളുടെ സൈ്വര്യം കെടുത്തലുകൾ ഉണ്ടാകാതിരിക്കാൻ കഴിയുമെങ്കിൽ മരുന്നുമലയിൽ (മരുത്വാമല) പോകുക. ചട്ടമ്പിസ്വാമികൾക്കും അത് സ്വീകാര്യമായി തോന്നി. അദ്ദേഹം മുൻപ് കുറച്ചുകാലം അവിടെ തപസനുഷ്ഠിച്ചിട്ടുണ്ട്. ചട്ടമ്പിസ്വാമിയും നാണുവിന്റെ കൂടെ കൂടാമെന്നു പറഞ്ഞു. യാത്രാമധ്യേ അവർ നെയ്യാറ്റിൻകര, മാർത്താണ്ഡം തുടങ്ങിയ സ്ഥലങ്ങളിൽ വിശ്രമിച്ചു മരുത്വാമലയിൽ എത്തിച്ചേർന്നു. ചട്ടമ്പിസ്വാമി പല സ്ഥലങ്ങളും കാണിച്ചു കൊടുത്തെങ്കിലും നാണു ആശാൻ തനിയ്ക്ക് ഇഷ്ടപ്പെട്ട സ്ഥലം കണ്ടെത്തി. കുറച്ചു കാലത്തെ തപസിനു ശേഷം ചട്ടമ്പിസ്വാമികൾ മടങ്ങിപ്പോയി. അവർ തമ്മിലുള്ള ബന്ധം വീണ്ടും തുടർന്നുകൊണ്ടിരുന്നു. ശിവഗിരി സ്കൂളിന്റെ നിർമ്മാണ ഫണ്ടിനുവേണ്ടി ഗുരു പോകുമ്പോൾ ചട്ടമ്പിസ്വാമിയെ കാണണമെന്ന് പറയുകയുണ്ടായി. അവിടെ ചെന്നപ്പോൾ രോഗബാധിതനായ ചട്ടമ്പിസ്വാമികളെയാണ് കാണുന്നത്. ഗുരുവിനെ കണ്ടപ്പോൾ അദ്ദേഹം സന്തോഷവാനായി. നർമ്മരസികനായ ചട്ടമ്പിസ്വാമികൾ ഗുരുവിനോട് ചോദിച്ചു 'പ്രവർത്തിയാർ ഉദ്യോഗമുണ്ടോ?' ഗുരു പിരിവിനുവേണ്ടി ഇറങ്ങിയതിനെ ഉദ്ദേശിച്ചാണ് ചട്ടമ്പിസ്വാമികൾ ഇങ്ങനെ ചോദിച്ചത്. ഗുരു സ്വതസിദ്ധമായ ചെറുചിരിയോടെ പറഞ്ഞു 'പ്രവർത്തി ഉണ്ട്. ആരില്ല'. ത്യാഗിയായ ഒരു സന്യാസി കർമ്മങ്ങളിലൂടെ കടന്നു പോകുകയാണ് ചെയ്യുന്നത്. അല്ലാതെ ലൗകികരെപ്പോലെ അതിന്റെ കർത്തൃത്വം ഏറ്റെടുക്കാറില്ല ചെയ്യുന്നത് ആരെന്ന് അന്വേഷിച്ചു ചെല്ലുമ്പോൾ ആരും ഇല്ലെന്ന വസ്തുത കത്തൊനാവും എന്ന പരമമായ സത്യമാണ് ഗുരു ഇതിലൂടെ പറഞ്ഞത്.

SGOU

### 5.1.1.5 ഗുരുവിന്റെ പരിവ്രാജക ജീവിതം

എല്ലാ മനുഷ്യരും ജീവിയ്ക്കാനാണ് ഈ ലോകത്തു വരുന്നത്. ജനനത്തിനും മരണത്തിനു ഇടയിലുള്ള അവന്റെ ചലനങ്ങളാണ് ജീവിതം എന്ന് വിശ്വസിക്കുന്നത്. ബഹുഭൂരിപക്ഷം ജനങ്ങളും മറ്റുള്ളവർ പോയ പാതയിലൂടെ സഞ്ചരിച്ച് സംതൃപ്തരായി മടങ്ങുന്നു. നൂറ്റാണ്ടുകൾക്കിടയിൽ വരുന്ന ചിലർ ആകട്ടെ ജീവിതത്തിന്റെ അപൂർണ്ണത തിരിച്ചറിയുന്നു. അപൂർണതയിൽ നിന്ന് പൂർണ്ണതയിൽ എത്തിയാൽ മാത്രമേ അവർക്ക് സുഖം ലഭിക്കുകയുള്ളൂ. രാജകീയ സുഖം ഉപേക്ഷിച്ച സിദ്ധാർഥനും സത്യം തേടിയലഞ്ഞ യേശുവും ഗുഹയിൽ ഏകാന്തവാസം നയിച്ച മുഹമ്മദ് നബിയും എന്ന് വേണ്ട ലോകത്തിലെ ശ്രേഷ്ഠരായ സന്യാസിമാരെല്ലാം ഈ വിഭാഗത്തിലുള്ളവരാണ്. സാധാരണ മനുഷ്യന്റെ ജീവിതം അവർ മണ്ണടിയുന്നതോടെ ഇല്ലാതാകുന്നു. എന്നാൽ സത്യദർശികൾ ആകട്ടെ ലോകം ഉള്ള കാലത്തോളം ചിരഞ്ജീവികളായി അനന്തരതലമുറകൾക്ക് പ്രകാശം നൽകി നിലനിൽക്കുന്നു.

സത്യപ്രകാശം ഏറ്റുവാങ്ങിയ ശ്രീനാരായണ ഗുരുവിന് പരിമിതിയ്ക്കുള്ളിൽ ഒതുങ്ങി ജീവിയ്ക്കാനായില്ല. അദ്ദേഹത്തിന്റെ അന്തർനേത്രം ലൗകിക ജീവിതത്തിന്റെ ഇരുട്ടും, നിഴലും, നിലാവും തിരിച്ചറിയുന്നു. വെളിച്ചത്തിലേയ്ക്ക് നീതനാകാൻ ആഗ്രഹിച്ച ഗുരുവിന് വീടും പരിസരവും ബന്ധുജനങ്ങളും അസ്വാതന്ത്ര്യത്തിന്റെ ചങ്ങലക്കണ്ണികളാണെന്നു ബോധ്യപ്പെടുന്നു. സത്യം തേടി ദേശങ്ങൾ തോറും അലഞ്ഞു നടക്കുന്ന കാലഘട്ടത്തിലെ ജീവിതത്തെയാണ് 'പരിവ്രാജക ജീവിതം' എന്ന് വിളിക്കുന്നത്. ഒരു സ്ഥലത്തും ഒരാളിന്റെ സമീപത്തും നിൽക്കാതെ നടന്നലഞ്ഞു. വൃക്ഷച്ചുവട്ടിലും കടത്തിണ്ണയിലും കിടന്നു സമീപത്തു വന്നുചേരുന്ന ആഹാരം ഏതായാലും അത് തൃപ്തിയോടെ ഭക്ഷിച്ചു കഴിയുന്ന കാലമാണത്. ഗുരുവിന്റെ പരിവ്രാജക ജീവിതം തേടുമ്പോൾ അത് കുടിപ്പള്ളിക്കൂടം മുതൽ തുടങ്ങുന്നുവെന്നു കാണാൻ കഴിയും. ഒരിക്കൽ കുടിപ്പള്ളിക്കൂടം വിട്ട് മറ്റുകുട്ടികൾ വീട്ടിൽ വന്നിട്ടും നാണുവിനെ കണ്ടില്ല. വീട്ടുകാർ പലസ്ഥലത്തും അന്വേഷിച്ചുനടന്നു. കൂട്ടുകാരെ കണ്ട് അന്വേഷിച്ചപ്പോൾ അന്ന് ക്ലാസിൽ ഉണ്ടായിരുന്നില്ലെന്ന് അവർ പറഞ്ഞു. ഇതിനിടയിൽ വന്നുചേർന്ന ജോലിക്കാരൻ സർപ്പക്കാവിൽ കുട്ടി ഒറ്റയ്ക്കിരിക്കുന്ന വിവരം ധരിപ്പിച്ചു. അങ്ങനെ വീട്ടുകാരെ അധികം വേദനിപ്പിക്കാതെ പതുക്കെ പതുക്കെ ലൗകിക ജീവിതത്തിൽ നിന്നും അകലാൻ നാണു പരിശ്രമിക്കുകയായിരുന്നു.

വാരണപ്പള്ളിയിൽ നിന്ന് ചെമ്പഴന്തിയിൽ എത്തിയ ഗുരു അസുഖം മാറിയപ്പോൾ സ്വദേശത്തും കടയ്ക്കാവൂരിലെ മീരാൻകടവിലും പള്ളിക്കൂടങ്ങൾ തുടങ്ങി. അക്കാലഘട്ടത്തിൽ അഞ്ചുതെങ്ങിലെ ജ്ഞാനേശ്വര ക്ഷേത്രമണ്ഡപത്തിലായിരുന്നു ധ്യാനവും ഉറക്കവും. അവിടെ കൂടിയ ഭക്തജനങ്ങളുടെ ആവശ്യപ്രകാരം ഗുരു 'ഗീതഗോവിന്ദം' പഠിപ്പിക്കുകയുണ്ടായി. പഠിതാക്കളിൽ ചിലർ ക്ലാസ് കഴിഞ്ഞതിനുശേഷം ഗുരുവിന്റെ സമീപത്ത് സംശയനിവൃത്തിക്കായി കൂടുമായിരുന്നു. മനസിനെ ശുദ്ധമാക്കി നിശ്ചലബോധത്തിൽ കൊണ്ടുചെന്നെത്തിക്കാനുള്ള ശ്രമമാണ് ധ്യാനമെന്നും അതിന്റെ പരിസമാപ്തിയാണ് സമാധിയെന്നും അതിനു ഏകാന്തജീവിതം ആവശ്യമാണെന്നും ഗുരു വ്യക്തമാക്കിക്കൊടുത്തു. മറ്റുള്ളവർ പോയപ്പോൾ പത്മനാഭൻ എന്ന ആൾ മാത്രം അവിടെ തങ്ങിനിന്നു. അദ്ദേഹം കടയ്ക്കാവൂരിൽ, വീടിനടുത്തുള്ള മേര്യാവ് എന്നൊരു കുന്നിലെ ഒരു ഗുഹയിലെത്തി. താഴെ തെളിഞ്ഞ ചിറയുണ്ട്. അങ്ങനെ ഗുരു പത്മനാഭനോടൊന്നിച്ചു പോയി ഗുഹ കണ്ടു. ഇടതിങ്ങി നിൽക്കുന്ന മരങ്ങളും ചുറ്റും പടർന്നു പന്തലിച്ചു കിടക്കുന്ന വള്ളികളും താഴെയുള്ള ജലാശയവും ഏകാന്തതയും ഗുരുവിനെ ആകർഷിച്ചു. ഗുരു കുറേക്കാലം അവിടെ ധ്യാനനിഷ്ഠനായിരുന്നു. പിന്നീട് ഗുരു ആ സ്ഥലം ഉപേക്ഷിച്ചുപോയി. പിൽക്കാലത്ത് അവിടെ ഗുരുവിന്റെ തിരുനാൾ ആഘോഷിക്കാൻ തുടങ്ങി. ആ ഗുഹയ്ക്ക് അവർ 'ഗുരുവിഹാർ' എന്ന് നാമകരണം ചെയ്തു.

കടയ്ക്കാവൂരിൽ നിന്ന് അഞ്ചുതെങ്ങ് കടൽത്തീരത്തിലൂടെ മുപ്പതു നാൽപ്പതു നാഴിക നടക്കുമായിരുന്നുവെന്നു മൂലൂർ അനുസ്മരിക്കുന്നുണ്ട്. സമുദ്രത്തെ നോക്കി വളരെനേരം നിർന്നിമേഷനായി ഇരിക്കുന്നത് ഗുരുവിന് ഇഷ്ടമായിരുന്നു. ഉയരുന്ന തിരയും അതിന്റെ താഴ്ചയും ആഴവും നിധിയും എല്ലാം മനുഷ്യജീവിതത്തി

SGOU

ന്റെ നിഗൂഢതകൾ വ്യക്തമാക്കിക്കൊടുക്കാൻ വെമ്പുന്നതായി ഗുരുവിന് അനുഭവപ്പെട്ടു. ഗുരുവിന്റെ പിൽക്കാല കൃതികളിൽ ഈ സ്വാധീനം കാണാവുന്നതാണ്.

ഗുരുവിന്റെ ജീവചരിത്രം എഴുതിയ മൂർക്കോത്തുകുമാരന്റെ അഭിപ്രായത്തിൽ, നാരായണഗുരു തന്റെ ജന്മഗൃഹം വിട്ടുപോകുന്നതിനു മുൻപ് ഏതാണ്ട് ഇപ്രകാരം പറഞ്ഞു. 'നാമെല്ലാം ഈ ലോകത്ത് വന്നു പിറക്കുന്നത് ഏതെങ്കിലും ലക്ഷ്യം സാധിക്കുന്നതിനാണ്. എനിയ്ക്കെന്റെ ജോലി ചെയ്തു തീർക്കാനുണ്ട്. നിങ്ങൾക്ക് നിങ്ങളുടേതും. ഞാൻ എന്റെ വഴിയ്ക്ക് പോകട്ടെ, നിങ്ങൾ നിങ്ങളുടെ വഴിയ്ക്കും പോകുക.' തുടർന്ന് ഗുരു വീട് വിട്ടിറങ്ങി. സത്യാന്വേഷണത്തിന്റെ പാതയിൽ ലൗകിക ബന്ധങ്ങൾക്ക് അല്പം സ്ഥാനം നല്കുന്നതുപോലും അധികപ്പറ്റാണ്.

വീട് വിട്ടിറങ്ങിയ ഗുരു കേരളത്തിന്റെ തീരപ്രദേശങ്ങളിലൂടെയും കാട്ടിലൂടെയും മേട്ടിലൂടെയും തമിഴ്നാട്ടിലെ ഗ്രാമാന്തരീക്ഷത്തിലൂടെയും അലഞ്ഞു നടന്നു. ബാല്യകാലത്ത് തന്നെ ഗുരുവിന് തമിഴ് പരിജ്ഞാനമുണ്ടായിരുന്നു. ചാലയിലെ 'പഴനി ബുക്ക് ഡിപ്പോയിൽ' പോയി പുസ്തകം വായിക്കുന്ന സ്വഭാവം ഗുരുവിന് ഉണ്ടായിരുന്നു. തിരുക്കുറൾ, തിരുപ്പാവൈ, ഒഴിവിലൊടുക്കാം, ശിവപുരാണം, തിരുമന്തിരം തുടങ്ങിയ തമിഴ് ആത്മീയ ഗ്രന്ഥങ്ങൾ വായിക്കാനും മനനം ചെയ്യാനും ഗുരുവിന് അവസരമുണ്ടായി. പിന്നീട് ഗുരു നെയ്യാറ്റിൻകരയ്ക്ക് അടുത്തുള്ള പ്രസിദ്ധമായ പുലിവാതുക്കൽ ഭവനത്തിൽ എത്തി. ഏതാനും ദിവസങ്ങൾ ഗുരു അവിടെ താമസിച്ചു. അപ്പോൾ അമ്മയ്ക്ക് രോഗം കലശലാണെന്ന വിവരം അറിഞ്ഞു. ഉടൻ തന്നെ ഗുരു അമ്മയുടെ സമീപത്തെത്തി. ഗുരു അവിടെ കഴിയവേ അമ്മ ഇഹലോകവാസം വെടിഞ്ഞു (1881). അച്ഛനോടും അമ്മാവനായ കൃഷ്ണൻ വൈദ്യനോടും ഇങ്ങനെ പറഞ്ഞു. 'കർമബന്ധമനുസരിച്ചാണ് മനുഷ്യജന്മം ഉണ്ടാകുന്നത്. നമുക്കെല്ലാം ജീവിതത്തിൽ ഓരോ ലക്ഷ്യമുണ്ട്. അത് നിർവഹിക്കുകയാണ് ധർമ്മം. ആർക്കായാലും അത് അനുഷ്ഠിക്കാതെ ഈ ജീവിതത്തിൽ നിന്ന് വിരമിയ്ക്കുക വയ്യ. അതുകൊണ്ട് എന്റെ മാർഗം തേടിപ്പോവുകയാണ് ഞാൻ'. തങ്ങൾക്ക് അതീതനായി ഗുരു വളർന്നിരിക്കുന്നു എന്ന സത്യം അവർ മനസിലാക്കി.

മണക്കാട് വെച്ച് പരിചയപ്പെട്ട ചട്ടമ്പിസ്വാമികളുമായി തെക്കൻ തിരുവിതാംകൂറിലെ പല സ്ഥലങ്ങളിലൂടെയും ഗുരു സഞ്ചരിക്കുകയുണ്ടായി. സുബ്രഹ്മണ്യ ഭക്തനായ അയ്യാവ് സ്വാമികളുടെ ശിക്ഷണത്തിൽ യോഗ പരിശീലിയ്ക്കുന്ന കാലഘട്ടത്തിൽ ഗുരുവും ചട്ടമ്പിയും ആശ്രമതുല്യമായ ആ ഭവനത്തിൽ കുറേക്കാലം താമസിക്കുകയുണ്ടായി. അന്ന് ചട്ടമ്പിസ്വാമികൾക്ക് 'ഷണ്മുഖദാസൻ' എന്ന പേരും ഗുരുവിന് 'ഷൺമുഖഭക്തൻ' എന്ന പേരും അയ്യാവ് സ്വാമികൾ നൽകി. എങ്കിലും ചട്ടമ്പി നാരായണഗുരുവിനെ ആശാനെന്നും ഗുരു ചട്ടമ്പിസ്വാമികളെ ചട്ടമ്പി എന്നും ആണ് വിളിച്ചിരുന്നത്. മനുഷ്യനാൽ നിർമ്മിക്കപ്പെട്ട ജാതി വ്യത്യാസം അർഥശൂന്യമാണെന്ന ചിന്താഗതിക്കാരായിരുന്നു രണ്ടുപേരും. അയ്യാവ് സ്വാമികളുടെ നിർദേശപ്രകാരം രണ്ടുപേരും മരുത്വാമലയിലേയ്ക്ക് യാത്രയായി.


### 5.1.2 ചട്ടമ്പിസ്വാമി, തൈക്കാട്ട് അയ്യാസ്വാമി, അയ്യാ വൈകുണ്ഠസ്വാമി

നാണു എന്ന സന്ന്യാസി ശ്രീനാരായണ ഗുരു എന്ന സാമൂഹിക പരിഷ്കർത്താവായി പരിണമിച്ചത് രണ്ട് വ്യക്തികളുടെ സ്വാധീനഫലമാണെന്ന് നിസംശയം പറയാം. അവരാണ് ചട്ടമ്പിസ്വാമിയും തൈക്കാട്ട് അയ്യാവും.

നമ്മുടെ സാമൂഹിക നവോത്ഥാനത്തിൽ നിർണായക പങ്കു വഹിച്ച ആത്മീയാചാര്യനായിരുന്നു ചട്ടമ്പിസ്വാമികൾ. യഥാർഥ പേര് അയ്യപ്പൻ, കുട്ടിക്കാലത്ത് കുഞ്ഞനെന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. ബ്രാഹ്മണനായ താമരശേരി വാസുദേവശർമ്മയും നങ്കാദേവി എന്ന നായർ സ്ത്രീയുമായുള്ള സംബന്ധത്തിൽ പിറന്ന മകനാണ് കുഞ്ഞൻപിള്ള, പിതാവിന്റെ കുടുംബത്തിൽ നിന്നുപോലും ജാതീയ അവഗണന ഏൽക്കുക എന്നത് സംബന്ധത്തിൽ പിറക്കുന്ന കുഞ്ഞുങ്ങളുടെ നിയോഗമായിരുന്നു. കുട്ടിക്കാലത്ത് തന്നെ ജാതീയമായ ഉച്ചനീചത്വങ്ങൾ സ്വന്തം ജീവിതംകൊണ്ട് അനുഭവിച്ചിട്ടുണ്ടാവണം കുഞ്ഞൻ പിള്ള. താൻ അനുഭവിക്കുന്ന ജാതിപീഡകൾ കീഴ്ജാതികളിലേക്ക് സംക്രമിപ്പിക്കുക അക്കാലത്തെ സ്വാഭാവികരീതിയായിരുന്നു. എന്നാൽ

SGOU


സ്വന്തം മനസിൽ ജാതിഭൂതത്തിന് അദ്ദേഹം ഇടം കൊടുത്തില്ല. അതുകൊണ്ടുതന്നെ കുഞ്ഞന്റെ കളിച്ചങ്ങാതിമാർ പലരും കീഴാളവിഭാഗത്തിൽപ്പെട്ടവരായിരുന്നു. വളരെ ദരിദ്രമായിരുന്നു ബാല്യകാല സാഹചര്യങ്ങൾ. അദ്ദേഹത്തിന് ചെറുപ്രായത്തിൽ ഔപചാരിക വിദ്യാഭ്യാസം നേടാൻപോലും കഴിഞ്ഞിരുന്നില്ല. അച്ഛന്റെയും അയൽവാസികളായ കുട്ടികളുടെയും സഹായത്തോടെയാണ് അക്ഷരാഭ്യാസം നേടിയത്. പതിനഞ്ചു വയസുള്ളപ്പോൾ പേട്ടയിൽ രാമൻ പിള്ള ആശാന്റെ പാഠശാലയിൽ ചേർന്ന കുഞ്ഞനെ ആശാൻ പാഠശാലയിലെ ചട്ടമ്പിയാക്കി (ഇന്നത്തെ ക്ലാസ് ലീഡർ). ഇതോടെ കുഞ്ഞൻ പിള്ള ചട്ടമ്പി എന്നറിയപ്പെടാൻ തുടങ്ങി. പാഠശാല വിട്ടിട്ടും 'ചട്ടമ്പി' എന്ന സ്ഥാനപ്പേർ അദ്ദേഹത്തെ വിട്ടുപോയില്ല.



**ചട്ടമ്പി സ്വാമികൾ**

താനും കീഴാളജനതയും അനുഭവിക്കുന്ന ബ്രാഹ്മണാധിപത്യത്തെ ചോദ്യം ചെയ്താണ് അദ്ദേഹം പൊതുരംഗത്തു ശ്രദ്ധേയനായത്. ജാതിവിവേചനത്തോടുള്ള എതിർപ്പിനു പുറമെ വിദ്യാഭ്യാസം സാർവത്രികമാക്കണമെന്നും സ്ത്രീപുരുഷസമത്വം സാധ്യമാക്കണമെന്നുമുള്ള ആശയങ്ങൾ ചട്ടമ്പിസ്വാമികൾ മുന്നോട്ട് വെച്ചു. മതം, തത്ത്വശാസ്ത്രം, ചരിത്രം തുടങ്ങിയവയിലുള്ള ജ്ഞാനം, യോഗയിലുള്ള അറിവ്, ധ്യാനം, ലളിതജീവിതം എന്നിവ ജനങ്ങളിൽ ആദരവ് ജനിപ്പിച്ചു. കുഞ്ഞൻപിള്ളയെ കണ്ടുമുട്ടിയത് നാണുവിന്റെ ജീവിതത്തിലെ വഴിത്തിരിവായി. സമാന ചിന്താഗതിക്കാരായ രണ്ട് ഉല്പതിഷ്ണുക്കളുടെ സമാഗമമായിരുന്നു അത്.

ചെങ്കൽപ്പേട്ട ജില്ലക്കാരനായ സുബ്ബരായപണിക്കരെ നാണുവിന് പരിചയപ്പെടുത്തുന്നത് ചട്ടമ്പി സ്വാമികളാണ്. ശിവപുരാണ വ്യാഖ്യാനത്തിൽ അഗ്രഗണ്യനായിരുന്നു സുബ്ബരായ. അദ്ദേഹത്തിന് ഇംഗ്ലീഷ് ഭാഷയും വശമുണ്ടായിരുന്നു. സ്വാതിതിരുനാളിന്റെ കാലത്ത് സുബ്ബരായപണിക്കർ തിരുവനന്തപുരത്തെത്തുകയും മൂലംതിരുനാളിന്റെ ഭരണകാലത്ത് തൈക്കാട്ടുള്ള റസിഡെൻസിയിലെ സൂപ്രണ്ടായി നിയോഗിക്കപ്പെടുകയും ചെയ്തു. സൂപ്രണ്ടായി തൈക്കാട്ട് സ്ഥിരതാമസമാക്കിയതോടെ അദ്ദേഹം തൈക്കാട്ട് അയ്യാസ്വാമി എന്ന് അറിയപ്പെടാൻ തുടങ്ങി. ആധ്യാത്മിക പ്രഭാഷകൻ, യോഗാചാര്യൻ, ജ്യോതിഷി എന്നിങ്ങനെ പലനിലകളിൽ പ്രഗത്ഭനായിരുന്നു തൈക്കാട് അയ്യാസ്വാമികൾ.



**തൈക്കാട്ട് അയ്യാസ്വാമി**

ആത്മീയതയ്ക്കും ഭൗതികതയ്ക്കും തുല്യ പ്രാധാന്യം നൽകിയ വ്യക്തിയായിരുന്നു അദ്ദേഹം. ജാതിയോ ലിംഗഭേദമോ പരിഗണിക്കാതെ സാധാരണക്കാരുടെ ഇടയിൽ പ്രവർത്തിച്ച മനുഷ്യൻ. കീഴാളർക്കും ബ്രാഹ്മണർക്കും തുല്യസ്ഥാനം നല്കിയ ആൾ. പന്തിഭോജനം ആദ്യമായി നടത്തിയത് അദ്ദേഹമാണെന്ന് ചരിത്രകാരന്മാർ പറയുന്നു. വ്യത്യസ്ത ജാതികളിലുള്ളവർക്ക് അവരുടെ ജാതിയുടെ ഉച്ചനീചാവസ്ഥയ്ക്കനുസരിച്ച് വ്യത്യസ്ത പന്തികളിൽ ഭക്ഷണം വിളമ്പുന്ന രീതിയാണ് അന്ന് നിലവിലുണ്ടായിരുന്നത്. ജാതി പരിഗണനകളില്ലാതെ ഒരേ പന്തിയിലിരുന്ന് ഭക്ഷണം കഴിക്കുന്ന രീതിയാണ് പന്തിഭോജനം. തൈക്കാട്ട വച്ചുനടന്ന തൈപ്പൂയസദ്യയിൽ അദ്ദേഹത്തോടൊപ്പം മഹാ

SGOU

ത്മാ അയ്യൻകാളിയുൾപ്പെടെ വ്യത്യസ്ത ജാതിക്കാർ പങ്കെടുത്തു.

ഇന്ത ഉലകത്തിലെ
ഒരേ ഒരു മതം താൻ
ഒരേ ഒരു ജാതി താൻ
ഒരേ ഒരു കടവുൾ താൻ

എന്നായിരുന്നു അയ്യാസ്വാമികളുടെ നിലപാട്. നാണുവിൽ തൈക്കാട്ട് അയ്യാവിന്റെ സ്വാധീനം 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ആഹ്വാനത്തിലോ പന്തിഭോജനത്തിലോ മാത്രമൊതുങ്ങുന്നതല്ല. നാരായണൻ തേടി നടന്ന യഥാർഥ ഗുരുവിനെ തൈക്കാട്ട് അയ്യാവിൽ കണ്ടെത്തുകയായിരുന്നു എന്ന് പറയാം. നാണു ആശാനിൽ നിന്ന് ശ്രീനാരായണഗുരുവിലേക്കുള്ള പരിണാമകാലത്തിലെ ഒരു പ്രധാന ബിന്ദുവാണ് ഈ കണ്ടുമുട്ടൽ

ഗുരുവിന് മുൻപേതന്നെ ജാതിഭേദത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ച സാമൂഹിക പരിഷ്കർത്താവാണ് അയ്യാവൈകുണ്ഠസ്വാമികൾ. കന്യാകുമാരിയിൽ ജനിച്ച അദ്ദേഹത്തിന്റെ പ്രവർത്തനമേഖല തെക്കൻ തിരുവിതാംകൂർ ആയിരുന്നു. മനുഷ്യസമത്വത്തിനായി പൊരുതിയ ആദ്യകാല നേതാവ്. ഏകദൈവ വിശ്വാസമായിരുന്നു അദ്ദേഹം മുന്നോട്ട് വെച്ചത്. പിന്നാക്ക വിഭാഗങ്ങൾക്കുമുകളിൽ മേൽജാതിക്കാർക്കുണ്ടായിരുന്ന അധികാരാവകാശങ്ങളെ അദ്ദേഹം ചോദ്യം ചെയ്തു. കൂലി നൽകാതെ വേല ചെയ്യിക്കാനുള്ള ശ്രമങ്ങളെ ചെറുക്കാൻ കീഴാളരെ പ്രേരിപ്പിച്ചു. മൃഗബലി, വിഗ്രഹാരാധന എന്നിവയ്ക്ക് എതിരായിരുന്നു അദ്ദേഹം. അദ്ദേഹം സ്ഥാപിച്ച മതമാണ് അയ്യാമതം. അയ്യാവൈകുണ്ഠൻ ഒരു കണ്ണാടി പ്രതിഷ്ഠിക്കുകയും അതിൽ കാണുന്ന സ്വന്തം പ്രതിബിംബത്തെ ആരാധിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തതായി ചരിത്രകാരന്മാർ പറയുന്നു. രാജാവിനെ വിമർശിച്ചതിനെത്തുടർന്നു അദ്ദേഹത്തിന് ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

### 5.1.3 അരുവിപ്പുറം പ്രതിഷ്ഠ

അയ്യാവിന്റെ ശിഷ്യത്വം സ്വീകരിച്ചു യോഗമാർഗം സ്വായത്തമാക്കിയ നാണു പിന്നീട് പോകുന്നത് മരുത്വാമലയിലേക്കാണ്. മരുത്വാമലയിലെ പിള്ളത്തടം ഗുഹയിൽ അദ്ദേഹം തപസനുഷ്ഠിച്ചു എന്ന് ജീവചരിത്രകാരന്മാർ പറയുന്നു. പിന്നീട് അരുവിപ്പുറം മലയിലേക്ക് താമസം മാറി അദ്ദേഹം അവിടെ ധ്യാനത്തിൽ മുഴുകി. അവിടെയും ജനങ്ങൾ ആ മഹാനുഭാവന്റെ സാന്നിധ്യം തിരിച്ചറിഞ്ഞു. ഏറെ വൈകാതെ നാനാദേശക്കാരും ജാതിക്കാരുമായ ഭക്തർ സ്വാമിയെ കാണാൻ അവിടെ എത്തിച്ചേരുകയും അദ്ദേഹത്തിന്റെ ശിഷ്യരായി തീരുകയും ചെയ്തു. കേരളത്തിന്റെ ആരാധനാക്രമങ്ങളിൽ സമൂലമായ ഇളക്കി പ്രതിഷ്ഠയ്ക്ക് തുടക്കമിട്ട അരുവിപ്പുറം സംഭവം ഇതിന്റെ തുടർച്ചയാണ്. ഗുരുവിന്റെ (ബ്രഹ്മശ്രീനാരായണ ജീവചരിത്രത്തിൽ ഗുരുസ്വാമികളുടെ ജീവചരിത്രസംഗ്രഹം) കുമാരനാശാൻ ഇങ്ങനെ കുറിക്കുന്നു.

'പല ദിക്കുകളിൽ ഉള്ള ഭക്തന്മാരായ ഗൃഹസ്ഥന്മാർ അരി മുതലായ സംഭാരങ്ങളോടുകൂടി അവിടെ വന്ന് സ്വാമിക്കും കൂടെയുള്ളവർക്കും ഒപ്പം സദ്യ കഴിച്ച് മടങ്ങിപ്പോവുക പതിവായിരുന്നു. ഇങ്ങനെ സ്വാമിയുടെ സാന്നിധ്യം കൊണ്ട് തന്നെ അവിടം വേഗത്തിൽ ഒരു പുണ്യസ്ഥലമായി പരിണമിച്ചു. സ്വാമിയില്ലാത്ത സമയങ്ങളിൽ പോലും ജനങ്ങൾ അവിടെ വന്ന് സ്നാനം ചെയ്തു തൊഴുത് പോകുവാൻ തുടങ്ങി. അതിനുശേഷം അവിടെ ഒരു ആരാധനാസ്ഥലം ഉണ്ടായാൽ കൊള്ളാമെന്ന് സ്വാമി ചിലരോട് പറഞ്ഞു. അങ്ങനെ എന്തെങ്കിലും ചെയ്യുന്നതിൽ തനിക്കുള്ള ആഭിമുഖ്യത്തെ പതിവായി തന്നെ വന്നു കാണുന്ന ഭക്തന്മാരായ ചില ചെറുപ്പക്കാരോട് സൂചിപ്പിക്കുകയും ചെയ്തു.

**കുമാരനാശാൻ എഴുതിയ ഗുരുവിന്റെ ജീവചരിത്രത്തിൽ നിന്ന്**

'പ്രതിഷ്ഠയുടെ സമീപത്തായി ഉണ്ടായിരുന്നത് കുറെ പുഷ്പങ്ങളും വിളക്കുകളും നാദസ്വര വായനയും മാത്രമായിരുന്നു. പീഠമായി സങ്കൽപ്പിച്ചിരുന്ന പാറയുടെ മീതെ ഒരു ചെറിയ പന്തൽ കെട്ടിയിരുന്നു. അർധരാത്രിയോടു കൂടി സ്വാമി സ്നാനം ചെയ്തുവന്ന് അതിനകത്തു കടന്ന് പ്രതിഷ്ഠിക്കാനുള്ള ശിലയെ കയ്യിലെടുത്ത് ധ്യാനിച്ചുകൊണ്ട് രാത്രി മൂന്ന് മണിവരെ ഒരേ നിലയിൽനിന്നു.

SGOU

> സ്വാമിയുടെ തേജോമുഖമായ മുഖത്ത് ആ സമയം അശ്രുധാരകൾ പ്രവഹിച്ചു കൊണ്ടിരുന്നു. കാണികൾ ഭക്തിപരവശ ന്മാരായി പഞ്ചാക്ഷരമന്ത്രം ജപിച്ച് ഏക മനസോടെ ചുറ്റും നിന്നു. മൂന്നുമണിക്ക് ശിലയെ സ്വാമി പീഠത്തിൽ പ്രതിഷ്ഠിച്ച് അഭിഷേകം ചെയ്തു.'

1888-ലെ ശിവരാത്രിക്കാലമാണ് അരുവിപ്പുറ ത്ത് പ്രതിഷ്ഠ നടത്താൻ ഗുരു തിരഞ്ഞെടുത്ത ത്. നെയ്യാറിലെ ശങ്കരൻകുഴി എന്ന കയത്തിൽ നിന്ന് ഗുരു മുങ്ങിയെടുത്ത ഒരു കല്ലായിരുന്നു പ്രതിഷ്ഠ. പ്രതിഷ്ഠാപീഠം ഒരു പരന്ന പാറ. ബ്രാഹ്മണർക്ക് മാത്രം ചെയ്യാൻ അവകാശമുള്ള ഒരു കാര്യമാണ് നാരായണഗുരു നിർവഹിച്ചത്. അന്നുവരെ ക്ഷേത്രമതിൽക്കെട്ടിന് പുറത്ത് മാത്രം ഇടമുണ്ടായിരുന്ന ജനതയുടെ പ്രതിനിധി കളിൽ ഒരാൾ തങ്ങൾക്ക് പൂജിക്കാൻ ഒരു ദേവാ ലയം പണിഞ്ഞിരിക്കുന്നു. നേരിയ തോതിലെങ്കിലും മാറിയ സമൂഹ്യക്രമവും ഗുരുവിന്റെ ആധ്യാത്മിക പ്രഭാവവും ഉണ്ടായിരുന്നില്ലെങ്കിൽ വലിയ കലാപ ങ്ങൾക്ക് അത് വിത്തായി മാറിയേനെ. പത്തൊൻപ താം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ തെക്കൻ തി രുവിതാംകൂറിൽ പൊട്ടിപ്പുറപ്പെട്ട ചാന്നാർ ലഹള എന്ന വസ്ത്ര സ്വാതന്ത്ര്യസമരവുമായി ഈ സംഭ വത്തെ താരതമ്യം ചെയ്യുമ്പോഴാണ് ആ അത്ഭുതം നമുക്ക് ബോധ്യമാവുക. ഗുരുതരമായ ആചാരലം ഘനമാണ് അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ശ്രീനാ രായണഗുരു നിർവഹിച്ചത്. തന്റെ പ്രവൃത്തിയെ വിമർശിച്ചവരോട് സ്വാമിയുടെ മറുപടി താൻ സ്ഥാ പിച്ചത് ഈഴവ ശിവനെയാണ് എന്നായിരുന്നു. (നാം സ്ഥാപിച്ചത് നമ്മുടെ ശിവനെയാണ് എന്നാ ണ് ഗുരു പറഞ്ഞതെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടു ണ്ട്) ആ ചെറിയ വാക്യത്തിന് പ്രതിഷേധക്കാരെ മുഴുവൻ നിസ്തേജരാക്കാനുള്ള ഊർജമുണ്ടായ തുകൊണ്ടു അരുവിപ്പുറം ഒരു കലാപഭൂമിയായില്ല. പ്രതിഷ്ഠ നടന്നതിന് ശേഷം ഗുരു കുറെക്കാലം അരുവിപ്പുറത്തു തന്നെ താമസിക്കുകയും ചില ശി ഷ്യരെ അവിടെ ശാന്തിക്കാരാക്കുകയും ചെയ്തു.

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്'

എന്ന് അദ്ദേഹം ക്ഷേത്രച്ചുമരിൽ സ്വന്തം കൈ പ്പടയിൽ എഴുതിവെച്ചു. ക്ഷേത്രത്തോടനുബന്ധിച്ച് ഒരു മലയാളം പള്ളിക്കൂടവും സ്ഥാപിക്കപ്പെട്ടു. അരുവിപ്പുറം ക്രമേണ ഒരു സന്യാസമഠമായി. 1898 ൽ ക്ഷേത്രത്തിന്റെയും മഠത്തിന്റെയും ഭരണ നിർ വഹണാർഥം നെയ്യാറ്റിൻകര, തിരുവനന്തപുരം പ്രദേശങ്ങളിലുള്ള ഏതാനും പേരെ ചേർത്ത് ഒരു സംഘമുണ്ടാക്കി. അതാണ് അരുവിപ്പുറം ക്ഷേത്ര യോഗം. പിൽക്കാലത്ത് എസ്.എൻ.ഡി.പി. യോഗ മായി മാറിയത് ഈ പ്രസ്ഥാനമാണ്.

### 5.1.4 ക്ഷേത്രപ്രതിഷ്ഠകൾ

അരുവിപ്പുറം ശിവപ്രതിഷ്ഠയെ തുടർന്ന് ഒട്ടേറെയിടങ്ങളിൽ സ്വാമി ക്ഷേത്രപ്രതിഷ്ഠ നടത്തുന്നുണ്ട്. നിരവധി ദേവീക്ഷേത്രങ്ങളും ശിവക്ഷേത്രങ്ങളും സുബ്രഹ്മണ്യക്ഷേത്രങ്ങളും അദ്ദേഹം ആദ്യകാലത്ത് സ്ഥാപിക്കുകയുണ്ടാ യി. അരുവിപ്പുറത്തെത്തുടർന്ന് ചിറയിൻകീഴി ലെ വക്കത്ത് വേലായുധൻ കോവിൽ, വക്കത്ത് തന്നെയുള്ള ദേവേശ്വരം ശിവക്ഷേത്രം എന്നിവി ടങ്ങളിലും നാരായണഗുരു പ്രതിഷ്ഠ നടത്തി. മണ്ണന്തല ദേവീക്ഷേത്രം (1889), തലശ്ശേരി ജഗ ന്നാഥക്ഷേത്രം (1908), കോഴിക്കോട് ശ്രീകണ്ഠേ ശ്വര ക്ഷേത്രം (1911), വർക്കലയിലെ ശാരദാമഠം (1912) തുടങ്ങിയവ ഗുരുവിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ച ക്ഷേത്രങ്ങളാണ്. മാടനും മറുതയും പോലുള്ള പ്രാദേശിക ദേവതകളായിരുന്നു അന്നോളം അവർണരുടെ ആരാധ്യദേവതകൾ. അധ:സ്ഥിതജനതയെ സാത്വിക ആരാധനക്രമ ത്തിലേക്ക് വഴിതിരിച്ചു വിടുകയായിരുന്നു ഗു രു. മദ്യവും മാംസവുമുൾപ്പെടെയുള്ള പൂജാനിവേ ദ്യങ്ങൾ, ജന്തുബലി എന്നിവയെല്ലാം അദ്ദേഹം സ്ഥാപിച്ച ക്ഷേത്രങ്ങളിൽ വിലക്കപ്പെട്ടു. അവിട ങ്ങളിലെല്ലാം സാത്വികമായ ആരാധനാരീതികൾ അദ്ദേഹം നിർദ്ദേശിച്ചു.

'ഹിംസയുടെയും ദുർദേവതാരാധനയുടെയും ദോഷത്തെപ്പറ്റി സ്വാമി പല സാരമായ ലഘുലേ ഖനങ്ങളും സ്വന്തമായി എഴുതി പ്രസംഗകന്മാ രെ ഏൽപ്പിച്ചും പരസ്യമായും മതപരിഷ്കരണ വിഷയത്തിൽ പ്രസംഗങ്ങൾ നടത്തിച്ചിരുന്നു' എന്ന് കുമാരനാശാൻ എഴുതിയ ഗുരുവിന്റെ ജീവചരിത്രത്തിൽ പറയുന്നു.

SGOU

ക്ഷേത്രമതിൽക്കെട്ടിനപ്പുറം, തീണ്ടാപ്പാടകലെ മാറി നിൽക്കേണ്ടിവന്ന ഒരു ജനതയെ പൂജാരിയുടെ പദവിയിലേക്ക് ഉയർത്താൻ ഗുരുവിന്റെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. ചാന്നാർ ലഹളയിലെപ്പോലെ ചോരചിന്താതെ, തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ അവർണർക്ക് കഴിഞ്ഞു എന്നുകൂടി ചേർത്ത് വായിക്കുമ്പോഴാണ് ക്ഷേത്രപ്രതിഷ്ഠാപ്രവർത്തനങ്ങളുടെ സവിശേഷത മനസിലാവുക. പക്ഷേ ഈ ക്ഷേത്രങ്ങളുടെയും ആരാധനാരീതികളുടെയും ഭാവിയെപ്പറ്റിയുള്ള ഗുരുവിന്റെ ആലോചനകളും വ്യത്യസ്തമായ രീതിയിലായിരുന്നു. ജനങ്ങൾ വൈകാതെ ആരാധനാലയങ്ങൾ ഉപേക്ഷിച്ചു പോകും എന്നായിരുന്നു അദ്ദേഹം കരുതിയത്.

വിളയത്ത് കൃഷ്ണൻ ആശാനുമായുള്ള ഒരു സംഭാഷണം എം. കെ സാനു അദ്ദേഹത്തിന്റെ നാരായണഗുരുസ്വാമി എന്ന ജീവചരിത്രത്തിൽ ഉദ്ധരിക്കുന്നുണ്ട്.

സ്വാമി : ഈ ആരാധനകൾ എല്ലാം ഒരിക്കൽ വേണ്ടെന്നു വന്നേക്കാം അല്ലേ?

ആശാൻ : അങ്ങനെ വരാനിടയില്ല.

സ്വാമി : വിദ്വാന്മാർക്ക് ഇത് ഹിതമല്ലാതെ വരും. അവിദ്വാന്മാരും ഗതാനുഗതിക ന്യായേന വേണ്ടെന്നു വയ്ക്കും, അല്ലേ ?

ആശാൻ : അങ്ങനെ വരാനിടയില്ല.

സ്വാമി : അങ്ങനെ വരുമ്പോൾ കെട്ടിടങ്ങളെല്ലാം അവർക്ക് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാമല്ലോ. ആഹാരം പോലെ കെട്ടിടങ്ങളും ആവശ്യമുള്ളവ തന്നെ. ആഹാരം ഒരു ദിവസം രണ്ടോ മൂന്നോ പ്രാവശ്യം മതിയാവും ശീതോഷ്ണാദിബാധകളിൽ നിന്നും രക്ഷിക്കുന്നതിനുള്ള കെട്ടിടങ്ങൾ വേണ്ടാത്ത സമയമില്ലല്ലോ. ആഹാരം സൗജന്യമായി പലരിൽ നിന്നും കിട്ടാവുന്നതാണ്. അതുകൊണ്ട് കെട്ടിടങ്ങൾ ഉണ്ടാക്കിയിടുന്നതും ഒരു ധാർമികപ്രവൃത്തി തന്നെയാണ്.

### 5.1.5 വിദ്യകൊണ്ട് പ്രബുദ്ധരാവുക

ക്ഷേത്രപ്രതിഷ്ഠ ഗുരുവിനെ സംബന്ധിച്ച് ഒരു ലക്ഷ്യമായിരുന്നില്ല എന്നും സമഗ്രമായ സാമൂഹ്യ നവീകരണത്തിനുള്ള മാർഗമായിരുന്നു എന്നും അദ്ദേഹത്തിന്റെ പിൽക്കാല പ്രവൃത്തികളും സന്ദേശങ്ങളും വ്യക്തമാക്കുന്നുണ്ട്. ക്ഷേത്രങ്ങളെ മറ്റാവശ്യങ്ങൾക്ക് കൂടി ഉപയുക്തമാകാവുന്ന ഇടങ്ങളായി, കെട്ടിടങ്ങളായി അദ്ദേഹം കണ്ടു. ക്ഷേത്രാരാധനകളിൽ ജനത്തിന്നു താല്പര്യമില്ലാതാവുന്ന വിദൂരമല്ലാത്ത ആ കാലത്തും ക്ഷേത്രാനുബന്ധമായി സ്ഥാപിക്കപ്പെട്ട കെട്ടിടങ്ങൾ ജനങ്ങൾക്ക് ആവശ്യമുള്ളവ തന്നെയാവും എന്ന് അദ്ദേഹം കരുതിയിരുന്നു. പ്രത്യേകിച്ചും വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിലുള്ള അവയുടെ സാംഗത്യം. അതുകൊണ്ട് ആദ്യം മുതലേ ക്ഷേത്രത്തോട് ചേർന്ന് പാഠശാലകൾ സ്ഥാപിക്കാൻ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു.

മൂർക്കോത്ത് കുമാരൻ എഴുതിയ ഗുരുവിന്റെ ജീവചരിത്രത്തിൽ തന്നോട് ഗുരു ഇങ്ങനെ പറഞ്ഞതായി ചേർത്തിട്ടുണ്ട്.

'ക്ഷേത്രങ്ങൾ പഴയ സമ്പ്രദായത്തിൽ വളരെ പണം ചെലവു ചെയ്തുകൊണ്ട് ഉണ്ടാകേണ്ട ആവശ്യമില്ല. ഉത്സവത്തിനും കരിമരുന്നിനും മറ്റും പണം ചെലവഴിക്കരുത്. ക്ഷേത്രത്തിൽ ജനങ്ങൾക്ക് സുഖത്തിൽ വന്നിരിക്കാനും പ്രസംഗിക്കാനും മറ്റും ഏർപ്പാടുകൾ ഉള്ള വിശാലമായ മുറികൾ ആണ് വേണ്ടത്, എല്ലാ ക്ഷേത്രങ്ങളും സംബന്ധിച്ച് വിദ്യാലയങ്ങളും തോട്ടങ്ങളും ഉണ്ടായിരിക്കണം. കുട്ടികളെ പലതരം വ്യവസായങ്ങൾ ശീലിപ്പിക്കാനുള്ള ഏർപ്പാടുകളും ക്ഷേത്രത്തോടനുന്ധിച്ച് ഉണ്ടാകേണ്ടതാണ്. ജനങ്ങളിൽനിന്ന് വഴിപാടായി കിട്ടുന്ന ധനം സാധുക്കളായ ജനങ്ങൾക്ക് തന്നെ പ്രയോജനകരമായ വിധത്തിൽ ചെലവഴിക്കുകയാണ് വേണ്ടത്. 1917-ൽ ഇക്കാര്യം വിശദീകരിച്ചു ഗുരു പുറപ്പെടുവിച്ച സന്ദേശം കെ.എൻ. ഷാജി എഡിറ്റ് ചെയ്ത 'നാരായണഗുരു: ജീവിതം, കൃതികൾ, ദർശനം' എന്ന പുസ്തകത്തിൽ എടുത്തു ചേർത്തിട്ടുണ്ട്. ആരാധനാലയങ്ങളിൽ നിന്ന് വിദ്യാലയങ്ങളിലേക്കുള്ള വികാസം ഈ സന്ദേശത്തിൽ എടുത്തു പറയുന്നുണ്ട്.

SGOU

'ഇനി ക്ഷേത്രനിർമ്മാണത്തിന് പ്രോത്സാഹിപ്പിക്കരുത്. ക്ഷേത്രത്തിൽ ജനങ്ങൾക്ക് വിശ്വാസം കുറഞ്ഞുവരികയാണ്. അമ്പലം കെട്ടുവാൻ പണം ചെലവിട്ടത് ദുർവ്യയമായി എന്ന് അവർ പശ്ചാത്തപിക്കാൻ ഇടയുണ്ട്. കാലത്തിന് അത്ര മാത്രം മാറ്റം വന്നിരിക്കുന്നു. എങ്കിലും തൽക്കാലം ക്ഷേത്രം വേണ്ടെന്നു പറഞ്ഞാൽ ജനങ്ങൾ കേൾക്കുകയില്ല. നിർബന്ധമാണെങ്കിൽ ചെറിയ ക്ഷേത്രം വെച്ചു കൊള്ളട്ടെ. പ്രധാന ദേവാലയം വിദ്യാലയം ആയിരിക്കണം. പണം പിരിച്ചു പള്ളിക്കൂടങ്ങൾ കെട്ടുവാൻ ആണ് ഉത്സാഹിക്കേണ്ടത്. ശുചിയും മറ്റും ഉണ്ടാക്കുവാൻ ക്ഷേത്രം ധാരാളം കൊള്ളാം. ജാതിഭേദം കൂടാതെ ഒരു പൊതു ആരാധനാ സ്ഥലത്തെങ്കിലും ജനങ്ങളെ ഒന്നിച്ചു ചേർക്കുവാൻ ക്ഷേത്രങ്ങൾ വഴി കഴിയും എന്ന് തോന്നിയിരുന്നു. അനുഭവം നേരെ മറിച്ചാണ്. ക്ഷേത്രം ജാതിവ്യത്യാസത്തെ അധികമാക്കുന്നു. ഇനി ജനങ്ങൾക്ക് വിദ്യാഭ്യാസം കൊടുക്കാൻ ശ്രമിക്കണം. അവർക്ക് അറിവുണ്ടാകട്ടെ. അതുതന്നെയാണ് അവരെ നന്നാക്കാനുള്ള മരുന്ന്' (നാരായണഗുരു: ജീവിതം, കൃതികൾ, ദർശനംപുറം. 426)

മറ്റൊരിക്കൽ ഗുരു പറഞ്ഞു :

നാം ചില ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ളത് ഹിന്ദുക്കളുടെ ചിലരുടെ ആഗ്രഹം അനുസരിച്ചാണ്. ഇതുപോലെ ക്രിസ്ത്യാനികൾ, മുഹമ്മദീയർ മുതലായ മറ്റു മതക്കാരും ആഗ്രഹിക്കുന്ന പക്ഷം അവർക്കെല്ലാം വേണ്ടത് ചെയ്യുവാൻ നമുക്ക് എപ്പോഴും സന്തോഷം ആണുള്ളത്. നാം ജാതിഭേദങ്ങൾ വിട്ടിരിക്കുന്നു എന്ന് പറഞ്ഞതിന് നിലവിലിരിക്കുന്ന യാതൊരു ജാതിയോടും മതത്തോടും നമുക്ക് യാതൊരു പ്രത്യേക മമതയും ഇല്ലെന്ന് മാത്രമേ അർഥമുള്ളൂ. ( കെ.എൻ. ഷാജി. പുറം, 427)

ഗുരുവിന് തന്റെ യഥാർഥലക്ഷ്യം നേടാനുള്ള ഉപായമായിരുന്നു ക്ഷേത്രപ്രതിഷ്ഠ എന്നല്ലേ ഈ സംഭാഷണങ്ങൾ അർഥമാക്കുന്നത്? സംസ്കൃതത്തിൽ ഉയർന്നതലങ്ങളിൽ അറിവ് ആർജിക്കാൻ ആഗ്രഹമുണ്ടായിട്ടും ജാതിയുടെ പേരിൽ അത് നിഷേധിക്കപ്പെട്ട ബാല്യകാലം ഗുരുവിനും ഉണ്ടല്ലോ. തനിക്ക് ചുറ്റുമുള്ളവരുടെ ചിന്താപഥം വികസിക്കാത്തത് അവർക്ക് ജ്ഞാനലോകം നിഷേധിക്കപ്പെട്ടതുകൊണ്ടാണ് എന്ന യഥാർഥ കാരണത്തെ അഭിസംബോധന ചെയ്യുകയാണ് ഇവിടെ ഗുരു. വിദ്യാലയങ്ങളിലേക്കുള്ള വഴിയായിരുന്നു അദ്ദേഹത്തിന് ആരാധനാലയങ്ങൾ. അക്ഷരാഭ്യാസത്തേക്കാൾ പ്രാധാന്യം ഭക്തിക്ക് നല്കുന്ന ജനതയെ ഭക്തിമാർഗത്തിലൂടെ അക്ഷരലോകത്ത് എത്തിക്കുക എന്നതായിരുന്നു ലക്ഷ്യം. താൻ സ്ഥാപിച്ച ക്ഷേത്രങ്ങളുടെ അനുബന്ധമായി അദ്ദേഹം പാഠശാലകൾ സ്ഥാപിക്കുന്നത് ബോധപൂർവം തന്നെയാണ്. "വിദ്യ കൊണ്ട് പ്രബുദ്ധരാവുക" എന്ന് തന്റെ ഉദ്ദേശം പിന്നീട് ഒരു സന്ദേശമായിത്തന്നെ പ്രഖ്യാപിക്കുന്നുമുണ്ട്, ഗുരു.

ഇന്നത്തെ കേരളം സാധ്യമാക്കിയതിൽ ഗുരു തുടങ്ങിവെച്ച വിദ്യാഭ്യാസവിപ്ലവത്തിന്റെ പങ്ക് നിസ്തുലമാണ്. അരുവിപ്പുറത്തെ ആരാധനാ സ്വാതന്ത്ര്യപ്രഖ്യാപനത്തേക്കാൾ ഘനമുള്ള ഒന്നായി അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഗുരു സ്ഥാപിച്ച ക്ഷേത്രങ്ങളുടെ ചരിത്രം പുലയരും ഈഴവരുമടക്കമുള്ള ജനത അക്ഷരാഭ്യാസം നേടി സ്വയം നിർണയ ശേഷിയിലേക്ക് ഉണർന്നതിന്റെ ചരിത്രം കൂടിയായി വായിക്കണം. ഗുരുവിന്റെ മാർഗം പിന്തുടർന്നാണ് അയ്യൻകാളി ദളിതരുടെ വിദ്യാലയ പ്രവേശനത്തിനായുള്ള ഐതിഹാസിക പ്രക്ഷോഭം തുടങ്ങി വെച്ചത്.

### 5.1.6 കണ്ണാടിയും വിളക്കും

തുടക്കത്തിൽ ശിവനെയോ ദേവിയെയോ സുബ്രഹ്മണ്യനെയോ പ്രതിഷ്ഠിച്ച ഗുരു മെല്ലെ മെല്ലെ പ്രതിഷ്ഠയുടെ കാര്യത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നത് കാണാം. മുരുക്കുംപുഴ ക്ഷേത്രശ്രീകോവിലിൽ പഞ്ചലോഹത്തിൽ തീർത്ത, പ്രഭവിതറുന്ന ഒരു തകിടാണ് പ്രതിഷ്ഠ. ആ പ്രഭയുടെ മധ്യത്തിൽ "ഓം" എന്നെഴുതിയിട്ടുണ്ട്. അതിന് ചുറ്റും സത്യം, ധർമ്മം, ദയ, ശാന്തി എന്നീ വാക്കുകളും. 1921 ൽ ആണ് മുരുക്കുംപുഴ ക്ഷേത്രപ്രതിഷ്ഠ നടന്നത്. ചേർത്തലക്കടുത്തുള്ള കളവംകോട് ക്ഷേത്രത്തിൽ കണ്ണാടിയാണ് പ്രതിഷ്ഠ. വെച്ചൂരിലെ ഓംകാരേശ്വര ക്ഷേത്രത്തിലും പ്രതിഷ്ഠ കണ്ണാടി തന്നെ. കളവംകോട് ക്ഷേത്രത്തിലെ പ്രതിഷ്ഠ സംബന്ധിച്ച് വിഗ്രഹം വേണമെന്നും വേണ്ടയെന്നും ജനം രണ്ട് പക്ഷമായി പിരിഞ്ഞപ്പോൾ സ്വാമി ഒരു



SGOU

നിലക്കണ്ണാടി വാങ്ങിപ്പിച്ചു, അതിന് നടുവിലെ രസം ചുരണ്ടി മാറ്റി "ഓം ശാന്തി" എന്നെഴുതി പ്രതിഷ്ഠിക്കുകയായിരുന്നു എന്ന് ജീവചരിത്ര കാരൻമാർ പറയുന്നു. അത് മുൻകൂട്ടി നിശ്ച യിച്ചുറപ്പിച്ച ഒരു പ്രവൃത്തിയായിരുന്നില്ല എന്ന് വേണം അനുമാനിക്കാൻ. കണ്ണാടിയിൽ നോ ക്കുന്നവർ തങ്ങളെ തന്നെയാണ് കാണുക എന്ന തിനാൽ താൻ തന്നെ ദൈവം എന്ന അദ്വൈത ചിന്ത ഈ പ്രതിഷ്ഠയിലൂടെ പകർന്നു നല്കാൻ ഗുരുവിന് കഴിഞ്ഞു.

തൃശൂർ ജില്ലയിലെ കാരമുക്കിൽ ഒരു വിളക്കാ ണ് പ്രതിഷ്ഠ. 'ഇരുട്ടടച്ചു വവ്വാലിന്റെ നാറ്റമുള്ള ക്ഷേത്രങ്ങൾ കൊണ്ട് വല്ല പ്രയോജനവുമു ണ്ടോ' എന്ന് സ്വാമി തന്നെ പിൽക്കാലത്ത് ചോ ദിക്കുകയുണ്ടായി. വിഗ്രഹാരാധന സംബന്ധിച്ച് വാഗ്ഭടാനന്ദനുമായുണ്ടായ ഒരു സംഭാഷണം നോക്കൂ.

വാഗ്ഭടൻ : അദ്വൈതികൾക്ക് വിഗ്രഹാരാധന ആവശ്യമുണ്ടോ?

ഗുരു : ഇല്ല.

വാഗ്ഭടൻ : പിന്നെന്തിനാണ് അങ്ങ് വിഗ്രഹ ങ്ങൾ പ്രതിഷ്ഠിക്കുന്നത്?

ഗുരു : അത് നമുക്ക് വേണ്ടിയല്ലല്ലോ.

തനിക്ക് വിഗ്രഹാരാധനയിൽ വിശ്വാസമില്ലെ ങ്കിലും ആരാധിക്കാൻ വിഗ്രഹം കൂടിയേ കഴിയൂ എന്ന് ഏതെങ്കിലും ഭക്തർ കരുതുന്നുണ്ടെങ്കിൽ അവരുടെ വിശ്വാസത്തിനും ഒപ്പം നിൽക്കുകയാ ണ് ഗുരു. വിഗ്രഹാരാധകർ വിഗ്രഹമല്ല കാണു ന്നത് മൂർത്തിയെ ആണ് എന്നതായിരുന്നു അദ്ദേ ഹത്തിന്റെ വാദം.

### 5.1.7 ആചാരപരിഷ്കരണം

താലികെട്ട്, തിരണ്ടുകുളി, പുളികുടി, ബഹു ഭർതൃത്വം, ബഹുഭാര്യത്വം തുടങ്ങി ഒട്ടേറെ ആചാരങ്ങളാലും അനാചാരങ്ങളാലും കുഴ ഞ്ഞുമറിഞ്ഞ് കിടക്കുകയായിരുന്നു അന്നത്തെ സമൂഹം. കന്യകമാരെ പ്രായപൂർത്തിയാകും മുൻപേ താലികെട്ടിക്കുന്ന ചടങ്ങ് അന്ന് വ്യാപ കമായിരുന്നു. ഇത് വിവാഹമായി പരിഗണിച്ചി രുന്നില്ല. പെൺകുട്ടിയുടെ പന്ത്രണ്ടു വയസിന് മുൻപേ തന്നെ ഈ ചടങ്ങ് നടത്താറുണ്ടായി രുന്നു. കുടുംബത്തിലെ ഈ പ്രായപരിധിയി ലുള്ള മുഴുവൻ കുട്ടികളെയും ഒരു ചടങ്ങിൽ വെച്ചുതന്നെ താലികെട്ടിക്കും. ഒരു മണവാളൻ തന്നെ ഒന്നിലേറെ പെൺകുട്ടികളെ താലികെ ട്ടുന്നതും അസാധാരണമായിരുന്നില്ല. താലികെ ട്ടിയ പുരുഷൻ അവളുടെ വീട്ടിൽ നാലുദിവസം താമസിക്കും. അതിനു ശേഷം മന്ത്രകോടി തി രികെ കൊടുത്തു, രണ്ട് ചക്രവും (അന്നത്തെ നാണയം) ഒരു കൗപീനവും കൂലി വാങ്ങി മണ വാളൻ തിരിച്ചു പോകുന്നു. എന്നാലും സാമ്പ ത്തികമായി വലിയ ചെലവുള്ള ആഘോഷമാ യിത്തന്നെയാണ് താലികെട്ട് നടക്കുക. വലിയ പന്തലും നാലുദിവസത്തെ സദ്യയും ആഘോ ഷങ്ങളും ആൾക്കൂട്ടവുമൊക്കെയായി തങ്ങളുടെ പദവിയും പത്രാസും പ്രദർശിപ്പിക്കാനുള്ള അവ സരമായി ഈ ചടങ്ങ് മാറി.

ആദ്യമായി ഋതുമതി ആകുന്നതും (തിരളുക) വലിയ ആഘോഷമായിരുന്നു. പ്രായപൂർത്തിയാ കുന്ന പെൺകുട്ടികളെ കൊട്ടും കുരവയുമായി കുളിപ്പിക്കാൻ കൊണ്ടുപോകുന്ന ചടങ്ങാണ് തിരണ്ടുകുളി. ഭർത്താവിന്റെ കയ്യിലൊഴിച്ച പുളി വെള്ളം ഗർഭിണിയായ ഭാര്യ മൊത്തിക്കുടിക്കു ന്നതാണ് പുളികുടി. ഗർഭത്തിന്റെ ഏഴാം മാസ ത്തിലാണ് ഈ ചടങ്ങ് നടക്കുക. അക്കാലത്തെ വിവാഹത്തിലൊന്നും വധൂവരന്മാരുടെ അഭിപ്രാ യം പരിഗണിക്കപ്പെട്ടിരുന്നില്ല. കാരണവന്മാർ തീരുമാനിക്കുന്ന ഇണയെ സ്വീകരിക്കുകയായി രുന്നു നടപ്പുരീതി. വരന്റെ സഹോദരി കൈമാ റുന്ന പുടവ വധു സ്വീകരിക്കുകയാണ് പ്രധാന ചടങ്ങ്. മരുമക്കത്തായമാണ് അന്ന് സാമാന്യമാ യി നിലനിന്ന ദായക്രമം. ഇത്തരം ആചാരങ്ങൾ ഒരു ഇളക്കവും കൂടാതെ നടപ്പാക്കാൻ സമൂഹം ബദ്ധശ്രദ്ധമായിരുന്നു.

ഈ അനാചാരങ്ങൾ നിർത്തൽ ചെയ്യാൻ നാരായണഗുരു തന്റെ ആത്മീയശക്തി ഉപയോ ഗിച്ചു. തന്റെ ഭക്തരെ ആദ്യമേ തന്നെ ഇത്തരം അനാചാരങ്ങളിൽ നിന്ന് മുക്തരാക്കുകയും അവ രുടെ സഹായത്തോടെ വലിയ തോതിലുള്ള മനഃപരിവർത്തന യത്നങ്ങൾ തുടങ്ങിവെക്കു കയും ചെയ്തു. താലികെട്ടും മറ്റും നടക്കുന്ന സ്ഥലങ്ങളിൽ നേരിട്ട് ചെന്നു അതിന്റെ അയു ക്തികത അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തി. പ്രമാണികളായ ആളുകൾക്ക് കത്തെഴുതി. വി വാഹം സംബന്ധിച്ച ചടങ്ങുകൾ എങ്ങനെ വേ

SGOU

ണം എന്ന് പൊതുജനങ്ങൾക്കായി സന്ദേശങ്ങൾ തയ്യാറാക്കി. വീട്ടിനുള്ളിൽവെച്ച് പുടവ കൊടുക്കുന്ന സമ്പ്രദായത്തിന് പകരം ജനമധ്യത്തിൽ വധൂവരൻമാർ പരസ്പരം പൂമാല അണിയിക്കുക, വരൻ വധുവിന് താലി ചാർത്തുക തുടങ്ങിയ പുതിയ രീതികൾ അദ്ദേഹം നിർദേശിച്ചു. വിവാഹാദിചടങ്ങുകൾ ലളിതവും അനാർഭാടവുമാവണമെന്നും വിവാഹച്ചടങ്ങിൽ പരമാവധി പത്തുപേർ (വധു, വരൻ ഇരുവരുടെയും മാതാപിതാക്കൾ ഓരോ കൂട്ടുകാർ, ഒരു പുരോഹിതൻ, ഒരു പൗരപ്രമാണി) മതിയെന്നും കൂടി അദ്ദേഹം അഭിപ്രായപ്പെട്ടു.

നിലനിൽക്കുന്ന ദായക്രമം മരുമക്കത്തായം ആയതിനാൽ തന്നെ വിധവകളാകുന്ന സ്ത്രീകൾക്ക് ഭർത്താവിന്റെ സ്വത്തിൽ ഒരു അവകാശവും ഉണ്ടായിരുന്നില്ല. ഇതിൽ മാറ്റം വേണമെന്നും ആ സ്ത്രീകൾക്ക് ജീവിക്കാനാവശ്യമായ ഒരോഹരി മാറ്റിവെക്കണമെന്നും സ്വാമി ആവശ്യപ്പെട്ടു. ഇത്തരം പരിഷ്കരണങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ദേശസഭകൾ സ്ഥാപിച്ച് ആശയപ്രചരണം നടത്തി. ഗുരുവിന്റെ സാന്നിധ്യത്തിൽ 1904-ൽ കൊല്ലത്തിനടുത്ത പരവൂരിൽ നടന്ന യോഗം ആചാരപരിഷ്കരണം സംബന്ധിച്ച് ഒട്ടേറെ തീരുമാനങ്ങൾ കൈക്കൊണ്ടു. തുടർന്നു കാർത്തികപ്പള്ളിയിലും കരുനാഗപ്പള്ളിയിലും ഇത്തരം യോഗങ്ങൾ ചേർന്നു. എസ്.എൻ.ഡി.പി. യോഗം സ്ഥാപിതമായ ശേഷം ആചാരപരിഷ്കരണ പ്രവർത്തനങ്ങൾ യോഗത്തിന്റെ മുഖ്യ അജണ്ടയായി മാറി.

### 5.1.8 ശ്രീനാരായണ ധർമ്മ പരിപാലന യോഗം

അരുവിപ്പുറം പ്രതിഷ്ഠക്ക് ശേഷം രൂപീകരിച്ച വാവൂട്ട് യോഗമാണ് പിന്നീട് എസ്.എൻ.ഡി.പി. യോഗമായി വികസിക്കുന്നത്. എസ്.എൻ.ഡി.പി. യോഗ രൂപീകരണത്തിനു പിന്നിൽ ഈഴവസമുദായത്തിലെ ഡോ. പൽപ്പു ഉൾപ്പെടെയുള്ള പ്രമുഖരുടെ ഇടപെടലുണ്ട്



ഡോ. പൽപ്പു

തിരുവിതാംകൂറിലെ മെഡിക്കൽ ബിരുദധാരിയായിരുന്നു പൽപ്പു. ഈഴവനാണ് എന്ന കാരണം കൊണ്ട് മാത്രം തിരുവിതാംകൂറിൽ മെഡിക്കൽ പഠനത്തിനുള്ള അനുവാദം അദ്ദേഹത്തിന് നിഷേധിക്കപ്പെട്ടിരുന്നു. പിന്നീട് മദ്രാസ് മെഡിക്കൽ കോളേജിൽ നിന്ന് ബിരുദം നേടി മദ്രാസ് സർക്കാർ സർവീസിൽ ജോലി നേടി. ജന്മനാട്ടിൽ ജോലി നേടാൻ ശ്രമിച്ചപ്പോൾ കുലത്തൊഴിൽ ചെയ്യാനുള്ള നിർദേശമാണ് അദ്ദേഹത്തിന് ലഭിച്ചത്. മൈസൂരിൽ പ്ലേഗ് പടർന്ന കാലത്ത് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പ്രതിരോധപ്രവർത്തനങ്ങൾ നടന്നത്. മൈസൂർ സർക്കാർ അദ്ദേഹത്തിന്റെ മികവിനെ അംഗീകരിക്കുകയും ഉയർന്ന പദവികൾ നൽകുകയും ചെയ്യുന്നുണ്ടെങ്കിലും ജന്മനാട് ജാതി വിവേചനത്തിന്റെ ഭാഗമായി കാണിച്ച അവഗണന അദ്ദേഹത്തെ ആഴത്തിൽ മുറിപ്പെടുത്തിയിരുന്നു. ജാതി വിവേചനത്തിനെതിരായ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി. ഈഴവരെ സർക്കാർ ജോലികളിൽ പരിഗണിക്കണം എന്നതുൾപ്പെടെയുള്ള ആവശ്യങ്ങളുമായി 13176 ത്തോളം പേർ ഒപ്പിട്ട ഈഴവ മെമ്മോറിയൽ എന്ന ഭീമഹർജി രാജാവിന് സമർപ്പിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ കൂടി നേതൃത്വത്തിലാണ്. പക്ഷേ ആഗ്രഹിച്ചപോലുള്ള മാറ്റങ്ങളൊന്നും ആ ഹർജി കൊണ്ട് സാധിച്ചില്ല. ഈഴവ മഹാസഭ എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി ശക്തമായ പ്രക്ഷോഭപരിപാടികൾ ആരംഭിക്കാനുള്ള ശ്രമവും വിജയിച്ചില്ല. ഇതിനിടയിൽ സ്വാമി വിവേകാനന്ദനുമായി പൽപ്പു പരിചയപ്പെടുന്നുണ്ട്. വിവേകാനന്ദനാണ് ഒരു ആധ്യാത്മികാചാര്യനെ കേന്ദ്രത്തിൽ നിർത്തിയുള്ള പ്രവർത്തനത്തിന്റെ വിജയസാധ്യതകൾ പൽപ്പുവിനെ

SGOU

ബോധ്യപ്പെടുത്തുന്നത്. നാരായണഗുരുവിന്റെ സാമൂഹ്യ ഇടപെടലും ജാതിവിരുദ്ധപ്രവർത്തനങ്ങളും മനസിലാക്കിയ പൽപ്പു അദ്ദേഹത്തെ ചെന്നു കാണുകയും അനാചാര ദുരീകരണത്തിനും അവകാശപ്പോരാട്ടങ്ങൾക്കുമായി ഒരു സംഘടന എന്ന ആശയം സ്വാമിയുടെ മുന്നിൽ വെയ്ക്കുകയും ചെയ്തു. അരുവിപ്പുറം ക്ഷേത്രഭരണത്തിനായി രൂപീകരിച്ച സംഘടനയുടെ ഒരു പ്രത്യേക യോഗം ചേർന്ന് പുതിയ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. അതാണ് ശ്രീ നാരായണ ധർമ്മ പരിപാലന യോഗം എന്ന എസ്.എൻ.ഡി.പി. യോഗം.



**അരുവിപ്പുറം**
**(എസ്.എൻ.ഡി.പി. യോഗം രൂപീകരിച്ചത് ഇവിടെ വെച്ചാണ്)**

കമ്പനി നിയമം അനുസരിച്ച് നിയമാവലി തയ്യാറാക്കി, 1903 ൽ പുതിയ സംഘടന രജിസ്റ്റർ ചെയ്തു. മഹാകവി കുമാരനാശാൻ സംഘടനയുടെ ആദ്യ സെക്രട്ടറിയായി. സംഘടനയുടെ ആശയ പ്രചരണത്തിനായി വിവേകോദയം എന്ന പേരിൽ ഒരു മാസികയും ആരംഭിച്ചു. എസ്എൻ.ഡി.പി. യോഗത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ ഈഴവരുടെ ഉദ്ധാരണത്തിൽ കേന്ദ്രീകരിച്ചു കൊണ്ടുള്ളതായിരുന്നു. എന്നാൽ ഈ രീതിയിൽ കൃത്യമായ മാറ്റം നിർദേശിച്ചു കൊണ്ട് സ്വാമിജി തന്നെ ഒരു സന്ദേശം പുറപ്പെടുവിക്കുന്നുണ്ട്. 1926 ൽ ടി. കെ. മാധവൻ സംഘടനാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടതിന് ശേഷം ചേർന്ന ഒരു യോഗത്തിലാണ് ഈ സന്ദേശം വായിക്കുന്നത്.

'സംഘടനകൊണ്ട് അല്ലാതെ യാതൊരു സമുദായത്തിനും അഭിവൃദ്ധിയും ശക്തിയും ഉണ്ടാകുന്നതല്ല. ഈ തത്വം അനുസരിച്ചാണ് 25 കൊല്ലം മുമ്പേ യോഗം സ്ഥാപിച്ചത്. ഈഴവൻ എന്ന പേര് ജാതിയെയോ മതത്തെയോ സൂചിപ്പിക്കുന്നതല്ല. അതിനാൽ ഈ യോഗത്തിൽ ജാതിമതഭേദം നോക്കാതെ ആളുകളെ ചേർക്കാവുന്നതാണ്'. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നുള്ള സനാതനധർമ്മം അങ്ങനെയുള്ള ഒരു മതമാകുന്നു. ഈ സനാതനധർമ്മത്തിൽ വിശ്വസിക്കുന്നവരെയെല്ലാം ഒന്നായി ചേർക്കുന്നത് സംഘടനയ്ക്ക് ഏറ്റവും ഉത്തമമായ രീതി ആയിരിക്കും എന്ന് നമുക്ക് തോന്നുന്നു. മതപരിവർത്തനം കൂടാതെ അസമത്വങ്ങളും ബുദ്ധിമുട്ടുകളും തീരുകയില്ല എന്ന് വിചാരിക്കുന്നവർ സ്വീകരിക്കുന്നത് സനാതനധർമ്മം അവരുടെ മതമായി മതപരിവർത്തനവും സ്വാതന്ത്ര്യ പ്രഖ്യാപനവും ആയിരിക്കുന്നതാണ്."

എസ്.എൻ.ഡി.പി. യോഗം രൂപീകരിക്കുമ്പോൾ ഈഴവരുടെ സാമൂഹ്യ ഉന്നതി എന്ന ലക്ഷ്യമായിരുന്നു മുഖ്യം. ഗുരുവിന്റെ ആത്മീയ പിന്തുണ ആദ്യഘട്ടത്തിൽ യോഗത്തിന് കലവറയില്ലാതെ ലഭിച്ചിട്ടുമുണ്ട്. എന്നാൽ ഈഴവരുടെ മാത്രം ഉന്നതിയായിരുന്നില്ല, ജാതിയില്ലാത്ത ഒരു സഭ സ്ഥാപിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പിൽക്കാലത്ത് തന്റെ മനസിലുണ്ടായിരുന്ന സങ്കല്പങ്ങളിൽ നിന്ന് എസ്.എൻ.ഡി.പി. യോഗം വിട്ടു പോകുന്നതായി അദ്ദേഹത്തിന് മനസിലായി. അതിന്റെ വേദന 1916 മെയ് 22 ന് ഡോ. പൽപ്പുവിന് അയച്ച ഒരു കത്തിൽ പ്രതിഫലിക്കുന്നുണ്ട്.

"യോഗത്തിന്റെ നിശ്ചയങ്ങൾ എല്ലാം നാം അറിയാതെ പാസാകുന്നത് കൊണ്ടും യോഗത്തിന്റെ ആനുകൂല്യം ഒന്നും നമ്മെ സംബന്ധിച്ച കാര്യത്തിൽ ഇല്ലാത്തതുകൊണ്ടും യോഗത്തിന് ജാത്യാഭിമാനം വർധിച്ചുവരുന്നത് കൊണ്ടും മുൻപേ തന്നെ മനസിൽനിന്ന് വിട്ടിരുന്നത് പോലെ ഇപ്പോൾ വാക്കിൽ നിന്നും പ്രവൃത്തിയിൽ നിന്നും യോഗത്തെ വിട്ടിരിക്കുന്നു" (നാരായണഗുരു: ജീവിതം, കൃതികൾ, ദർശനം. 429). സാമൂഹ്യ പിന്നാക്കാവസ്ഥയിൽ നിന്നുള്ള വിമോചനം ലക്ഷ്യമിട്ടായിരുന്നു ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വിവിധ സമുദായ സംഘടനകൾ പിറവിയെടുത്തത്. ഒരു നൂറ്റാണ്ടിനിപ്പുറവും ആ സംഘടനകൾ നിലനില്ക്കുന്നുണ്ടെങ്കിൽ അവ നേടാൻ ശ്രമിച്ച ലക്ഷ്യങ്ങൾ ഇന്നും നേടിക്കഴിഞ്ഞിട്ടില്ല എന്നാണ് മനസിലാക്കേണ്ടത്.

SGOU

### 5.1.9 ശിവഗിരി

സഞ്ചാരപ്രിയനും പ്രകൃതിഭംഗിയിൽ തല്പരനുമായിരുന്ന സ്വാമി വർക്കലയ്ക്കടുത്തുള്ള ശിവഗിരിയിൽ പലപ്പോഴും ചെന്നിരിക്കുകയും ധ്യാനനിരതനാവുകയും ചെയ്യാറുണ്ടായിരുന്നു. ക്രമേണ അവിടെ ഒരു മഠം സ്ഥാപിക്കപ്പെട്ടു. ദക്ഷിണകാശി എന്ന പേരുകേട്ട വർക്കലയിലെ കടപ്പുറത്ത് കർക്കിടക മാസത്തിലെ കറുത്തവാവ് ദിവസം ആളുകൾ ധാരാളമായി പിതൃതർപ്പണത്തിനായി എത്താറുണ്ടായിരുന്നു. 1079 കർക്കടകം മാസത്തിൽ (എ.ഡി. 1904) കടപ്പുറത്ത് ശ്രാദ്ധമിടുന്നതിന് പകരം തന്റെ പുതിയ മഠത്തിൽ എല്ലാവരും എത്തിച്ചേരണമെന്ന് സ്വാമി ആവശ്യപ്പെട്ടു. അതോടെ ശിവഗിരി ഒരു ആത്മീയകേന്ദ്രമായി മാറി. 1907-ൽ വർക്കലയിൽ ഒരു ശിവക്ഷേത്രത്തിന്റെ പണി തുടങ്ങി. 1908-ൽ ശാരദാമഠം സ്ഥാപിക്കാനുള്ള ശ്രമവും. 1912-ൽ ആണ് അതിന്റെ പണി പൂർത്തിയാവുന്നത്. ശാരദാമഠത്തിൽ നിവേദ്യവും എഴുന്നള്ളത്തും ഉത്സവവും മറ്റ് ചടങ്ങുകളൊന്നും വേണ്ട എന്ന് തീരുമാനിച്ചു. ഭക്തർക്ക് ധ്യാനിക്കാനുള്ള സൗകര്യം മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. ശിവഗിരിയിൽ സ്ഥാപനങ്ങളോടനുബന്ധിച്ച് ഒരു സംസ്കൃത സ്ക്കൂളും പ്രവർത്തനം തുടങ്ങി.

### 5.1.10 ആലുവ അദ്വൈതാശ്രമം

ശിവഗിരി ശാരദാപ്രതിഷ്ഠക്കു ശേഷം സ്വാമി ആലുവയിലേക്കാണ് പോകുന്നത്. ആലുവ നേരത്തെതന്നെ സ്വാമിക്ക് ഇഷ്ടം തോന്നിയ ഒരിടമായിരുന്നു. അവിടെ ഒരു ആശ്രമം സ്ഥാപിക്കുകയും സർവമതസ്ഥർക്കും പ്രവേശിക്കാവുന്ന ഒരിടമായി അതിനെ വളർത്തുകയുമായിരുന്നു ലക്ഷ്യം. തന്റെ അനുയായികളുടെയും ഭക്തരുടെയും സംഭാവനകൾ കൊണ്ട് ആലുവയിൽ സ്ഥലം വാങ്ങി ആദ്യം ഒരു ചെറുകുടിലും പിന്നീട് മഠവും നിർമ്മിച്ചു. ക്ഷേത്രമോ പ്രതിഷ്ഠയോ ഒന്നുമുണ്ടായിരുന്നില്ല അവിടെ. സർവമനുഷ്യർക്കും ഒരുപോലെ പ്രവേശനം അനുവദിച്ചിരുന്നു. സ്വാമിയുടെ നിർദേശം അനുസരിച്ച് മഠത്തിന്റെ ചുമരിൽ 'മനുഷ്യർക്ക് ഒരു ജാതിയും ഒരു മതവും ഒരു ദൈവവും അല്ലാതെ ഓരോരുത്തർക്കും വേറെ ജാതിയും മതവും ദൈവവും ഇല്ലെന്ന് ആകുന്നു'എന്ന തന്റെ അഭിപ്രായം കടലാസിൽ എഴുതി ചില്ലിട്ടു സൂക്ഷിച്ചിരുന്നു. 1914 ഒരു സംസ്കൃത വിദ്യാലയവും അനുബന്ധമായി നിർമ്മിച്ചു.

### 5.1.11 സമുദായ നവീകരണശ്രമങ്ങൾ

ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നതായിരുന്നു തന്റെ ആദർശമെങ്കിലും അത് പൂർണ്ണതോതിൽ ജനം സ്വീകരിക്കുന്നില്ല എന്ന് ഗുരുവിന് അറിയാമായിരുന്നു. സവർണ്ണരിൽ നിന്ന് വലിയ അളവിൽ ജാതി പീഡനം അനുഭവിച്ച, അതിനെതിരെ പ്രതികരിച്ച ഈഴവർ പലരും പുലയരെയും പറയരെയും അസ്പൃശ്യരായി കാണുകയും അകറ്റി നിർത്തുകയും ചെയ്യുന്നതിൽ ഒരു തെറ്റും കണ്ടില്ല. സ്വാമിയെക്കൊണ്ട് പ്രതിഷ്ഠ നടത്തിച്ച ക്ഷേത്രങ്ങളിൽ പോലും ദളിതരെ കയറ്റുന്നതിൽ ഇത്തരക്കാർ വിരുദ്ധമനസ്കരായിരുന്നു. തിരുവനന്തപുരത്തെ ഒരു ക്ഷേത്രത്തിൽ പുലയർക്ക് പ്രവേശനം നല്കണം എന്ന് സ്വാമി നേരിട്ട് ആവശ്യപ്പെട്ടിട്ടും അദ്ദേഹത്തെ ആരാധിച്ചുപോന്ന ഈഴവപ്രമാണികൾ അതിന് തയ്യാറാവാതിരുന്ന കാര്യം നാരായണഗുരു സ്വാമി എന്ന ജീവചരിത്രഗ്രന്ഥത്തിൽ എം.കെ. സാനു പരമാർശിക്കുന്നുണ്ട്.

വിദ്യാലയപ്രവേശനത്തിനായി അയ്യൻകാളിയുടെ നേതൃത്വത്തിൽ പുലയർ സജീവമായി ശ്രമിക്കുന്ന സമയമായിരുന്നു അത്. സർക്കാർ അനുമതിയോടെ ഊരൂട്ടമ്പലം സ്കൂളിൽ പുലയവിഭാഗം പെൺകുട്ടികൾ പ്രവേശനം നേടാൻ ശ്രമിച്ചപ്പോൾ അതിനെ കായികമായി നേരിടാനാണ് നായർ ജാതിമേധാവികൾ തയ്യാറായത്. ഈ സമയത്ത് നായർവിഭാഗത്തിന് പിന്തുണ നൽകാനും ചില ഈഴവപ്രമാണിമാർ തയ്യാറായി.

നിരന്തരമായ ആശയ സംവാദത്തിലൂടെ യുവതലമുറയിൽപ്പെട്ട അനുയായികളിൽ തന്റെ ആശയങ്ങൾക്ക് അനുഗുണമായ മാറ്റം വരുത്താൻ ഗുരുവിന് കഴിഞ്ഞു. അവരുടെ നേതൃത്വത്തിൽ ആരംഭിച്ച വിദ്യാലയങ്ങളിൽ ദളിത് കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം ഉണ്ടായി. അത്തരം സ്ഥലങ്ങളിൽ സ്വാമി തന്നെ നേരിട്ടെത്തി സംഘാടകരെ തന്റെ അഭിനന്ദനം അറിയിച്ചു. ആലുവ അദ്വൈതാശ്രമത്തിൽ ദളിത് കുട്ടികളെ ഇതരജാതിക്കാർക്കൊപ്പം താമസിപ്പിച്ചു. അതിഥികൾക്ക് ഭക്ഷണം വിളമ്പാനുള്ള ചുമതല അവ

SGOU

രെ എൽപ്പിക്കുകയും ചെയ്തു. ഒരേ പന്തിയിൽ ഊണ് കഴിക്കാൻ വിസമ്മതിച്ച മനുഷ്യർക്ക് തങ്ങൾ അയിത്തം കാട്ടി അകറ്റിയവരുടെ കൈകൊണ്ടു തന്നെ ഭക്ഷണം വിളമ്പി നല്കുക എന്നതായിരുന്നു സ്വാമിയുടെ നയം. 1916 തിരുവനന്തപുരം മുട്ടത്തറയിൽ ചേർന്ന പുലയസമാജം യോഗത്തിൽ ഗുരു പങ്കെടുത്തു. ശുചിത്വവും വിദ്യാഭ്യാസവും ധനസമ്പാദനവും അവരുടെ കീഴാള അവസ്ഥ മാറ്റിത്തീർക്കും എന്നും മദ്യപാനം പൂർണ്ണമായും ഒഴിവാക്കണമെന്നും ഗുരു അവരെ ഉദ്ബോധിപ്പിച്ചു. സമുദായത്തിൽ വരുത്തേണ്ട മാറ്റങ്ങൾ അക്കമിട്ട് തയ്യാറാക്കി പ്രസംഗവിഷയ സൂചനകളായി ഗുരു തന്നെ ശിഷ്യർക്ക് നല്കുകയും അവരെ ബോധവല്കരണ പ്രവർത്തനത്തിന് നിയോഗിക്കുകയും ചെയ്തു. സഹോദരൻ അയ്യപ്പനെ പോലുള്ള അനുയായികൾ ഗുരുവിന്റെ സന്ദേശം പ്രചരിപ്പിക്കാൻ സന്നദ്ധരായി.

### 5.1.12 മദ്യവർജനം

മദ്യവർജനം ഒരു പ്രവർത്തന പദ്ധതിയായി അദ്ദേഹം മുന്നോട്ട് വെച്ചു. മദ്യം വിഷമാണ്, അതുണ്ടാക്കരുത് കൊടുക്കരുത്, കുടിക്കരുത് എന്നായിരുന്നു ഗുരുവിന്റെ പ്രധാന ഉപദേശങ്ങളിൽ ഒന്ന്. തന്റെ അനുയായികളിൽ വലിയൊരു വിഭാഗമായ ഈഴവ/തീയ്യസമുദായങ്ങളുടെ കുലത്തൊഴിൽ തെങ്ങു കയറ്റവും കള്ളു ചെത്തലുമായിരുന്നു. 'ചെത്തുകാരന്റെ ദേഹം നാറും, തുണി നാറും, അവൻ തൊട്ടതെല്ലാം നാറും' എന്ന് ഗുരു കള്ള് നിർമ്മിക്കുന്നവരെ ഓർമ്മിപ്പിച്ചു. തൊഴിൽ നഷ്ടപ്പെടും എന്ന് അവർ ആവലാതി പറഞ്ഞപ്പോൾ ചെത്തു കത്തികൊണ്ട് ക്ഷൗരക്കത്തി ഉണ്ടാക്കാനായിരുന്നു മറുപടി.

**പ്രസംഗവിഷയങ്ങൾ**

1) **മതം**:-അന്ധവിശ്വാസം, അനാചാരം, ദുർദേവതാരാധന, ജന്തുബലി ഇവയെ ഇല്ലാതാക്കി ഉത്തമമായ ആരാധനാക്രമങ്ങൾ പിന്തുടരാനുള്ള മാർഗനിർദേശം
2) **സദാചാരം** :- സത്യം, ശുചിത്വം, അധർമ്മഭയം, ഐക്യം തുടങ്ങിയവ പിന്തുടരുക. അർഥശൂന്യമായ മാമൂലുകൾക്ക് അന്ത്യം വരുത്തുക
3) **വിദ്യാഭ്യാസം**:- സ്ത്രീ-പുരുഷ വിദ്യാഭ്യാസവും ഇംഗ്ലീഷ് വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുക. വായനശാലകളും സ്കൂളുകളും സ്ഥാപിക്കുക.
4) **വ്യവസായം**:- കൃഷി, കച്ചവടം, കൈത്തൊഴിൽ പ്രോത്സാഹിപ്പിക്കുക. കയർ, കൈത്തറി പോലുള്ള വ്യവസായങ്ങൾ ആരംഭിക്കുക. അവയെപ്പറ്റി ശാസ്ത്രീയമായി പഠിക്കുക. വ്യവസായ നടത്തിപ്പിനായി ആവശ്യമെങ്കിൽ കമ്പനികൾ രൂപീകരിക്കുക. പ്രസംഗത്തിനിടെ ജാതീയമോ വേദനിപ്പിക്കുന്ന അല്ലാത്തതോ ആയ പ്രയോഗങ്ങൾ ഉണ്ടാവരുതെന്ന് അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചിരുന്നു.

### 5.1.13 വൈക്കം സത്യാഗ്രഹം

വൈക്കം മഹാദേവക്ഷേത്രത്തിന് മുന്നിലെ നടപ്പാതകൾ പോലും അവർണ്ണർ തീണ്ടാൻ പാടില്ലെന്നായിരുന്നു വിശ്വാസം. അയിത്തത്തിനെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സുസംഘടിത പ്രക്ഷോഭമായിരുന്നു വൈക്കം സത്യാഗ്രഹം. ക്ഷേത്രത്തിലേക്കുള്ള പൊതുവഴികളിലൂടെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം എല്ലാ വിഭാഗക്കാർക്കും അനുവദിക്കണം എന്നതായിരുന്നു സത്യാഗ്രഹത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. അഖിലേന്ത്യാതലത്തിൽ ശ്രദ്ധനേടിയ സമരത്തിൽ പങ്കാളിയാവാൻ ഇ.വി. രാമസ്വാമി നായ്ക്കർ അടക്കമുള്ള നേതാക്കൾ കേരളത്തിലെത്തി. പഞ്ചാബിൽ നിന്നുള്ള അകാലികളുടെ സംഘം സത്യാഗ്രഹികൾക്കായി ഭോജനശാല നടത്തി. ഇരുപത് മാസത്തോളം നീണ്ടുനിന്നു ഈ സത്യാഗ്രഹം. ഗാന്ധിജിയും നാരായണ ഗുരുവും തമ്മിൽ കാണുന്നതും സംവാദിക്കുന്നതും അക്കാലത്താണ്. സത്യാഗ്രഹത്തോട് വൈക്കത്തിനടുത്തുള്ള ആവശ്യങ്ങൾക്കായി അദ്ദേഹം സത്യാഗ്രഹനിധിയിലേക്ക് സംഭാവന സ്വീകരിക്കാൻ ഒരു ഭണ്ഡാരം സ്ഥാപിക്കുകയും വലിയൊരു തുക സമാഹരിച്ച് നല്കുകയും ചെയ്തു. സ്വാമി സത്യവ്രതനേയും കൊട്ടുകോയിക്കൽ വേലായുധനേയും സമരമുഖത്തേക്കയക്കാനും ഗുരു തയ്യാറായി. 1924 സെപ്റ്റംബറിൽ സത്യാഗ്രഹവേദിയിലെത്തി. 27-ന് ഗുരു സത്യാഗ്രഹത്തെപ്പറ്റി കെ.എം. കേശവൻ ബി.എ. യുമായി നടത്തിയ സംഭാഷണം 1924 മെയ് 31 ന്റെ ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ചു.

'അത് ശരി തന്നെ, സഹനശക്തി വേണം. അത് മഴ നനയുന്നതിനും പട്ടിണി കിടക്കുന്നതിനുമല്ല വേണ്ടത്. എവിടെ ഒരാൾ കടക്കാൻ

SGOU

പാടില്ലെന്ന് പറയുന്നുവോ അവിടെ അവൻ കടക്കണം. അതിൽ വരുന്ന സങ്കടങ്ങൾ അനുഭവിക്കണം. അടിച്ചാൽ കൊള്ളണം. അങ്ങോട്ട് അടിക്കരുത്. എന്നാൽ വേലി കെട്ടിയാൽ ഇങ്ങേപ്പുറത്ത് നിൽക്കരുത്. അതിന്റെ മീതേക്കൂടി കയറണം. റോഡിൽ മാത്രം നടന്നാൽ പോരാ, ക്ഷേത്രത്തിൽ തന്നെ കയറണം. അത് ഒരിടത്ത് പോരാ, എല്ലാ ക്ഷേത്രത്തിലും കയറണം. എന്നും കയറണം. എല്ലാവരും കയറണം. പാൽപ്പായസം വച്ച് വയ്ക്കുമ്പോൾ ചെന്നു കോരിക്കുടിക്കണം. സദ്യയിൽ ചെന്നു പന്തിയിൽ ഇരിക്കണം. വിവരങ്ങൾ എല്ലാം അപ്പപ്പോൾ ഗവർമെന്റിനെ അറിയിക്കണം. മരിക്കാനും മടിക്കരുത്. മനുഷ്യനെ തൊട്ടാൽ മനുഷ്യൻ അശുദ്ധിയാകുമെന്ന് വിചാരിക്കുന്നവർക്ക് യാതൊന്നും പ്രവർത്തിക്കാൻ ഇടകൊടുക്കരുത്.' ഇത്രയും തീവ്രമായ ഭാഷയിൽ ഗുരു മറ്റെപ്പോഴെങ്കിലും സംസാരിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. വൈക്കം സത്യാഗ്രഹത്തെ സംബന്ധിച്ച് നാരായണഗുരുവിന്റെയും ഗാന്ധിജിയുടെയും അഭിപ്രായങ്ങളിൽ ഭിന്നത കാണുന്നവരുണ്ട്. ആഹ്വാനം അക്രമത്തിനുള്ള ആഹ്വാനമായാണ് ഗാന്ധിജി വായിക്കുന്നത്. വേലി ചാടിക്കടക്കുന്നത് സത്യാഗ്രഹത്തിന്റെ സഹനസ്വഭാവത്തിന് വിരുദ്ധമാണെന്നായിരുന്നു ഗാന്ധിജിയുടെ വാദം.

### 5.1.14 കേരളത്തിന് പുറത്തേക്ക്

സ്വാമിജിയെക്കുറിച്ച് കേട്ടറിഞ്ഞു തമിഴ്നാട്ടിൽ നിന്ന് പലരും അദ്ദേഹത്തെ കാണാൻ വരികയും കാഞ്ചീപുരം, മദ്രാസ് (ചെന്നൈ) തുടങ്ങിയ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കുകയും ചെയ്തു. ചെന്നൈയിലേക്കുള്ള യാത്രക്കിടയിൽ തീവണ്ടിയിൽ വെച്ച് ഒരു നാട്ടുരാജാവ് അദ്ദേഹത്തെ പരിചയപ്പെടുകയുണ്ടായി. അദ്ദേഹം സ്വാമിയുടെ പേര് ചോദിച്ചപ്പോൾ 'നാരായണൻ' എന്ന് മറുപടി പറഞ്ഞു. 'അപ്പോൾ ജാതിയിൽ ആരാണ്?' എന്നായി നാട്ടുരാജാവ്. 'കണ്ടിട്ട് ആരാണെന്ന് തോന്നുന്നു?' എന്നായി സ്വാമിയുടെ മറുചോദ്യം. 'ആരാണെന്ന് മനസിലാകുന്നില്ല' എന്ന് അയാൾ മറുപടി നൽകി. 'കണ്ടാൽ മനസിലാകുന്നില്ലെങ്കിൽ കേട്ടാലെങ്ങനെ അറിയും' എന്നായിരുന്നു സ്വാമിയുടെ പ്രത്യുത്തരം. ജാതിയുടെ പൊള്ളത്തരം ഇത്ര ലളിതമായി എങ്ങനെയാണ് അവതരിപ്പിക്കുക. കാഞ്ചീപുരത്തും ചെന്നൈയിലും തന്നെ സന്ദർശിച്ച ആളുകൾക്ക് സാമുദായിക നവീകരണത്തിനും ജാതി ഉന്മൂലനത്തിനുമുള്ള ഉപദേശനിർദേശങ്ങൾ അദ്ദേഹം നൽകി. ഭക്തരുടെ താല്പര്യാർഥം കാഞ്ചീപുരത്തു ശ്രീനാരായണ സേവാശ്രമം സ്ഥാപിക്കുകയും അത് ആലുവ അദ്വൈതാശ്രമത്തിന്റെ ശാഖയായി പ്രവർത്തിക്കാൻ നിർദേശം നൽകുകയും ചെയ്തു. കൂടാതെ പാവങ്ങൾക്ക് സൗജന്യ ചികിത്സ നൽകാൻ ഒരു ആയുർവേദ വൈദ്യശാലയും സ്ഥാപിച്ചു. കുറച്ചുകാലം ചെന്നൈയിൽ താമസിച്ചശേഷം ബാംഗ്ലൂരിൽ ചെന്ന് ഡോ. പൽപ്പുവിനെ കണ്ടു. മതസമുദായ നവീകരണങ്ങൾക്ക് സാമ്പത്തികമായി ജനതയെ സ്വതന്ത്രമാക്കണം എന്ന അഭിപ്രായം പൽപ്പു ഗുരുവിന്റെ മുന്നിൽ അവതരിപ്പിക്കുകയും വ്യാവസായിക മേഖലയിൽ സജീവമാകാൻ സമുദായാംഗങ്ങളെ പ്രേരിപ്പിക്കാൻ ഗുരുവിനോട് അഭ്യർഥിക്കുകയും ചെയ്തു. തന്റെ പ്രവർത്തനമേഖലയുടെ വ്യാപ്തിയും സാധ്യതകളും തിരിച്ചറിയുന്നതിന് പൽപ്പുവിനെപ്പോലുള്ളവരുമായുള്ള ഇത്തരം സംഭാഷണങ്ങൾ ഗുരുവിനെ സഹായിച്ചിട്ടുണ്ടാവണം.

1926-ലെ തമിഴ്നാട് സന്ദർശനം മുൻപത്തെപ്പോലെ അത്ര ഹൃദ്യമായ ഒന്നായിരുന്നില്ല. വൈക്കം സത്യാഗ്രഹത്തോടുള്ള സ്വാമിയുടെ അനുഭാവപൂർണമായ നിലപാട് രാമേശ്വരത്തെ ജാതിവാദികൾക്ക് അംഗീകരിക്കാവുന്നതായിരുന്നില്ല. മുൻപ് രാമേശ്വരത്ത് ചെന്നപ്പോൾ സ്വാമികൾക്ക് തീണ്ടൽ അനുഭവിക്കേണ്ടി വന്നിരുന്നില്ല. എന്നാൽ ഇത്തവണ തീണ്ടലുള്ള ജാതിക്കാരനായ നാരായണഗുരുവിനെ ക്ഷേത്രത്തിലും മറ്റും കയറ്റുന്നത് സൂക്ഷിച്ചു വേണം എന്ന തരത്തിലുള്ള സന്ദേശം രാമനാഥപുരം കളക്ടർ ക്ഷേത്രം നടത്തിപ്പുകാർക്ക് കൈമാറിയിരുന്നത്രേ. നടത്തിപ്പുകാർ ക്ഷേത്രത്തിൽ കയറുതെന്ന താക്കീത് ഗുരുവിന്റെ സഹയാത്രികനായ സുഗുണാനന്ദസ്വാമിയെ അറിയിക്കുകയും ചെയ്തു. തുടർന്നാണ് ഗുരു ശ്രീലങ്കയിലേക്ക് പോകാൻ തീരുമാനിക്കുന്നത്.

### 5.1.15 ആലുവ സർവ്വമതസമ്മേളനം

1924-ൽ ശ്രീനാരായണ ഗുരുവിന്റെ നിർദേശപ്രകാരം ആലുവയിൽ രണ്ടുദിവസം നീണ്ടുനിൽക്കുന്ന ഒരു സർവമതസമ്മേളനം വിളിച്ചു ചേർ



SGOU

ക്കപ്പെട്ടു. ഇന്ത്യയുടെ ചരിത്രത്തിലെ ആദ്യത്തെ സർവമത സമ്മേളനങ്ങളിൽ ഒന്നാണ് ഇത്. ഈ സമ്മേളനനഗരിയുടെ പ്രധാന കവാടത്തിൽ ഗുരുവിന്റെ നിർദേശപ്രകാരം 'വാദിക്കാനും ജയിക്കാനുമല്ല; അറിയാനും അറിയിക്കാനുമാണ്' എന്ന മുദ്രാവാക്യം എഴുതി വെച്ചിട്ടുണ്ടായിരുന്നു. വിവിധ മതങ്ങളുടെ പ്രതിനിധികളായി സമ്മേളനത്തിൽ സംബന്ധിച്ചവർ തങ്ങളുടെ മതത്തിന്റെ കാതലായ തത്വങ്ങൾ വിശദീകരിച്ചു. തുടർന്ന് 'എല്ലാ മതങ്ങളുടേയും പരമമായ ഉദ്ദേശ്യം ഒന്നാണെന്നും ഭിന്നമതാനുയായികൾ തമ്മിൽ കലഹിച്ചിട്ടാവശ്യമില്ലെന്നും ഈ മതമഹാസമ്മേളനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നാം ശിവഗിരിയിൽ സ്ഥാപിക്കാൻ വിചാരിക്കുന്ന മഹാപാഠശാലയിൽ എല്ലാ മതങ്ങളും പഠിപ്പിക്കുന്നതിന് വേണ്ട എല്ലാ സൗകര്യങ്ങളും കൂടി ഉണ്ടായിരിക്കണം എന്ന് വിചാരിക്കുന്നു' എന്ന് സ്വാമികൾ ഒരു സന്ദേശം പുറപ്പെടുവിച്ചു. സർവമതസമ്മേളനത്തിൽ സ്വാമി സത്യവ്രതൻ നടത്തിയ സ്വാഗതപ്രസംഗം ഗുരുവിന്റെ മതവീക്ഷണങ്ങളുടെ സാരമറിഞ്ഞുള്ളതായിരുന്നു.

പാശ്ചാത്യരായ ക്രൈസ്തവ ഭിഷഗ്വരൻമാരുടെ ചികിത്സാസമ്പ്രദായമാണ് അലോപ്പതി എന്നുള്ള വിചാരത്താൽ അത് പഠിക്കുന്നതിനോ പ്രയോഗിക്കുന്നതിനോ ഒരു ഹിന്ദു ഭിഷഗ്വരൻ മടിക്കുന്നില്ല. അതുപോലെത്തന്നെ ആര്യവൈദ്യം ഹിന്ദുക്കളുടെ വൈദ്യമാണെന്ന് പറഞ്ഞ് വയസ്കരമൂസിന്റെ ചികിത്സയെ ക്രിസ്ത്യാനികൾ ആരും ഉപേക്ഷിക്കുന്നില്ല. അഷ്ടാംഗഹൃദയം ഒരു ബൗദ്ധമതഗ്രന്ഥമായതുകൊണ്ട് ഏകാദശിക്കു വായിച്ചു കൂടാ എന്ന് മലയാള ബ്രാഹ്മണർ ഒരു കടുത്ത ഭ്രഷ്ട് അതിന് കല്പിച്ചിട്ടുണ്ട്. എങ്കിലും അവർ അഷ്ടാംഗഹൃദയം വായിക്കാതെയോ വായുമുട്ടൽ വരുന്നത് ഏകാദശിനാളിൽ ആണെങ്കിൽ അന്ന് ധന്വന്തരി ഗുളിക സേവിക്കാതെയോ ഇരിക്കുന്നില്ല.

ദർശനങ്ങൾ, ശാസ്ത്രങ്ങൾ, കലാവിദ്യകൾ മുതലായി വിജ്ഞാനവർധനയ്ക്ക് ഉപയുക്തങ്ങളായ ഗ്രന്ഥങ്ങൾ ദേശഭേദവും മതഭേദവും ജാതിഭേദവും ഗണിക്കാതെ എല്ലാ മതക്കാരും മനുഷ്യജാതിയുടെ പൊതുസ്വത്തായി അവയെ ഗണിക്കുകയും വിജ്ഞാനാഭിവൃദ്ധിക്കായി അവയെ കൈകാര്യം ചെയ്യുകയും ചെയ്യുന്നതുപോലെ അധ്യാത്മവിദ്യാ പ്രതിപാദകമായ മതഗ്രന്ഥങ്ങളും മനുഷ്യജാതിയുടെ പൊതുസ്വത്തായി ഗണിക്കുകയും ജ്ഞാനാഭിവൃദ്ധിക്കായി അവയെ കൈകാര്യം ചെയ്യുകയും ചെയ്യാം എന്നാണ് സ്വാമിയുടെ അഭിപ്രായം.

ശാസ്ത്രജ്ഞൻമാരുടെ കണ്ടുപിടുത്തത്തെ പണം മുടക്കി വിപണിയിലിറക്കുന്ന മുതലാളിമാർ അതിൽ നിന്ന് ലാഭം ഉണ്ടാക്കുന്നതുപോലെ മഹാന്മാരുടെ അധ്യാത്മസിദ്ധാന്തങ്ങളെ വിപണനം ചെയ്യുന്നവരായി മാറുന്ന പുരോഹിതൻമാരെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. വണിക്കുകൾ അവരുടെ ചരക്ക് ചെലവാക്കാൻ അധികം പറ്റുവരവുകാരെ ഉണ്ടാക്കാൻ ശ്രമിക്കുന്ന മാതിരിയാണ് പുരോഹിതന്മാർ അവരുടെ മതത്തിൽ പറ്റിനിൽക്കുന്നവരായ ജനങ്ങളുടെ സംഖ്യ വർധിപ്പിക്കാൻ ശ്രമിക്കുന്നത് എന്നും പ്രഭാഷണത്തിൽ വിമർശിക്കപ്പെട്ടു. മതം പാരമ്പര്യമായി സ്വീകരിക്കേണ്ട ഒന്നല്ല എന്നുകൂടി വ്യക്തമാക്കിയാണ് ആ പ്രസംഗം ഉപസംഹരിക്കപ്പെട്ടത്.

'മതം ഒരു സമുദായ കാര്യം എന്ന നിലവിട്ട് അത് കേവലം ഒരു അധ്യാത്മകാര്യമായി തീരണം. അങ്ങനെ തീരണമെങ്കിൽ ഒരു ഹിന്ദുവിന്റെ മകനായതുകൊണ്ട് ഒരുവൻ ഹിന്ദുവായി തീരുന്നു എന്നുള്ള ഗണന വിട്ട് ഹിന്ദുമതം വിശ്വസിച്ചവനായതുകൊണ്ട് അവൻ ഹിന്ദുവായിത്തീരുന്നു എന്നുള്ള അവസ്ഥ വരണം' (നാരായണ ഗുരുസ്വാമി : പുറം 384-395)

### 5.1.16 നമുക്ക് ജാതിയില്ല

ജന്മം കൊണ്ട് ഈഴവൻ ആയിരുന്നെങ്കിലും ആദ്യകാലത്ത് ഒട്ടേറെ ഹിന്ദുമത ക്ഷേത്രപ്രതിഷ്ഠകൾ നടത്തിയിട്ടുണ്ടെങ്കിലും പിൽക്കാലത്ത് ഗുരു ജാതി-മത മുക്തമായ ഒരു അവസ്ഥയാണ് സ്വയം സ്വീകരിച്ചത്. അക്കാര്യം ജീവിതത്തിൽ പലതരത്തിൽ വ്യക്തമാക്കിയിട്ടും മനസിലാകാത്തവർക്കായി 1916 ൽ പ്രബുദ്ധകേരളത്തിൽ ഒരു സന്ദേശം പ്രസിദ്ധപ്പെടുത്തി. ഇതാണ് ജാതിയില്ലാ വിളംബരം 'നാം ജാതിഭേദങ്ങൾ വിട്ടിട്ട് ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചില പ്രത്യേക വർഗക്കാർ നമ്മെ അവരുടെ വർഗത്തിൽപ്പെട്ടതായി വിചാരിച്ചും പ്രവർത്തിച്ചും വരുന്നതായും അത് ഹേതുവാൽ പലർക്കും നമ്മുടെ വാസ്തവത്തിനു

വിരുദ്ധമായ ധാരണയ്ക്ക് ഇട വന്നിട്ടുണ്ടെന്നും നാം അറിയുന്നു. നാം ഒരു പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല. ഈ വസ്തുത പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യം ചെയ്തിരിക്കുന്നു'. (പ്രബുദ്ധകേരളം, 1091, വാല്യം 1, ലക്കം 9)

### 5.1.17 ബുദ്ധന്റെ സ്വാധീനം

മനുഷ്യർക്കെല്ലാം ഒരു ജാതി എന്ന ആശയം നൂറ്റാണ്ടുകൾക്ക് മുൻപേ ബുദ്ധൻ അവതരിപ്പിച്ചിട്ടുണ്ട്. ആകൃതിയിൽ സകലമനുഷ്യരും ഒരുപോലാകയാൽ ജാതി ഭേദം വേണ്ട എന്നാണ് ബുദ്ധന്റെ നിലപാട്.

'മനുഷ്യാണാം മനുഷ്യത്വം
ജാതിർ ഗോത്വം ഗവാം യഥാ'

പശുവിന് പശുത്വം പോലെ മനുഷ്യന് ജാതി മനുഷ്യത്വമാണ് എന്നാണ് ശ്രീനാരായണ ഗുരു അഭിപ്രായപ്പെട്ടത്. കാരുണ്യം, അഹിംസ പോലുള്ള ആശയങ്ങൾ ഗുരുധർമത്തിന്റെ അടിസ്ഥാനമായ ബൗദ്ധദർശനങ്ങളുടെ സ്വാധീനത്താലാവാം രൂപപ്പെട്ടത്. ജന്തുബലിക്കെതിരായ നിലപാടിലും ഇരുവരും ഒരേ നിലപാടാണ് സ്വീകരിച്ചത്. ബുദ്ധനും ഗുരുവും തങ്ങളുടെ ആശയപ്രചാരണത്തിന് സന്യാസി സംഘങ്ങൾ തുടങ്ങിയിട്ടുമുണ്ട്. അതേസമയം തന്റെ കാലത്തെ ബുദ്ധമത രീതികളിൽ ചിലതിനോടെല്ലാം സ്വാമിക്ക് വിയോജിപ്പും ഉണ്ടായിരുന്നു. ബർമ്മയിലെ ബുദ്ധവിഹാരത്തിൽ ഹിന്ദു ക്ഷേത്രത്തിലേതിനേക്കാൾ വിഗ്രഹങ്ങൾ കണ്ട കാര്യം ഒരു ശിഷ്യൻ അറിയിച്ചപ്പോൾ മുടി വെട്ടുംതോറും തഴച്ചു വളരുമല്ലോ എന്നാണ് ഗുരു പ്രതികരിച്ചത്. ബുദ്ധൻ വിഗ്രഹാരാധനയ്ക്ക് അനുകൂലമായിരുന്നില്ല എന്നത് ഓർക്കുക.

ഗുരുവിന്റെ പ്രധാന അനുയായികളായ ഡോ. പൽപ്പു, സി.വി. കുഞ്ഞുരാമൻ, സി. കൃഷ്ണൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവർ ബുദ്ധമതം സ്വീകരിച്ചവരാണ്. സഹോദരൻ അയ്യപ്പൻ ഒരു കവിതയിൽ ഗുരുവിനെ 'ശ്രീനാരായണബുദ്ധൻ' എന്നാണ് വിശേഷിപ്പിച്ചത്. അഭിനവ ബുദ്ധൻ എന്നാണ് ഡോ. കെ. സുഗതൻ ഗുരുവിനെ വിളിക്കുന്നത്. മറ്റൊരു അനുയായിയായ കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, കരുണ പോലുള്ള കവിതകളിലും ബുദ്ധസ്വാധീനം സ്പഷ്ടമാണല്ലോ. ബുദ്ധന്റെ ആശയങ്ങളും ഗുരുവിന്റെ ആശയങ്ങളും തമ്മിലുള്ള അടുപ്പം ഇവരെയും സ്വാധീനിച്ചിട്ടുണ്ടാവുമോ?

ബുദ്ധമതത്തിലേക്കുള്ള പരിവർത്തനം സംബന്ധിച്ച് ഇവരിൽ പലരുമായും ഗുരു ഗഹനമായ ചർച്ചകൾ നടത്തിയിരുന്നു. മതം മാറണമെന്ന് തോന്നിയാൽ മാറണം എന്ന അഭിപ്രായക്കാരനായിരുന്നു ഗുരു. സ്വയം ബോധ്യമില്ലാത്ത മതത്തിൽ ഒരാൾ തുടരുന്നത് അയാൾക്കും മതത്തിനും ദോഷമാണ് എന്നായിരുന്നു അദ്ദേഹം വിശ്വസിച്ചത്.

### 5.1.18 അനുകമ്പ എന്ന മതം

കാരുണ്യമായിരുന്നു ശ്രീനാരായണന്റെ മുഖമുദ്ര. അത് മനുഷ്യരോടുള്ള അനുകമ്പ മാത്രമല്ല. സകലജീവജാലങ്ങളോടുമുള്ള അതിരില്ലാത്ത സ്നേഹമാണ്.

ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നല്കുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും.
(അനുകമ്പാദശകം)

ഉറുമ്പിനെപ്പോലും വേദനിപ്പിക്കാതെ ജീവിക്കാനുള്ള അനുഗ്രഹം തേടുന്ന കവിതയിൽ ഈശ്വരനെ ഗുരു സംബോധന ചെയ്യുന്നത് കരുണയുടെ ആകരം എന്നായത് ബോധപൂർവം തന്നെയാവാനേ തരമുള്ളൂ. കുട്ടിക്കാലത്ത് പട്ടികൾ കടിപിടി കൂടുന്നത് പോലും അദ്ദേഹത്തിനെ വേദനിപ്പിച്ചിരുന്നത്രേ. കുതിരവണ്ടിയിലോ കാളവണ്ടിയിലോ കയറാൻ അദ്ദേഹം തയ്യാറായിരുന്നില്ല. എന്നാൽ മനുഷ്യർ വലിക്കുന്ന വണ്ടികളിൽ അദ്ദേഹം സഞ്ചരിച്ചിട്ടുമുണ്ട്. മനുഷ്യർക്ക് തന്നെ വഹിക്കാൻ താല്പര്യം ഉള്ളതുകൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നതെന്നും മൃഗങ്ങൾക്ക് അത്തരം താല്പര്യമില്ലാത്തതിനാൽ തന്റെ ഭാരം അവയെക്കൊണ്ടു വലിപ്പിക്കില്ല എന്നുമായിരുന്നു ഗുരുവിന്റെ നിലപാട്.

ആശ്രമം വക സ്ഥലത്തെ വാഴക്കുല മോഷണം പോയതിനെത്തുടർന്ന് ആശ്രമത്തിലെ അന്തേവാസികൾ കേസ് കൊടുത്തതും ഒടുവിൽ പ്രതിയെ ശിക്ഷിക്കാൻ കോടതി തീരുമാനിച്ചതും

SGOU

അദ്ദേഹത്തെ ഏറെ വേദനിപ്പിച്ച സംഭവമായി ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മോഷ്ടാവിനോട് ക്ഷമിക്കാൻ കഴിയാത്ത ആശ്രമവാസികൾക്കൊപ്പം തങ്ങാൻ തനിക്ക് കഴിയില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. ഒടുവിൽ പ്രതിയെ വെറുതെ വിട്ടതോടെയാണ് സ്വാമി സംപ്രീതനായത്. മറ്റൊരിക്കൽ, ആശ്രമത്തിലെ ചക്ക മോഷ്ടിക്കാൻ രാത്രിയിൽ വരുന്ന കള്ളനെക്കുറിച്ചു പരാതി പറഞ്ഞ അന്തേവാസിയോട് പകൽ വന്നു ചക്ക കൊയ്തെടുത്തോട്ടെ, ഇരുട്ടിൽ അയാൾക്ക് വല്ല ആപത്തും പിണയും എന്നാണ് സ്വാമിജി മറുപടി നല്കിയത്.

### 5.1.19 ശ്രീലങ്കയിൽ

1918-ലാണ് ഗുരു ആദ്യമായി ശ്രീലങ്ക സന്ദർശിക്കുന്നത്. ആദ്യം എത്തിച്ചേർന്നത് കൊളംബോയിലാണ്. തുടർന്നു മറ്റ് പല ഭാഗങ്ങളിലും സഞ്ചരിച്ചു. അവിടത്തെ ക്ഷേത്രങ്ങളും ബുദ്ധവിഹാരങ്ങളും സന്ദർശിക്കുകയും അവയുടെ പ്രത്യേകതകളും പ്രവർത്തനവും സൂക്ഷ്മമായി മനസിലാക്കുകയും ചെയ്തു. നിരവധിയായ സ്വഭക്തരുമായും ഇതരമതസ്ഥരുമായും ആധ്യാത്മികകാര്യങ്ങളും തത്വചിന്താപരമായ വിഷയങ്ങളും സംസാരിച്ചു. പന്ത്രണ്ടു ദിവസത്തെ സന്ദർശനത്തിന് ശേഷം കേരളത്തിലേക്ക് തിരികെയെത്തി. 1926-ൽ സ്വാമിജി വീണ്ടും ശ്രീലങ്കയിലേക്ക് പോയി. ഇത്തവണ ശിവഗിരിയിലെ ആഭ്യന്തര പ്രശ്നങ്ങളിൽ കലുഷമായ മനസോടെയാണ് സ്വാമി യാത്ര ആരംഭിച്ചത്. ആ യാത്രയെപ്പറ്റി സ്വാമി ശിഷ്യനായ ശ്രീവിദ്യാനന്ദസ്വാമികൾ എഴുതിയ കുറിപ്പിൽ, ഈ സഞ്ചാരത്തിനുണ്ടായ കാരണത്തെപ്പറ്റി ഈ അവസരത്തിൽ വല്ലതും എഴുതാതിരിക്കുകയാണ് ഭംഗി എന്നാണ് പരാമർശിച്ചിട്ടുള്ളത്. മുൻ നിശ്ചയപ്രകാരമുള്ള യാത്രയായിരുന്നില്ല അത്. യഥാർഥത്തിൽ വർക്കല വിട്ട് അംബാസമുദ്രം തുടർന്ന് തിരുപ്പറംകുൻറം, മധുര, രാമേശ്വരം തുടങ്ങിയ തമിഴ്നാട്ടിലെ സ്ഥലങ്ങളിലേക്കാണ് അദ്ദേഹം പോയത്. എന്നാൽ തമിഴ്നാട്ടിൽ തനിക്ക് നേരെയുണ്ടായ ജാതിവിവേചനത്തെ തുടർന്ന് ഗുരു ശ്രീലങ്കയിലേക്ക് പോകാൻ തീരുമാനിക്കുകയായിരുന്നു. ശ്രീലങ്കയിൽ എത്തിയ ശേഷം കൊളംബോ വിട്ടു തിരികെ വരാൻ ഗുരുവിന് സമ്മതമില്ലായിരുന്നു എന്നും അന്ത്യം വരെ അവിടെത്തന്നെ കഴിയാൻ ആഗ്രഹിച്ചിരുന്നു എന്നും ശ്രീവിദ്യാനന്ദസ്വാമികൾ തുടർന്നെഴുതുന്നു. ഭക്തരായ പലരുടെയും അപേക്ഷയ്ക്ക് ശേഷമാണ് ഒടുവിൽ ആ വർഷം ഡിസംബറിൽ അദ്ദേഹം മധുരയിലേക്ക് വരുന്നത്. വർക്കലയിലേക്ക് വരാൻ പിന്നേയും സ്വാമിയെ നിർബന്ധിക്കേണ്ടി വന്നു. (നാരായണഗുരുസ്വാമി. എം.കെ. സാനു. പു. 368.)

### 5.1.20 ശ്രീനാരായണ ധർമ്മ സംഘം

തന്റെ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഒരു സന്ന്യാസിസംഘം രൂപീകരിക്കണമെന്ന് സ്വാമി ആഗ്രഹിച്ചിരുന്നു. എസ്.എൻ.ഡി.പി. യോഗം തന്റെ ആദർശങ്ങളാണ് പ്രചരിപ്പിക്കുന്നതെങ്കിലും ഒരു സമുദായ സംഘടന എന്ന പരിമിതി അതിലുണ്ട് എന്ന് സ്വാമി തിരിച്ചറിഞ്ഞിരുന്നു. ലോക സേവനം ജീവിതവ്രതമാക്കി, സമർപ്പിത മനസുകളായി പ്രവർത്തിക്കാൻ തയ്യാറുള്ള ബ്രഹ്മചാരികളുടെ ഒരു സംഘമാണ് വേണ്ടത്. ഈ ആശയം 1909 ൽ ത്തന്നെ അദ്ദേഹം ശിഷ്യന്മാരോട് പറയുന്നുണ്ട്. 1928-ൽ ആണ് ശ്രീനാരായണ ധർമ്മസംഘം എന്ന പേരിൽ ഈ സന്ന്യാസിസംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്. സന്ന്യാസിസംഘത്തിന്റെ നിയമാവലികൾ സ്വാമി തന്നെ എഴുതി തയ്യാറാക്കുകയായിരുന്നു. പിന്നീട് തന്റെ വിൽപ്പത്രം തയ്യാറാക്കുമ്പോൾ സന്ന്യാസിമഠങ്ങൾ, വിദ്യാലയങ്ങൾ, ക്ഷേത്രങ്ങൾ, വ്യവസായശാലകൾ, തുടങ്ങി തന്റെ അധീനതയിലുള്ള മുഴുവൻ സ്ഥാവരജംഗമസ്വത്തുക്കളുടെയും നിയന്ത്രണാധികാരം സന്ന്യാസിസംഘത്തിനായിരിക്കുമെന്ന് അദ്ദേഹം എഴുതിവെച്ചു. തന്റെ അനന്തരഗാമി ബോധാനന്ദസ്വാമികൾ ആയിരിക്കുമെന്നും അതിനുശേഷം സന്ന്യാസിമാരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം അവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരു സന്ന്യാസിക്ക് ചുമതല കൈമാറേണ്ടതുണ്ടെന്നും വില്പത്രം സൂചിപ്പിക്കുന്നു.

ശ്രീനാരായണ ധർമ്മസംഘത്തിന്റെ രൂപീകരണം എസ്.എൻ.ഡി.പി. യോഗം പ്രവർത്തകരിൽ ചിലർക്ക് നീരസമുണ്ടാക്കി. ഗുരു തന്റെ പിൻഗാമികളായി സ്വത്തുവകകളുടെ നിയന്ത്രണാധികാരം സന്ന്യാസി സംഘത്തെ ചുമതലപ്പെടുത്തിയതായിരുന്നു കാരണം.

### 5.1.21 ശിവഗിരി തീർഥാടനം

1928-ൽ വല്ലഭശ്ശേരി ഗോവിന്ദൻ വൈദ്യരും ടി.കെ. കിട്ടൻ റൈറ്ററും സ്വാമിയെ സന്ദർശിച്ചു. കേരളത്തിലെ ഈഴവർക്ക് ഒരു തീർഥാടന കേന്ദ്രത്തിലും അഭിമാനത്തോടെ പ്രവേശിക്കാനാവുന്നില്ലെന്നും തങ്ങൾക്ക് സ്വന്തമായി ഒരു തീർഥാടനകേന്ദ്രം വേണമെന്നും അവർ ആവശ്യപ്പെട്ടു. ശിവഗിരിയെ ഒരു തീർഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്നായിരുന്നു അവരുടെ അഭ്യർഥന. അതിൻപ്രകാരമാണ് ശിവഗിരി തീർഥാടനം ആരംഭിക്കുന്നത്. ശിവഗിരി തീർഥാടനത്തിനുള്ള ദിനമായി തെരഞ്ഞെടുത്തത് ജനുവരി ഒന്നാം തീയതിയാണ്. കഠിനവ്യവസ്ഥകൾ ഒന്നുമില്ലാതെ പത്ത് ദിവസത്തെ വ്രതം ശ്രീബുദ്ധന്റെ പഞ്ചശീലശുദ്ധിയോടും കൂടി ആചരിച്ചാൽ മതിയെന്ന് ഗുരു നിർദേശിച്ചു. ശരീരശുദ്ധി, ആഹാരശുദ്ധി, മനശുദ്ധി, വാക്ശുദ്ധി, കർമ്മശുദ്ധി ഇവയാണ് പഞ്ചശുദ്ധികൾ. തീർഥാടകർ മഞ്ഞ വസ്ത്രം ധരിക്കട്ടെ എന്നും ഇതിനായി പുതിയ വസ്ത്രം വാങ്ങേണ്ടതില്ലെന്നും സ്വാമി അഭിപ്രായപ്പെട്ടു. വെള്ളവസ്ത്രം മഞ്ഞളിൽ മുക്കി ഉപയോഗിച്ചാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ശിവഗിരി തീർഥാടനം ഏറ്റവും ലളിതവും ചെലവ് ചുരുങ്ങിയ രീതിയിൽ ഉള്ളതും ആയിരിക്കണമെന്നായിരുന്നു അന്തസത്ത. വിദ്യാഭ്യാസം, ശുചിത്വം, ഈശ്വരഭക്തി, സംഘടന, കൃഷി, കച്ചവടം, കൈത്തൊഴിൽ, സാങ്കേതിക പരിശീലനം എന്നീ ലക്ഷ്യങ്ങൾ നേടാനാണ് ശിവഗിരി തീർഥാടനം നടത്തേണ്ടത്. ഓരോ വിഷയത്തിലും വൈദഗ്ധ്യം ഉള്ളവരെ ക്ഷണിച്ചുവരുത്തി പ്രസംഗപരമ്പര നടത്തണം. ജനങ്ങൾ അച്ചടക്കത്തോടുകൂടി ഇരുന്ന് ശ്രദ്ധിക്കണമെന്നും കേട്ടതെല്ലാം പ്രവൃത്തിയിൽ വരുത്താൻ ശ്രമിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

**പ്രബോധനങ്ങൾ**

'ജാതിഭേദം, മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്'

'ഒരുജാതി, ഒരുമതം,
ഒരു ദൈവം മനുഷ്യന്.'

'ഒരു യോനിയൊരാകാരമൊരു
ഭേദവുമില്ലതിൽ'

'മതമേതയാലും
മനുഷ്യൻ നന്നായാൽ മതി'.

'പേരൂരു തൊഴിലീ മൂന്നും
പോരുമായത് കേൾക്കുക
ആരു നീയെന്നു കേൾക്കേണ്ടാ
നേര് മെയ് തന്നെ ചൊൽകയാൽ'

'ജാതി ചോദിക്കരുത്, പറയരുത്, ചിന്തിക്കരുത്'

'അവനവനാത്മ സുഖത്തിനാചരിക്കുന്നവ -
യപരന്നു സുഖത്തിനായ് വരേണം.'

'മദ്യം വിഷമാണ്, അതുണ്ടാക്കരുത്,
കൊടുക്കരുത്, കുടിക്കരുത്.'

'വിദ്യകൊണ്ട് പ്രബുദ്ധരാവുക,
സംഘടിച്ച് ശക്തരാവുക.'

### 5.1.22 രോഗകാലം

1928 ഫെബ്രുവരിയോടെ ശ്രീനാരായണഗുരുവിനെ ശാരീരിക അസ്വാസ്ഥ്യങ്ങൾ അലട്ടിത്തുടങ്ങി. ഏകദേശം എട്ട് മാസത്തോളം രോഗാവസ്ഥ തുടർന്നു. ഹെർണിയയായിരുന്നു രോഗം. മൂത്ര തടസ്സമായിരുന്നു പ്രധാന പ്രശ്നം. അത് കഠിനമായ വേദനയ്ക്ക് കാരണമായി. വിദഗ്ധചികിത്സയ്ക്കായി പാലക്കാട്ടേക്ക് കൊണ്ടുപോയി. എന്നിരുന്നാലും താല്കാലിക ശമനം മാത്രമേ ഉണ്ടായുള്ളു. തുടർന്ന് ചെന്നൈയിലേക്ക് കൊണ്ടുപോയി. രോഗം പൂർണമായും ഭേദമാക്കാൻ കഴിയുന്ന അവസ്ഥയിലായിരുന്നില്ല. ഇടക്കാലത്തു ഗുരു ആവശ്യപ്പെട്ടപ്രകാരം നാട്ടുവൈദ്യന്മാരുടെ ചികിത്സയും ചെയ്തുനോക്കി. പക്ഷേ ആഗസ്റ്റ് മാസത്തോടെ അസുഖം അധികരിച്ചു. 1928 സെപ്റ്റംബർ 20 നു സായാഹ്നത്തോടെ ശിവഗിരിയിൽ വെച്ച് അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു.

### 5.1.23 സാഹിത്യം

അസാധാരണമായ കാവ്യശേഷിയുള്ള ഒരാളായിരുന്നു നാരായണഗുരു. മലയാളത്തിനു പുറമെ തമിഴിലും സംസ്കൃതത്തിലും അദ്ദേഹം കാവ്യരചന നിർവഹിച്ചിട്ടുണ്ട്. സ്തോത്രകൃതികൾ, ദാർശനിക മാനമുള്ള രചനകൾ, ഉദ്ബോധനം



SGOU

ലക്ഷ്യംവെച്ചുള്ള രചനകൾ, തർജമകൾ എന്നിങ്ങനെ അതിവിപുലമാണ് ഗുരുവിന്റെ രചനാലോകം. 'ജാതിഭേദം, മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകസ്ഥാനമാണിത്'. 'ഒരു ജാതി ഒരുമതം ഒരു ദൈവം മനുഷ്യന്' എന്നിങ്ങനെയുള്ള ആറ്റിക്കുറുക്കിയ സന്ദേശവാക്യങ്ങൾ കുറുംകവിതയുടെ സ്വഭാവമുള്ളവയാണ്. ഗദ്യത്തിലും അദ്ദേഹം സാഹിത്യ രചന നിർവഹിച്ചിട്ടുണ്ട്.

ആദ്യകാലത്ത് ഒട്ടേറെ വിഷ്ണുസ്തോത്രങ്ങളും ദേവീസ്തവങ്ങളും ഷണ്മുഖസ്തോത്രങ്ങളും രചിക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവയാണ് വിനായകാഷ്ടകം, ശിവപ്രസാദപഞ്ചകം, ചിജ്ജഡചിന്തനം, ശിവസ്തവം, ഭദ്രകാള്യഷ്ടകം, കാളിനാടകം തുടങ്ങിയവ. ദാർശനികകൃതികളിൽ ഏറ്റവും ശ്രദ്ധേയമായത് ദൈവദശകം, ആത്മോപദേശശതകം, കുണ്ഡലിനിപ്പാട്ട്, അറിവ് എന്നിവയാണ്. അനുകമ്പാദശകം, ജാതിനിർണയം, ജാതിലക്ഷണം, സദാചാരം തുടങ്ങിയ രചനകൾ പ്രബോധനം ലക്ഷ്യംവച്ചുകൊണ്ട് എഴുതിയവയാണ്. തിരുക്കുറലും ഈശാവാസ്യോ പനിഷത്തും തർജമ ചെയ്തിട്ടുമുണ്ട്.

### 5.1.24 ശിഷ്യസമൂഹം

കുമാരനാശാൻ, സഹോദരൻ അയ്യപ്പൻ, മൂർക്കോത്ത് കുമാരൻ, സി. കേശവൻ, സി.വി. കുഞ്ഞുരാമൻ, മിതവാദി സി. കൃഷ്ണൻ, സ്വാമി സത്യവ്രതൻ തുടങ്ങി വലിയൊരു ശിഷ്യസമ്പത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. ശൃംഗാരകവിതകൾ എഴുതിക്കൊണ്ടിരുന്ന കുമാരുവിനെ കവിതയുടെ ഗൗരവാവഹമായ ലോകത്തേക്ക് നയിച്ചത് ഗുരുവാണ്. ബാംഗ്ലൂരിലും കൊൽക്കത്തയിലും ആശാന് പൽപ്പുവിന്റെ സഹായത്തോടെ വിദ്യാഭ്യാസ സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്തതിന് പിന്നിലും ഗുരു തന്നെ. എസ്.എൻ.ഡി.പി. യോഗം രൂപീകരണം തൊട്ട് ഒന്നര ദശാബ്ദകാലം കുമാരനാശനായിരുന്നു സംഘടനയെ നയിച്ചത്. ഗുരുദർശനങ്ങൾ പ്രചരിപ്പിക്കാൻ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന വിവേകോദയം മാസികയുടെ ചുമതലയും ആശാനായിരുന്നു. ഗുരു ജീവിച്ചിരിക്കെ ആശാൻ അദ്ദേഹത്തിന്റെ ഒരു ലഘുജീവചരിത്രം തയ്യാറാക്കി. 'ബ്രഹ്മശ്രീ നാരായണഗുരു' എന്നതായിരുന്നു സ്വാമികളുടെ ആ ജീവചരിത്ര സംഗ്രഹം.

ശ്രീനാരായണ ധർമ്മത്തിലെ ഏറ്റവും പ്രധാന ആശയമായ ഏക ജാതിബോധം പ്രചരിപ്പിക്കാൻ സഹോദരസംഘം ആരംഭിക്കുകയും പന്തിഭോജനങ്ങൾ സംഘടിപ്പിക്കുകയും ചെയ്ത ആളാണ് അയ്യപ്പൻ. അധ:സ്ഥിതരായി കരുതിപ്പോന്ന പുലയസമുദായാംഗങ്ങൾക്കൊപ്പം അയ്യപ്പനും സുഹൃത്തുക്കളും ചെറായി എന്ന സ്ഥലത്ത് ഒത്തുചേർന്ന് ഒരേ പന്തിയിൽ ഭക്ഷണം കഴിച്ചു. വ്യത്യസ്ത ജാതികൾ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത് ആചാരവിരുദ്ധമായി കരുതിയ കാലത്ത് അയ്യപ്പൻ സംഘടിപ്പിച്ച പന്തിഭോജനം വലിയ ഭൂകമ്പം തന്നെയാണ് ഉണ്ടാക്കിയത്. പലപ്പോഴും ജാതിവാദികളിൽ നിന്ന് അദ്ദേഹത്തിന് മർദനവും അപഹാസവും ഏൽക്കേണ്ടി വന്നു. അപ്പോഴൊക്കെ ' ക്രിസ്തുവിനെ പോലെ ക്ഷമ കാണിക്കുക' എന്ന ഗുരൂപദേശം അദ്ദേഹം മുറുകെ പിടിച്ചു. ഗുരു പന്തിഭോജനത്തിന് അനുകൂലമല്ല എന്ന പ്രചരണം നടന്നപ്പോൾ 1921 മെയ് 15-ന് സഹോദരൻ അയ്യപ്പന് സ്വന്തം കൈപ്പടയിൽ ഗുരു തന്നെ ഒരു സന്ദേശമെഴുതി നല്കി.



പന്തിഭോജനം

'മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല' സഹോദരൻ അയ്യപ്പൻ ഈ സന്ദേശത്തിന്റെ അനേകായിരം കോപ്പികൾ അച്ചടിപ്പിച്ച് വിതരണം ചെയ്തു.

ജാതിവേണ്ട മതം വേണ്ട
ദൈവം വേണ്ട മനുഷ്യന്.
വേണം ധർമ്മം വേണം ധർമ്മം
വേണം ധർമ്മംഽയഥോചിതം

എന്നതായിരുന്നു സഹോദരൻ അയ്യപ്പന്റെ മുദ്രാവാക്യം. എസ്.എൻ.ഡി.പി. യോഗം

SGOU

സെക്രട്ടറിയായി പ്രവർത്തിച്ച സി.വി. കുഞ്ഞുരാമൻ എഴുത്തുകാരനും വാഗ്മിയുമായിരുന്നു. സാമൂഹ്യ അനാചാരങ്ങൾക്കെതിരെ തൂലിക പടവാളാക്കി പൊരുതിയ അദ്ദേഹം കേരളകൗമുദി പത്രത്തിന്റെ സ്ഥാപകനാണ്. തിരണ്ടുകുളി, പുളികുടി, താലികെട്ട് തുടങ്ങിയ അനാചാരങ്ങൾക്കെതിരെ ശക്തമായി അദ്ദേഹം പ്രതികരിച്ചു. അധഃകൃതർക്ക് പ്രത്യേക സ്ക്കൂളുകൾ അനുവദിക്കുന്നതിനു വേണ്ടി പ്രവർത്തിച്ച അദ്ദേഹം അധ്യാപകനായും അഭിഭാഷകനായും ഔദ്യോഗിക ജോലി നിർവഹിച്ച വ്യക്തിയാണ്. വൈക്കം സത്യാഗ്രഹത്തിന്റെ നേതൃസ്ഥാനത്ത് ഉണ്ടായിരുന്നു. ഹിന്ദുമതത്തിലെ ജാതിവിവേചനത്തിൽ പ്രതിഷേധിച്ച് ബുദ്ധമതത്തിലേക്ക് മതം മാറി. യുക്തിവാദിപ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ചു.

എസ്.എൻ.ഡി.പി. യോഗത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച ആളാണ് സി. കേശവൻ. തിരുവിതാംകൂറിലെ നിസ്സഹകരണ പ്രസ്ഥാനത്തിന്റെയും നിവർത്തന പ്രക്ഷോഭത്തിന്റെയും പ്രധാനനേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. സമൂഹത്തിലെ അയിത്തം തുടച്ചുമാറ്റുവാനായി അദ്ദേഹം സോത്സാഹം പ്രയത്നിച്ചു. ആരാധനാസ്വാതന്ത്ര്യം, വോട്ടവകാശം, സർക്കാർജോലി തുടങ്ങിയ പൗരാവകാശങ്ങൾ ഈഴവർക്കും മറ്റു പിന്നാക്കക്കാർക്കും ലഭിക്കുന്നതിനായി നിരന്തരസമരങ്ങളിൽ ഏർപ്പെട്ടു. ഇന്ത്യ സ്വതന്ത്രയായപ്പോൾ തിരുക്കൊച്ചി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി 1951-ൽ തിരഞ്ഞെടുക്കപ്പെട്ടു.

'സംഘടിച്ച് ശക്തരാകുക' എന്ന ഗുരുവിന്റെ ആഹ്വാനം പൂർണമായും ഉൾക്കൊണ്ട് അതിനായി തന്റെ ജീവിതം മുഴുവൻ മാറ്റിവെച്ച ഒരു സമുദായ നവീകരണ പ്രവർത്തകനായിരുന്നു ടി.കെ. മാധവൻ. പൗരസമത്വവാദ പ്രവർത്തനം, മദ്യവർജന പ്രക്ഷോഭം, ക്ഷേത്രപ്രവേശന പ്രക്ഷോഭം, എസ്.എൻ.ഡി.പി. സംഘടനാ പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ അദ്ദേഹത്തിന്റെ പ്രവർത്തനം വ്യാപിച്ചു കിടക്കുന്നു. ഈഴവരുടെ ഉന്നമനം ലക്ഷ്യമിട്ട് 'ദേശാഭിമാനി' എന്ന പേരിൽ ഒരു പത്രം ആരംഭിച്ചു.

ആദ്യകാലത്ത് തീണ്ടലും തൊടീലുമൊക്കെ കൃത്യമായി അനുഷ്ഠിച്ചു പോന്ന അയ്യപ്പൻപിള്ള എന്ന യുവാവ് ശ്രീനാരായണഗുരുവിനെ സന്ദർശിച്ച ശേഷം അദ്ദേഹത്തിന്റെ ശിഷ്യനായി. ആ ശിഷ്യനാണ് പിന്നീട് സത്യവ്രതൻ എന്നറിയപ്പെട്ടത്. ഗുരുവിന്റെ ഏറ്റവും പ്രധാനപ്പെട്ട ശിഷ്യരിൽ ഒരാളായി അദ്ദേഹം മാറുകയും സന്തത സഹചാരിയാവുകയും ചെയ്തു. ആലുവ സർവമത സമ്മേളനത്തിന്റെ സ്വാഗതപ്രഭാഷകൻ അദ്ദേഹമായിരുന്നു. എന്താണ് ശ്രീനാരായണ ധർമ്മം എന്ന് ആ പ്രസംഗം വിശദമായും ലളിതമായും വെളിവാക്കുന്നുണ്ട്. 1918-ൽ ശ്രീലങ്ക സന്ദർശിച്ച് ഗുരുദർശനം പ്രചരിപ്പിച്ചു. 1923-ൽ അദ്വൈതാശ്രമം സെക്രട്ടറിയായി. 1926-ൽ അദ്ദേഹം മരണമടഞ്ഞു. ഹൃദയശുദ്ധി, ജാതിയില്ലായ്മ ഈ രണ്ടു കാര്യങ്ങളിൽ സത്യവ്രതൻ പൂർണനായിരുന്നു എന്നാണ് സ്വാമി അദ്ദേഹത്തെപ്പറ്റി പറഞ്ഞത്.

ആലുവ അദ്വൈതാശ്രമം വകയായ സകല കാര്യങ്ങളുടെയും കൈകാര്യ കർത്താവായി ഗുരു പരിഗണിച്ചത് സി. കൃഷ്ണനെയാണ്. വിദ്യാർഥിയായിരിക്കെത്തന്നെ സമുദായിക നവീകരണ പ്രവർത്തനങ്ങളിൽ സജീവമായി. ക്ഷേത്രങ്ങളിലോ മതകാര്യങ്ങളിലോ തല്പര നല്ലാതിരുന്നിട്ടും ജഗന്നാഥ ക്ഷേത്രം, ശാരദാമഠം തുടങ്ങിയവയുടെ പ്രതിഷ്ഠാ കാര്യങ്ങളിൽ ഗുരുവിനൊപ്പം നിന്നു; സമുദായ ഉന്നമനത്തിന് അവ സഹായകമായേക്കും എന്ന ബോധ്യത്തോടെ. കോഴിക്കോട് കേന്ദ്രീകരിച്ചായിരുന്നു സി. കൃഷ്ണന്റെ പ്രവർത്തനങ്ങൾ. 'മിതവാദി' എന്ന പേരിൽ അദ്ദേഹം ഒരു വാരിക നടത്തിയിരുന്നു. ഇന്ത്യ കുറച്ചു കാലം കൂടി ബ്രിട്ടീഷ് അധീനതയിൽ നില്ക്കുന്നതാണ് ജാതീയമായ വിവേചനം ഇല്ലാതാവാൻ നല്ലത് എന്നായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

ബ്രിട്ടീഷ് ഭരണത്തിൽ ജാതി വിവേചനം ഇല്ലാതാവുന്നു എന്ന ആശയം മറ്റൊരു തരത്തിൽ മറ്റൊരു സന്ദർഭത്തിൽ ഗുരുവും പറഞ്ഞിട്ടുണ്ട്. ഒന്നാം ലോകമഹായുദ്ധം നടക്കുന്ന കാലമാണ്. സ്വാമിയും ഒരു ശിഷ്യനും തമ്മിലുള്ള സംവാദം നടക്കുന്നു.

സ്വാമി : 'ഇംഗ്ലീഷുകാർ ജയിക്കാൻ നാമൊക്കെ പ്രാർഥിക്കണം. നമുക്കൊക്കെ സന്യാസം നൽകിയ ഗുരുക്കന്മാരാണ് അവർ'.

ശിഷ്യന്റെ സന്ദേഹം തീർക്കാനായി ഇത്രയും കൂട്ടിചേർത്തു :

SGOU

'ശ്രീരാമന്റെ കാലത്തുകൂടി ശുദ്രാദികൾക്ക് സന്യസിക്കാൻ പാടില്ല എന്നല്ലേ പറയുന്നത്. ഹിന്ദുക്കൾ സ്മൃതി നോക്കി ഭരിക്കുന്നവരല്ലേ? എന്നാൽ ഇഷ്ടം പോലെ ഇഷ്ടമുള്ളവർക്കെല്ലാം സന്യസിക്കുവാൻ അനുവാദം നല്കിയത് ഇംഗ്ലീഷുകാർ ആണല്ലോ. അപ്പോൾ അവർ ഗുരുവായി' (ശ്രീനാരായണഗുരു. കോട്ടുകോയിക്കൽ വേലായുധൻ, പുറം 246).

പതിനായിരക്കണക്കിന് ഈശ്വര വിശ്വാസികൾക്കൊപ്പം സഹോദരൻ അയ്യപ്പൻ, സി.വി. കുഞ്ഞുരാമൻ, സി. കേശവൻ തുടങ്ങിയ യുക്തിവാദികളും നിരീശ്വരവാദികളുമൊക്കെയടങ്ങുന്ന ഒരു വിഭാഗവും നാരായണഗുരുവിന്റെ പ്രധാന അനുയായികളായിരുന്നു. എന്നു മാത്രമല്ല അവരിൽ പലരും എസ്.എൻ.ഡി.പി യോഗത്തിന്റെ ഉന്നത നേതാക്കളുമായിരുന്നു. ഇത് ഇന്നത്തെ കാലത്ത് നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. ശ്രീനാരായണഗുരു എങ്ങനെയാണ് ഉൾക്കൊള്ളലിന്റെ തത്വശാസ്ത്രം സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയത് എന്നതിന് ഉദാഹരണമാണ് ഇത്തരം സംഭവങ്ങൾ. സന്യാസം സ്വീകരിച്ചു എന്നതു കൊണ്ട് മാത്രം ആളുകൾ വിശുദ്ധരാകുന്നില്ല എന്ന് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. നിരീശ്വരവിശ്വാസിയാവുന്നതുകൊണ്ടുമാത്രം ഒരാൾ അസ്വീകാര്യനാകേണ്ടതില്ല എന്നും അദ്ദേഹം കരുതി.

### 5.1.25 ഗുരു വിലയിരുത്തപ്പെടുന്നു

ശ്രീനാരായണഗുരുവിന്റെ മഹത്വം കേട്ടറിഞ്ഞ ഒട്ടേറെപ്പേർ അദ്ദേഹത്തെ സന്ദർശിക്കുകയും ആ മഹത്വം നേരിട്ടറിയുകയും ചെയ്തിട്ടുണ്ട്. മഹാത്മജിയും രവീന്ദ്രനാഥ ടാഗോറും അങ്ങനെ വന്നു കണ്ടവരിൽപ്പെടും. ചിലർ അദ്ദേഹത്തിന്റെ സഹചാരികളായി. മറ്റ് ചിലർ അദ്ദേഹത്തെ ആഴത്തിൽ പഠിച്ചു. ഗുരുവിന്റെ പ്രസക്തി മനസിലാക്കാൻ അവരിൽ ചിലരുടെ വാക്കുകൾ തന്നെ ധാരാളം.

- 'ഞാൻ ലോകത്തിലെ പലഭാഗത്തും സഞ്ചരിച്ചു വരികയാണ് ഇതിനിടയ്ക്ക് പല സിദ്ധന്മാരെയും മഹർഷിമാരെയും കണ്ടിട്ടുണ്ട്. എന്നാൽ നാരായണഗുരുവിനെക്കാൾ മികച്ചതോ അദ്ദേഹത്തിന് തുല്യനോ ആയ ഒരു മഹാത്മാവിനെ എങ്ങും തന്നെ കണ്ടിട്ടില്ല' - ടാഗോർ
- 'ആധുനിക കാലത്തെ ഋഷിവര്യൻ'- റൊമേയ്ൻ റൊളാങ്
- 'അബ്രാഹ്മണർക്ക് നിഷേധിക്കപ്പെട്ട എല്ലാ വൈദിക മന്ത്രങ്ങളും സ്വയം പഠിച്ച് തന്റെ സമുദായത്തെ സാംസ്കാരികമായി ഉയർത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയത് ശ്രീനാരായണനായിരുന്നു.' - വി ടി ഭട്ടതിരിപ്പാട്
- 'സ്വാമിയുടെ അത്ഭുതസിദ്ധി സ്വാമിയുടെ ജീവിതശുദ്ധി തന്നെയായിരുന്നു. വാളെടുക്കാതെയും വെളിച്ചപ്പാടുതുള്ളാതെയും ഒരു ധർമസമരം, സ്വാതന്ത്ര്യസമരം നടത്തി വിജയം വരിച്ച മഹാനേതാവിനെയാണ് ഞാൻ സ്വാമിയിൽ ദർശിച്ചത്'-സി കേശവൻ
- 'തപശ്ചര്യകൊണ്ടു വികസിച്ച സ്വകീയമായ വ്യക്തി മഹത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു. തന്റെ യോഗശക്തിയെയും ജ്ഞാനശക്തിയെയും അദ്ദേഹം ആധ്യാത്മികമണ്ഡലത്തിൽ അടച്ചു പൂട്ടി സൂക്ഷിക്കാതെ ലൗകിക തലത്തിലേക്കും പ്രസരിപ്പിച്ച് ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി. അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി. ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥനാണെന്നും ഈ ഋഷി വര്യനെ വിശേഷിപ്പിക്കാം. - കുറ്റിപ്പുഴ കൃഷ്ണപിള്ള
- അദ്വൈതിയുടെയും സമൂഹപരിഷ്കർത്താവിന്റെയും സങ്കുലിതമായ ഒരുസങ്കീർണ വ്യക്തിത്വമായിരുന്നു സ്വാമിയുടേത് '-സുകുമാർ അഴീക്കോട്
- ഞാൻ ദൈവത്തെ മനുഷ്യരൂപത്തിൽ കണ്ടു. അത് കേരളത്തിന്റെ തെക്കേ അറ്റത്ത് വാണരുളുന്ന ശ്രീനാരായണഗുരു അല്ലാതെ മറ്റാരുമല്ല. - ദീനബന്ധു സി. എഫ്. ആൻഡ്രൂസ്

SGOU



ഗുരു - ടാഗോർ സംഭാഷണം

### 5.1.26 ഗുരു വിമർശനം

തദ്ദേശീയമായ ദേവതകളെയും അനുഷ്ഠാനങ്ങളെയും ഉപേക്ഷിച്ച് ബ്രാഹ്മണികമായ ക്രമങ്ങളിലേക്ക് മാറാൻ ഗുരു പ്രേരിപ്പിച്ചതിനെ ആധുനിക കാലത്ത് പലരും വിമർശിക്കുന്നുണ്ട്. തദ്ദേശീയരുടെ ദൈവസങ്കല്പത്തെ ഉപേക്ഷിക്കാൻ നിർദേശിച്ചതിലൂടെ സവർണന്റെ രീതികളാണ് മികച്ചതെന്ന പ്രഖ്യാപനമായി അത് മാറിയെന്ന വിമർശനമാണ് അവർ ഉയർത്തുന്നത്. വരേണ്യവും അദ്രാവിഡവുമായ സമ്പ്രദായങ്ങൾക്ക് വേണ്ടി ദ്രാവിഡപാരമ്പര്യത്തെയും നാടിന്റെ സ്വത്വത്തെയും നിഷേധിക്കുകയാണ് അദ്ദേഹം ചെയ്തതെന്നാണ് ഈ വിമർശകരുടെ വാദം. ബ്രാഹ്മണരുടെ നിയന്ത്രണത്തിലായിരുന്ന സാത്വിക ആരാധനാരീതികളെ എല്ലാവരുടെയും രീതിയാക്കി മാറ്റുക വഴി ക്ഷേത്രാരാധന സമ്പ്രദായങ്ങളിൽ ഗുരു നടത്തിയത് വിപ്ലവകരമായ ഇടപെടലാണ് എന്ന് മറുവിഭാഗം വാദിക്കുന്നു. അന്നോളം തങ്ങൾക്ക് നിഷേധിക്കപ്പെട്ട ഭക്തിയുടെ ഇടങ്ങളിലേക്ക് അവർണജനതയ്ക്ക് ഒരു ഇടം ഉണ്ടാക്കിക്കൊടുക്കുകയായിരുന്നു എന്ന് ഇവർ ഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠകളെ വിലയിരുത്തുന്നു.

ജന്മംകൊണ്ട് ഈഴവനായിരുന്നെങ്കിലും ഒരിക്കലും ഗുരു ജാതി സ്വത്വം അംഗീകരിച്ചിരുന്നില്ല. എന്നാൽ ഗുരു ജീവിച്ചിരിക്കെത്തന്നെ അദ്ദേഹത്തെ ഈഴവ ആചാര്യനാക്കാനുള്ള ശ്രമം നടന്നിരുന്നു. ആശാൻ എഴുതിയ ജീവചരിത്രത്തിൽ അത്തരം പ്രയോഗങ്ങൾ ധാരാളമുണ്ട്. എസ്.എൻ.ഡി.പി. യോഗത്തെ താൻ ആഗ്രഹിച്ച പോലെ മതേതര ജാതിരഹിത സംഘടനയായി വളർത്താതെ, ഈഴവ സംഘടനായായി സ്ഥാപിച്ചെടുക്കാനുള്ള ഈഴവ പ്രമാണികളുടെ ശ്രമം ഗുരുവിന് പ്രതിരോധിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ താൻ എസ്.എൻ.ഡി.പി. യോഗത്തെ വിട്ടുപോവുകയാണ് എന്ന് പൽപ്പുവിന് കത്തെഴുതുകയാണ് ഗുരു ചെയ്തത്. ജാത്യതീതമായ ഒരു ലോകം ഭാവനചെയ്ത ഗുരുവിനെ പഠിച്ച മണ്ടന്മാർ ചേർന്ന് ജാതി നേതാവാക്കിക്കളഞ്ഞു എന്ന് സഹോദരൻ അയ്യപ്പൻ തുറന്നു പറഞ്ഞിട്ടുണ്ട്. (നാരായണഗുരു. കെ എൻ ഷാജി. പു 294)

താൻ സ്ഥാപിച്ച സന്യാസി സംഘമുൾപ്പെടെ തന്റെ അനുയായികൾ ഗുരു ദർശനത്തിന്റെ യഥാർഥ പാതയിലല്ല പോകുന്നത് എന്നദ്ദേഹം ആശങ്കപ്പെട്ടിരുന്നു. അത് ശ്രീലങ്കയിൽ നിന്ന് മടങ്ങാൻ അദ്ദേഹം മടികാണിച്ചതിൽ നിന്ന് മനസിലാക്കാം. നാരായണഗുരു തുടങ്ങിയിടത്ത് തന്നെയാണ് അവസാനവും നില്ക്കുന്നത് എന്ന് പി കെ ബാലകൃഷ്ണൻ നിരീക്ഷിക്കുന്നു. അരുവിപ്പുറത്തെ 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേനവാഴുന്ന മാതൃകാസ്ഥാനം' തന്നെയാണ് 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന വാക്യത്തിലും അദ്ദേഹം ലക്ഷ്യമാക്കുന്നത്.

1887-ൽ തന്നെ ഗുരു തന്റെ വളർച്ചയുടെ പൂർണത പ്രാപിച്ചിരുന്നു. അനുയായികൾക്ക് പ്രാപ്യമാകുന്നതിനായി അവരുടെ നിലവാരത്തിലേക്ക് അദ്ദേഹം സ്വയം താണു കൊടുക്കുകയായിരുന്നുവെന്നും എന്നിട്ട് അവർക്കൊപ്പം താനും വളരുന്നതായി നടിക്കുകയായിരുന്നുവെന്നും ബാലകൃഷ്ണൻ പറയുന്നു. പക്ഷേ താൻ ആരംഭിച്ചിടത്തേക്ക് അനുയായികളെ എത്തിക്കാൻ കഴിയാത്തതിന്റെ ദുഃഖം ഗുരുവിനെ അലട്ടിയിരുന്നു.

### 5.1.27 സമകാലിക പ്രസക്തി

ജാതിവിവേചനത്തിനെതിരെ രക്തരഹിതവും എന്നാൽ വിസ്ഫോടനാത്മകവുമായ ഒരു വിപ്ലവത്തിനാണ് സ്വാമി നേതൃത്വം നല്കിയത്. ജാതി, മത, സാഹോദര്യത്തിൽ ഇന്ത്യക്കാകെ മാതൃകയാക്കുന്ന ഇന്നത്തെ കേരളം സാധ്യമായതിന് പിന്നിൽ ഗുരുദർശനത്തിന്റെ വെളിച്ചമാണ്. ഗുരു ഉഴുതുമറിച്ച മണ്ണിലാണ് കേരളത്തിലെ സാമൂഹ്യ, രാഷ്ട്രീയനവീകരണത്തിന്റെ വിത്തുപാകി മുളപ്പിച്ചത്. ഒരു സന്യാസി എന്ന

നിലയിൽ തുടങ്ങി സകല ജാതി മതസ്ഥരെയും, വിശ്വാസികളെയും യുക്തിവാദികളെയും നിരീശ്വരവാദികളെയും ഉൾപ്പെടെ സർവരെയും ഉൾക്കൊള്ളാവുന്ന വിശാലതയിലേക്ക് അദ്ദേഹം സ്വയം വളരുകയും ഒപ്പം ഒരു ജനതയെ ഉയർത്തുകയും ചെയ്തു. ആരാധനയിൽ തുടങ്ങിയ വിപ്ലവം വിദ്യാലയത്തിലും കൃഷിയിലും വ്യവസായത്തിലും അതുപോലെ ജീവിതത്തിന്റെ സകല മേഖലകളിലും മെല്ലെമെല്ലെ വ്യാപിപ്പിക്കുകയായിരുന്നു അദ്ദേഹം.

നാം ജീവിക്കുന്ന കാലത്ത് ജാതിയുടെയും മതത്തിന്റെയും പേരിൽ ചേരിതിരിവുകൾ നേരിയ തോതിലെങ്കിലും വീണ്ടും തല പൊക്കിത്തുടങ്ങിയിട്ടുണ്ട്. കെട്ടുകാഴ്ചകളാകുന്ന ആചാരാനുഷ്ഠാനങ്ങൾ പുതിയ രൂപത്തിൽ തിരിച്ചു വരുന്നു. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും കീഴടക്കുന്ന ജനതയാവുകയാണോ മലയാളി? കേരളത്തിലും അപരവിദ്വേഷത്തിന്റെ കളമുളച്ചു തുടങ്ങിരിക്കുന്നു. മത, ജാതി, സ്വത്വങ്ങൾക്കപ്പുറം 'മനുഷ്യൻ' എന്ന ഏകമതം ആയിരുന്നു ഗുരു മുന്നോട്ട് വെച്ചത്. അദ്ദേഹം അദ്വൈതവിശ്വാസിയായിരുന്നു. ഈ ലോകം ഒന്നാകെ ഒരൊറ്റ ഏകകം ആണെന്നായിരുന്നു ആ വിശ്വാസത്തിന്റെ അടിസ്ഥാനം. ആ ഗുരുവിനെ ഈഴവ ഗുരുവും ഹിന്ദുസന്യാസിയും മാത്രമായി കാണാനുള്ള ശ്രമം ചില കോണുകളിൽ ബോധപൂർവം നടക്കുന്നു. സ്വാർഥതാല്പര്യങ്ങളുടെ പൂരണത്തിനായി ഗുരുവിനെ തങ്ങൾക്ക് ഇണങ്ങും വിധം വ്യാഖ്യാനിക്കുകയാണ് മറ്റ് ചിലർ. അദ്ദേഹം വിലക്കിയ മാർഗങ്ങളിൽ സഞ്ചരിക്കുകയും അദ്ദേഹത്തിന്റെ അനുയായിയെന്ന് മേനി നടിക്കുകയും ചെയ്യുന്നവരെ തിരിച്ചറിയാൻ ഒരേ ഒരു വഴിയേ ഉള്ളു ; ഗുരുവിനെ ആഴത്തിൽ പഠിക്കുക, ഗുരു ദർശനങ്ങളുടെ അന്തസത്ത ഉൾക്കൊള്ളുക എന്നതാണ് അത്. ഗുരു ഒരിക്കലും സനാതനധർമ്മത്തിന്റെ പ്രവാചകനായിരുന്നില്ല. മാനവികതയുടെ ആകെത്തുകയായിരുന്നു. ആ ഗുരുത്വമാണ് ഇന്നും ശ്രീനാരായണഗുരു അവതരിപ്പിച്ച നവ അദ്വൈതം.

## Recap

- നവോത്ഥാനത്തിന് മുൻപ് അതിശക്തമായ ജാതി വിവേചനം നിലനിന്ന ഇടമാണ് കേരളം
- ആത്മീയജീവിതവും സാമൂഹ്യ പരിഷ്കരണവും ഒന്നിച്ചു കൊണ്ടുപോയ സന്യാസിയാണ് ശ്രീനാരായണഗുരു
- അദ്വൈത സിദ്ധാന്തം ഗുരുവിനെ സ്വാധീനിച്ചു
- ബാല്യത്തിലേ നാരായണൻ വ്യത്യസ്തതകളുള്ള വ്യക്തിയായിരുന്നു
- ഏകാന്തതയും ധ്യാനവും യാത്രകളും ഇഷ്ടപ്പെട്ട കൗമാരം
- നാണു ഭക്തൻ, നാണു ആശാൻ എന്നീ പേരുകളിൽ അറിയപ്പെട്ടു
- സമുദായ നവീകരണശ്രമങ്ങൾ
- ടാഗോർ, ഗാന്ധിജി തുടങ്ങിയ ദേശീയനേതാക്കളുമായുള്ള കൂടിക്കാഴ്ച
- ആലുവ സർവമതസമ്മേളനം
- ബുദ്ധന്റെ സ്വാധീനവും അനുകമ്പ എന്ന വികാരവും

SGOU

## Objective Type Questions

1. ശ്രീനാരായണഗുരുവിന്റെ ആദ്യ ഗുരു ആരായിരുന്നു ?
2. ഭക്തനായിരുന്ന നാരായണനെ സഹപാഠികൾ വിളിച്ചിരുന്ന പേര് എന്ത്?
3. ചട്ടമ്പി എന്ന വാക്കിന്റെ അർഥം എന്ത്?
4. ചരിത്രകാരൻമാരുടെ അഭിപ്രായത്തിൽ ആദ്യമായി പന്തിഭോജനം നടത്തിയതാര്
5. ഏക ദൈവ വിശ്വാസിയായ സാമൂഹ്യപരിഷ്കർത്താവ് ആര്?
6. അരുവിപ്പുറം പ്രതിഷ്ഠ നടന്ന വർഷം?
7. അരുവിപ്പുറം ക്ഷേത്രയോഗം പിൽക്കാലത്ത് ഏത് പേരിലാണ് അറിയപ്പെട്ടത്?
8. മുരുക്കുംപുഴ ക്ഷേത്ര പ്രതിഷ്ഠ നടന്ന വർഷം?
9. ശ്രീനാരായണഗുരു വിളക്ക് പ്രതിഷ്ഠിച്ച ക്ഷേത്രംഏത്?
10. എസ്.എൻ.ഡി.പി. യോഗത്തിന്റെ മറ്റൊരു പേര് എന്ത്?
11. എസ്.എൻ.ഡി.പി. യുടെ ആദ്യ സെക്രട്ടറി ആരായിരുന്നു?
12. എസ്.എൻ.ഡി.പി. യുടെ ആശയം പ്രചരിപ്പിച്ച മാസികഏത്?
13. ദക്ഷിണകാശി എന്നറിപ്പെട്ട സ്ഥലം ഏത്?
14. "മനുഷ്യർക്ക് ഒരു ജാതിയും ഒരു മതവും ഒരു ദൈവവും അല്ലാതെ ഓരോരുത്തർക്കും വേറെ ജാതിയും മതവും ദൈവവും ഇല്ലെന്ന് ആകുന്നു" എന്ന രേഖപ്പെടുത്തിയിരിക്കുന്നത് ഏത് സ്ഥലത്ത്?
15. ആലുവ സർവമതസമ്മേളനം നടന്ന വർഷം ഏത്?
16. ലോകസേവനം ജീവിതവ്രതമാക്കിയ ബ്രഹ്മചാരികളുടെ സംഘം ഏത് പേരിലാണ് അറിയപ്പെട്ടത്?

## Answers

1. പിതാവായ മാടനാശാൻ
2. നാണുഭക്തൻ
3. ക്ലാസ് ലീഡർ
4. തൈക്കാട് അയ്യാസ്വാമി
5. അയ്യാ വൈകുണ്ഠർ
6. 1888
7. എസ്.എൻ.ഡി.പി.
8. 1921
9. തൃശൂരിലെ കാരമുക്കിൽ
10. വാവൂട്ട് യോഗം
11. മഹാകവി കുമാരനാശാൻ
12. വിവേകോദയം
13. വർക്കല
14. ആലുവ അദ്വൈതാശ്രമത്തിൽ
15. 1924
16. ശ്രീനാരായണ ധർമ്മസംഘം

SGOU

## Assignment

1. ഗുരുവിന്റെ പ്രധാന പ്രബോധനങ്ങൾഏതെല്ലാം? അവ എങ്ങനെയാണ് കേരളീയ നവോത്ഥാനം സാധ്യമാക്കിയത വിവരിക്കുക.
2. ഒരു മനുഷ്യന്റെ ഉന്നത ലക്ഷ്യബോധത്തോടെയുള്ള സമർപ്പിത ജീവിതമാണ് ശ്രീനാരായണഗുരുവിനെ പഠിക്കുന്നവർക്ക് കാണാൻ കഴിയുക. സമർഥിക്കുക.
3. ആലുവ സർവമതസമ്മേളനത്തിന്റെ പ്രാധാന്യം വിവരിക്കുക.
4. ഗുരുവിന്റെ സാഹിത്യസംഭാവനകൾ വിവരിക്കുക.
5. ശ്രീനാരായണ ധർമസംഘം രൂപീകരിക്കുന്നതിലേക്ക് നയിച്ച വസ്തുതകൾ വിശദമാക്കുക.

## References


1. പ്രദീപൻ പാമ്പിരികുന്ന്, നാരായണഗുരു പുനർവായനകൾ, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്.
2. പി.കെ. ബാലകൃഷ്ണൻ, നാരായണഗുരു, കറന്റ് ബുക്സ്, കോട്ടയം.
3. എം.കെ. സാനു, നാരായണഗുരുസ്വാമി, നാഷണൽ ബുക്ക് സ്റ്റാൾ കോട്ടയം.
4. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എ. ശ്രീധരമേനോൻ, കേരള ചരിത്രം, എസ്.പി.സി.എസ്. കോട്ടയം.


## Suggested Readings


1. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരളചരിത്രവും, കറന്റ് ബുക്ക്സ്, കോട്ടയം.
2. ഡോ.ആർ. രാധാകൃഷ്ണൻ, കേരളത്തിലെ നവോത്ഥാന സമരങ്ങൾ, മാളൂബൻ പ്രസിദ്ധീകരണം, തിരുവനന്തപുരം.
3. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം കറന്റ് ബുക്സ്, കോട്ടയം.


SGOU

# 6

# BLOCK

# ആത്മീയാചാര്യന്മാരും സമുദായ പരിഷ്കർത്താക്കളും

# യൂണിറ്റ് 1
# ആത്മീയാചാര്യന്മാരും സമുദായ പരിഷ്കർത്താക്കളും

## Learning Outcomes

- കേരളീയ സാമൂഹിക സാഹചര്യങ്ങളെക്കുറിച്ച് അറിവ് നേടുക
- നവോത്ഥാനപ്രസ്ഥാനത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുക
- ആത്മീയാചാര്യന്മാർ കേരളത്തിന്റെ സാമൂഹിക സാംസ്കാരികമണ്ഡലങ്ങളിൽ വരുത്തിയ മാറ്റങ്ങൾ തിരിച്ചറിയുക
- ചരിത്രാവബോധം സൃഷ്ടിക്കുക

## Prerequisite

### കേരളീയ നവോത്ഥാനം

1919-ൽ ഹൈക്കോടതിയിൽലെത്തിയ ഒരു കേസ് ഇന്ന് നമുക്ക് കൗതുകമായി തോന്നിയേക്കാം. തിരുവിതാംകൂറുകാരനായ ആശാരിക്ക് സവർണന്റെ കുളത്തിൽ കുളിക്കാൻ മോഹം. ആഗ്രഹം പോലെ അയാൾ കുളി നടത്തി. ആശാരി കുളിച്ചപ്പോൾ അശുദ്ധമായ കുളം സവർണൻ ശുദ്ധി ചെയ്തു. കുളം ശുദ്ധീകരിച്ചതിന്റെ ചെലവ് ആശാരി വഹിക്കണമെന്ന് സവർണൻ ആവശ്യപ്പെട്ടു. അതിന് കഴിവില്ലാത്തതിനാൽ ആശാരി കോടതിയെ സമീപിച്ചെങ്കിലും പ്രയോജനമുണ്ടായില്ല. അയാൾ ഹൈക്കോടതിയിലെത്തി. എന്നാൽ വിചിത്രമായ നിരീക്ഷണമാണ് ഹൈക്കോടതി നടത്തിയത്. പാശ്ചാത്യരീതികളനുസരിച്ച് സംഭവം യുക്തിരഹിതമെങ്കിലും തിരുവിതാംകൂറിലെ നിയമമനുസരിച്ച് ആശാരി തെറ്റുകാരനാണ്.

ആഗ്രഹത്തിനൊത്ത് വസ്ത്രം ധരിക്കാനോ, ഭക്ഷണം കഴിക്കാനോ, വഴി നടക്കാനോ, ആരാധിക്കാനോ അവകാശമില്ലാതിരുന്ന ഒരു ജനതയുടെ ദുരിതപൂർണമായ ജീവിതത്തിലേയ്ക്ക് വീശിയ വെളിച്ചമാണ് നവോത്ഥാനമെന്ന് ലളിതമായി പറയാം.

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം"

കുമാരനാശാന്റെ ഈ വരികളിൽ തെളിയുന്ന സ്വാതന്ത്ര്യബോധം കേരളീയ ജനതയുടെ ചിന്താമണ്ഡലത്തിൽ എത്തിയിട്ട് അധികം നാളുകളായിട്ടില്ല. കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ-അടിമത്തത്തിന്റെയും വിവേചനത്തിന്റെയും ദുർദേവതകൾ നമ്മുടെ സമൂഹത്തിൽ

SGOU

നടമാടിയിരുന്ന കാലം. അവ പൂർണമായും നമ്മുടെ സമൂഹത്തെ വിട്ടു പോയിട്ടില്ല. എങ്കിലും ഒരു പരിധിവരെ സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹികതിന്മകളെ സമൂഹത്തിൽനിന്നും തുടച്ചു നീക്കാൻ ജീവിതം ഹോമിച്ച നിരവധി ആത്മീയാചാര്യന്മാരുണ്ട്. അവരുടെ പ്രയത്നങ്ങളെ കൃത്യമായി ഉൾക്കൊള്ളാൻ കഴിഞ്ഞാൽ കേരളീയചരിത്രത്തിലെ നവോത്ഥാനപ്രസ്ഥാനത്തെ ഗ്രഹിക്കാൻ കഴിയും.

കേരളീയ നവോത്ഥാനം പലവിധത്തിലുള്ള പുനരാലോചനകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. നവോത്ഥാനത്തിന്റെ പ്രതിസന്ധികൾ എന്തായിരുന്നെന്നും, വെല്ലുവിളികൾ എത്രത്തോളമുണ്ടായിരുന്നെന്നും, നവോത്ഥാനം ആരുടെ ജീവിതത്തിലാണ് മാറ്റമുണ്ടാക്കാതിരുന്നതെന്നും അതിന്റെ പരിമിതികൾ എന്തെല്ലാമായിരുന്നെന്നുമുള്ള അന്വേഷണങ്ങൾ ഇന്നും തുടരുന്നു. ജാതിവ്യവസ്ഥയുടെ അന്ധതയിൽ ജീവിച്ച ഒരു സാഹചര്യമായിരുന്നു അന്നത്തെ കേരളം. കേരളത്തെ അന്ധവിശ്വാസങ്ങളിൽ നിന്നും, അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കാനാണ് നവോത്ഥാനവും, നവോത്ഥാന നായകരും ശ്രമിച്ചത്. 1888-ൽ ശ്രീനാരായണഗുരു നടത്തിയ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠയാണ് കേരളീയ നവോത്ഥാനത്തിന് ആധികാരികമായ തുടക്കം കുറിച്ച സംഭവം.

## Keywords

ആത്മീയാചാര്യന്മാരും സമുദായ പരിഷ്കർത്താക്കളും നവോത്ഥാന പ്രസ്ഥാനവും - തൈക്കാട് അയ്യാസ്വാമികൾ - വൈകുണ്ഠസ്വാമികൾ - ചട്ടമ്പിസ്വാമികൾ - പൊയ്കയിൽ കുമാരഗുരു- മക്കിതങ്ങൾ - വക്കം മൗലവി - അയ്യൻകാളി - സഹോദരൻ അയ്യപ്പൻ - വി.ടി. ഭട്ടതിരിപ്പാട്.

## Discussion

### 6.1.1 ആത്മീയ ആചാര്യന്മാരും, സമുദായ പരിഷ്കർത്താക്കളും, നവോത്ഥാന പ്രസ്ഥാനവും

#### 6.1.1.1 തുഞ്ചത്ത്‌രാമാനുജൻഎഴുത്തച്ഛൻ



തുഞ്ചത്ത് എഴുത്തച്ഛൻ

വൈദേശികാധിപത്യവും ജാതിവ്യവസ്ഥയും സാമൂഹ്യക്രമങ്ങളും കേരളീയസമൂഹത്തെ മൂല്യച്യുതിയിലേയ്ക്ക് കൂപ്പ് കുത്തിച്ച കാലഘട്ടത്തിലാണ് എഴുത്തച്ഛന്റെ കടന്നുവരവ്. സമൂഹത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞ എഴുത്തച്ഛന്റെ ഉചിതമായ ഇടപെടൽ നവോത്ഥാനത്തിന്റെ പുതുവെളിച്ചമായി മാറി. കീഴ്ജാതിക്കാർക്ക് അപ്രാപ്യമായിരുന്ന പുരാണേതിഹാസങ്ങളെ സാധാരണക്കാരിലേക്കെത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഉന്നതകുലജാതനല്ലാത്ത ഒരു വ്യക്തി അധ്യാത്മരാമായണം കിളിപ്പാട്ട് രചിച്ചത് നവോത്ഥാനത്തിന്റെ ഉദയമായി കണക്കാക്കേണ്ടിയിരിക്കുന്നു. ഭക്തിപ്രസ്ഥാനത്തിലൂടെ സമൂഹത്തിന്റെ അധഃസ്ഥിതാവസ്ഥയെ മറികടക്കാമെന്ന് അദ്ദേഹം വിശ്വസിച്ചു. സവർണരുടെ കുത്തകയായിരുന്ന വിദ്യാഭ്യാസത്തെ - പ്രത്യേകിച്ച് സംസ്കൃതാഭ്യസനത്തെ സാധാരണക്കാരായ നാട്ടുകാർക്ക് പ്രാപ്യമാക്കാൻ എഴുത്തച്ഛൻ ശ്രമിച്ചു. അറിവ് നേടാനുള്ള അവകാശം സാധാരണക്കാർക്ക് ലഭിച്ചുതുടങ്ങിയതോടെ സമൂഹത്തിൽ ചെറുതല്ലാത്ത മാറ്റങ്ങൾ രൂപപ്പെട്ടു തുടങ്ങി. എഴുത്തച്ഛന്റെ കാലത്തെക്കുറിച്ച് പല അഭിപ്രായങ്ങളുണ്ട്. ഏ. ഡി 16-ാം നൂറ്റാണ്ടിലാണ് എഴുത്തച്ഛൻ ജീവിച്ചിരുന്നത് എന്ന് പൊതുവാദം. തിരൂർ തുഞ്ചൻ പറമ്പാണ് ജന്മസ്ഥലമെന്ന കാര്യത്തിൽ തർക്കമില്ല.

SGOU

അധ്യാപകനും യോഗിയുമായിരുന്ന അദ്ദേഹത്തിന്റെ മാതാപിതാക്കളെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. വാർധക്യകാലത്ത് ചിറ്റൂരിൽ മഠം സ്ഥാപിച്ചു.

കേരളത്തിന്റെ ശാപമായിരുന്ന ജാതിവ്യവസ്ഥക്കെതിരെ ശക്തമായി പ്രതികരിക്കാൻ എഴുത്തച്ഛന് കഴിഞ്ഞു. ശൂദ്രന് വിദ്യാഭ്യാസം വിലക്കപ്പെട്ടിരുന്ന കാലത്ത് ഭാഷയിലും സംസ്കൃതത്തിലും പ്രാവീണ്യം നേടി. വേദവും ഉപനിഷത്തുകളും പുരാണേതിഹാസങ്ങളും ഗ്രഹിച്ചു. വേദങ്ങളും ഉപനിഷത്തുകളും ജാതിവ്യവസ്ഥയെ പിന്താങ്ങുന്നില്ല എന്ന് വ്യക്തമാക്കാൻ അദ്ദേഹം ശ്രമിച്ചു. താഴ്ന്ന ജാതിക്കാർ വേദം പഠിച്ചാൽ ഒരാപത്തും വരില്ലെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ എഴുത്തച്ഛൻ ജീവിക്കുന്ന ഉദാഹരണമായി.

പിന്നീട് പത്തൊൻപത്, ഇരുപത്നൂറ്റാണ്ടുകകൾ ആയപ്പോഴേക്കും പൂർണമായും കേരളം നവോത്ഥാനത്തിലേക്ക് ചുവടുവച്ചുകഴിഞ്ഞിരുന്നു. പഴയ സമ്പ്രദായങ്ങൾ തകർത്തെറിയപ്പെട്ടു. പുതിയ സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ ചുറ്റുപാട് രൂപപ്പെട്ടു. പാശ്ചാത്യ വിദ്യാഭ്യാസവും ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളും മാറ്റങ്ങൾക്ക് സഹായകരമായി. അവർണരെന്ന് മുദ്ര കുത്തപ്പെട്ട അടിസ്ഥാന ജനവിഭാഗത്തിനിടയിൽ സ്വാതന്ത്ര്യബോധം രൂപപ്പെട്ടുതുടങ്ങി. സാമൂഹിക പരിഷ്കാരങ്ങൾക്കുവേണ്ടി മതപരവും സാമൂഹികവുമായ പരിഷ്കരണ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ഭാഗത്ത് രൂപപ്പെട്ട പരിഷ്കരണപ്രസ്ഥാനങ്ങളിൽ സവർണരായ ആളുകളും അണിചേർന്നു. ഹിന്ദുമതപരിഷ്കരണത്തിനായി അഖിലേന്ത്യ തലത്തിൽ രൂപപ്പെട്ട ആര്യസമാജം, ബ്രഹ്മവിദ്യാസംഘം തുടങ്ങിയ സംഘടനകൾ കേരളീയ ജനതയിലും ചലനങ്ങൾ സൃഷ്ടിച്ചു.

ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച പരിഷ്കരണ പ്രസ്ഥാനങ്ങളാണ് കേരളത്തിന്റെ മാറ്റങ്ങൾക്ക് അടിസ്ഥാനമായി വർത്തിച്ചത്. ഇത്തരത്തിൽ കേരളചരിത്രത്തിന്റെ നവോത്ഥാനത്തിന് സാക്ഷ്യം വഹിച്ച നവോത്ഥാന നായകരെ ജീവിതകാലക്രമത്തിൽ പരിചയപ്പെടാം.

### 6.1.2 നവോത്ഥാന കാലത്തെ ആചാര്യന്മാർ

- ചാവറ കുരിയാക്കോസ് ഏലിയാസ് (1805 –1871)
- അയ്യാ വൈകുണ്ഠസ്വാമികൾ (1809-1851)
- തൈക്കാട് അയ്യാസ്വാമി(1814 –1909)
- ആറാട്ടുപുഴ വേലായുധപണിക്കർ (1825 –1874)
- ചട്ടമ്പിസ്വാമികൾ (1853 –1924)
- ശ്രീനാരായണഗുരു (1856 –1928)
- ഡോ. പൽപ്പു(1863 –1950)
- അയ്യൻകാളി (1863 –1941)
- ബ്രഹ്മാനന്ദശിവയോഗി (1852 –1929)
- മിതവാദി സി. കൃഷ്ണൻ (1867 –1938)
- വക്കം അബ്ദുൾഖാദർ മൗലവി (1873–1932)
- മന്നത്ത് പത്മനാഭൻ (1878 –1970)
- പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ (1879 – 1939)
- കുറുമ്പൻ ദൈവത്താൻ (1880 –1927)
- വാഗ്ഭടാനന്ദൻ (1885 –1939)
- പാമ്പാടി ജോൺ ജോസഫ് (1887 –1940)
- സഹോദരൻ അയ്യപ്പൻ (1889 –1968)
- ആഗമാനന്ദ സ്വാമികൾ(1896 –1961)
- സ്വാമി ആനന്ദതീർഥൻ(1905 –1987)

#### 6.1.2.1 ചാവറ കുരിയാക്കോസ് ഏലിയാസ് (1805–1871)

കേരളനവോത്ഥാന നായകനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു ചാവറ കുരിയാക്കോസ് ഏലിയാസ്. ക്രൈസ്തവസഭ അദ്ദേഹത്തെ വിശുദ്ധനായി വണങ്ങുന്നു. ആലപ്പുഴ ജില്ലയിലെ കൈനകരിയിൽ ജനിച്ചു. ക്രൈസ്തവ പുരോഹിതനായിരുന്നു അദ്ദേഹം. പൗരോഹിത്യത്തിലൂടെ സാമൂഹിക സേവനവും നവോത്ഥാന പ്രവർത്തനങ്ങളും നടത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കോട്ടയം ജില്ലയിലെ മാന്നാനമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന കർമഭൂമി. ജാതിവിവേചനവും സവർണമേധാവിത്തവും സമൂഹത്തെ ഇരുട്ടിലാക്കിയപ്പോൾ വിദ്യാഭ്യാസത്തിലൂടെ ആ ഇരുട്ടിനെ അകറ്റാൻ ചാവറയച്ചൻ പരിശ്രമിച്ചു. ജാതിഭേദവും മതദ്വേഷവും ഇല്ലാത്തൊരു സമൂഹമായിരുന്നു ചാവറയച്ചന്റെ സ്വപ്നം. പുരോഹിതൻ, ജീവകാരുണ്യ

SGOU

പ്രവർത്തകൻ, വിദ്യാഭ്യാസപ്രവർത്തകൻ, നവോത്ഥാന നായകൻ, സാമൂഹിക പരിഷ്കർത്താവ് എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രശസ്തി നേടി. അച്ചടി രംഗത്തും സാഹിത്യത്തിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു.

അച്ചൻ മാന്നാനത്ത് ആരംഭിച്ച സ്കൂളിൽ എല്ലാ വിഭാഗത്തിൽനിന്നുമുള്ള കുട്ടികൾക്ക് പ്രവേശനം ലഭിച്ചു. ജാതിയുടെയോ മതത്തിന്റെയോ അതിരുകൾ അദ്ദേഹത്തിന്റെ വിദ്യാലയത്തെ ബാധിച്ചിരുന്നില്ല. എല്ലാ പള്ളികളോടും ചേർന്ന് പള്ളിക്കൂടങ്ങൾ (സ്കൂളുകൾ) നിർബന്ധമാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇതിനായി കല്പന പുറപ്പെടുവിക്കുകയും ചെയ്തു. വിപ്ലവകരമായ ഒരു തീരുമാനമായിരുന്നു അത്. പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾ വന്നതോടെ വിദ്യാഭ്യാസം സാർവത്രികമാവുക എന്ന ലക്ഷ്യത്തോടടുത്തു. പാവപ്പെട്ട വിദ്യാർഥികൾക്ക് ഉച്ചഭക്ഷണം നല്കാൻ അദ്ദേഹം കണ്ടെത്തിയ വഴിയായിരുന്നു 'പിടിയരി' കൊടുക്കൽ. ഓരോ ദിവസവും ചോറ് വയ്ക്കാൻ അരി എടുക്കുമ്പോൾ ഒരു പിടി അരി മാറ്റി വച്ച് ആഴ്ചയുടെ അവസാനം അത് പാവപ്പെട്ട കുട്ടികൾക്ക് കൊടുക്കാൻ ആശ്രമത്തിൽ എത്തിക്കാൻ അദ്ദേഹം തദ്ദേശീയരെ പ്രേരിപ്പിച്ചു. ഇത് വളരെ ഭംഗിയായി ആളുകൾ തുടർന്നു പോന്നിരുന്നു. ദാരിദ്ര്യം അനുഭവിച്ചിരുന്ന വിദ്യാർഥികൾക്ക് ഉച്ചഭക്ഷണം നല്കാൻ ഈ കർമ്മപരിപാടി സഹായകരമായി.

മാന്നാനത്ത് അച്ചുകൂടം സ്ഥാപിക്കാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. തത്ഫലമായി കേരളത്തിലെ മൂന്നാമത്തെ അച്ചുകൂടം മാന്നാനം കുന്നിൽ സ്ഥാപിക്കപ്പെട്ടു. തദ്ദേശീയൻ നിർമ്മിച്ച ആദ്യ അച്ചുകൂടമെന്ന ഖ്യാതി ചാവറയച്ചന്റെ അച്ചുകൂടത്തിനാണ്. സെന്റ് ജോസഫ്സ് പ്രസ് എന്നറിയപ്പെട്ട ഈ മുദ്രണാലയം മുദ്രണചരിത്രത്തിൽ പ്രധാനമാണ്. 'നസ്രാണി ദീപിക' എന്ന ആദ്യകാലപത്രം അച്ചടിച്ചതിവിടെനിന്നാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും പ്രസ് ഉപകാരപ്പെട്ടു. നിരവധി കവിതകളും ഗ്രന്ഥങ്ങളും ചാവറയച്ചൻ രചിച്ചു. അദ്ദേഹം രചിച്ച 'അനസ്താസ്യയുടെ രക്തസാക്ഷിത്വം' ഭാഷയിലെ ആദ്യ ഖണ്ഡകാവ്യങ്ങളിലൊന്നാണ്. സാമൂഹിക പ്രവർത്തനങ്ങൾക്കൊപ്പം സമുദായത്തിന്റെ നവീകരണത്തിലും അദ്ദേഹം ശ്രദ്ധ വച്ചിരുന്നു. സി.എം.ഐ. സഭ ഉൾപ്പെടെയുള്ള സന്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു. വിദ്യാലയങ്ങളും അച്ചുകൂടവും സജ്ജീകരിച്ചു. ഒരു നല്ല അപ്പന്റെ ചാവരുൾ, നാളാഗമം എന്നിങ്ങനെ സന്മാർഗ ജീവിതത്തിനുതകുന്ന നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. ജാതി വ്യത്യാസം, വിവേചനം എന്നിവയെ ഇല്ലാതെയാക്കാൻ കർമ്മനിരതനായിരുന്ന ചാവറയച്ചൻ മലയാളസാഹിത്യത്തിനും പ്രശംസനീയമായ സംഭാവനകൾ നൽകി. പക്ഷെ കേരളനവോത്ഥാന ചരിത്രത്തിലോ മലയാളസാഹിത്യ ചരിത്രത്തിലോ ചാവറയച്ചന്റെ പ്രാധാന്യം അധികം പരാമർശിക്കപ്പെട്ടില്ല. അച്ചുകൂടത്തിന്റെ സ്ഥാപകനെന്ന പരാമർശത്തിൽ അദ്ദേഹത്തിന്റെ സ്തുത്യർഹസേവനങ്ങളെ ഒതുക്കി നിർത്തി. ജാതിയെയും മതത്തെയും നിരാകരിച്ച് സർവർക്കും വിദ്യാഭ്യാസം ലഭിക്കാൻ പ്രയത്നിച്ച നവോത്ഥാന നായകനാണ് ചാവറ കുരിയാക്കോസ് ഏലിയാസ്.

### 6.1.2.2 അയ്യാ വൈകുണ്ഠസ്വാമികൾ (1809 – 1851)

സമത്വത്തിനുവേണ്ടി പോരാടിയ ആദ്യകാല നവോത്ഥനനായകനാണ് വൈകുണ്ഠസ്വാമികൾ. കന്യാകുമാരി ജില്ലയാണ് ജന്മദേശം. സ്വാമികളുടെ ജന്മസ്ഥലം 'സ്വാമിത്തോപ്പ്' എന്നറിയപ്പെടുന്നു. മുടിചൂടും പെരുമാൾ എന്നായിരുന്നു ആദ്യ പേര്. സവർണരുടെ എതിർപ്പ് മൂലം പേര് മുത്തുക്കുട്ടി എന്നാക്കേണ്ടി വന്നു. വൈകുണ്ഠസ്വാമികൾ എന്ന നാമം സ്വീകരിച്ചു. മഹാവിഷ്ണുവിന്റെ അവതാരമെന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചിരുന്നു. അസമത്വത്തിനെതിരെയും അനീതിക്കെതിരെയും ശക്തമായി പോരാടി. മതപരിവർത്തനം, വിഗ്രഹാരാധന എന്നിവയെ എതിർത്തു. സമൂഹത്തിൽ പിന്നാക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന ജനതയ്ക്ക് ബോധവല്ക്കരണം നടത്തി. എല്ലാ ജാതിക്കാർക്കും ഉപയോഗിക്കാൻ സ്വാമിത്തോപ്പിൽ സ്വാമിക്കിണർ/ മുന്തിരി കിണർ പണികഴിപ്പിച്ചു.



അയ്യാ വൈകുണ്ഠ സ്വാമികൾ

SGOU

1836-ൽ സമത്വസമാജം രൂപികരിച്ചു. കേരളത്തിലെ ആദ്യ സാമൂഹികസംഘടനായി സമത്വസമാജത്തെ പരിഗണിക്കേണ്ടിയിരിക്കുന്നു. ഭരണത്തിലെ പോരായ്മകൾക്കെതിരെ ശബ്ദമുയർത്തി. അധഃസ്ഥിതജനതയ്ക്ക് പ്രതികരിക്കാനുള്ള ധൈര്യം പകരുന്നതിൽ വൈകുണ്ഠ സ്വാമികൾ വിജയിച്ചു. മേൽമുണ്ട് സമരത്തിന് പിന്തുണ നൽകിയവരിൽ പ്രധാനിയാണ് അദ്ദേഹം. ഹിന്ദുയാഥാസ്ഥിതിക ചിന്തകളെയും മതപരിവർത്തനത്തെയും വിമർശിച്ചു. 1851-ൽ വൈകുണ്ഠ സ്വാമികൾ നടത്തിയ കണ്ണാടിപ്രതിഷ്ഠ ഏറേ പ്രാധാന്യം അർഹിക്കുന്നു. ദക്ഷിണേന്ത്യയിലെ ആദ്യ കണ്ണാടിപ്രതിഷ്ഠയാണിത്. എല്ലാവരിലും ഈശ്വരൻ കുടികൊള്ളുന്നുവെന്ന ചിന്ത പകരുകയായിരുന്നു കണ്ണാടിപ്രതിഷ്ഠയുടെ ലക്ഷ്യം. കൂലി തന്നില്ലെങ്കിൽ വേല ചെയ്യരുതെന്ന് അദ്ദേഹം തൊഴിലാളികൾക്ക് നിർദേശം നൽകി. ഏകദൈവത്തിൽ അധിഷ്ഠിതമായ 'അയ്യാവഴി' എന്ന മതം സ്ഥാപിച്ചതും വൈകുണ്ഠസ്വാമികളാണ്. അച്ഛന്റെ അഥവാ ദൈവത്തിന്റെ വഴി എന്നാണ് അയ്യാവഴി അർഥമാക്കുന്നത്. തമിഴ്കൃതികളായ അകിലത്തിരുട്ട്, അരുൾനൂൽ എന്നിവ സ്വാമികളുടെ ആത്മകഥാംശമുൾക്കൊള്ളുന്ന ശ്രദ്ധേയ രചനകളാണ്.

### 6.1.2.3 തൈക്കാട് അയ്യാസ്വാമി (1814 -1909)

ഗുരുവിന്റെ ഗുരു എന്നറിയപ്പെട്ട നവോത്ഥാന നായകനാണ് തൈക്കാട് അയ്യാസ്വാമി. തിരുവനന്തപുരത്ത് തൈക്കാടു വച്ച് ചരിത്രത്തിലാദ്യമായി പന്തിഭോജനം നടത്തിയത് അയ്യാസ്വാമിയാണ്. തമിഴ്നാട്ടിലായിരുന്നു ജനനം. സുബ്ബരായർ എന്നായിരുന്നു യഥാർഥ നാമം. പിന്നീട് ശിവരാജയോഗി അയ്യാസ്വാമികൾ എന്ന നാമം സ്വീകരിച്ചു. ദേശസഞ്ചാരത്തിന് ശേഷം തൈക്കാട് വന്ന് താമസമാരംഭിച്ചു. യോഗാചാര്യനും പണ്ഡിതനുമായിരുന്ന അദ്ദേഹത്തെ അന്വേഷിച്ച് ആളുകൾ എത്തിയിരുന്നു. ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, സ്വാതിതിരുനാൾ എന്നിങ്ങനെ ശ്രേഷ്ഠരായ ശിഷ്യഗണം അദ്ദേഹത്തിനുണ്ടായിരുന്നു. അയ്യൻകാളി ഉൾപ്പെടെ നിരവധി ആളുകൾ അദ്ദേഹത്തിന്റെ ചിന്തകളിൽ ആകൃഷ്ടരായിരുന്നു.


തൈക്കാട് അയ്യാ സ്വാമി

സമൂഹത്തിന്റെ ദുരവസ്ഥയ്ക്ക് കാരണം ജാതിവ്യവസ്ഥയാണെന്ന് അയ്യാസ്വാമികൾ വിശ്വസിച്ചിരുന്നു. ജാതിവ്യവസ്ഥയെ ശക്തമായി എതിർക്കുകയും ചെയ്തു. എല്ലാവരെയും തുല്യരായി കണ്ടിരുന്ന അദ്ദേഹം സ്ത്രീകൾക്കും സന്യസിക്കാമെന്ന് വ്യക്തമാക്കി. അയിത്തത്തിനെതിരെ അയ്യാസ്വാമികൾ നടത്തിയ പന്തിഭോജനം പിൽക്കാലത്ത് നടന്ന നവോത്ഥാന പ്രവർത്തനങ്ങൾക്ക് ഊർജം നൽകി. എതിരാളികൾ അദ്ദേഹത്തെ 'പാണ്ടിപ്പറയൻ' എന്ന് വിളിച്ച് അധിക്ഷേപിച്ചു.


'ഇന്ത ഉലകത്തിലെ
ഒരേ ഒരു മതം താൻ
ഒരേ ഒരു ജാതി താൻ
ഒരേ ഒരു കടവുൾ താൻ'

എന്നതായിരുന്നു അധിക്ഷേപങ്ങൾക്കുള്ള മറുപടി.

സാമൂഹിക പരിഷ്കർത്താക്കളും പണ്ഡിതരുമായ നിരവധി ആളുകളുടെ ഗുരുവായിരുന്നതിനാൽ അദ്ദേഹം 'ഗുരുവിന്റെ ഗുരു' എന്നറിയപ്പെട്ടു. കേരളനവോത്ഥാനപ്രവർത്തനങ്ങൾക്ക് ശക്തി പകർന്ന ആദ്യകാലനവോത്ഥാന നായകനായി തൈക്കാട് അയ്യാസ്വാമിയെ പരിഗണിക്കേണ്ടിയിരിക്കുന്നു.

### 6.1.2.4 ചട്ടമ്പിസ്വാമികൾ (1853 - 1924)

കേരളനവോത്ഥാനത്തിന് ബീജാവാപം ചെയ്ത ശ്രീ ചട്ടമ്പിസ്വാമികൾ 1853 ആഗസ്റ്റ് 25 ന് തിരുവനന്തപുരത് കണ്ണമ്മൂലയിലുള്ള കൊല്ലൂർ ഗ്രാമത്തിൽ ജനിച്ചു. അച്ഛനമ്മമാർ കുഞ്ഞൻ എന്ന നാമകരണം ചെയ്തു. ദാരിദ്ര്യം വിദ്യാഭ്യാസത്തിനു പ്രതിബന്ധമായതിനാൽ കൊല്ലൂർ മഠത്തിലെ നമ്പൂതിരിക്കുട്ടികൾ സംസ്കൃതം പഠിക്കുന്നത് മറഞ്ഞു നിന്ന് കേട്ടാണ് സംസ്കൃതം പഠിച്ചത്. ചെറുപ്പം മുതലേ ഈശ്വരചിന്ത കുഞ്ഞനിൽ പ്രകടമായിരുന്നു. പേട്ടയിൽ രാമൻ പി


ചട്ടമ്പിസ്വാമികൾ

SGOU


ള്ള ആശാന്റെ വിദ്യാലയത്തിൽ നിന്നും തമിഴ്, കണക്ക്, സംഗീതം എന്നിവ പഠിച്ചു. പഠിപ്പിലും സ്വഭാവശുദ്ധിയിലുമുള്ള മികവുകൊണ്ട് ചട്ടമ്പി (മോണിറ്റർ) ആയി. ദാരിദ്ര്യവും കുടുംബ പ്രാരാബ്ധങ്ങളും മൂലം വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നിർത്തി. ഉപജീവനത്തിന് പല രംഗങ്ങളിലായി അല്പകാലം വ്യാപരിച്ചു.

സമൂഹത്തിന്റെ അന്തസത്തയും അതിൽ അന്തർലീനമായിരിക്കുന്ന ശക്തിയും കണ്ടറിഞ്ഞ് ജനങ്ങളെ ഉദ്ബുദ്ധരാക്കുക എന്ന മഹത്തായ കർത്തവ്യമാണ് ചട്ടമ്പിസ്വാമികൾ സ്വയം ഏറ്റെടുത്തത്. നൂറ്റാണ്ടുകളായി നിലനിന്ന വർണവ്യവസ്ഥയുടെ ദൂഷ്യഫലങ്ങൾ മാത്രം ഉൾക്കൊണ്ട ഒരു കാലഘട്ടമായിരുന്നു അത്. മനുഷ്യനെ മനുഷ്യനിൽ നിന്നകറ്റിയ ജാതിവ്യവസ്ഥയുടെ കരാള ഹസ്തത്തിൽ പെട്ട് പിടഞ്ഞമരുന്ന ഒരു ജനവിഭാഗത്തിന്റെ തേങ്ങലുകൾ കേട്ടില്ലെന്നു നടിക്കാൻ സമസ്യഷ്ടി സ്നേഹം അദ്ദേഹത്തെ അനുവദിച്ചില്ല. ജാതിശ്രേണിയുടെ തലപ്പത്തു വിരാജിക്കുന്ന ബ്രാഹ്മണരുടെ സാമൂഹ്യമേൽക്കോയ്മക്കെതിരെയുള്ള ആദ്യത്തെ ധീരമായ ശബ്ദം ചട്ടമ്പിസ്വാമികളുടേതായിരുന്നു. വേദം പഠിക്കുന്നതിന് ബ്രാഹ്മണർക്ക് അധികാരമില്ലെന്നു ശഠിച്ച യാഥാസ്ഥിതിക ബ്രാഹ്മണപുരോഹിത്യനിലപാടിനെ അദ്ദേഹം ചോദ്യം ചെയ്തു. വേദോപനിഷത്തുകളെ പ്രമാണമാക്കിക്കൊണ്ടു തന്നെ അവരുടെ നിലപാടിന്റെ പൊള്ളത്തരം തുറന്നു കാട്ടി.

കേരളത്തെ ഭ്രാന്താലയമാക്കി മാറ്റിയ ജാതി വ്യവസ്ഥ ഇല്ലായ്മ ചെയ്യാനുള്ള ഫലപ്രദമായ മാർഗമായി അദ്ദേഹം കണ്ടത് ഈഴവരും മറ്റ് അയിത്തജാതിക്കാരുമായി നിരന്തര സമ്പർക്കത്തിലേർപ്പെടുക എന്നതായിരുന്നു. ഇത് അക്കാലത്തെ യാഥാസ്ഥിതിക നായർ പ്രമാണിമാരുടെ കടുത്ത വിമർശനത്തിനും പരിഹാസത്തിനും കാരണമായി. പക്ഷേ, അതൊന്നും അദ്ദേഹത്തിന്റെ ഇച്ഛാശക്തിയെ മറികടക്കാൻ പര്യാപ്തമായിരുന്നില്ല. ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും തമ്മിലുള്ള ആത്മീയ ബന്ധം കേരളത്തിലെ രണ്ടു പ്രബല സമുദായങ്ങളെ കൂടുതലടുപ്പിച്ചു. നാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന സാമൂഹ്യപരിഷ്കരണ സംരംഭങ്ങൾക്ക് - അയിത്തോച്ചാടന പ്രക്ഷോഭങ്ങൾക്ക് - നായർ സമുദായത്തിലെ പുരോഗമന വാദികളുടെ സഹകരണമുണ്ടായത് ചട്ടമ്പിസ്വാമികളുടെ സ്വാധീനം കൊണ്ടായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ഒരു കൊടുങ്കാറ്റു പോലെ വീശിയടിച്ച സാമൂഹിക പരിഷ്കരണത്തിന്റെ ചാലക ശക്തി ചട്ടമ്പിസ്വാമികളുടെ ആശയാദർശനങ്ങളായിരുന്നു. അദ്ദേഹം 1924 മെയ് - 5 ന് പന്മനയിൽ സമാധിയായി. അദ്ദേഹത്തിന്റെ ശിഷ്യരും ആരാധകരും കൂടി അവിടെ സ്ഥാപിച്ച ക്ഷേത്രവും ആശ്രമവും ഒരു തീർഥാടന കേന്ദ്രമെന്ന നിലയിൽ അസംഖ്യമാളുകളെ ആകർഷിച്ചു കൊണ്ടിരിക്കുന്നു.

### 6.1.2.5 പൊയ്കയിൽ യോഹന്നാൻ/ പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ (1879 –1939)

കേരള നവോത്ഥാന നായകന്മാരിൽ വ്യത്യസ്തനാണ് പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ. തിരുവല്ലയിലെ ഇരവിപേരൂരിലെ പറയകുടുംബത്തിൽ ജനിച്ച് അടിസ്ഥാന വർഗത്തിന്റെ ആത്മീയാചാര്യനായി ഉയർത്തപ്പെട്ട വ്യക്തിത്വവും ഹൈന്ദവർക്കിടയിലും ക്രൈസ്തവർക്കിടയിലും നിലനിന്നിരുന്ന ജാതിപരമായ വിവേചനം



പൊയ്കയിൽ
യോഹന്നാൻ

അനുഭവിച്ചതോടെ ശക്തമായി പ്രതികരിക്കാൻ ഇറങ്ങിത്തിരിച്ച നവോത്ഥാന നായകനുമായിരുന്നു കുമാരഗുരുദേവൻ. കുമാരൻ എന്നായിരുന്നു യഥാർഥ പേര്. കുടുംബം ഒന്നാകെ മതപരിവർത്തനത്തിലൂടെ ക്രൈസ്തവ മതത്തിലേക്ക് ചേർന്നതോടെ 'യോഹന്നാൻ' എന്നായി പേര്. ജാതി വ്യത്യാസവും പരിഹാസങ്ങളും പരിവർത്തിത ക്രൈസ്തവർക്കായി പ്രത്യേക പള്ളികൾ പണിതതും യോഹന്നാന് അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ജാതിവ്യവസ്ഥ ഉൾപ്പെടെ സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളിൽനിന്നും മോചനം ലഭിക്കാൻ ക്രൈസ്തവമതം സ്വീകരിച്ച അധഃസ്ഥിതരായ ആളുകൾ സഭയ്ക്കുള്ളിൽ അനീതി നേരിട്ടപ്പോൾ യോഹന്നാൻ ശക്തമായി പ്രതികരിച്ചു. ക്രൈസ്തവർക്കിടയിൽനിന്നും ജാ

SGOU

തി വിവേചനം നേരിട്ടതോടെ യോഹന്നാനും കൂട്ടാളികളും സഭ വിട്ടുപോന്നു.

എല്ലാ മതവിഭാഗങ്ങളിൽനിന്നും ദുരനുഭവങ്ങൾ നേരിട്ടതോടെ പ്രത്യക്ഷരക്ഷാ ദൈവസഭ രൂപീകരിച്ചു (PRDS - God-'s Church of Visible Salvation). 1909 - ൽ ഇരവിപേരൂർ ആസ്ഥാനമാക്കിയാണ് സഭ സ്ഥാപിച്ചത്. പി.ആർ.ഡി.എസിന്റെ ആത്മീയനേതാവെന്ന നിലയിൽ യോഹന്നാൻ പിന്നീട് 'പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ' എന്നറിയപ്പെട്ടു. 'പൊയ്കയിൽ അപ്പച്ചൻ', 'കേരള നെപ്പോളിയൻ' എന്നിങ്ങനെയുള്ള അപരനാമങ്ങളിലും അദ്ദേഹം അറിയപ്പെട്ടു. എതിരാളികൾ അദ്ദേഹത്തെ 'പുലയൻ മത്തായി' എന്ന് വിളിച്ചാണ് അധിക്ഷേപിച്ചിരുന്നത്. സാധാരണക്കാർക്കായി അദ്ദേഹം നടത്തിയ പ്രതിഷേധസമരങ്ങൾ 'അടിലഹള' എന്നറിയപ്പെട്ടു. 'ദ്രാവിഡ ദലിതൻ' എന്ന ആശയത്തിന് പ്രചാരം നൽകി. അടിസ്ഥാന ജനവിഭാഗം ആദിമജനതയുടെ പിന്മുറക്കാരാണെന്ന് ചിന്ത തന്റെ അനുയായികളിൽ വളർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. പിആർഡിഎസ് വളരെ വേഗത്തിൽ ശക്തിപ്രാപിച്ചു.

കുമാരഗുരുദേവൻ 1921-ലും 1931-ലും ശ്രീമൂലം പ്രജാസഭയിൽ അംഗമായി. തന്റെ വിഭാഗത്തിന്റെ അവകാശങ്ങൾക്കുവേണ്ടി അദ്ദേഹം അധികാരികൾക്കു മുന്നിൽ ശബ്ദമുയർത്തി. അധഃസ്ഥിതജാതികളെ ഒന്നിച്ചു നിർത്തി അവകാശങ്ങൾക്കുവേണ്ടി പൊരുതാൻ അവരെ പ്രാപ്തരാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ജാതി നോക്കാതെ വിവാഹം ചെയ്യാൻ അദ്ദേഹം പി. ആർ.ഡി.എസ്. സഭയിലുള്ളവരോട് ആഹ്വാനം ചെയ്തു. തന്റെ ജനതയുടെ ചരിത്രം എവിടെയും രേഖപ്പെടുത്താതെ പോയതിന്റെ ആകുലത അദ്ദേഹം പങ്കുവച്ചു. 'കാണുന്നീല്ലൊരക്ഷരവും' തുടങ്ങി തന്റെ ജനതയെ അടയാളപ്പെടുത്തുന്ന നിരവധി പാട്ടുകൾ അദ്ദേഹം രചിക്കുകയും ചെയ്തു. തിരുവിതാംകൂറിൽ അയിത്തജാതിക്കാർക്കായി ആദ്യ ഇംഗ്ലീഷ് സ്കൂൾ സർക്കാർ അനുമതിയോടെ സ്ഥാപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. വിദ്യാഭ്യാസത്തിലൂടെ തന്റെ ജനതയെ ഉന്നതിയിലെത്തിക്കാമെന്ന് അദ്ദേഹം മനസിലാക്കിയിരുന്നു. ശ്രീമൂലം പ്രജാസഭയിൽ ദലിത് വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പിനായി വാദിച്ചത് കുമാരഗുരുദേവനാണ്.

### 6.1.2.6 മക്തിതങ്ങൾ (1847 - 1912)

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ വെളിയംകോട് ദേശത്താണ് മക്തിതങ്ങൾ ജനിച്ചത്. സയ്യിദ് സനാഉല്ലാ മക്തിതങ്ങൾ എന്നാണ് പൂർണനാമം. മതപരിഷ്കരണം, വിദ്യാഭ്യാസ പരിഷ്കരണം, ഗ്രന്ഥരചന, മതാന്തരസംവാദം, സ്ത്രീവിദ്യാഭ്യാസം, പത്രപ്രവർത്തനം, മലയാള ഭാഷയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്ത മേഖലകളിൽ വ്യക്തി മുദ്രപതിപ്പിച്ചിട്ടുണ്ട്. മലയാളം, തമിഴ്, ഉർദു അറബി, പേർഷ്യൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടിയ അദ്ദേഹം ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിൽ എക്സൈസ് ഇൻസ്പെക്ടർ ആയി ജോലി ചെയ്തു. മലപ്പുറത്തെ മഞ്ചേരി പൊന്നാനി പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു അദ്ദേഹത്തിന്റെ സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങൾ.


അക്കാലത്തെ മുസ്ലീംനേതാക്കൾ ബ്രിട്ടീഷുകാരുടെ നികുതി പിരിവിൽ പ്രതിഷേധിച്ച് സർക്കാരിനോട് ശത്രുതാമനോഭാവം വച്ചു പുലർത്തിയിരുന്നു. അതുകൊണ്ട് തന്നെ ഇംഗ്ലീഷ്, പിശാചിന്റെ ഭാഷയാണെന്ന് വിശ്വസിക്കുകയും അത് ഒഴിവാക്കുകയും ചെയ്തു. മലയാളം പഠിക്കാൻ തയ്യാറാകാതെ അറബിഭാഷ മാത്രമായിരുന്നു പഠിച്ചിരുന്നത്, അതുകൊണ്ട് മുസ്ലീം മതസ്ഥർക്ക് മറ്റുള്ളവരെപോലെ തൊഴിലവസരങ്ങൾ ലഭിച്ചില്ല. ഇത് അവരെ സാമൂഹികവും സാമ്പത്തികവുമായി പിന്നോട്ടു നയിച്ചു. ഈ സമയത്ത് മുസ്ലീം സമുദായത്തെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായി പുനരുദ്ധരിക്കാൻ മുന്നോട്ടു വന്ന നവോത്ഥാന നായകനാണ് മക്തിതങ്ങൾ. മലയാളഭാഷ പഠിക്കാനും ഇംഗ്ലീഷ് ഭാഷയോടുള്ള എതിർപ്പ് ഇല്ലാതാക്കാനും ഈ രണ്ടു ഭാഷകൾ പഠിക്കുക വഴി പുതിയ അവസരങ്ങൾ ലഭിക്കുമെന്ന് ബോധ്യപ്പെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞു. മുസ്ലീംസമൂഹത്തിനകത്തെ യാഥാസ്ഥിതികതയുടെ അടിസ്ഥാനങ്ങളിലൊന്നായി അദ്ദേഹം കണ്ടെത്തിയത് മാതൃഭാഷാ പഠനത്തോട് സമുദായം കാണിക്കുന്ന അവഗണനയാണ്. വിദ്യാഭ്യാസപരമായും സാമൂഹികമാ

SGOU

യും ബഹുദൂരം പിന്തള്ളപ്പെട്ടു പോയ മുസ്ലീം സമുദായത്തിൽ പുരോഗമന ചിന്തയും ആധുനിക വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വളർത്താനും അദ്ദേഹം ശ്രമിച്ചു. സ്വസമുദായത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെയുള്ള പ്രചാരണവും അദ്ദേഹം ഏറ്റെടുത്തു. ഭരണാധികാരികൾക്കെതിരെ നിരന്തര കലാപത്തിനിറങ്ങിയ മാപ്പിളമാരെ അതിൽ നിന്ന് പിന്തിരിപ്പിച്ചു. ഭരണകൂടങ്ങളിൽ നിന്നും പരമാവധി ആനുകൂല്യങ്ങൾ നേടിയെടുത്ത് സ്വന്തം ഭാവി ഭാസുരമാക്കാൻ അവരെ പ്രേരിപ്പിച്ചു. സ്ത്രീവിദ്യാഭ്യാസത്തെ ആദ്യഘട്ടത്തിൽ എതിർത്തിരുന്നെങ്കിലും പിന്നീട് പ്രോത്സാഹിപ്പിക്കുകയും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്കൂളുകൾ വേണമെന്ന വാദത്തെ എതിർക്കുകയും. ചെയ്തു. ആ ശ്രമമാണ് പിന്നീട് മലപ്പുറം ജില്ലയിലെ മുസ്ലീം ജനവിഭാഗത്തിന് ഉണർവും പുരോഗതിയും ഉണ്ടാവാൻ കാരണമായത്. ബഹുഭാഷാപണ്ഡിതൻ, മുസ്ലീം നവോത്ഥാന നായകൻ, അറബിമലയാളം ലിപി പരിഷ്കർത്താവ് തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ മക്തിതങ്ങൾ പ്രസാധകൻ എന്ന നിലയിലും വ്യക്തിമുദ്രയും പതിപ്പിച്ചു. 'നബിനയം' പ്രധാനകൃതിയാണ്. 'തുർക്കി സമാചാരം' എന്ന പത്രവും, 'പരോപകാരി' എന്ന മാസികയും അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു.

### 6.1.2.7 വക്കം അബ്ദുൾഖാദർ മൗലവി (1873-1932)

നവോത്ഥാന കേരളത്തിലെ മുസ്ലിം നവോത്ഥാന നായകനാണ് വക്കം അബ്ദുൾഖാദർ മൗലവി. മുസ്ലീംനവോത്ഥാനത്തിന്റെ പിതാവ് എന്നും അദ്ദേഹം അറിയപ്പെട്ടു. അദ്ദേഹം ആരംഭിച്ച സ്വദേശാഭിമാനി പത്രം കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളെ ശക്തമായി സ്വാധീനിച്ചു. ഭരണകൂടത്തെയും സാമൂഹിക തിന്മകളെയും ചോദ്യം ചെയ്യാൻ പത്രം ഉപാധിയായി. പൊതുജനത്തെ പ്രബുദ്ധരാക്കാൻ പ്രസിദ്ധീകരണങ്ങളിലൂടെ കഴിയുമെന്ന് അദ്ദേഹം തെളിയിച്ചു. ജനാധിപത്യത്തിലേക്ക് നാടിനെ നയിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നു. 'സ്വദേശാഭിമാനി പത്രം' ഇതിൽ നിർണായക പങ്ക് വഹിച്ചതായി കാണാം. സാമൂഹിക തിന്മകൾക്കെതിരെയും ഭരണകൂടത്തിനെതിരെയും പ്രതികരിച്ചതിനാൽ പത്രം കണ്ടുകെട്ടുകയും പത്രാധിപരായിരുന്ന സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു.



വക്കം അബ്ദുൾഖാദർ മൗലവി

ശ്രീനാരായണഗുരുവുമായി വക്കം അബ്ദുൾഖാദർ മൗലവി അടുത്ത ബന്ധം സ്ഥാപിച്ചിരുന്നു. പുരോഗമനചിന്തകൾ കൈക്കൊണ്ട വക്കം മൗലവി തന്റെ സമുദായത്തിലെ അന്ധവിശ്വാസങ്ങളെയും അനീതികളെയും ഉന്മൂലനം ചെയ്യാൻ പരിശ്രമിച്ചു. മുസ്ലീംവിഭാഗത്തെ നവോത്ഥാനത്തിലേയ്ക്ക് നയിച്ചത് മൗലവിയുടെ പ്രവർത്തനങ്ങളാണെന്ന് നിസംശയം പറയാം. സ്കൂൾ വിദ്യാഭ്യാസം നേടാൻ ആഹ്വാനം ചെയ്യുകയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള വിമുഖതയെ മാറ്റിയെടുക്കുകയും ചെയ്തു. സ്ത്രീ വിദ്യാഭ്യാസത്തെ അനുകൂലിച്ചു.സമുദായത്തിന്റെ പിന്നോക്കാവസ്ഥ മറികടക്കാൻ വിദ്യാഭ്യാസവും സാമൂഹിക പ്രവർത്തനങ്ങളും അനിവാര്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഓൾ തിരുവിതാംകൂർ മുസ്ലീം മഹാജനസഭ, ചിറയിൻകീഴ് താലൂക്ക് മുസ്ലിംസമാജം, ഇസ്ലാമിയ പബ്ലിഷിങ് ഹൗസ് എന്നിവയുടെ സ്ഥാപകനാണ്. മൗലവിയുടെ പ്രവർത്തനങ്ങളുടെ ഫലമായി മുസ്ലീംവിദ്യാർഥികളുള്ള സ്കൂളുകളിൽ അറബി പഠിപ്പിക്കാൻ മഹാരാജാവ് കല്പന നൽകി. മുസ്ലീം വിദ്യാർഥികൾക്കായി ഇളവുകളും പഠനസഹായങ്ങളും നൽകി. ബഹുഭാഷാ പണ്ഡിതനായിരുന്ന വക്കം മൗലവി അറബി മലയാളത്തിന്റെ പ്രചാരണത്തിൽ മുഖ്യപങ്ക് വഹിച്ചു. അൽ-ഇസ്ലാം, മുസ്ലീം, ദീപിക തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ സമുദായ പരിഷ്കരണവും പ്രബോധനവും സാധ്യമാക്കി. മുസ്ലീം സമുദായത്തിന്റെ നവോത്ഥാനത്തിൽ മൗലവിയുടെ പങ്ക് അവിസ്മരണീയമാണ്.

### 6.1.2.8 അയ്യൻകാളി (1866 - 1947)

ആധുനിക കാലത്തെ പ്രധാനപ്പെട്ട സാമൂഹി

SGOU

കപരിഷ്കർത്താവാണ് അയ്യൻകാളി. ആശയങ്ങൾ കൊണ്ടു മാത്രമല്ല ഏറ്റുമുട്ടലുകളുടെ ഒരു നീണ്ട ചരിത്രം സൃഷ്ടിച്ചാണ് അയ്യൻകാളി നവോത്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. രക്തരൂക്ഷിതമായ ഏറ്റുമുട്ടലായിരുന്നു അത്. പട്ടിണിക്കാരായ ജന ങ്ങളെ പോരാളികളായി മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു. വഴി നടക്കാനുള്ള അവകാശത്തിനു വേണ്ടി 1893-ൽ നടത്തിയ വില്ലുവണ്ടി സമരം അയ്യൻകാളിയുടെ നേതൃ ത്വത്തിലായിരുന്നു. വിദ്യാഭ്യാസത്തിലൂടെ മാ ത്രമേ ഇനി അധഃസ്ഥിത രായ ജനങ്ങളുടെ ഉന്നമ നം സാധിക്കൂ എന്നു മനസിലാക്കിയ അയ്യൻ കാളി, വിദ്യാഭ്യാസം നേ ടാനുള്ള അവകാശം നേ ടിയെടുത്തെങ്കിലും അദ്ദേഹം സ്ഥാപിച്ച സ്കൂളുകൾ സവർണർ തീവെച്ച് നശിപ്പിച്ചു. കഴ ക്കൂട്ടം, ചെന്നിത്തല, കണിയാപുരം, ബാലരാമ പുരം തുടങ്ങിയ ദലിത് വിദ്യാലയങ്ങളിൽ ചെന്ന് വിദ്യാർഥികളെ അവർ ഭീഷണിപ്പെടുത്തുകയും മർദിക്കുകയും ചെയ്തു. പുലയ പെൺകുട്ടികൾ ക്കുള്ള പള്ളിക്കൂടം സവർണർ ആക്രമിക്കുക യും തീവെച്ചു നശിപ്പിക്കുകയും ചെയ്തു. ഈ കറുത്ത ദിനങ്ങൾ 90-ാമാണ്ട് വിപ്ലവമെന്നാണറി യപ്പെടുന്നത്. ഈ ധിക്കാരങ്ങൾക്കെതിരെ പോ രാടിയാണ് അയ്യൻകാളി ചരിത്രത്തിലിടം നേടി യത്.


അയ്യൻകാളി

1907-ൽ സാധുജനപരിപാലനസംഘം സ്ഥാപി ച്ച് തന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തി. അധഃസ്ഥിതസമുദായങ്ങൾ അനുഭവിച്ചിരുന്ന അനീ തിക്കെതിരെ അദ്ദേഹം ശക്തിയുക്തം പ്രതി ഷേധിച്ചു. ദലിതർക്ക് സ്വാതന്ത്ര്യത്തോടെ വഴിനടക്കാനും, കല്ലുമാല പോലുള്ള പ്രാകൃതാ ഭരണങ്ങൾ ഉപേക്ഷിക്കാനും (കല്ലുമാല സമരം) പരിഷ്കൃത വേഷങ്ങൾ ധരിക്കാനും വിദ്യാഭ്യാ സം നേടാനുമായി അദ്ദേഹം നടത്തിയ പോരാ ട്ടങ്ങൾ കേരളചരിത്രത്തിലെ മറക്കാനാവാത്ത സംഭവങ്ങളാണ്. കാർഷികജോലി ബഹിഷ്ക രണങ്ങൾ നടപ്പിലാക്കിയ അയ്യൻകാളി ദലിത് വിദ്യാർഥികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതു വരെ ഒരു വർഷത്തിൽ കൂടുതൽ കാലം സവർ ണരുടെ പാടത്ത് പണിയെടുക്കാതെ സമരം ചെയ്തു. സവർണർ ഒത്തുതീർപ്പിന് തയ്യാറാവു കയും സമരം വിജയിക്കുകയും ചെയ്തു. 1914-ൽ ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം അംഗമായി. ക്ഷേത്രപ്രവേശനവിളംബരത്തിനനുകൂലമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിലും, ഉദ്യോ ഗസ്ഥനിയമനത്തിനും നിയമസഭാപ്രാതിനിധ്യ ത്തിനും ആനുപാതികവ്യവസ്ഥ അനുവദിക്കു ന്നതിലും അയ്യൻകാളിയുടെ പ്രവർത്തനങ്ങൾ വിജയിച്ചു. ആരുടെ മുന്നിലും തലകുനിക്കാത്ത നേതാവായിരുന്നു അദ്ദേഹം. അധഃസ്ഥിത വർഗ ത്തിന്റെ ഉയർച്ച സാധ്യമായത് അയ്യൻകാളിയു ടെ വിപ്ലവകരമായ പ്രവർത്തനം മൂലമാണ്.

അയിത്തവർഗക്കാരായ ഹിന്ദുക്കളേയും മതം മാറിയിട്ടും അവഗണന നേരിടേണ്ടി വന്ന പുതു ക്രിസ്ത്യാനികളേയും ചേർത്തുകൊണ്ട് 1907-ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ സാധുജനപ രിപാലന സംഘം രൂപീകരിച്ചു. ശുചിത്വം, അച്ച ടക്കം മുതലായ പ്രാഥമിക പ്രശ്നങ്ങളോടൊപ്പം വിദ്യാഭ്യാസ സ്വാതന്ത്ര്യം നേടുന്നതിനും സംഘം പ്രാധാന്യം നൽകി. ആഴ്ചയിൽ ഏഴുദിവസ വും ജന്മിക്കുവേണ്ടി പണിയെടുത്തവർ മേലാൽ ആറുദിവസം മാത്രമേ പണി ചെയ്യാവൂ എന്ന് സംഘം നിർദേശിച്ചു. ഞായറാഴ്ച ദിവസം സംഘത്തിന്റെ യോഗങ്ങൾ ചേരുകയും സമു ദായ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷ മമാക്കുന്നതിന് സാധുജനപരിപാലിനി എന്ന പേരിൽ മാസിക പ്രസിദ്ധീകരിച്ചു.

സാധുജനപരിപാലനസംഘത്തിന്റെ ആഭിമു ഖ്യത്തിൽ അവർണരുടെ സ്കൂൾ പ്രവേശനത്തി നായി സമരങ്ങൾ ആരംഭിച്ചു. എന്റെ കുഞ്ഞു ങ്ങളെ പഠിപ്പിക്കാൻ സമ്മതിച്ചില്ലെങ്കിൽ ഈ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ലു കുരുപ്പി ക്കും എന്ന് അയ്യൻകാളി പ്രഖ്യാപിച്ചു. ഇതിന്റെ പേരിൽ പലതവണ സംഘർഷങ്ങളുണ്ടായി. ഒരു വർഷം നീണ്ടു നിന്ന ഈ സമരമാണ് കേരളത്തി ലെ ആദ്യ തൊഴിലാളിസമരം. സമരക്കാരുടെ ന്യായമായ ആവശ്യങ്ങൾ ഒടുവിൽ അംഗീകരി ക്കപ്പെട്ടു.

### 6.1.2.9 സഹോദരൻ അയ്യപ്പൻ (1889– 1968)

എറണാകുളം ജില്ലയിലെ ചെറായിയാണ്

SGOU


സഹോദരൻ കെ. അയ്യപ്പന്റെ ജന്മദേശം. ശ്രീനാരായണഗുരുവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. സമൂഹത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 'വിദ്യാപോഷിണി സഭ', 'സഹോദരസംഘം' എന്നിവ രൂപീകരിച്ചു. സഹോദരസംഘത്തിന്റെ മുഖപത്രമായി 'സഹോദരൻ' ആരംഭിച്ചു. പിന്നീട് അദ്ദേഹം സഹോദരൻ അയ്യപ്പൻ എന്നറിയപ്പെട്ടു. ജാതിവ്യവസ്ഥ തകർക്കുക, മിശ്രഭോജനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ അദ്ദേഹം പ്രവർത്തിച്ചു. സാമൂഹിക പരിഷ്കർത്താവ്, സാഹിത്യകാരൻ, പ്രാസംഗികൻ എന്നീ നിലകളിൽ അദ്ദേഹം ശ്രദ്ധ നേടി. കേരളചരിത്രത്തിലെ നാഴികക്കല്ലായ മിശ്രഭോജനത്തിന് നേതൃത്വം നൽകിയത് സഹോദരൻ അയ്യപ്പനാണ്. പുലയരെയും ഈഴവരെയും ഒന്നിച്ചിരുത്തി നടത്തിയ മിശ്രഭോജനം വിപ്ലവകരമായ നീക്കമായിരുന്നു. മിശ്രഭോജനത്തെ എതിർത്തവർ അദ്ദേഹത്തെ 'പുലയൻ അയ്യപ്പൻ' എന്ന് പരിഹസിച്ചു. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ശ്രീനാരായണഗുരുവിന്റെ വാക്കുകൾക്ക് പകരമായി 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്'എന്ന മുദ്രാവാക്യം അദ്ദേഹം ഉയർത്തിയിരുന്നു. കേരളത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന് അടിത്തറയൊരുക്കുന്നതിൽ സഹോദരൻ അയ്യപ്പൻ മുഖ്യപങ്ക് വഹിച്ചു. അവനവനിസം, ജാതികുശുമ്പ്, ആൾദൈവം എന്നിങ്ങനെ നിരവധി കൃതികൾ രചിച്ചു. സമഭാവനയുടെ സന്ദേശം കേരളക്കരയിൽ പ്രചരിപ്പിക്കാൻ സഹോദരൻ അയ്യപ്പൻ വളരെ പ്രയത്നിച്ചതായി കാണാം.



സഹോദരൻ അയ്യപ്പൻ

### 6.1.2.10 വി.ടി. ഭട്ടതിരിപ്പാട് (1896-1982)

കേരള നവോത്ഥാന നായകരിൽ ഏറ്റവും കരുത്തനായ ബഹുമുഖപ്രതിഭയാണ് വി.ടി. ഭട്ടതിരിപ്പാട്. കുടുമയും പൂണൂലും മനുഷ്യമനസുകളിൽ അന്ധകാരം നിറച്ചപ്പോൾ, സ്ത്രീകളെ അടുക്കളയിൽ തളച്ചിട്ടപ്പോൾ, അതിനെതിനെ മുഴങ്ങിയ ധീരശബ്ദമായിരുന്നു വി.ടി.യുടേത്. സ്വന്തം സമുദായത്തിന്റെ അടിമുടിയുള്ള പരിഷ്കരണങ്ങൾക്കാവശ്യമായ നിരവധി പ്രയോഗമാതൃകകൾ വി.ടി തുറന്നിട്ടു. മറക്കുട തല്ലിത്തകർത്ത് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരാൻ സ്ത്രീകളോട് അദ്ദേഹം ആഹ്വാനം ചെയ്തു. ലഘുലേഖകളിലൂടെയും പ്രസംഗങ്ങളിലൂടെയും നാടകങ്ങളിലൂടെയും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രചാരണം നടത്തി. 'അമ്പലങ്ങൾക്ക് തീകൊളുത്തുക' തുടങ്ങിയ നിരവധി ലേഖനങ്ങൾ ജനങ്ങളിൽ ആവേശം വളർത്തി. ഈ ലേഖനത്തിന്റെ പേരിൽ ശിക്ഷ ഏറ്റുവാങ്ങിയിട്ടുണ്ട്.



വി.ടി. ഭട്ടതിരിപ്പാട്

#### *6.1.2.10.1 ജീവചരിത്രം*

1896 മാർച്ച് 26-ന് അങ്കമാലി കിടങ്ങൂർ കൈപ്പിള്ളി മനയിൽ ആണ് ജനിച്ചത്. അദ്ദേഹത്തിന്റെ മുഴുവൻ പേര് വെള്ളിത്തിരുത്തിത്താഴത്ത് രാമൻ ഭട്ടതിരിപ്പാട് എന്നായിരുന്നു. ദരിദ്രമായ ഒരില്ലത്താണ് ബാല്യകാലം ചെലവഴിച്ചത്. വേദപഠനത്തിന് ശേഷം നിവൃത്തി കേടുകൊണ്ട് ശാന്തിക്കാരനായി ജോലി ചെയ്യേണ്ടിവന്നു. തിയ്യാടിപ്പെൺകുട്ടിയിൽ നിന്ന് അക്ഷരാഭ്യാസം നേടിയതോടെ വായിക്കാനും അറിവുനേടാനുമുള്ള ആഗ്രഹം വർധിച്ചു. അതിനുശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകയും വായന വിപുലീകരിക്കുകയും ചെയ്തു. അപ്പോഴാണ് തന്റെ സമുദായത്തിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീജീവിതത്തെ എത്രമാത്രം ദുരിതത്തിലാക്കുന്നുണ്ടെന്ന് മനസിലായത്. ലഘുലേഖകളിലൂടെയും പ്രസംഗങ്ങളിലൂടെയും നാടകാവതരണങ്ങളിലൂടെയും നമ്പൂതിരി സമുദായത്തിലെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. യാചനായാത്ര, വിധവാവിവാഹം, ഘോഷാബഹിഷ്കരണം എന്നിങ്ങനെ ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെ ആധുനികകേരളത്തിന് അടിത്തറ പാകാൻ വി.ടി ക്ക് സാധിച്ചു. 1982 ഫെബ്രുവരി 12 ന് അന്തരിച്ചു.

SGOU

### *6.1.2.10.2 സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങൾ*

ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ഈഴവ സമുദായത്തിൽ നടന്ന നവീകരണ പ്രവർത്തനങ്ങൾ യുവാവായിരുന്ന വി.ടി. യെ ആകർഷിച്ചു. തന്റെ സമുദായത്തിലും ഇത്തരം പ്രവർത്തനങ്ങൾ ആരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന സത്യം അദ്ദേഹം മനസ്സിലാക്കി. യുവാക്കളെ ബോധവല്കരിച്ചുകൊണ്ടുമാത്രമേ യാഥാസ്ഥിതികരായ വൃദ്ധരെ നിലയ്ക്കുനിർത്താൻ സാധിക്കൂ എന്ന് മനസിലാക്കിയ വി.ടി., നമ്പൂതിരി യുവജനസംഘം രൂപീകരിച്ചു. യോഗക്ഷേമസഭയിൽ നിന്ന് വ്യത്യസ്തമായി സമുദായത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാക്കാനും നമ്പൂതിരിസമുദായത്തെ മറ്റ് സമുദായങ്ങളോട് ചേർത്തുനിർത്താനുമാണ് യുവജനസംഘം ശ്രമിച്ചത്.

### *6.1.2.10.3 യാചനായാത്ര*

നമ്പൂതിരി വിദ്യാലയത്തിലെ പാവപ്പെട്ട വിദ്യാർഥികളുടെ പഠനത്തിന് ധനം സമ്പാദിക്കാൻ വേണ്ടിയാണ് ഈ യാത്ര സംഘടിപ്പിച്ചത്. 1931 ഏപ്രിൽ 5-ന് ആരംഭിച്ച യാത്ര 37 ദിവസം കൊണ്ട് കേരളത്തിലെ വിവിധ പ്രദേശങ്ങളിലൂടെ സഞ്ചരിച്ചു. നമ്പൂതിരി സമുദായത്തിലും ദരിദ്രരുണ്ടെന്നും സമുദായ മനഃസാക്ഷിയെ തൊട്ടുണർത്താനും ഈ യാത്ര കൊണ്ട് സാധിച്ചു.

### *6.1.2.10.4 സ്ത്രീവിമോചനം*

സ്വന്തം കുടുംബത്തിലെ സ്ത്രീകളുടെ ദുരിതങ്ങൾ കണ്ടപ്പോഴാണ് ജാതിയിൽ ഉയർന്നതായിട്ടും സ്വന്തം സമുദായത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ച് വി.ടി. ഭട്ടതിരിപ്പാട് മനസിലാക്കിയത്. സ്ത്രീയും പുരുഷനെപ്പോലെ ചിന്തിക്കുകയും വികാരം കൊള്ളുകയും ചെയ്യുന്നവളാണെന്നും സമൂഹത്തിൽ പുരുഷനു തുല്യമായ പ്രാധാന്യം അർഹിക്കുന്നവളാണെന്നും സ്വന്തം സമുദായത്തിലെ യുവജനങ്ങളെ അദ്ദേഹം ഓർമിപ്പിച്ചു. രഹസ്യമായി വിതരണം ചെയ്ത ലഘുലേഖകളിലൂടെ മറക്കുടകൾ തല്ലിത്തകർത്ത് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരാൻ സ്ത്രീകളോട് ആഹ്വാനം ചെയ്തു. വിവാഹക്കാര്യത്തിൽ സ്ത്രീകളുടെ അഭിപ്രായം മാനിക്കണമെന്നും എല്ലാ പെൺകുട്ടികൾക്കും സാമാന്യവിദ്യാഭ്യാസം നൽകണമെന്നും വി.ടി നിർദേശിച്ചു. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം അവതരിപ്പിച്ചതോടെ നമ്പൂതിരി സ്ത്രീകൾ തങ്ങളുടെ ദുരവസ്ഥയെക്കുറിച്ച് ബോധവതികളാവുകയും സ്വാതന്ത്ര്യബോധമുള്ളവരാവുകയും ചെയ്തു.

### *6.1.2.10.5 അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്*

1929 ഡിസംബർ 24 ന് തൃശൂർ എടക്കുനിയിലെ വടക്കിനിയേടത്ത് ഇല്ലത്ത് യോഗക്ഷേമ സഭയുടെ വാർഷികസമ്മേളനത്തിലാണ് ആദ്യമായി 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകം അവതരിപ്പിച്ചത്. ഒറ്റ രാത്രിയിലെ അഭിനയം കൊണ്ട് സമൂഹത്തിൽ പരിവർത്തനം വരുത്താൻ ആ നാടകത്തിന് സാധിച്ചു. 26 കഥാപാത്രങ്ങളും പതിനാറു രംഗങ്ങളുമുള്ള നാടകം ആറുമണിക്കൂർ ദൈർഘ്യമുള്ളതായിരുന്നു. അവതരിപ്പിച്ച സ്ഥലങ്ങളിലെല്ലാം എതിർപ്പുകളുണ്ടായെങ്കിലും സ്ത്രീകളുടെ ഭാഗത്തുനിന്ന് നല്ല പിന്തുണയാണ് കിട്ടിയത്. ചില സ്ത്രീകൾ അവരുടെ ഓട്ടുവളകൾ അഴിച്ച് നാടകസംഘത്തിന് നൽകി. അന്ധവിശ്വാസങ്ങൾ വലിച്ചെറിഞ്ഞ് ഉന്നതവിദ്യാഭ്യാസം നേടിയ പുരോഗമനവാദിയായ മാധവനും അയാളെ പ്രണയിക്കുന്ന ബാല്യകാലസഖിയായ ദേവകിയുമാണ് ഇതിലെ പ്രധാനകഥാപാത്രങ്ങൾ. ദുരാചാരങ്ങളുടെ ചങ്ങലയിൽ വീർപ്പുമുട്ടിയ നമ്പൂതിരി സമുദായത്തിന്റെ കോട്ട തകർക്കുവാനുള്ള ആദ്യത്തെ ആറ്റംബോംബ് എന്നാണ് ഈ നാടകം വിശേഷിപ്പിക്കപ്പെട്ടത്. വേദാധ്യയനത്തിന്റെ അപഹാസ്യതയെക്കുറിച്ച് സൂചിപ്പിക്കുന്ന ഒന്നാം രംഗം തന്നെ പൗരോഹിത്യത്തിന് ഏൽപ്പിച്ച ശക്തമായ അടിയാണ്. പഴഞ്ചൻ ആശയങ്ങളെ മുഴുവൻ നിരാകരിച്ചുകൊണ്ട് മാധവൻ ദേവകിയെ വിവാഹം ചെയ്യുന്ന രംഗത്തോടെയാണ് നാടകം അവസാനിക്കുന്നത്. ഈ നാടകം കണ്ട നമ്പൂതിരി സ്ത്രീകൾ മറക്കുടകൾ ബഹിഷ്കരിക്കുകയും തങ്ങൾക്കിഷ്ടമല്ലാത്ത വിവാഹത്തിന് വിസമ്മതിക്കുകയും പൊതുസ്ഥലങ്ങളിൽ ബ്ലൗസ് ധരിക്കുകയും പൊതുവേദിയിൽ മടികൂടാതെ പ്രസംഗിക്കുകയും ചെയ്തു.

SGOU

### 6.1.2.10.6 വിധവാ വിവാഹം

ചെറുപ്രായത്തിലുള്ള പെൺകുട്ടികളെ വൃദ്ധന്മാർക്ക് വിവാഹം കഴിച്ചുകൊടുക്കുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. വൃദ്ധരായ ഭർത്താക്കന്മാർ മരിച്ചാൽ ഈ പെൺകുട്ടികൾ ജീവിതകാലം മുഴുവൻ ഇരുട്ടുമുറിയിൽ ആരുടേയും കണ്ണിൽപ്പെടാതെ ജീവിതം കഴിച്ചുകൂട്ടണമായിരുന്നു. വി.ടി. യുടെ നേതൃത്വത്തിൽ യുവാക്കൾ രണ്ടുരീതിയിലാണ് ഇതിനോട് പ്രതികരിച്ചത്. വിവാഹം കഴിക്കാൻ വരുന്ന വൃദ്ധബ്രാഹ്മണരെ തടയുകയും അവരെ കായികമായി നേരിടുകയും ചെയ്തു. യുവാക്കളോട് ഇത്തരം വിധവകളെ വിവാഹം കഴിക്കാനാവശ്യപ്പെടുകയും ചെയ്തു. വി.ടിയുടെ കാർമ്മികത്വത്തിൽ 1934 സെപ്തംബർ 13-ന് അദ്ദേഹത്തിന്റെ വീടായ രസികസദനത്തിൽ വെച്ച് നമ്പൂതിരി സമുദായത്തിലെ ആദ്യവിധവാവിവാഹം നടന്നു. വി.ടി. യുടെ ഭാര്യാസഹോദരിയും വിധവയുമായ ഉമാദേവി അന്തർജനത്തെ മുല്ലമംഗലത്ത് രാമൻ ഭട്ടതിരി (എം.ആർ.ബി.) വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ അനുജൻ പ്രേംജിയും വിധവാവിവാഹത്തിന് തയ്യാറായി. ഇതിന്റെ പേരിൽ എം.ആർ.ബിയെ സ്വന്തം ഇല്ലക്കാർതന്നെ പടിയടച്ച് പിണ്ഡം വച്ച് പുറത്താക്കുന്ന സ്ഥിതിയുണ്ടായി. എങ്കിലും പിന്നീട് ധാരാളം നമ്പൂതിരി യുവാക്കൾ സധൈര്യം വിധവകളെ വിവാഹം കഴിക്കാൻ തയ്യാറായി.

### 6.1.2.10.7 ഘോഷാ ബഹിഷ്കരണം

'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിന്റെ ആവേശത്തിൽ നമ്പൂതിരി സ്ത്രീകൾ പൊതുവേദികളിലേക്ക് വരാനും വിവിധ പ്രദേശങ്ങളിൽ സ്ത്രീകളുടെ യോഗങ്ങൾ വിളിച്ചു ചേർക്കാനും തയ്യാറായി. ഘോഷ(മറക്കുട)യുമായി യാത്രചെയ്യുന്നത് അവസാനിപ്പിക്കണമെന്നും ബ്ലൗസ് ധരിക്കണമെന്നും അത്തരം യോഗങ്ങളിൽ ആഹ്വാനം ചെയ്തു. പാർവതി നെന്മേനിമംഗലം, ആര്യാപള്ളം എന്നീ സ്ത്രീകളാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. പാർവതിനെന്മേനിമംഗലത്തിന്റെ അധ്യക്ഷതയിൽ നമ്പൂതിരി സ്ത്രീകൾ യോഗം ചേരുകയും തുടർന്ന് മറക്കുട ഉപേക്ഷിച്ച് വി.ടി. ഭട്ടതിരിപ്പാട് പ്രസംഗിക്കുന്ന വേദിയിലേക്ക് ജാഥയായി കയറിച്ചെല്ലുകയും ചെയ്തു.

വി.ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥയായ 'കണ്ണീരും കിനാവും' മലയാളത്തിലെ ഏറ്റവും മികച്ച ആത്മകഥകളിലൊന്നാണ്. ഒരു കാലഘട്ടത്തിലെ തന്റെ സമുദായത്തിന്റെ ദയനീയ ചിത്രം സത്യസന്ധമായി ആ ആത്മകഥയിൽ ചിത്രീകരിച്ചിരിക്കുന്നു. രജനീരംഗം, കർമ്മവിപാകം, വി.ടി. യുടെ ഉപന്യാസങ്ങൾ വെടിവെട്ടം, എന്റെ മണ്ണ് എന്നീകൃതികളും നിരവധി ലേഖനങ്ങളും ലഘുലേഖകളും അദ്ദേഹം രചിച്ചിട്ടുണ്ട്.

SGOU

## Recap

- മതപരവും സാമൂഹികവുമായ പ്രസ്ഥാനങ്ങൾ രൂപപ്പെട്ടു
- ചാവറ കുര്യാക്കോസ് പൗരോഹിത്യത്തിലൂടെ സാമൂഹികസേവനവും നവോത്ഥാനപ്രവർത്തനങ്ങളും നടപ്പിലാക്കി
- എഴുത്തച്ഛൻ പുരാണ ഇതിഹാസങ്ങൾ സാധാരണക്കാരിലേക്ക് എത്തിച്ചു
- ജാതിവ്യത്യാസവും വിവേചനവും ഇല്ലാതാക്കാൻ കർമ്മനിരതനായിരുന്നു ചാവറ അച്ചൻ
- തൈക്കാട് അയ്യാസ്വാമികളെ പാണ്ടിപ്പറയൻ എന്ന് വിളിച്ച് അധിക്ഷേപിച്ചിരുന്നു
- ഏകദൈവത്തിൽ അധിഷ്ഠിതമായ അയ്യാവഴി എന്ന മതം അയ്യാ വൈകുണ്ഠസ്വാമികൾ സ്ഥാപിച്ചു
- ജാതിശ്രേണിയുടെ തലപ്പത്ത് വിരാജിക്കുന്ന ബ്രാഹ്മണരുടെ സാമൂഹ്യ മേൽക്കോയ്മക്കെതിരെയുള്ള ആദ്യത്തെ ശബ്ദം ചട്ടമ്പിസ്വാമിയുടേതായിരുന്നു
- ക്ലാസ് നിയന്ത്രിച്ചിരുന്ന ആൾ എന്ന നിലയിൽ ചട്ടമ്പിസ്വാമിക്ക് ചട്ടമ്പി എന്ന പേര് ലഭിച്ചു.

- മുസ്ലീം സമുദായത്തിൽ പുരോഗമന ചിന്തയും ആധുനിക വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വളർത്താൻ മക്തിതങ്ങൾ ശ്രമിച്ചിരുന്നു
- മുസ്ലീം നവോത്ഥാനത്തിന്റെ പിതാവെന്ന് വക്കം അബ്ദുൽഖാദർ മൗലവി അറിയപ്പെട്ടു
- വില്ലുവണ്ടി സമരം അയ്യൻകാളിയുടെ നേതൃത്വത്തിലാണ് നടന്നത്
- അധഃസ്ഥിതവർഗത്തിന്റെ ഉയർച്ച സാധ്യമായത് അയ്യൻകാളിയുടെ വിപ്ലവകരമായ പ്രവർത്തനത്തിലൂടെയായിരുന്നു.
- യാചനായാത്ര, വിധവാവിവാഹം, ഘോഷാബഹിഷ്കരണം എന്നീ ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെ വി.ടി.ഭട്ടതിരിപ്പാട് ആധുനിക കേരളത്തിന് അടിത്തറപാകി

## Objective Type Questions

1. പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾ നിർബന്ധമാക്കണമെന്ന് കല്പന പുറപ്പെടുവിച്ച സാമുദായിക പരിഷ്കർത്താവ് ആര്?
2. സ്വാമിത്തോപ്പ് ആരുടെ ജന്മസ്ഥലമാണ് ?
3. ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയതാര്?
4. 'ഗുരുവിന്റെ ഗുരു' എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ ആര്?
5. എതിരാളികൾ തൈക്കാട് അയ്യാസ്വാമികളെ വിളിച്ചിരുന്ന പേരെന്ത്?
6. തൈക്കാട് അയ്യാസ്വാമിയെ ഗുരുവായി സ്വീകരിച്ച തിരുവിതാംകൂർ രാജാവ് ആര്?
7. 'ദ്രാവിഡ ദലിതൻ' എന്ന ആശയം പ്രചരിപ്പിച്ചതാര്?
8. പൊയ്കയിൽ കുമാരഗുരുദേവന്റെ അപരനാമങ്ങൾ ഏവ?
9. പൊയ്കയിൽ ശ്രീകുമാരഗുരുദേവനെ എതിർത്തിരുന്നവർ വിശേഷിപ്പിച്ചതെങ്ങനെ?
10. മിശ്രഭോജനത്തിന് നേതൃത്വം നല്കിയ സാമൂഹ്യ പരിഷ്കർത്താവ് ആര്?
11. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം എഴുതിയതാര് ?
12. 'ആൾ ദൈവം' എന്ന കവിത എഴുതിയതാര്?
13. 'മുസ്ലീം നവോത്ഥാനത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നതാര്?
14. വില്ലുവണ്ടി സമരം നടത്തിയതാര്?
15. സാധുജനപരിപാലന സംഘം സ്ഥാപിച്ച വർഷം?

SGOU

## Answers

1. ചാവറ കുരിയാക്കോസ് ഏലിയാസ്
2. അയ്യാ വൈകുണ്ഠസ്വാമികളുടെ
3. അയ്യാ വൈകുണ്ഠസ്വാമികൾ (1851)
4. തൈക്കാട് അയ്യാസ്വാമി
5. പാണ്ടി പറയൻ
6. സ്വാതിതിരുനാൾ
7. പൊയ്കയിൽ കുമാരഗുരുദേവൻ.
8. കേരള നെപ്പോളിയൻ, പൊയ്കയിൽ അപ്പച്ചൻ
9. പുലയൻ മത്തായി
10. സഹോദരൻ അയ്യപ്പൻ

11. വി.ടി. ഭട്ടതിരിപ്പാട്
12. സഹോദരൻ അയ്യപ്പൻ
13. വൈക്കം അബ്ദുൾ ഖാദർ മൗലവി
14. അയ്യൻകാളി
15. 1907

## Assignment

1. കേരളത്തിലെ സാമുദായികസംഘടനകളെയും നവോത്ഥാന പ്രവർത്തകരെയും പറ്റി വിവരിക്കുക.
2. മിശ്രഭോജനം പോലുള്ള പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ വരുത്തിയ മാറ്റം എന്തെന്നു വിലയിരുത്തുക.
3. നവോത്ഥാനത്തിൽ ആത്മീയാചാര്യൻമാരുടെ സ്വാധീനം ചർച്ച ചെയ്യുക.

SGOU

## References


1. പ്രൊഫ. എ. ശ്രീധരമേനോൻ, കേരള ചരിത്രം, ഡി.സി. ബുക്സ്, കോട്ടയം.
2. പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി.ഗോവിന്ദപിള്ള, കേരളനവോത്ഥാനം യുഗസന്തതികൾ യുഗശില്പികൾ, മൂന്നാം സഞ്ചിക ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. പി.കെ. ബാലകൃഷ്ണൻ, ജാതിവ്യവസ്ഥയും കേരളചരിത്രവും, കറന്റ് ബുക്സ്, കോട്ടയം.


## Suggested Readings


1. ഡോ. എസ്.കെ. വസന്തൻ, നമ്മൾ നടന്ന വഴികൾ, മലയാള പഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ.
2. ഡോ.ആർ. രാധാകൃഷ്ണൻ, കേരളത്തിലെ നവോത്ഥാനസമരങ്ങൾ, മാളൂബൻ പ്രസിദ്ധീകരണം, തിരുവനന്തപുരം.
3. വേലായുധൻ പണിക്കശ്ശേരി, കേരള ചരിത്രം കറന്റ് ബുക്സ്, കോട്ടയം.

# MODEL QUESTION PAPERS

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ............................**
**Name : ……........................**

**FOUR YEAR UNDER GRADUATE DEGREE EXAMINATIONS, ………………**

**Fourth Semester**

**B.A (Honours) Malayalam Language and Literature**

**Course Code SGB 24 ML 201ME**

**……Course Title: ……കേരളീയ നവോത്ഥാനം**

**MODEL QUESTION PAPER- SET-A**

**Time: 3 Hours** **Max Marks: 70**

SGOU

**സെക്ഷൻ എ**

**ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക ഒരോ മാർക്ക് വീതം**

1. വില്ലുവണ്ടിസമരം നടത്തിയതാര്?
2. പുല്ലേലികുഞ്ചു എന്നനോവൽ ഏതു മാസികയിലാണ് പ്രസിദ്ധീകരിച്ചത്?
3. ഭരണാധികാരികളുടെ അനിഷ്ടം നേരിട്ടതിനാൽ നിരോധിക്കപ്പെട്ട പത്രം ഏത്
4. ഗുരുവിന്റെ ഗുരു എന്നറിയപ്പെട്ട നവോത്ഥാനനായകൻ ആര്?
5. ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകലാപമേത്?
6. പൊതുമണ്ഡലം എന്ന സിദ്ധാന്തം മുന്നോട്ടു വച്ചതാര്?
7. ആധുനിക കാലത്തെ അത്ഭുതമെന്ന് ഗാന്ധിജി വിശേഷിപ്പിച്ച സംഭവമേത്?
8. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം എഴുതുക?
9. സ്വാമിത്തോപ്പ് ആരുടെ ജന്മസ്ഥലമാണ് ?
10. ആൾദൈവം എന്ന കവിത എഴുതിയതാര്?

(1x 8 = 8

**സെക്ഷൻ. ബി**

**ഏതെങ്കിലും ആറു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.രണ്ടു മാർക്ക് വീതം**

11. നവോത്ഥാനം എന്ന വാക്കിന്റെ അർത്ഥം എഴുതുക?
12. ക്ഷേത്രപ്രവേശന വിളംബര-കുറിപ്പെഴുതുക
13. 'താൻ സന്തോഷിച്ചാൽ ദൈവം സന്തോഷിക്കും ' എന്ന നാരായണഗുരു പറയാനിടയായ

സാഹചര്യം എന്ത്
14. ബാർട്ടർ സമ്പ്രദായം എന്നാലെന്ത്?
15. തെക്കൻകേരളത്തിൽ വിദ്യാഭ്യാസ സംബന്ധിയായ പഠനകേന്ദ്രങ്ങൾ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?
16. വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം നല്കിയതാരെല്ലാം ?
17. തൊണ്ണൂറാമാണ്ട് ലഹളയുടെ പ്രധാനലക്ഷ്യം എന്തായിരുന്നു ?
18. ക്ഷേത്രപ്രവേശന വിളംബരത്തെ ഗാന്ധിജി വിശേഷിപ്പിച്ചത് എപ്രകാരമായിരുന്നു ?

(2x6=12)

**സെക്ഷൻ: സി**

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക.അഞ്ചു മാർക്ക് വീതം**

19. ദളവാക്കുളം സംഭവത്തെക്കുറിച്ച് വിവരിക്കുക.
20. പൊതുവിദ്യാഭ്യാസത്തിന്റെ മേന്മകൾ എന്തെല്ലാം വിശദമാക്കുക.
21. പാലിയം സത്യാഗ്രഹത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുക.
22. ആദ്യകാല പത്രമാസികകളെക്കുറിച്ച് ഉപന്യസിക്കുക.
23. കേരളത്തിന്റെ സാമൂഹ്യാവസ്ഥയെ മിഷണറിപ്രവർത്തനം എത്രത്തോളം സ്വാധീനിച്ചുവെന്ന് വിവരിക്കുക.
24. അയ്യൻകാളിയും സാധുജനപരിപാലനസംഘവും വിശദമാക്കുക.
25. തൊണ്ണൂറാമാണ്ട് ലഹളയെക്കുറിച്ച് ഉപന്യസിക്കുക.
26. തൈക്കാട് അയ്യാസ്വാമിയുടെ നവോത്ഥാനപ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുക.

(5 x 6 = 30)

**സെക്ഷൻ: ഡി**

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക. 10 മാർക്ക് വീതം**

27. സാമുദായിക സംഘടനകളും നവോത്ഥാനപ്രവർത്തകരും - അപഗ്രഥിക്കുക.
28. പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹ്യ- രാഷ്ട്രീയാവസ്ഥകൾ വിവരിക്കുക.
29. ശ്രീനാരായണഗുരുവിന്റെ സാഹിത്യസംഭാവനകൾ വിവരിക്കുക.
30. കേരളീയ നവോത്ഥാനത്തെകുറിച്ച് അപഗ്രഥനാത്മകമായി വിലയിരുത്തുക.

(10 x 2 = 2 0 )

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ............................**
**Name : …..........................**

**FOUR YEAR UNDER GRADUATE DEGREE EXAMINATIONS, ………………**
**Fourth Semester**
**B.A (Honours) Malayalam Language and Literature**
**Course Code SGB 24 ML201ME……Course Title: ……കേരളീയ നവോത്ഥാനം**

**MODEL QUESTION PAPER- SET-B**

**Time: 3 Hours** **Max Marks: 70**

---

**സെക്ഷൻ എ**

**ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക ഒരോ മാർക്ക് വീതം**

1. ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി ആരാണ്?
2. ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ നടത്തിയതാര് ?
3. സാധുജനപരിപാലന സംഘം സ്ഥാപിച്ച വർഷം ഏത്?
4. മിശ്രഭോജനത്തിന് നേതൃത്വം നല്കിയ സാമൂഹ്യപരിഷ്കർത്താവ് ആര്?
5. ചാന്നാർ ലഹള നടന്ന വർഷം ഏത്?
6. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ സെക്രട്ടറി ആരായിരുന്നു ?
7. 'നാരായണഗുരുസ്വാമി' എന്ന ജീവചരിത്രഗ്രന്ഥം എഴുതിയതാര്?.
8. അയിത്തോച്ചാടന പ്രസ്ഥാനത്തിലെ ആദ്യ സമരം ഏതാണ്?
9. ചട്ടമ്പിസ്വാമികൾക്ക് മാതാപിതാക്കൾ ഇട്ട പേര് എന്തായിരുന്നു?
10. ശ്രീനാരായണ ഗുരു ആദ്യമായി ശ്രീലങ്ക സന്ദർശിച്ച വർഷമേത്?

(1x 8 =8)

SGOU

**സെക്ഷൻ. ബി**

**ഏതെങ്കിലും ആറു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.രണ്ടു മാർക്ക് വീതം**

11. താലികെട്ട് കല്യാണം എന്നാലെന്ത്?
12. കേസരി എ. ബാലകൃഷ്ണപിള്ള പ്രസിദ്ധീകരിച്ച പത്രങ്ങളേതെല്ലാം?
13. പരിവ്രാജകജീവിതം എന്നാലെന്ത്?
14. നാണു എന്ന സന്യാസി ശ്രീനാരായണഗുരു എന്ന സാമൂഹ്യപരിഷ്കർത്താവായി മാറിയത് ആരുടെയൊക്കെ സ്വാധീനത്താലാണ്?.

15. ചട്ടമ്പിസ്വാമികൾ മുന്നോട്ടുവച്ച രണ്ട് ആശയങ്ങൾ എഴുതുക ?
16. ഗുരുവിന്റെ അനുകമ്പ വെളിപ്പെടുത്തുന്ന ഒരു സംഭവം രേഖപ്പെടുത്തുക?
17. അയ്യാവഴി എന്ന വാക്കിന്റെ അർഥം എന്ത്?
18. മക്തിതങ്ങളുടെ സാഹിത്യസംഭാവനകൾ എന്തെല്ലാം?
19. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ പ്രധാനലക്ഷ്യം എന്തായിരുന്നു ?

(2x6=12)

**സെക്ഷൻ: സി**

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക.അഞ്ചു മാർക്ക് വീതം**

20. പന്തിഭോജനത്തെക്കുറിച്ച് വിവരിക്കുക.
21. കർഷക കലാപങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
22. നവോത്ഥാനപ്രക്രിയയിൽ എഴുത്തച്ഛന്റെ സ്വാധീനം വിശദമാക്കുക.
23. ജന്മിത്തത്തെക്കുറിച്ച് ഉപന്യസിക്കുക.
24. അരുവിപ്പുറം പ്രതിഷ്ഠ – വിശദമാക്കുക.
25. ആലുവ സർവമതസമ്മേളനത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.
26. യോഗക്ഷേമസഭയുടെ ലക്ഷ്യം, പ്രവർത്തനങ്ങൾ എന്നിവ വിവരിക്കുക.
27. ഗുരുവിന്റെ ആചാരപരിഷ്കരണം വിശദമാക്കുക.

(5 x 6 = 30)

**സെക്ഷൻ: ഡി**

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക. 10 മാർക്ക് വീതം**

28. ഗുരുവിന്റെ പരിവ്രാജകജീവിതത്തെക്കുറിച്ച് അപഗ്രഥിക്കുക.
29. നവോത്ഥാന ചരിത്രത്തിൽ ആത്മീയാചാര്യന്മാരുടെ പങ്കിനെക്കുറിച്ച് വിവരിക്കുക.
30. ചാന്നാർ ലഹളയുടെ സാമൂഹ്യപശ്ചാത്തലത്തെക്കുറിച്ച് ഉപന്യസിക്കുക.
31. പൊതുമണ്ഡലരൂപീകരണത്തിന്റെ ചരിത്രത്തെക്കുറിച്ച് അപഗ്രഥിക്കുക

(10 x 2 = 2 0 )

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ്‌വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

SGOU

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin : 673002
Ph: 04952920228
email:rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery
Kannur, Pin : 670106
Ph: 04952990494
email:rctdirector@sgou.ac.in

### Tripunithura
Govt. College
Tirpunithura, Ernakulam
Kerala, Pin : 682301
Ph: 04842927436
email:rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad
Kerala, Pin : 679303
Ph: 04662912009
email:rcddirector@sgou.ac.in

DON'T LET IT BE TOO LATE

# SAY NO TO DRUGS

LOVE YOURSELF AND ALWAYS BE HEALTHY



SGOU

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# കേരളീയ നവോത്ഥാനം

COURSE CODE :SGB24ML201ME

SGOU

YouTube

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-995975-1-8
9 788199 597518